unicef
unite for children



# ബാല സൗഹൃദ തദ്ദേശഭരണം

## പ്രവർത്തനസഹായി

ചൈൽഡ് റിസോഴ്സ് സെന്റർ
കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)
മുളംകുന്നത്തുകാവ് പി.ഒ, തൃശ്ശൂർ-680581, കേരള, ഇന്ത്യ
ഫോൺ: ഓഫീസ്: 0487-2207000, ഫാക്സ്: 0487-2201062
ഇ-മെയിൽ: info@kila.ac.in വെബ്സൈറ്റ്: www.kila.ac.in

KILA

# ബാലസൗഹൃദ തദ്ദേശഭരണം

കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങൾ സദ്ഭരണത്തിലൂടെ എല്ലാ കുട്ടികൾക്കും അവരുടെ മുഴുവൻ അവകാശങ്ങളും യാഥാർത്ഥ്യമാക്കുന്നത് ഉറപ്പുവരുത്തുന്നതിനായിട്ടാണ് ഈ പ്രവർത്തനസഹായി

ആഗസ്റ്റ്, 2016

ഡോ. പീറ്റർ എം രാജ് (അസോസിയേറ്റ് പ്രൊഫസർ, ചെയർ, ചൈൽഡ് റിസോഴ്സ് സെന്റർ - കില), ഡോ. അകില രാധാകൃഷ്ണൻ(പ്ലാനിംഗ് മോണിട്ടറിംഗ് & ഇവാല്യുവേഷൻ സ്പെഷ്യലിസ്റ്റ്, യൂണിസെഫ് ഓഫീസ് ഫോർ ചെന്നൈ & കേരള), ഡോ. കെ ആർ ആന്റണി & ശ്രീ. എം ജി കാളിദാസൻ (വിദഗ്ദർ) എന്നിവരാണ് ഈ പുസ്തകം തയ്യാറാക്കുന്നതിന് മുഖ്യ നേതൃത്വം നൽകിയവർ

ഈ പുസ്തകരചനയിൽ ആദ്യാവസാനം വരെ വിലയേറിയ സംഭാവനകൾ നൽകിയ എല്ലാ വ്യക്തികളേയും ഹൃദയം നിറഞ്ഞ നന്ദിയോടെ ഈയവസരത്തിൽ ഞങ്ങൾ ഓർക്കുന്നു.

ബഹുമാന്യരായ ഡോ. പി പി ബാലൻ (മുൻ ഡയറക്ടർ കില) & ശ്രീ. ജോബ് സക്കറിയ (ചീഫ്, യൂണിസെഫ് ഓഫീസ് ഫോർ തമിഴ്നാട് & കേരള) എന്നിവർ ഞങ്ങൾക്ക് നൽകിയ വിലയേറിയ നിർദ്ദേശങ്ങൾക്കും സഹകരണങ്ങൾക്കും നന്ദിയും കടപ്പാടും പ്രത്യേകം രേഖപ്പെടുത്തട്ടെ.

പ്രസാധകാവകാശം

ഈ പുസ്തകത്തിന്റെ മേന്മ വർദ്ധിപ്പിക്കുന്നതിനായി വിവിധ സ്രോതസ്സുകളിൽനിന്ന് ചില ചിത്രങ്ങളും, ഫോട്ടോകളും പുന:രുപയോഗം നടത്തിയിട്ടുണ്ട്. കച്ചവടമന:സ്തിതിയില്ലാതെ ജനനന്മക്കായി പുറത്തിറക്കുന്ന ഈ പുസ്തകത്തിന് ഇവർ നൽകിയ സംഭാവനകൾക്ക് ഞങ്ങൾ കടപ്പെട്ടിരിക്കുന്നു.

സി ആർ സി കിലയുടേയും, യൂണിസെഫ് ചെന്നൈയുടേയും ഒരു കൂട്ടായ പ്രസിദ്ധീകരണമാണ് ഈ പ്രവർത്തനസഹായി. ഈ മാന്വലിന്റെ പൂർണ്ണരൂപമോ, ഏതെങ്കിലും ഭാഗങ്ങളോ വ്യാപാരേതര ആവശ്യങ്ങൾക്കായി മാത്രമേ ഉപയോഗിക്കാവൂ.

**ചൈൽഡ് റിസോഴ്സ് സെന്റർ**
**കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)**
മുളംകുന്നത്തുകാവ് പി. ഒ,
തൃശ്ശൂർ - 680 581, കേരള, ഇന്ത്യ
ഫോൺ : 0487–2207000
ഫാക്സ്: 0487–2201062
ഇമെയിൽ : info@kila.ac.in
http://www.kila.ac.in

unicef
unite for children

**പോളിസി, പ്ലാനിംഗ്, ഇവാല്യുവേഷൻ വിഭാഗം**
യൂണിസെഫ് ചെന്നൈ ഓഫീസ്
കസ്തൂർബ നഗർ, അഡയാർ, ചെന്നൈ-600020
ഫോൺ : +91-44-44-42891111
ഫാക്സ് : 91-44-24410760
www.unicef.org

ISBN-978-9384-557-72-0

Reprint
November
2017

# ഉള്ളടക്കം

സന്ദേശം ..... 5
അവതാരിക ..... 7
സന്ദേശം ..... 9
മുഖവുര ..... 11
എഡിറ്റോറിയൽ കുറിപ്പ് ..... 17
ആമുഖം ..... 19

**അദ്ധ്യായങ്ങൾ**

1 കുട്ടികളുടെ അതിജീവനം ..... 27
2 കുട്ടികളുടെ വികസനം ..... 50
3 കുട്ടികളുടെ സംരക്ഷണം ..... 73
4 കുട്ടികളുടെ പങ്കാളിത്തം ..... 98

അനുബന്ധം : ബാലസൗഹൃദ തദ്ദേശഭരണ
നിലവാരനിർണ്ണയ ഭൂമിക ..... 119
പദസംഗ്രഹം ..... 128

ഡോ. കെ ടി ജലീൽ
തദ്ദേശഭരണം, ന്യൂനപക്ഷക്ഷേമം, വഖഫ് & ഹജ്ജ് വകുപ്പ് മന്ത്രി,
കേരള സർക്കാർ

## സന്ദേശം

കുട്ടികളുടെ വികസനമികവിൽ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം മുൻപന്തിയിലാണ്. കുട്ടികളുടെ അവകാശങ്ങൾ അനുഭവവേദ്യമാക്കുന്നതിൽ കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണ മാതൃക ശ്രദ്ധേയമായ സാധ്യതകൾ സംജാതമാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ ക്ഷേമപ്രവർത്തനങ്ങളുടെ ഭൂരിഭാഗവും നടപ്പാക്കുന്നത് തദ്ദേശ ഭരണസ്ഥാപനങ്ങളിലൂടെയായതിനാൽ കുട്ടികളുടെ വികസനവുമായി ബന്ധപ്പെട്ട് കാര്യങ്ങൾ കാര്യക്ഷമമായി നിർവ്വഹിക്കുന്നതിന് ഈ സംവിധാനത്തിന് വർദ്ധിച്ച ഊർജ്ജവും നിശാബോധവും നൽകേണ്ടതുണ്ട്. സംസ്ഥാനത്തെ തദ്ദേശഭരണസ്ഥാപനങ്ങളെ വികേന്ദ്രീകൃത ആസൂത്രണത്തിന്റേയും വികസനത്തിന്റേയും മാതൃകകളാക്കി രൂപപ്പെടുത്തുന്നതിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില) എന്നും നേതൃത്വപരമായ പങ്കാണ് നിർവഹിച്ചിട്ടുള്ളത്. തദ്ദേശഭരണസ്ഥാപനങ്ങളുടെ വികസന ഊന്നലുകളിൽ കുട്ടികളുടെ അവകാശസംരക്ഷണത്തിന് പ്രാധാന്യം നൽകുന്ന തന്ത്രപരമായ ഒരു മാറ്റം കൊണ്ടുവരേണ്ടത് ഇന്നത്തെ അനിവാര്യമായ ആവശ്യമാണ്. യൂണിസെഫിന്റെ സഹായത്തോടെ കില തുടക്കം കുറിച്ച ബാലസൗഹൃദ തദ്ദേശഭരണം എന്ന നൂതനമായ സംരംഭം ഈ നിലയിലേക്കുള്ള ശക്തമായ ചുവടുവെയ്പ്പാണ്.

കേരളത്തിന്റെ വികസനം ദ്രുതഗതിയിലാക്കുകയെന്നത് സർക്കാരിന്റെ അതിപ്രധാനമായ നയമാണ്. ഈ രംഗത്ത് അധികാരവികേന്ദ്രീകരണത്തിന്റെ ശാക്തീകരണവും കുട്ടികളുടെ സർവ്വതോമുഖവികാസത്തിന്റെ പ്രാധാന്യവും വളരെ വലുതാണ്. അതുകൊണ്ട് തന്നെ ജനകീയാസൂത്രണം രണ്ടാംഘട്ടത്തിൽ ബാലസൗഹൃദതദ്ദേശഭരണം കൂടുതൽ പ്രസക്തമാകുമെന്ന് എനിക്കുറപ്പുണ്ട്.

ബാലസൗഹൃദ തദ്ദേശഭരണം എന്ന ലക്ഷ്യം സാധ്യമാക്കുന്നതിനായി ഇന്ത്യയിലെ തന്നെ ആദ്യ ചൈൽഡ് റിസോഴ്സ് സെന്റർ (CRC) യൂണിസെഫ് 2011 ൽ കിലയിൽ സ്ഥാപിച്ചതിൽ എനിക്ക് അതിയായ സന്തോഷം ഉണ്ട്. ഏറെ വർഷങ്ങളായി സിആർസി കുട്ടികളുടെ അവകാശാധിഷ്ഠിത ഭരണ മേഖലയിൽ മികവിന്റെ കേന്ദ്രമായി പരിലസിക്കുകയാണ്. യൂണിസെഫുമായി വളരെ അടുത്ത് സഹകരിച്ച് പ്രവർത്തിക്കുവാനായി ലഭിച്ച ഈ അവസരം കേരള സർക്കാരിനും, തദ്ദേശഭരണവകുപ്പിനും, കിലക്കും സംയോജിതമായി കുട്ടികൾക്കായുള്ള അവകാശ സംരക്ഷണ ഭരണ മേഖലയിൽ നിരവധി നയപരമായ ആശയങ്ങൾ മുന്നോട്ട് വയ്ക്കുന്നതിന് സാധ്യമായിട്ടുണ്ട്. യൂണിസെഫ് ഈ നൂതന സംരംഭത്തിന് നൽകിയിട്ടുള്ള സാമ്പത്തികവും, സാങ്കേതികവു

മായ എല്ലാ സഹായങ്ങൾക്കും കേരള സർക്കാരിന്റെ പേരിലുള്ള നന്ദി രേഖപ്പെടുത്താൻ ഞാൻ ഈ അവസരം ഉപയോഗിക്കുകയാണ്.

യൂണിസെഫ്-ചെന്നൈയുടെ സഹായത്തോടെ സി ആർ സി -കില തയ്യാറാക്കിയ ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തന സഹായിയും, മാർഗ്ഗ നിർദ്ദേശങ്ങളും വളരെ പ്രശംസനീയമാണ്. തദ്ദേശ ഭരണകൂടങ്ങൾക്കും അതിന്റെ പ്രവർത്തകർക്കും ഭരണം ബാല കേന്ദ്രീകൃതമാക്കുന്നതിനുള്ള വിഭവസ്രോതസ്സായി ഇത് ഉപയോഗിക്കാനാകുമെന്ന് എനിക്ക് ഉറപ്പുണ്ട്. ഈ മാർഗ്ഗ നിർദ്ദേശങ്ങൾ ഉപയുക്തമാക്കി ബാല സൗഹൃദ തദ്ദേശഭരണം ഉറപ്പ് വരുത്തുന്നതിന് യൂണിസെഫും, കിലയും സി ആർ സി യും നടത്തുന്ന ഉദ്യമത്തിന് എന്റെ എല്ലാ വിജയാശംസകളും നേരുന്നു.

പ്രശംസനീയമായ ഈ പ്രവർത്തനം ഏറ്റെടുത്ത് നടത്തിയ ഡോ. പി പി ബാലൻ, ഡോ. പീറ്റർ എം രാജ്, സി ആർ സി കിലയിലെ വിദഗ്ദ്ധർ എന്നിവരെയും, യൂണിസെഫ് ചെന്നൈ ഓഫീസിലെ ശ്രീ ജോബ് സക്കറിയ, ഡോ. അകില രാധാകൃഷ്ണൻ എന്നിവരേയും ഞാൻ അഭിനന്ദിക്കുന്നു.

ഡോ. കെ ടി ജലീൽ

ആഗസ്റ്റ്, 2016

Kerala Institute of Local Administration(KILA)
Mulamkunnathukavu P.O
Thrissur -680581
Kerala, India

Phone : +91-487-2207000
Fax : +91-487-2201062
Email: info@kila.ac.in
Website: www.kila.ac.in

## അവതാരിക

കുട്ടികൾക്ക് അനുയോജ്യമായ ലോകം സൃഷ്ടിക്കേണ്ടത് ആധുനികയുഗത്തിന്റെ പ്രതീക്ഷാനിർഭരമായ ലക്ഷ്യമാണ്. കുട്ടിയുടെ ലോകം വളരെ വിപുലവും വൈവിധ്യം നിറഞ്ഞതുമാണ്. അത് കൊണ്ട് തന്നെ കുട്ടികളുടെ സന്തുഷ്ടജീവിതം അവരുടെ ശാരീരികവും മാനസികവും വൈകാരികവും സാമൂഹികവുമായ വ്യവസ്ഥകളുടെ സംയോജിത വികാസം അനിവാര്യമാക്കുന്നു. കുട്ടികൾക്കനുയോജ്യമല്ലാത്ത സാഹചര്യങ്ങൾ, അനുഭവങ്ങൾ എവിടെ, എപ്പോൾ സംഭവിക്കുന്നു എന്ന് കണ്ടെത്തിയാൽ മാത്രമെ മാറ്റങ്ങൾ കൊണ്ട് വരാൻ സാധ്യമാകു. കുട്ടികളുടെ അടിസ്ഥാന ആവശ്യങ്ങളുടെ പൂർത്തീകരണത്തിനൊപ്പം അവരുടെ സർഗശേഷികളുടെ വികാസത്തിനും ഭയരഹിതമായ ജീവിതത്തിനും എല്ലാ കുട്ടികൾക്കും അവസരമൊരുക്കുന്ന മഹത്തായ സംവിധാനം രൂപപ്പെടുത്തുകയാണ് മാനവ ലക്ഷ്യം.

കേരളത്തിലെ മിക്ക തദ്ദേശ ഭരണസ്ഥാപനങ്ങളും ജനകീയാസൂത്രണം വഴി കുട്ടികളുടെ വികസന മേഖലയിൽ അർത്ഥവത്തായ ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഈ മാതൃക മറ്റു സംസ്ഥാനങ്ങൾക്കും രാജ്യങ്ങൾക്കും മാതൃകയാണ്. ബാലസൗഹൃദതദ്ദേശഭരണം എന്ന വിഷയത്തെ ആസ്പദമാക്കി കില നടത്തിക്കൊണ്ടിരിക്കുന്ന പരിശീലനത്തിന്റെ ഫലമായി തദ്ദേശഭരണസ്ഥാപനങ്ങളിൽ കുട്ടികൾക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ കഴിഞ്ഞുവെന്നത് ഏറെ പ്രതീക്ഷ ഉളവാക്കുന്നു. ഇനിയും അനേകം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബാലസൗഹൃദ തദ്ദേശഭരണം എന്ന പരിശീലനം നൽകേണ്ടതുള്ളതു കൊണ്ട് കില തയ്യാറാക്കിയ പ്രവർത്തന സഹായിയും മാർഗ്ഗരേഖയും ഒരു മാറ്റവും വരുത്താതെ വീണ്ടും പ്രസിദ്ധീകരിക്കുകയാണ്. നവകേരള സൃഷ്ടിക്കായുള്ള കർമ്മപരിപാടിയുടെ പശ്ചാത്തലത്തിൽ കുട്ടികളുടെ അവകാശങ്ങളെ ജനകീയാസൂത്രണത്തിന്റെ മുഖ്യ അജണ്ടയിൽ ഉൾപെടുത്തി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യാൻ ഈ കൈപുസ്തകങ്ങൾ തദ്ദേശഭരണ സ്ഥാപങ്ങൾക്ക് വളരെ സഹായകരമാകും എന്നെനി

ക്കുറപ്പുണ്ട്. ഈ മാന്വൽ തയ്യാറാക്കുന്നതിന് നേതൃത്വം നൽകിയ കിലയിലെ ഡോ. പീറ്റർ എം രാജിനേയും അദ്ദേഹത്തിന്റെ സഹപ്രവർത്തകരേയും ഞാൻ അഭിനന്ദിക്കുന്നു. ഈ പുസ്തകത്തിന് ആവശ്യമായ പിന്തുണ നൽകിയ യൂണിസെഫ് ഉദ്യോഗസ്ഥരെയും ഞാൻ അനുമോദിക്കുന്നു.

ഡോ. ജോയ് ഇളമൺ
ഡയറക്ടർ, കില

നവംബർ, 2017

**United Nations Children's Fund**
Office for Tamilnadu & Kerala
37/15, Second main Road
Kasthuribai Nagar, Adyar
Chennai-600 020

Telephone: +91-44-42891111
Fax: +91-44-24410760
Email: chennai@unicef.org
www.unicef.org

## സന്ദേശം

കേരളത്തിൽ ബാലസൗഹൃദ തദ്ദേശഭരണം എന്ന നൂതന മേഖലയിലേക്കുള്ള പരിവേഷണം ക്രിയാത്മകമായി പ്രയാണമാക്കുവാൻ കഴിഞ്ഞത് കേരള സർക്കാരും കിലയുമായുള്ള ഞങ്ങളുടെ സുദൃഢമായ പങ്കാളിത്ത പ്രവർത്തനങ്ങളുടെ ഫലമായിരുന്നു. യൂണിസെഫ് രൂപം കൊടുത്ത കിലയിലെ ചൈൽഡ് റിസോഴ്സ് സെന്റർ ഈ പ്രയാണത്തിൽ നിരവധി  നാഴിക കല്ലുകൾ പിന്നിട്ടു കഴിഞ്ഞു.

2012 ൽ ഞങ്ങൾ  സംയുക്തമായി വികസിപ്പിച്ച കുട്ടികളുടെ സമഗ്ര വികസന പദ്ധതി (CCDP) കൈപുസ്തകത്തിൽ ഓരോ തദ്ദേശഭരണ തലത്തിലും കുട്ടികളുടെ സമഗ്രവികസനമെന്ന  ആശയവും, അതിൽ ആസൂത്രണത്തിന്റേയും മോണിട്ടറിംഗിന്റേയും അനിഷേധ്യപ്രാധാന്യവും അവതരിപ്പിച്ചിരുന്നു. ഭാരതസർക്കാർ പഞ്ചായത്ത് രാജ് മന്ത്രാലയത്തിന്റെ അഭ്യർത്ഥന പ്രകാരം ഈ രേഖ രാജ്യമൊട്ടാകെ പ്രചരിപ്പിച്ചിരുന്നു. തുടർന്ന് രൂപം കൊടുത്ത മാർഗ്ഗരേഖ ഈ ആശയം തദ്ദേശഭരണസ്ഥാപനത്തിന്റെ വാർഷിക പദ്ധതി ആസൂത്രണത്തിന്റെ ഭാഗമാക്കുന്നതിന് സുസാധ്യമാക്കിതീർത്തു.

സമീപകാലത്ത് അംഗീകരിച്ച കേരളസംസ്ഥാന ബാലനയം കുട്ടികളെ സംബന്ധിച്ച ഉജ്ജ്വലമായ ദാർശനീകരേഖ ആണെങ്കിലും  ഓരോ തദ്ദേശഭരണകൂടവും ഇത് പ്രാവർത്തീകമാക്കുന്നതിനു വേണ്ടി ബദ്ധശ്രദ്ധരായി യത്നിച്ചാൽ മാത്രമേ ഈ നയം യാഥാർത്ഥ്യമാകയുള്ളു. തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന ശിശുസംവേദിയായ  ഭരണസമീപനത്തിന്റേയും പ്രതിബദ്ധതയുടേയും നിരവധി തെളിവുകൾ ഇതിനകംതന്നെ ദൃശ്യമാണ്. കേരളം സന്ദർശിച്ചിട്ടുള്ള നിരവധി ദേശീയ, അന്തർദേശീയ പഠന സംഘങ്ങൾ ഇവിടത്തെ ബാലസൗഹൃദ പ്രവർത്തനങ്ങളിൽ വലിയ മതിപ്പ് പ്രകടിപ്പിച്ചിട്ടുണ്ട്.

അനേകം തദ്ദേശഭരണസ്ഥാപനങ്ങൾ ബാലസൗഹൃദപ്രവർത്തനങ്ങളുമായി മുന്നോട്ട് വരുമ്പോൾ ഒരു പഞ്ചായത്തിനെ ബാലസൗഹൃദമായി എങ്ങിനെയാണ് പ്രഖ്യാപിക്കുക എന്ന ചോദ്യത്തിന് പ്രസക്തിയേറുന്നു. നിലവിൽ രൂപപ്പെടുത്തിയിട്ടുള്ള പ്രവർത്തനസഹായി ഈ ലക്ഷ്യത്തിലേക്കുള്ള സങ്കേതമായി ഉപയോഗിക്കുവാൻ പര്യാപ്തമാണ്. ഇതൊരു മാന്ത്രിക വടിപോലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങൾ, അദ്ധ്യാപകർ, അങ്കണവാടി ജീവനക്കാർ പഞ്ചായത്തിലെ ബഡ്ജറ്റ് തയ്യാറാക്കുന്നവർ, ബ്ലോക്ക് ജില്ലാതല ആസൂത്രകർ എന്നിവർക്ക് പ്രയോഗിക്കുവാൻ കഴിയും. ഈ രേഖ സംസ്ഥാനത്തെമ്പാടും മുഴുവൻ കുട്ടിക

ൾക്കും ബാലാവകാശങ്ങൾ അനുഭവവേദ്യമാക്കുന്ന ശിശുസൗഹൃദ പര്യാവരണം സൃഷ്ടിക്കുവാൻ പര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

കേരളം ഭാരതത്തിലെ പ്രഥമ ബാലസൗഹൃദ സംസ്ഥാനമാകുമെന്ന പ്രതീക്ഷയോടെ.............

ജോബ് സക്കറിയ,
മേധാവി, യൂണിസെഫ് തമിഴ്നാട് - കേരള

ആസസ്റ്റ്, 2016

unite for children

unicef

United Nations Children's Fund
Office for Tamilnadu & Kerala
37/15, Second main Road
Kasthuribai Nagar, Adyar
Chennai-600 020

Telephone: +91-44-42891111
Fax: +91-44-24410760
Email: aradhakrishnan@unicef.org
www.unicef.org

## മുഖവുര

കിലയിലെ ചൈൽഡ് റിസോഴ്സ് സെന്ററിൽ നടത്തപ്പെട്ട സുദീർഘമായ ചർച്ചകളുടേയും മാസ്റ്റർ ടീമംഗങ്ങളുടെ പ്രവർത്തന രംഗങ്ങളിലെ യാഥാർത്ഥ്യ പ്രതിഫലനങ്ങളുടെയും ഫലമായി ഉരുതിരിഞ്ഞ ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തനരേഖയും, മാർഗ്ഗനിർദ്ദേശവും പരിചയപ്പെടുത്തുവാൻ എനിക്കതിയായ സന്തോഷമുണ്ട്. എല്ലാ കുട്ടികളുടേയും അവകാശ സാക്ഷാൽക്കാരം ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതിന് പ്രതിജ്ഞാബദ്ധമായ കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ സാക്ഷാൽക്കരിക്കുന്നതിൽ ഈ പ്രവർത്തന രേഖ ഏറെ സഹായകരമാകും.

കുട്ടികൾ അമൂല്യമായ സമ്പത്താണ്, എന്നാൽ ജനസംഖ്യാപരിവർത്തനം മൂലം കുട്ടികളുടെ എണ്ണത്തിൽ കുറവ് സംഭവിച്ചുകൊണ്ടിരിക്കുന്ന കേരളത്തിൽ അവർ കൂടുതൽ ശ്രേഷ്ഠമായി വിലമതിക്കപ്പെടേണ്ടവരാണ്. കേരളത്തിലെ കുട്ടികളുടെ അവകാശസംരക്ഷണ ബാധ്യസ്തതയുള്ള ഓരോ ഭരണനിലകളിലും സാരഥ്യം വഹിക്കുന്നവർ കുട്ടികൾക്ക് ഉന്നതനിലവാരമുള്ള സേവനം ലഭിക്കുവാൻ പദ്ധതികൾ ആവിഷ്ക്കരിക്കുന്നതോടൊപ്പം ക്ലേശാവസ്ഥയിലും, അപകടാവസ്ഥയിലുള്ളവരുമായ കുട്ടികളുടെ അവകാശസംരക്ഷണത്തിന് കൂടുതൽ പരിഗണന നൽകേണ്ടതാണ്.

ഏതൊരു രാഷ്ട്രത്തിന്റേയും വികസന നിലവാരം മെച്ചപ്പെടുത്തുന്നതിന് ഏറ്റവും അനുയോജ്യമായ മാർഗ്ഗം എല്ലാ ശിശുവികസനമേഖലകളിലും കുട്ടികളുടെ വികസനത്തിനായുള്ള അനുയോജ്യമായ ഇടപ്പെടലുകളാൽ സമ്പുഷ്ടമാക്കുകയാണെന്ന് വികസനഗവേഷണങ്ങൾ വ്യക്തമാക്കുന്നു. മാനവവികസനസൂചികയോടൊപ്പം ശിശുവികസനസൂചികയിലും ഉയർന്ന നേട്ടം കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളവരാണ് എല്ലാ വികസിത രാജ്യങ്ങളും. ഇവിടെ ശ്രദ്ധേയമായൊരു കാര്യം ഇന്ത്യയും ചൈനയും മാനവ വികസന സൂചികയിൽ ശരാശരി നിലവാരം കൈവരിച്ചിട്ടുണ്ടെങ്കിലും ശിശുവികസനത്തിന്റെ കാര്യത്തിൽ ഇന്ത്യ ചൈനയേക്കാളും ബഹുദൂരം പിന്നിലാണ്. അതിനാൽ അതിജീവനം, വളർച്ച, വികസനം എന്നിവ സുസ്ഥിരമാക്കി എല്ലാ കുട്ടികൾക്കും പ്രത്യേകിച്ച് അപായാവസ്ഥയിലുള്ളവർക്ക് പ്രത്യേക പരിഗണന നൽകി ക്ഷേമജീവിതം മെച്ചപ്പെടുത്തേണ്ടത് അടിയന്തിരകാര്യമാണ്.

വികസന ലക്ഷ്യങ്ങൾ ( ഉദാ.SDG) കൈവരിക്കുന്ന കാര്യത്തിൽ കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഒരുപാട് മുന്നിലാണ്. ഇടത്തരം സാമ്പത്തിക നിലയോടൊപ്പം തന്നെ ആരോഗ്യം,

ശുചിത്വം, വിദ്യാഭ്യാസം തുടങ്ങിയവയിൽ ഉയർന്ന നിലവാരം കൈവരിക്കാനും സംസ്ഥാനത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നിരുന്നാലും കേരളത്തിന്റെ ഹൃദയഹാരിയായ വികസന സഞ്ചാരപഥത്തിൽ ഇന്നും നിലനിൽക്കുന്ന ഇല്ലായ്മയുടെ നിരവധി തുരുത്തുകൾ കാണാം. സംസ്ഥാനത്തെ സമസ്തമേഖലകളിലും കുട്ടികളുടെ തുല്ല്യത ഇന്നും ഉത്ക്കണ്ഠയുളവാക്കുന്ന നിർണ്ണായഘടകമാണ്. ഉയർന്നജനസംഖ്യയും വ്യാപകമായ സ്വകാര്യവൽക്കരണവും ദരിദ്രവിഭാഗങ്ങൾക്കും ഇതരസംസ്ഥാനക്കാരായ കുട്ടികൾക്കും ഗുണമേന്മയുള്ള സേവനങ്ങൾ അപ്രാപ്യമാക്കികൊണ്ടിരിക്കുന്നു. പിന്നോക്കാവസ്ഥയിലുള്ള പട്ടിക വർഗ്ഗ ആവാസകേന്ദ്രങ്ങളിൽ ഇന്നും കാണുന്ന പോഷകാഹാരകുറവ്, ആരോഗ്യ പ്രശ്നങ്ങൾ, കുടിവെള്ളത്തിന്റെ ഗുണമില്ലായ്മ, കുറഞ്ഞ വിദ്യാഭ്യാസ നേട്ടങ്ങൾ, കുട്ടികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം, കൗമാര ഗർഭധാരണം എന്നിവ ഇതിന് തെളിവാണ്. ഒരു ഭാഗത്ത് എല്ലാ വിദ്യാഭ്യാസ മേഖലകളിലും പെൺകുട്ടികൾ ആൺകുട്ടികളെ മറികടക്കുമ്പോൾ മറുവശത്ത് അവർ തുടർന്നും ആക്രമങ്ങളും വിവേചനങ്ങളും നേരിടേണ്ടി വരുന്നു എന്നത് കേരളത്തിലെ ലിംഗസമത്വത്തെ ഒരു പുതിയ ഭാവത്തിലേക്ക് മാററിയിരിക്കുന്നു. സ്ത്രീതൊഴിൽ പങ്കാളിത്തം കുറഞ്ഞ നിരക്കിൽ നിലനിൽക്കുകയും, സ്ത്രീകൾക്കെതിരെയുള്ള ഗാർഹിക ദുരുപയോഗം ഉയർന്ന് നിൽക്കുകയും, കുട്ടികൾക്ക് നേരെയുള്ള ലൈംഗിക ദുരുപയോഗം പതിവാകുകയും ചെയ്യുന്നു. ഇത് സംസ്ഥാനത്തുടനീളം കൗമാരക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ബാലസംരക്ഷണത്തിൽ ഉയർന്ന ശ്രദ്ധയും പരിഗണനയും ആവശ്യപ്പെടുന്നു. കുട്ടികളുടെ പ്രശ്നങ്ങൾ ഗർഭസ്ഥാവസ്ഥയിൽ, യുവമാതാക്കളുടെ അനാരോഗ്യത്തിൽ നിന്ന് തുടങ്ങി സമ്പൂർണ്ണമാകാത്ത രോഗപ്രതിരോധം, ചികിത്സാ സൗകര്യങ്ങളിലെ കുറവ്, വൃത്തിഹീനമായ പരിസരം, ശാരീരികവും മാനസീകവുമായ വികസനത്തിന് അനുയോജ്യമായ ചുറ്റുപാടുകളുടെ അഭാവം, ഗുണനിലവാരം കുറഞ്ഞ വിദ്യാഭ്യാസം എന്നിവയിലൂടെ തുടരുകയും ചെയ്യുന്നു. ഇതിന്റെ ഫലമായി തലമുറകൾ തോറും ഇല്ലായ്മകൾ ഒരു വിഷമവൃത്താവസ്ഥയിൽ തുടരും. ദുർബല വിഭാഗങ്ങളിലെ കുട്ടികൾ, പ്രത്യേകിച്ച് തീരപ്രദേശങ്ങളിലും, ഗോത്രപ്രദേശങ്ങളിലും സംസ്ഥാനത്തിന്റെ വികസനത്തിന്റെ പിന്നാംപുറങ്ങളിൽ തള്ളപ്പെടും.

അണുകുടുംബങ്ങളുടെ ദ്രുതഗതിയിലുള്ള വർദ്ധനയും ഉപഭോക്തൃസംസ്ക്കാരത്തിന്റെ നിയന്ത്രണാതീതമായ വളർച്ചയും കുട്ടികളുടേയും കുടുംബങ്ങളുടേയും നിസ്സഹായാവസ്ഥ വർദ്ധിപ്പിക്കുന്നതിൽ മറ്റൊരു ഘടകമായി മാറിയിട്ടുണ്ട്. ഉയർന്ന ജനപെരുപ്പം, ദ്രുതഗതിയിലുള്ള നഗരവൽക്കരണം, കുടിയേറ്റം എന്നിവയിൽ നിന്നുള്ള വെല്ലുവിളികളുടെ പശ്ചാതലത്തിൽ ക്ലേശമനുഭവിക്കുന്ന കുട്ടികൾക്ക് വേണ്ടിയുള്ള സേവനങ്ങളുടെ ഗുണമേന്മ സംബന്ധിച്ച് ഗുരുതരമായ ആശങ്കകളുണ്ടാക്കിയിട്ടുണ്ട്.

ഈ ദുരവസ്ഥ കുട്ടികളുടെ അവകാശ പരിപാലനത്തിന് വേണ്ടിയുള്ള കരുത്തുറ്റ വ്യവസ്ഥയുടെ ആവശ്യകത സൂചിപ്പിക്കുന്നു. ഇത്തരത്തിൽ ചുമതലകളുടേയും ഉദ്യോഗസ്ഥരുടേയും ഫണ്ടുകളുടേയും വിഭജനം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയ അധികാര വികേന്ദ്രീകരണത്തിന്റെ മഹാ വിസ്ഫോടനമാണ് രജതരേഖയായി മാറിയത്. കുട്ടികളുടെ വികസനത്തിന് വേണ്ടിയുള്ള എല്ലാ പ്രധാനപ്പെട്ട സ്ഥാപനങ്ങളും കൈകാര്യം ചെയ്യുന്നത് തദ്ദേശഭരണസ്ഥാപനങ്ങളാണ്. അവരുടേതായ വികസന കാഴ്ചപാടുകളും മുൻഗണനകളുമനുസരിച്ച് ശിശു പരിപാലനത്തിനായുള്ള വ്യത്യസ്ഥ സമീപനങ്ങൾ സ്വീകരിക്കാൻ അവർക്ക് സ്വാതന്ത്ര്യമുണ്ട്. വികേന്ദ്രീകരണസംവിധാനം വഴി സംസ്ഥാനാവിഷ്കൃത പദ്ധതികളുടെ നിർവ്വഹണം പ്രാദേശിക സാഹചര്യങ്ങൾക്കനുസരിച്ച് മാറ്റം വരുത്തി ക്രിയാത്മകമായി ഉപയുക്തമാക്കുവാൻ സാഹചര്യമൊരുക്കി

യിട്ടുണ്ട്. അതാത് പ്രദേശത്തുള്ള കുട്ടികളുടെ സവിശേഷമായ ആവശ്യങ്ങൾക്ക് അനുസൃതമായി പ്രവർത്തനങ്ങളെ ഏറ്റെടുക്കുന്നതിന് കേന്ദ്ര സർക്കാരിൽ നിന്ന് പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ സാധ്യത വർദ്ധിപ്പിക്കുന്നു. പഞ്ചായത്തുകൾ അവരുടെ കീഴിലുള്ള അങ്കണവാടികളിലേക്ക് നൽകുന്ന അനുപൂരകപോഷകാഹാരങ്ങൾ സ്ക്കൂളുകളിലേക്കുള്ള പഠനോപകരണങ്ങൾ എന്നിവ ഇതിന്റെ വ്യാപകമായ തെളിവാണ്. ഒട്ടുമിക്ക പ്രവർത്തനങ്ങളിലും ഫണ്ടുകളുടെ അഭാവവും പോരായ്മയുമല്ല മറിച്ച് ബാലസൗഹൃദ പ്രവർത്തനങ്ങൾക്കുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ കുറവാണ് ശരിയായ ബാലസൗഹൃദ വികസനത്തിന് വിനയായി നിൽക്കുന്നത് എന്നാണ് പ്രാദേശിക ഭരണകൂടവുമായി നടത്തിയ ചർച്ചയിൽ നിന്നും ഫീൽഡ് നിരീക്ഷണത്തിൽ നിന്നും കണ്ടെത്തിയത്.

എന്താണ് ബാലസൗഹൃദ തദ്ദേശഭരണം എന്നത്കൊണ്ട് അർത്ഥമാക്കുന്നത് : പ്രഥമമായി ഭരണമെന്നാൽ ലക്ഷ്യങ്ങൾ നിർണ്ണയിക്കുകയും നയങ്ങൾ നിലനിർത്തുകയും ഭരണപരമായ ചുമതലകൾ വിന്യസിക്കുകയും ആ പ്രവർത്തനങ്ങൾ മേലാധികാരികൾ മേൽനോട്ടം വഹിക്കപ്പെടുകയും ചെയ്യുന്ന ആധികാരികസമ്പ്രദായമാണ്. ബാധ്യസ്ഥത, സുതാര്യത, പ്രതികരണം, കാര്യക്ഷമത, ഫലപ്രാപ്തി, പങ്കാളിത്തം, ഉൾകൊള്ളൽ, സമവായം എന്നിവയാണ് സദ്ഭരണത്തിന്റെ പ്രധാന തത്വങ്ങൾ (OECD 2009). വിപുലമായ ഈ ചട്ടകൂടിനനുരൂപമായി കുട്ടികളുടെ അവകാശങ്ങൾക്കായി പ്രവർത്തിക്കുന്ന എല്ലാവരും അവരുടെ അധികാരപരിധിയിൽ വരുന്ന എല്ലാ കുട്ടികളും അതിജീവനം, വികസനം, സംരക്ഷണം, പങ്കാളിത്തം എന്നീ അവകാശങ്ങൾ സമഗ്രമായി അനുഭവിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി ഉപയോഗിക്കുന്ന തത്വവും ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുമാണ് ബാലസൗഹൃദ തദ്ദേശഭരണം. അതായത് ആരോഗ്യം, വിദ്യാഭ്യാസം, സുരക്ഷിതമായ കുടിവെള്ളം, ശുചീകരണം, ദുരുപയോഗം, ചൂഷണം എന്നിവയിൽ നിന്നുള്ള സംരക്ഷണം തുടങ്ങി അവർക്കവകാശപ്പെട്ട എല്ലാ ആനുകൂല്യങ്ങളും ലഭിയ്ക്കുമെന്നുറപ്പാക്കുന്ന ഒരു സമീപനമാണ് ബാലസൗഹൃദ തദ്ദേശഭരണം.

കുട്ടികൾക്കായി ആസൂത്രണം, ബഡ്ജറ്റിംഗ്, നിരീക്ഷണം എന്നിവയിലൂടെ ബാലകേന്ദ്രീകൃത വികസനത്തിനായുള്ള ഇടപ്പെടലുകൾ കുട്ടികളുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്നവർ തുടങ്ങേണ്ടതാണ്. ഈ ഭാരവാഹികൾ കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളിലും അവരോടൊപ്പം സജീവമായി ഇടപഴകുകയും കുട്ടികളുടെ താൽപര്യങ്ങൾക്കനുസൃതമായുള്ള ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്യേണ്ടതാണ്.

ആത്യന്തികമായി ബാലസൗഹൃദ തദ്ദേശഭരണം ഉറപ്പാക്കാൻ ചുമതലപ്പെട്ടവർക്ക് താഴെ പറയുന്ന ധാരണകൾ ഉണ്ടായിരിക്കേണ്ടതാണ്. എ) കുട്ടികൾ വികസനത്തിന്റെ അരികുപറ്റുന്നവരല്ല മറിച്ച് കേന്ദ്രബിന്ദുവാണെന്ന് മാനിക്കുന്ന വികസന കാഴ്ചപാട്. ബി) കുട്ടികൾക്കായി പ്രയോജനപ്പെടുത്താൻ കഴിയുന്ന സമഗ്രമായ വികസനസഹായ ഇടപ്പെടലുകളെകുറിച്ചുള്ള അറിവ്. സി) കുട്ടികൾക്ക് ഫലപ്രാപ്തി നൽകുന്ന സേവനങ്ങൾ, പ്രദാനം ചെയ്യുന്ന ഫണ്ടുകൾ, പ്രവർത്തകർ, പ്രവർത്തനങ്ങൾ എന്നിവയിൻമേൽ അവർക്കുള്ള നിയന്ത്രണം. ഡി) കുട്ടികൾക്കായുള്ള സ്ഥാപനപ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനുള്ള ഫലവത്തായ മോണിറ്ററിംഗ്. ഇ) കുട്ടികളുടെ വികസന പ്രവർത്തനങ്ങളുടെ അനന്തരഫലമായ നേട്ടങ്ങളുടേയും കുറവുകളുടേയും ഉത്തരവാദിത്വം ഏറ്റെടുക്കാനുള്ള സന്നദ്ധത.

പ്രാവർത്തികതലത്തിൽ, വികേന്ദ്രീകൃത ആസൂത്രണത്തിൽ ചുമതലക്കാരായ എല്ലാ ഭാരവാഹികളുടേയും (തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ, സംരക്ഷകർ, പൗര

ജനങ്ങൾ) അവരോടൊപ്പം അവകാശങ്ങൾക്കർഹതപ്പെട്ട കുട്ടികളുടേയും ( കുട്ടികളും കൗമാര പ്രായക്കാരും) സംയോജിതമായ പ്രവർത്തനങ്ങൾ കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണഘടനക്കകത്ത് സംയോജിതമായി കൂടിചേരുന്നതിനുള്ള അവസരമൊരുക്കിയിട്ടുണ്ട്. താത്വീകമായി നയങ്ങൾ, നിയമങ്ങൾ, പദ്ധതികൾ കുട്ടികൾക്ക് വേണ്ടിയുള്ള ബഡ്ജറ്റ് പ്രവർത്തനങ്ങൾ എന്നിവ നടപ്പാക്കുന്നതിന്റെ മോണിട്ടറിംഗ് നിർവഹിക്കുവാൻ കഴിയുന്നു. അതിനാൽ ബാലസൗഹൃദ തദ്ദേശഭരണം അവകാശങ്ങളുടെ ഉടമകൾക്കും ചുമതല നിർവഹിക്കുന്നവർക്കും ഒരേപോലെ സദ്ഭരണത്തിൽ ഗണനീയ സ്ഥാനം ഉറപ്പാക്കുന്നു.

ആ നിലയിൽ ഈ മാർഗ്ഗരേഖയിൽ നൽകിയിരിക്കുന്ന വിപുലമായ അഭ്യാസങ്ങൾ പ്രാദേശിക സർക്കാരുകൾക്ക് ബാലസൗഹൃദഭരണം ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രാപ്തി നൽകുന്നതാണ്. കുട്ടികളുടെ 4 അവകാശങ്ങളായ 1) അതിജീവനത്തിനുള്ള അവകാശം, 2)വികസനത്തിനുള്ള അവകാശം, 3) സംരക്ഷണത്തിനുള്ള അവകാശം, 4) പങ്കാളിത്തത്തിനുള്ള അവകാശം എന്നിയവയിൽ ഓരോന്നിലും എന്തൊക്കെ നേടിയെടുക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കഴിയുമെന്ന് ഇതിൽ വിശദമാക്കുന്നു. തദ്ദേശഭരണസ്ഥാപനങ്ങളെ ബാലസൗഹൃദ ഗ്രാമപഞ്ചായത്തോ, കോർപറേഷനോ ആക്കി മാറ്റുന്നതിനുള്ള അടിത്തറ കെട്ടിപടുക്കുവാൻ ആവശ്യമായ UNCRC യുടെ തത്വങ്ങളായ വിവേചനമില്ലായ്മ (ആർട്ടിക്കിൾ 2) കുട്ടികളുടെ താൽപര്യങ്ങൾ (ആർട്ടിക്കിൾ 3) മെച്ചപ്പെട്ട വികസനം (ആർട്ടിക്കിൾ 6) കുട്ടികളുടെ പങ്കാളിത്തം (ആർട്ടിക്കിൾ 12)എന്നിവയും കൺവെൻഷനിലെ മറ്റ് എല്ലാ ആർട്ടിക്കുകളുടേയും സാരാംശങ്ങളും ഈ കൈപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ബാലസൗഹൃദ ഭരണകർത്താക്കളാകുന്നതിന് തദ്ദേശഭരണസ്ഥാപനം എന്തെല്ലാം നിർബന്ധമായും ചെയ്തിരിക്കണമെന്ന് ബോധ്യപ്പെടുത്തുന്നതിനുള്ള ഒരുപകരണമാണ് ഈ കൈപുസ്തകം. കുട്ടികളുടേയും കൗമാരക്കാരുടേയും വർത്തമാനജീവിതത്തേയും ഭാവിയേയും സംബന്ധിച്ച കാഴ്ചപാടുകൾ അനുസരിച്ച് പുരോഗമനപരമായി സ്വാധീനിക്കാൻ കഴിയുന്ന അറിവ് പ്രദാനം ചെയ്യുന്നു. ബാലസൗഹൃദഭരണത്തിനായി ധാർമീകമായി പ്രവർത്തിക്കേണ്ട എല്ലാവരും ഈ പുസ്തകത്തിന്റെ വായനക്കാരാകും.

അവസാനമായി, തദ്ദേശഭരണസ്ഥാപനം ശേഖരിച്ച തെളിവുകളുടെ (സൂചകം) പ്രതിഫലനം വഴി നാളിതുവരെ നിർവ്വഹണത്തിനായി സ്വീകരിച്ച തന്ത്രങ്ങളുടെ അനുയോജ്യതയും ഫലപ്രാപ്തിയും ചർച്ചചെയ്ത് വിലയിരുത്തി മാറ്റം ആവശ്യമുള്ള മേഖലകൾ തിട്ടപ്പെടുത്തി ബാലസൗഹൃദനില സ്വയം വിലയിരുത്തുന്നതിനുള്ള ഉപാധിയായി ഉപയോഗിക്കാം. സ്വയം നിലവാരനിർണ്ണയം നടത്തുന്നതിനായി കുട്ടികളുടെ 4 അവകാശങ്ങളിൽ ഓരോന്നിനും 10 വീതം 40 സൂചകങ്ങൾ 3 തലങ്ങളിലായി ഒരു ഭൂമിക തയ്യാറാക്കിയിട്ടുണ്ട്. അതിൽതന്നെ ആർജ്ജിച്ച നിലവാരങ്ങളെ അനിവാര്യം, അഭികാമ്യം, ശ്രേഷ്ഠം എന്നിങ്ങനെ മൂന്നായി ഗ്രേഡിംഗ് ചെയ്തിട്ടുണ്ട്. അടിസ്ഥാന തലത്തിലുള്ള മാനദണ്ഡങ്ങൾ നേടിയെടുക്കാതെ ബാലസൗഹൃദ തദ്ദേശഭരണത്തിന്റെ ഉയർന്നതലം ലഭ്യമാവില്ല എന്ന് ബോധ്യപ്പെടേണ്ടതുണ്ട്. എന്നിരുന്നാലും ഓരോ തദ്ദേശഭരണസ്ഥാപനത്തിനും അവർ ഏറ്റെടുക്കാൻ തീരുമാനിച്ചിരിക്കുന്ന പ്രവർത്തനങ്ങൾക്കനുസൃതമായി മൂല്യനിർണ്ണയത്തിനുള്ള മാനദണ്ഡങ്ങൾ വികസിപ്പിക്കുന്നതിന് ഈ മാന്വൽ സ്വാതന്ത്ര്യം നൽകുന്നു. ഇതോടൊപ്പം പ്രാദേശിക യാഥാർത്ഥ്യങ്ങൾക്കനുസൃതമായി കുട്ടികൾക്ക് വേണ്ടിയുള്ള കാഴ്ചപാടുകൾ മുന്നിൽ കണ്ട് അവ ഏറ്റെടുത്ത് ആസൂത്രണം ചെയ്യുന്നതിനു വേണ്ടി ഈ ഉപാധികൾ അനുയോജ്യമായ വിധത്തിൽ പരിഷ്ക്കരിക്കാവുന്നതാണ്. നിയമങ്ങൾ, നയങ്ങൾ,

പദ്ധതികൾ എന്നിവയെകുറിച്ച് വ്യക്തത നൽകാൻ സഹായിക്കുന്ന ഒരു മാർഗ്ഗനിർദ്ദേശരേഖയും ഈ മാന്വലിനൊപ്പം നൽകിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങൾ നടത്തിയിട്ടുള്ള ചില നല്ല മാതൃകൾ സഹപഠനത്തിനായി ഈ മാർഗ്ഗനിർദ്ദേശപുസ്തകത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ആഗോളതലത്തിൽ രൂപപ്പെട്ടിട്ടുള്ള ബാലസൗഹൃദതദ്ദേശഭരണം എന്ന ധാരണക്ക് അവകാശാധിഷ്ഠിത സമീപന ചട്ടകൂടിൽ നിന്നും അവതരിപ്പിച്ചിട്ടുള്ള ഈ രീതി സമ്പ്രദായത്തിന് മൂല്യവർദ്ധന നൽകാൻ കഴിഞ്ഞിട്ടുണ്ട്. ഇതാകട്ടെ പലപ്പോഴും പ്രയോഗിച്ചുകൊണ്ടിരിക്കുന്ന കുട്ടികളുടെ അവകാശവേദ്യം എന്ന കേവലപദത്തെ പിഴുതുമാറ്റി നേരിട്ട് ചെയ്യാവുന്ന കർമ്മപദ്ധതി എന്ന തലത്തിലേക്ക് രൂപപെടുത്തിയെടുക്കാൻ ശ്രമിച്ചിട്ടുണ്ട്. ഇതിനകം തന്നെ നിരവധി തദ്ദേശഭരണസ്ഥാപനങ്ങൾ  ഈ പാന്ഥാവിലൂടെ സഞ്ചരിക്കുകയും അവരുടെ അനുഭവങ്ങൾ ഈ രേഖ പൂർത്തീകരിക്കുന്നതിന് ഉപയുക്തമാക്കുകയും ചെയ്തിട്ടുണ്ട്.

ഈ പ്രവർത്തനസഹായിയും മാർഗ്ഗരേഖയും ബാലസൗഹൃദഗ്രാമപഞ്ചായത്തുകൾ മുൻസിപാലിറ്റികൾ കോർപ്പറേഷനുകൾ എന്നിവ പുരോഗമനപരമായി രൂപപ്പെടുത്തുന്നതിനും കേരളത്തെ ആകെതന്നെ ബാലസൗഹൃദസംസ്ഥാനമായി ഉയർത്തികൊണ്ട് വരുന്നതിനും സഹായകരമാകുമെന്ന ഉത്തമവിശ്വാസത്തോടെ  ഈ അവതാരിക ഉപസംഹരിക്കുന്നു. കുട്ടികൾക്കായുള്ള സദ്ഭരണത്തിൽ തദ്ദേശഭരണസ്ഥാപനങ്ങളെ പൂർണ്ണവിശ്വാസത്തിലെടുക്കാൻ ശ്രമിക്കുന്ന രാഷ്ട്രത്തിനും സംസ്ഥാനങ്ങൾക്കും ഈ മാർഗ്ഗരേഖ ഉപയോഗപ്രദമായ അന്വേഷണ പ്രമാണമായിരിക്കും.

ഡോ. അകില രാധാകൃഷ്ണൻ,
പോളിസി, പ്ലാനിംഗ് & ഇവാല്യുവേഷൻ സ്പെഷലിസ്റ്റ്,
യൂണിസെഫ് ചെന്നൈ

ആഗസ്റ്റ്, 2016

Child Resource Centre (CRC)
Kerala Institute of Local Administration
Mulamkunnathukavu P.O
Thrissur -680581
Kerala, India

Phone : +91-487-2207000
Fax : +91-487-2201062
Email: info@kila.ac.in
Website: www.kila.ac.in

## എഡിറ്റോറിയൽ കുറിപ്പ്..........

കേരളത്തിലെ കുട്ടികളെ സംബന്ധിച്ച് നിരവധി തീഷ്ണമായ പ്രതിഫലനങ്ങളുടെ ഫലമായി വികസിപ്പിച്ച ഒന്നാണ് ബാലസൗഹൃദ തദ്ദേശഭരണ പ്രവർത്തനസഹായിയും അനുബന്ധവിശദീകരണരേഖയായ മാർഗ്ഗനിർദ്ദേശങ്ങളും. തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന ഉദ്യോഗസ്ഥവൃന്ദം, അനുഭവസമ്പത്തുള്ള സ്ഥിരം പ്രവർത്തകസംഘം എന്നിവരോപ്പമുള്ള വൈവിദ്ധ്യമാർന്ന ചർച്ചകളും പ്രവർത്തനവും എന്റെ ജ്ഞാനത്തെ പുഷ്ടിപ്പെടുത്തുന്ന അനുപമനീയമായ അനുഭവമായിരുന്നു.

ഈ പ്രവർത്തന സഹായി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട ഓരോ ഘട്ടത്തിലും കിലയുടെ ഡയറക്ടറായ ഡോ. ജോയ് ഇളമൺ അവർകളുടെ വിലപ്പെട്ട നിർദ്ദേശങ്ങൾ ഞങ്ങൾക്ക് വിലമതിക്കാനാകാത്ത സഹായകരമായിരുന്നു. അദ്ദേഹത്തിന്റെ നേതൃത്വം പരിധികൾക്കതീതമായി ചിന്തകളെ ഉദ്ദീപിപ്പിക്കുന്നതിനും അതേസമയം കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ യാഥാർത്ഥ്യങ്ങളോട് ചേർന്ന് പോകുവാനും ഞങ്ങളെ പ്രോത്സാഹിപ്പിച്ചിട്ടുണ്ട്. ഈ പ്രവർത്തന സഹായി തയ്യാറാക്കുന്ന അവസാന ഘട്ടത്തിൽ കേരളത്തിന്റേയും തമിഴ്നാടിന്റേയും യൂണിസെഫ് ഫീൽഡ് ഓഫീസിന്റെയും മേധാവി ശ്രീ ജോബ് സക്കറിയയിൽ നിന്ന് ലഭിച്ച ആഴത്തിലുള്ള ഉൾകാഴ്ചയോടെയുള്ള നിർദ്ദേശം ഈ പുസ്തകം സമ്പുഷ്ടമാക്കാനും പ്രയോഗ-സൗഹൃദകരമാക്കാനും ഏറെ സഹായിച്ചിട്ടുണ്ട്. കേരളം ബാലസൗഹൃദ തദ്ദേശഭരണമെന്ന മേഖലയിലേക്ക് പ്രവേശിക്കുന്നതിനാവശ്യമായ സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകിയ ശ്രീ. ജോബ് സക്കറിയയോടും അദ്ദേഹത്തിന്റെ ചെന്നൈയിലെ യൂണിസെഫ് സംഘാങ്ങളോടും ഞങ്ങൾ ഏറെ നന്ദിയുള്ളവരാണ്.

കുട്ടികളുടെ അവകാശ സംരക്ഷണ സാക്ഷാൽക്കാരം സാധ്യമായ ഒന്നാണെന്ന് വ്യക്തമാക്കി തരുന്ന ഈ രേഖയുടെ എല്ലാ വികസനഘട്ടങ്ങളിലും കേരളത്തിന്റേയും തമിഴ്നാടിന്റേയും യൂണിസെഫ് ഓഫീസിലെ പ്ലാനിംഗ് മോണിട്ടറിംഗ്, ഇവാലുവേഷൻ സ്പെഷലിസ്റ്റായ ഡോ. അകില രാധാകൃഷ്ണൻ, ഛത്തീസ്ഖണ്ഡിലെ സ്റ്റേറ്റ് ഹെൽത്ത് റിസോഴ്സ് സെന്ററിന്റെ മുൻ ഡയറക്ടറായ ഡോ. കെ ആർ ആന്റണി, ഈ മേഖലയിലെ വിദഗ്ദ്ധനായ ശ്രീ. എം ജി കാളിദാസൻ എന്നിവർ എന്നോടൊപ്പം ഒരു ടീമായി പ്രവർത്തിച്ചിരുന്നു. ഈ വിലയേറിയ രേഖ നിലവിലുള്ള ഈ രൂപത്തിലാക്കുന്നതിന് കിലയിലെ സി ആർ സി യെ സഹായിച്ചത് ഇവരുടെ നിരന്തരവും വിശ്രമരഹിതവുമായ പരിശ്രമമാണ്. ഈ രേഖയുടെ ഉള്ളടക്കം സുമനസ്സുകളായ അനേക

രുടെ സർഗ്ഗാത്മകമായ പ്രവർത്തനങ്ങളുടെ ഫലമാണ്. രാജഗിരി ഔട്ട് റീച്ചിന്റെ പ്രോജക്ട് ഡയറക്ടറായ ശ്രീ. എം പി ആന്റണിയിൽ നിന്നും വിലയേറിയ വിവരങ്ങൾ ലഭ്യമായി. കുട്ടികളുടെ അവകാശമേഖലയിലുള്ള അദ്ദേഹത്തിന്റെ അറിവ് വളരെ പ്രയോജനം ചെയ്തിട്ടുണ്ട്. സാങ്കേതിക വിവരം നൽകുന്നതിൽ വേലൂർ ഗ്രാമപഞ്ചായത്തിലെ അസി. സർജൻ ഡോ. ഗോപകുമാർ, കോഴിക്കോട് ഗവ. മെഡിക്കൽ കോളേജിലെ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗത്തിലെ അസോസ്സിയേറ്റ് പ്രൊ. ഡോ. ടി. ജയകൃഷ്ണൻ, കേരള സർക്കാരിന്റെ ഹെൽത്ത് സർവീസസ് ഡയക്ടറേറ്റിലെ നാഷണൽ ഹെൽത്ത് മിഷൻ സ്റ്റേറ്റ് നോഡൽ ഓഫീസറായ ഡോ. അമർ ഫെറ്റിൽ, തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ശിശുരോഗവിദഗ്ദൻ ഡോ. ജയപ്രകാശ് ആർ, മലപ്പുറം ജില്ല ഇൻസ്റ്റിറ്റ്യൂഷൻ ഫോർ എഡ്യുക്കേഷൻ ആന്റ് ട്രെയിനിംഗ് ലക്ചററായ ശ്രീ ബാബു വർഗ്ഗീസ് എന്നിവരുടെ സുസ്ത്യർഹമായ സഹായമാണ് ലഭ്യമായിട്ടുള്ളത്. ഉള്ളടക്ക സമാഹരണത്തിലും, നിരൂപണത്തിലും അനുയോജ്യമായ പിൻതുണ നൽകിയ ശ്രീമതി. റിസ്മിയ ആർ ഐ ഏറെ പ്രശംസയർഹിക്കുന്നു. കേസ് സ്റ്റഡികളുടെ രൂപീകരണത്തിൽ ശ്രീ. ഭാസ്ക്കരൻ പള്ളിക്കരയുടേയും, ശ്രീമതി. വിജിശങ്കറിന്റേയും സംഭാവന വളരെ വലുതാണ്. അക്കാദമിക്- ഭരണ- സർക്കാർ പ്രതിനിധികൾ, ജനപ്രതിനിധികൾ, കുട്ടികൾ എന്നിവരുടെ വിലപ്പെട്ട സംഭാവനകൾ അഭിനന്ദനാർഹമാണ്.

നിലമ്പൂർ നഗരസഭ, പുല്ലൂർപെരിയ, നൂൽപുഴ, പുലാമന്തോൾ, ശ്രീകൃഷ്ണപുരം, ഏങ്ങണ്ടിയൂർ എന്നീ ഗ്രാമപഞ്ചായത്തുകൾ പ്രവർത്തിച്ച് കാണിച്ചു തന്ന ബാലസൗഹൃദ ഭരണത്തിന്റെ സത്യസന്ധമായ സാക്ഷ്യം ഈ രേഖയെ സമ്പന്നമാക്കിയിരിക്കുന്നു. ഈ തദ്ദേശഭരണസ്ഥാപനങ്ങൾ ബാലസൗഹൃദ തദ്ദേശ ഭരണ പ്രവർത്തനത്തിന്റെ പ്രാരംഭ ദശയിൽ തന്നെ സി ആർ സി- കിലയുമായി പങ്കാളികളായിരുന്നു. ഈ തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടേയും, ഉദ്യോഗസ്ഥരുടേയും, വിദഗ്ദ്ധരുടേയും, കുട്ടികളുടേയും സംഭാവനകൾ ഞങ്ങൾ നന്ദിയോടെ സ്മരിക്കുന്നു.

കുട്ടികളുടെ പ്രശ്നങ്ങളിൽ ബാലാവകാശസമീപത്തോടുകൂടി പ്രതികരിക്കേണ്ടതിനുള്ള സാധ്യതകളിലേക്ക് ഞങ്ങളെ നയിച്ച യൂണിസെഫ് ചെന്നൈയുടെ മുൻ ചീഫ് ഡോ. സതീഷ് കുമാറിന് പ്രത്യേകമായി നന്ദി രേഖപ്പെടുത്തുന്നു. പല ഘട്ടങ്ങളിലായി വിവിധ അദ്ധ്യായങ്ങൾക്ക് ചെന്നൈയിലെ പല മേഖലയിലുള്ള വിദഗ്ദ്ധർ വിലയേറിയ സാങ്കേതിക വിവരങ്ങൾ നൽകിയിട്ടുണ്ട്. സി ആർ സി യുടെ മുൻ കൺസൾട്ടന്റ് ആയിരുന്ന ശ്രീമതി. സുധാമണി കെ എൽ, ശ്രീമതി. ബീന ശിവൻ, ബിന്ദു വി കെ എന്നിവർ ഈ രേഖ തയ്യാറാക്കുന്നതിന്റെ ആദ്യ ഘട്ടങ്ങളിൽ വളരെയേറെ സഹായിച്ചിട്ടുണ്ട്. ഈയവസരത്തിൽ അവരെയെല്ലാം ഓർക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ മാന്വലിന്റെ പൂർത്തീകരണത്തിന് ആദ്യാവസാനം വരെ അഡ്മിനിസ്ട്രേറ്റിവ് ഏകോപനത്തിന് നിരന്തരമായ പിൻതുണ നൽകിയ ശ്രീ. മുഹമ്മദ് ഇസ്മയിലിന്റെ സേവനം ഏറെ വിലപ്പെട്ടതാണ്. കൂടാതെ ഈ മാന്വലിന്റെ അച്ചടിക്കാവശ്യമായ ഡിസൈനും, ലേഔട്ടും വളരെ മനോഹരമായി നിർവഹിച്ച ശ്രീ. അനു ഡേവിഡിനോടുള്ള നന്ദിയും പ്രത്യേകം രേഖപ്പെടുത്തട്ടെ.

ഡോ. പീറ്റർ എം രാജ്,
അസോസ്സിയേറ്റ് പ്രൊഫസർ & ചെയർ സി ആർ സി, കില

## ആമുഖം

ജനാധിപത്യഅധികാരവികേന്ദ്രീകരണവും ജനപങ്കാളിത്തവും ഏതൊരു സമൂഹത്തിന്റേയും വികസനത്തിന്റേയും നിർണ്ണായകമായ ആവശ്യമായി ഉയർന്ന് വരികയും ഈ വിഷയം ആഗോളതല ചർച്ചക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഭരണം ജനങ്ങളോട് കൂടുതൽ അടുത്ത് വരുമ്പോഴാണ് എവിടേയും ജനാധിപത്യത്തിന് അർത്ഥമുണ്ടാകുന്നത്. ഫണ്ടുകൾ, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ വിന്യസിക്കുന്നത് കൊണ്ട് തദ്ദേശഭരണസ്ഥാപനങ്ങളെ ശക്തിപ്പെടുത്തുന്ന മാർഗ്ഗം വികേന്ദ്രീകൃത ആസൂത്രണത്തിന്റെ ഫലപ്രദമായ രീതിയാണെന്ന് കാണുകയും അത്തരം പരീക്ഷണങ്ങൾ ലോകമെമ്പാടും തുടർന്നുകൊണ്ടിരിക്കയാണ്. ഭരണം എങ്ങിനെ ബാലസൗഹൃദപരമാക്കാം എന്ന അന്വേഷണം താഴെ പറയുന്ന വിശാലമായ പശ്ചാത്തല അവബോധം നൽകുന്നത് പ്രസക്തമാണ്.

### കേരളത്തിലെ പ്രാദേശിക ഭരണസംവിധാനം

വികേന്ദ്രീകൃതാസൂത്രണത്തിന്റെ വിജയം നിശ്ചയിക്കുന്ന നിർണ്ണായഘടകം പൊതുജനപങ്കാളിത്തത്തിന്റെ നിലവാരത്തിലാണ് കുടികൊള്ളുന്നത്. ഫലപ്രദമായ പങ്കാളിത്തം എപ്രകാരം ജനങ്ങളെ പ്രാദേശികാസൂത്രണത്തിലും, നിർവ്വഹണത്തിലും, മോണിട്ടറിംഗിലും അവരെ എത്രമാത്രം പങ്കാളികളാക്കുന്നതിന് തയ്യാറാക്കിയിരിക്കുന്നു എന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. ഭാരതത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന കേരളസംസ്ഥാനത്തിന് വികേന്ദ്രീകൃതആസൂത്രണത്തിൽ തനിമയാർന്ന കഥ പറയാനുണ്ട്. പ്രാദേശികാസൂത്രണത്തിലും, തദ്ദേശഭരണത്തിലും ജനാധിപത്യപരമായ അധികാരവികേന്ദ്രീകരണവും ജനപങ്കാളിത്തവും കൊണ്ടുള്ള പരീക്ഷണം വിജകരമായി തീർന്നിട്ടുണ്ട്. 2015ലെ നിലയനുസരിച്ച് കേരളസംസ്ഥാനത്തെ 14 ജില്ലകളായും,1453 വില്ലേജുകളിലായും, 63 താലൂക്കുകളിലായും, 21 റവന്യൂ ഡിവിഷനുകളായും തിരിച്ചിട്ടുണ്ട്. അവിടെ 14 ജില്ലാപഞ്ചായത്തുകൾ (ജില്ലാതല ഗ്രാമീണതദ്ദേശഭരണം) 152 ബ്ലോക്ക് പഞ്ചായത്തുകൾ (ഇടനില തലത്തിലുള്ള ഗ്രാമീണ തദ്ദേശഭരണം) 941 ഗ്രാമപഞ്ചായത്തുകൾ (വില്ലേജ്തലഗ്രാമീണ തദ്ദേശഭരണം) എന്നിവയും നഗരതലത്തിൽ 87 മുനിസിപാലിറ്റിയും, 6 മുനിസിപ്പൽ കോർപറേഷനുകളുമാണുള്ളത്. അധികാരവികേന്ദ്രീകരണത്തെ തുടർന്ന് (ഫണ്ട്, ഫങ്ങ്ഷൻ, ഫങ്ങ്ഷനറീസ്) കേരളം പങ്കാളിത്തആസൂത്രണ സമ്പ്രദായം രൂപപ്പെടുത്തുകയും അത് ലോകമെമ്പാടും പകർത്തപെടാവുന്ന മാതൃകയാണെന്ന് ഉദ്ഘോഷിക്കപ്പെടുകയും ചെയ്തിട്ടുണ്ട്.

## കേരളത്തിലെ തദ്ദേശഭരണസ്ഥാപനങ്ങളുടെ ഭരണവും കമ്മിറ്റിസംവിധാനവും.

തദ്ദേശഭരണസമിതി ഒരു തദ്ദേശഭരണസ്ഥാപനത്തിന്റെ എല്ലാ തിരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളും ഉൾപ്പെടുന്നതാണ് പ്രാദേശിക ഭരണസമിതി. പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ എന്നിവർ ഉൾപ്പെടുന്ന പ്രസിഡന്റ് ചെയർപേഴ്സൺ ആയുള്ള കമ്മിറ്റിയാണ് സ്റ്റിയറിംഗ് കമ്മിറ്റി. സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുകയും അവക്ക് മേൽനോട്ടം വഹിക്കുകയും ചെയ്യുന്നത് സ്റ്റിയറിംഗ് കമ്മിറ്റിയാണ്.

### സ്റ്റാന്റിംഗ് കമ്മിറ്റികൾ

കേരള പഞ്ചായത്ത്രാജ്/മുനിസിപ്പാലിറ്റി ആക്റ്റ് വ്യവസ്തകൾക്കനുസൃതമായി രൂപീകൃതമായ കമ്മിറ്റികളാണ് സ്റ്റാന്റിംഗ് കമ്മിറ്റികൾ. ഓരോ സ്റ്റാന്റിംഗ് കമ്മിറ്റികളിലും അംഗങ്ങളെ തിരഞ്ഞെടുക്കുന്നത് അതത് തദ്ദേശഭരണസ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളിൽ നിന്നാണ്. സ്റ്റാന്റിംഗ് കമ്മിറ്റി അംഗങ്ങളിൽനിന്ന് ആ കമ്മിറ്റിയിലേക്കുള്ള ചെയർപേഴ്സനെ തിരഞ്ഞെടുക്കുന്നു. ധനകാര്യം, വികസനം, ക്ഷേമം, ആരോഗ്യം വിദ്യാഭ്യാസം, പൊതുമരാമത്ത്, ടൗൺ ആസൂത്രണം, നികുതികൾക്കുള്ള അപ്പീൽ, എന്നിവയാണ് തദ്ദേശഭരണസ്ഥാപനങ്ങളുടെ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികൾ.

### വർക്കിംഗ് ഗ്രൂപ്പുകൾ

മേഖലാവിദഗ്ദരുടെ ഒരു സമിതിയാണ് വർക്കിംഗ് ഗ്രൂപ്പ്. ഓരോ മേഖലാവിഭാഗത്തിനും വർക്കിംഗ് ഗ്രൂപ്പുകൾ ഉണ്ടാക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾ നിയമാനുസൃതം ബാധ്യസ്ഥരാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധിയും, കൺവീനർ ആ മേഖലയിലെ ഒരു മുതിർന്ന ഉദ്യോഗസ്ഥനുമായിരിക്കും. വിദഗ്ദ വൊളന്റിയർമാരും അനുഭവജ്ഞാനമുള്ളവരും വർക്കിംഗ് ഗ്രൂപ്പുകളിലെ അംഗങ്ങളായിരിക്കും. വർക്കിംഗ് ഗ്രൂപ്പുകൾ അതാത് മേഖലയിലെ അവസ്ഥാവിശകലന റിപ്പോർട്ട് തയ്യാറാക്കണം. ഗ്രാമസഭകളുടേയും/വാർഡുസഭകളുടേയും നിർദ്ദേശങ്ങൾ പരിഗണിച്ചുകൊണ്ട് പ്രാദേശികാസൂത്രണം തയ്യാറാക്കുന്നതിൽ വർക്കിംഗ് ഗ്രൂപ്പുകൾക്ക് പ്രധാന പങ്കുണ്ട്. പ്രാദേശികാസൂത്രണത്തിനായുള്ള സാമ്പത്തിക ധനസ്രോതസ്സുകൾ സംസ്ഥാന സർക്കാരിൽനിന്ന് ലഭിക്കുന്ന ഫണ്ടുകൾ, തദ്ദേശഭരണസ്ഥാപനത്തിന്റെ തനത്ഫണ്ട്, സംസ്ഥാന, കേന്ദ്രപദ്ധതികളിലൂടെ ലഭ്യമാകുന്ന ഫണ്ടുകൾ, ലോണുകൾ, പൊതുസംഭാവനകൾ, മറ്റു സംഭാവനകൾ തുടങ്ങിയവയാണ്. പ്രാദേശികാസൂത്രണത്തിന്റെ വലിയൊരു പങ്കും വകയിരുത്തുന്നത് സംസ്ഥാനസർക്കാർ നൽകുന്ന ഫണ്ടിൽ നിന്നാണ്. പ്രാദേശിക മുൻഗണനാനുക്രമമനുസരിച്ച് ഫണ്ടുകൾ മാറ്റിവെക്കാൻ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് സ്വാതന്ത്ര്യമുണ്ട്.

സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും അവരുടെ പ്രാദേശിക സാമ്പത്തിക വികസനത്തിനും സാമൂഹ്യനീതിക്കുമായുള്ള സ്വന്തം പദ്ധതികൾ തയ്യാറാക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നു. പ്രാദേശികാസൂത്രണപ്രക്രിയയുടെ അടിസ്ഥാനസ്വഭാവം പങ്കാളിത്തവും സുതാര്യതയുമാണ്. ഗ്രാമസഭ, കുട്ടികളുടെ ഗ്രാമസഭ, സാമൂഹ്യമാനേജ്മെന്റ്, ക്ഷേമകാര്യകമ്മിറ്റികൾ, കുടുംബശ്രീ, ബാലസഭ, മറ്റു സാമൂഹ്യാടിസ്ഥാനത്തിലുള്ള സംഘടനകൾ തുടങ്ങിയ ജനാധിപത്യപരമായ ഘടനകളുടെ പങ്കാളിത്തമാണ് സേവനങ്ങൾ ജനങ്ങൾക്ക് ലഭ്യമാക്കുന്നതിലും ഫലപ്രദമായ നിർവ്വഹണം നടത്തുന്നതിനും സഹായിക്കുന്നത്.

## കേരളത്തിലെ ബാലകേന്ദ്രീകൃതാസൂത്രണത്തിനുള്ള അവസരങ്ങൾ

ഗ്രാമസഭ, കുട്ടികളുടെ ഗ്രാമസഭ, കുട്ടികളുടേയും സ്ത്രീകളുടേയും വികസനത്തിനായുള്ള വർക്കിംഗ് ഗ്രൂപ്പ്, ജാഗ്രതാസമിതി, കൗമാരക്ലബ്ബുകൾ, ക്ഷേമകാര്യകമ്മിറ്റികൾ തുടങ്ങി ബാലകേന്ദ്രീകൃതാസൂത്രണം നടത്തുന്നതിന് വേണ്ടിയുള്ള ധാരാളം സംവിധാനങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്കുണ്ട്. പോഷകാഹാര പിൻതുണ, ഭിന്നശേഷിക്കാർക്കായുള്ള സ്കോളർഷിപ്പ്, സ്റ്റൈപെന്റസ്, അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യകേന്ദ്രങ്ങൾ, ഹോസ്റ്റലുകൾ തുടങ്ങി കുട്ടികളുടെ ശ്രദ്ധക്കാവശ്യമായുള്ള സ്ഥാപനങ്ങളുടെ നിർമ്മാണവും പരിപാലനവും, ഭിന്നശേഷിക്കാരായ കുട്ടികൾക്കുള്ള ബഡ്സ് സ്പെഷ്യൽ സ്കൂളുകൾ, വായനശാലകൾ, പാർക്കുകൾ, കളിസ്ഥലങ്ങൾ തുടങ്ങി കുട്ടികൾക്കായുള്ള സമഗ്രപരിപാടികൾ ചെയ്യുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കഴിയും. പോഷണത്തിനുവേണ്ടിയുള്ള ഫണ്ടിന്റെ നിർബന്ധിത വകയിരുത്തൽ, ബഡ്സ് സ്ക്കൂളിന്റെ അറ്റകുറ്റപണികൾ, ആശ്രയയുടെ ഗുണഭോക്താക്കൾക്കുള്ള പ്രത്യേക ഫണ്ട് (അഗതികളുടെ പുനഃരധിവാസം), 0-18 വയസ്സുവരെയുള്ള പെൺകുട്ടികളെ ഉൾപ്പെടുത്തികൊണ്ടുള്ള വനിതാഘടകപദ്ധതി തദ്ദേശഭരണസ്ഥാപനങ്ങൾക്കുണ്ട്.

ചുമതലകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കൈമാറുമ്പോൾ ഈ ചുമതലകൾ നിർവഹിക്കുന്ന സ്ഥാപനങ്ങളേയും ഉദ്യോഗസ്ഥരേയും കൂടി അവർക്ക് കൈമാറിയിട്ടുണ്ട്. അധികാരവികേന്ദ്രീകരണത്തിന്റെ ഭാഗമായി തദ്ദേശഭരണസ്ഥാപനങ്ങളിലേക്ക് കൈമാറ്റം ചെയ്യപ്പെട്ടവയാണ് കൃഷിഭവനുകൾ, ആരോഗ്യസ്ഥാപനങ്ങൾ അങ്കണവാടികൾ, സ്ക്കൂളുകൾ, ബഡ്സ് സ്പെഷ്യൽ സ്ക്കൂളുകൾ, കുട്ടികൾക്ക് വേണ്ടിയുള്ള സ്പെഷ്യൽ ഹോമുകൾ എന്നിവ. ഈ സ്ഥാപനങ്ങളും അവയിലെ ഉദ്യോഗസ്ഥരും ജീവനക്കാരും തദ്ദേശഭരണസ്ഥാപനങ്ങളുടെ കീഴിലാണ് ജോലി ചെയ്യേണ്ടത്. അതുപോലെ ജില്ലാ സാമൂഹിക ക്ഷേമകാര്യ ഉദ്യോഗസ്ഥർ, ഐ സി ഡി എസ് സൂപ്പർവൈസർ, അങ്കണവാടി ജീവനക്കാർ തുടങ്ങി പ്രധാനപ്പെട്ട എല്ലാ ശിശുവികസന ഉദ്യോഗസ്ഥരും തദ്ദേശഭരണസ്ഥാപനത്തിന്റെ കീഴിലാണ് പ്രവർത്തിക്കുന്നത്.

## ചൈൽഡ് റിസോഴ്സ് സെന്റർ (സി ആർ സി) യൂണിസെഫ്-കില സംരംഭം

കേരളസർക്കാർ തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ ഗവേഷണം, നയരൂപീകരണം എന്നിവയ്ക്ക് നേതൃത്വം നൽകുന്നതിനായി രൂപീകരിക്കപ്പെട്ട സ്വയംഭരണ സ്ഥാപനമാണ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില). കില-യൂണിസെഫ് പങ്കാളിത്തത്തോടെ കേരളത്തിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കുട്ടികളുടെ അവകാശങ്ങൾ, ബാലസൗഹൃദ ഭരണം എന്നിവ തത്വത്തിലും പ്രവർത്തനത്തിലും കേന്ദ്രീകരിക്കത്തക്ക വണ്ണം അവരുടെ കാര്യക്ഷമത വികസനത്തിന് നടപടികൾ സ്വീകരിച്ചു. ഇതേ തുടർന്നാണ് 2011 ൽ കിലയിൽ ചൈൽഡ് റിസോഴ്സ് സെന്റർ സ്ഥാപിക്കപ്പെട്ടത്. ആദ്യസംരംഭം എന്ന നിലയിൽ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളെയും സഹായിക്കത്തക്കവണ്ണം കുട്ടികൾക്കായുള്ള സമഗ്രവികസന കൈപ്പുസ്തകം തയ്യാറാക്കി. ഈ കൈപ്പുസ്തകത്തിന്റെ അംഗീകാരത്തിന്റെ തുടർച്ചായായി ബാലസൗഹൃദ ഭരണം എന്ന ആശയം പ്രയോഗികമാക്കുന്നതിന് പല തദ്ദേശഭരണ സ്ഥാപനങ്ങളും മുന്നോട്ടുവന്നു. ഇതിനെ തുടർന്ന് സർക്കാർ അംഗീകരിച്ച കുട്ടികളുടെ സമഗ്ര വികസനം എന്ന മാർഗ്ഗരേഖ സംസ്ഥാനമൊട്ടാകെയുള്ള തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബാല സൗഹൃദ ഇടപ്പെടലുകൾ നടത്താൻ അവസരം നൽകുന്നു.

പ്രവർത്തനസഹായിയും മാർഗ്ഗനിർദ്ദേശങ്ങളും ഈ രംഗത്തുള്ള മറ്റൊരു കാൽവെയ്പ്പാണ്. ബാലസൗഹൃദ തദ്ദേശഭരണം നടപ്പിലാക്കാൻ ശ്രമിക്കുന്ന ഏതൊരു തദ്ദേശഭരണസ്ഥാപനവും താഴെ പറയുന്ന നിബന്ധന പാലിക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.

- കുട്ടികൾക്കായുള്ള ഹ്രസ്വദാർശീനരേഖ സമീപഭാവിയിലുള്ളതും ഇടക്കാലത്തേക്കും ദീർഘകാലത്തേക്കുമായുള്ള ലക്ഷ്യങ്ങൾ വ്യക്തമാക്കുന്നവ

- കുട്ടികളുടെ വിവരവ്യൂഹം - എല്ലാ വിഭാഗങ്ങളിലുള്ള പ്രവർത്തനങ്ങളും ഉൾപെടുത്തിയുള്ള അവസ്ഥാ വിവരണം

- പ്രോജക്റ്റ് സമർപ്പിക്കുന്നതിനും ഫണ്ട് അനുവദിക്കുന്നതിനും നടപ്പിലാക്കുന്നതിനുമായി കുട്ടികളുമായുള്ള വാർഷിക ബഡ്ജറ്റ് ഉൾപ്പെടുന്ന കുട്ടികൾക്കായുള്ള സമഗ്ര പ്രാദേശിക വികസനപദ്ധതി

- അപകടകരാവസ്ഥയിലുള്ള കുട്ടികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള ബാലകേന്ദ്രീകൃത ഇടപെടലുകളും പ്രത്യേക പരിഗണകയും

- കുട്ടികളുടെ ബഡ്ജറ്റ് - പരിണാത്മകവും ഗുണനാത്മകവുമായ മെച്ചപ്പെടുത്തലുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി കുട്ടികൾ നടത്തുന്ന സാമൂഹിക ഓഡിറ്റും ബാലബഡ്ജറ്റിന്റെ വിശകലനവും

ഈ പശ്ചാതലത്തിൽ നിന്നുകൊണ്ട് പ്രവർത്തനസഹായിയിലെ ഓരോ അദ്ധ്യായവും കുട്ടികൾക്കായുള്ള യു എൻ സി ആർ സി അവകാശപ്രഖ്യാപനത്തിലെ 4 അവകാശമേഖലകളാണ്. ആഴങ്ങളിലേക്ക് കടക്കുമ്പോൾ ബാലസൗഹൃദ തദ്ദേശഭരണത്തിൽ മനസ്സുവെച്ചാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നേടാൻ കഴിയാവുന്നതിന്റെ യഥാർത്ഥ മേഖലയുടെ അദ്ധ്യായത്തിലുള്ള 4 അവകാശങ്ങൾക്ക് ഓരോന്നിനും കീഴിൽ ചെയ്യാനുദ്ദേശിക്കുന്ന അഭികാമ്യമായ ലക്ഷ്യങ്ങൾ ഉൾപ്പെടുന്ന 5 മുതൽ 7 വരെ മേഖലകൾ നൽകിയിട്ടുണ്ട്. ഇവക്ക് കീഴെ ഈ ലക്ഷ്യങ്ങളെ വീണ്ടും പെട്ടെന്ന് മനസ്സിലാക്കാവുന്ന തരത്തിലുള്ള വസ്തുക്കളായി തിരിച്ചിരിക്കുന്നു. ഓരോ തദ്ദേശഭരണസ്ഥാപനത്തിനും അവർ എവിടെ തുടങ്ങുന്നു എന്നതിനനുസൃതമായി അനുയോജ്യമായവ തിരഞ്ഞെടുക്കുന്നതിനും ലക്ഷ്യങ്ങൾ നടപ്പിൽ വരുത്തുന്നതിനും 100 വ്യത്യസ്ത മാർഗ്ഗങ്ങളും  പ്രവർത്തനങ്ങളുംചേർത്തിട്ടുണ്ട്. ഓരോ രീതിക്കും നേരെയുള്ള മാതൃകാസൂചികയിൽ അടയാളപ്പെടുത്തി തിരഞ്ഞെടുത്തത് നടപ്പിലാക്കുന്നതിന്റെ പുരോഗതി കൈവരിക്കുന്നുണ്ടോയെന്ന് മനസ്സിലാക്കാം. അതിന്റെ ഫലമായി ചില മേഖലകളും, തന്ത്രങ്ങളും, കർമ്മപദ്ധതികളും അതുപോലെ സൂചകങ്ങളും പല വിഭാഗത്തിലുള്ളതും പരസ്പരബന്ധിതവും ഒപ്പം വ്യത്യസ്ത അദ്ധ്യായങ്ങളിൽ മേഖലകളിലും കാണപ്പെടുന്നതിനാൽ അവ പല അദ്ധ്യായങ്ങളിലും ഒരേ പോലെ സൂചിപ്പിക്കപ്പെട്ടിട്ടുണ്ട്.

ഈ ആമുഖത്തിനുശേഷം തദ്ദേശഭരണസ്ഥാപനത്തിന്റെ അധികാരപരിധിയിൽ വരുന്ന എല്ലാ കുട്ടികളുടേയും അതിജീവനത്തിനായുള്ള അവകാശം ഉറപ്പുവരുത്തേണ്ടത് എങ്ങിനെതദ്ദേശഭരണസ്ഥാപനങ്ങൾക്ക് വിശദമാക്കി കൊടുക്കുകയാണ് രണ്ടാം അദ്ധ്യായത്തിൽ. എല്ലാ കുട്ടികൾക്കും ജനിക്കാനും എല്ലാ സാധ്യതയോടെയും കൂടി ജീവിക്കാനാവശ്യമായ എല്ലാ അടിസ്ഥാനഘടകങ്ങളും അനുഭവിക്കാൻ കഴിയുന്നതിനെയാണ് അതിജീവനത്തിനുള്ള അവകാശം എന്ന

തുകൊണ്ട് അർത്ഥമാക്കുന്നത്. ഗുണമേന്മയുള്ള ആരോഗ്യ സംരക്ഷണം, ഭക്ഷണവും പോഷണവും, സുരക്ഷിതമായ കുടിവെള്ളം, വൃത്തിയുള്ള അന്തരീക്ഷം എന്നിവക്കുള്ള അവകാശം എല്ലാ കുട്ടികൾക്കുമുണ്ട്. പ്രദേശത്തുള്ള എല്ലാ കുട്ടികൾക്കും അതിജീവനത്തിനുള്ള അവകാശം ഉറപ്പാക്കുന്ന സൗകര്യങ്ങൾ നൽകേണ്ടതും അപകടാവസ്ഥയിലുള്ളവരും കുറഞ്ഞ ആരോഗ്യസ്ഥിതിയിലുള്ളവരുമായ കുട്ടികൾക്ക് പ്രത്യേക ശ്രദ്ധ നൽകേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.

കുട്ടികളുടെ അതിജീവനത്തിനായുള്ള അവകാശങ്ങൾ ഉറപ്പുവരുത്തുന്നതിനായി 5 മേഖലകളുടെ കീഴിൽ 30 തന്ത്രങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഓരോ തന്ത്രങ്ങളും പ്രാവർത്തികമാക്കാൻ 5 മുതൽ 10 വരെ പ്രവർത്തനങ്ങളും അവതരിപ്പിച്ചിരിക്കുന്നു. 30 തന്ത്രങ്ങളുടെ കീഴിലായി 83 മാതൃകാ സൂചികകളും നൽകിയിട്ടുണ്ട്. ഈ സൂചകങ്ങൾ അടയാളപ്പെടുത്തുന്നത് വഴി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് അതിജീവനത്തിനായുള്ള കുട്ടികളുടെ അവകാശ സാക്ഷാൽക്കാരത്തിലുള്ള പുരോഗതി വിലയിരുത്താം.

അധികാര പരിധിയിലുള്ള കുട്ടികളുടെ വികസനത്തിനായുള്ള അവകാശം എങ്ങിനെ ഉറപ്പുവരുത്താൻ കഴിയുമെന്ന് മൂന്നാം അദ്ധ്യായത്തിലൂടെ വിശദമാക്കുന്നു. കുട്ടികളുടെ വികസനത്തിൽ മാനവവികസനവും, പുരോഗതിയും പൂർണ്ണമായി ബന്ധപ്പെട്ടിരിക്കുന്നു. യുഎൻസിആർസി അനുസരിച്ച്, വിദ്യാഭ്യാസം, വിനോദം, വിശ്രമം, സാംസ്ക്കാരിക പ്രവർത്തനങ്ങൾ, വിവരങ്ങളുടെ ലഭ്യത, ചിന്തിക്കാനുള്ള സ്വാതന്ത്ര്യം, മന:സാക്ഷി എന്നിവയിലുള്ള കുട്ടികളുടെ അവകാശത്തെയാണ് വികസനത്തിനുള്ള അവകാശം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പോഷണം, ആരോഗ്യം, ശിശുസംരക്ഷണം, വിദ്യാഭ്യാസം, മാനസിക-സാമൂഹിക-സാംസ്ക്കാരിക വ്യവസ്ഥകൾ എന്നിവയിലുള്ള സമഗ്രവും ഏകകാലീകവുമായ ഇടപ്പെടലുകൾ വഴി മാത്രമേ പുരോഗമനപരമായ വികസനവും സന്തോഷകരമായ ബാല്യകാലവും ലഭ്യമാവൂ. ഇടപ്പെടലുകളും സേവനങ്ങളും ആസൂത്രണം ചെയ്യുന്ന സമയത്ത് കുട്ടികളുടെ സമഗ്രവികസനത്തിലേക്ക് നയിക്കുന്ന വിവിധതലത്തിലുള്ള പ്രവർത്തനങ്ങളും തദ്ദേശഭരണസ്ഥാപനം ഏകോപ്പിക്കേണ്ടതായിട്ടുണ്ട്. ഭിന്നശേഷിക്കാർപോലെ അപകടമേഖലയിലുള്ളവരുൾപ്പടെ എല്ലാ കുട്ടികളുടേയും സ്വാതന്ത്ര്യവും ആത്മാഭിമാനവും സംരക്ഷിക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തേണ്ടതുണ്ട്.

കുട്ടികളുടെ വികസനത്തിനായുള്ള അവകാശം ഉറപ്പുവരുത്തുന്നതിനായി 5 മേഖലകളിലായി 27 തന്ത്രങ്ങളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഓരോ തന്ത്രങ്ങളും പ്രാവർത്തികമാക്കുന്നതിനായി 5 മുതൽ 10 വരെ പ്രവർത്തനങ്ങളും അവതരിപ്പിച്ചിരിക്കുന്നു. 27 തന്ത്രങ്ങളുടെ കീഴിലായി 73 മാതൃകാ സൂചികകളും നൽകിയിട്ടുണ്ട്. ഈ സൂചകങ്ങൾ അടയാളപ്പെടുത്തുന്നത് വഴി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വികസനത്തിനായുള്ള കുട്ടികളുടെ അവകാശസാക്ഷാൽക്കാരത്തിലുള്ള പുരോഗതി വിലയിരുത്താൻ കഴിയും.

അധികാര പരിധിയിലുള്ള എല്ലാ കുട്ടികളുടേയും സംരക്ഷണത്തിനുള്ള അവകാശം ഉറപ്പാക്കേണ്ടത് എങ്ങിനെയെന്ന് നാലാം അദ്ധ്യായത്തിൽ വിശദമാക്കിയിരിക്കുന്നു. എല്ലാ തരത്തിലുള്ള ദുരുപയോഗം, കുടുംബം, സ്കൂൾ, സ്ഥാപനങ്ങൾ, സമൂഹം, പൊതുസ്ഥലങ്ങൾ എന്നിവയിലുള്ള അക്രമകരവും അപകടകരവുമായ അവസ്ഥ എന്നിവയിൽനിന്നുള്ള സുരക്ഷിതത്വത്തിനെയാണ് കുട്ടികളുടെ സംരക്ഷണം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. കേരളത്തിലെ കുട്ടികൾ പലവിധത്തിലുള്ള വെല്ലുവിളികൾ നേരിടുന്നതിനാൽ ഉപേക്ഷ, ദുരുപയോഗം, ചൂഷണം എന്നി

വയിൽനിന്നും കുട്ടികളേയും കൗമാരക്കാരേയും സംരക്ഷിക്കേണ്ടത് തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയാണ്. ആപത്ത്, പീഢനം, മാനസികപീഢനം, ഇല്ലായ്മകൾ, അരക്ഷിതാവസ്ഥ, സുരക്ഷയിലുള്ള ശ്രദ്ധകുറവ് എന്നിവയിൽനിന്ന് കുട്ടികൾ സംരക്ഷിക്കപ്പെടേണ്ടതാണ്. എല്ലാ തീരുമാനമെടുക്കുന്ന പ്രക്രിയകളിലും നിയമപരമായ സുരക്ഷിത വ്യവസ്ഥകളുടെ കരട് രൂപം തയ്യാറാക്കുമ്പോഴും കുട്ടികളുടെ താൽപര്യങ്ങൾ ഉറപ്പുവരുത്തേണ്ടതായുണ്ട്.

കുട്ടികളുടെ സംക്ഷണത്തിനായുള്ള അവകാശം ഉറപ്പുവരുത്തുന്നതിനായി 7 മേഖലകളിലായി 28 തന്ത്രങ്ങളും തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നൽകിയിട്ടുണ്ട്. ഓരോ തന്ത്രങ്ങളും പ്രാവർത്തികമാക്കുന്നതിനായി 5 മുതൽ 10 വരെ പ്രവർത്തനങ്ങളും അവതരിപ്പിച്ചിരിക്കുന്നു. 28 തന്ത്രങ്ങളുടെ കീഴിലായി 77 മാതൃകാ സൂചികകളും നൽകിയിട്ടുണ്ട്. ഈ സൂചകങ്ങൾ അടയാളപ്പെടുത്തുന്നത് വഴി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് വികസനത്തിനായുള്ള കുട്ടികളുടെ അവകാശസാക്ഷാൽക്കാരത്തിലുള്ള പുരോഗതി വിലയിരുത്താൻ കഴിയും.

എപ്രകാരം തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കുട്ടികളുടെ പങ്കാളിത്ത അവകാശം തങ്ങളുടെ അവകാശപരിധിക്കുള്ളിൽ സംരക്ഷിക്കാനാകുമെന്ന് അഞ്ചാം അദ്ധ്യായത്തിൽ വിവരിക്കുന്നു. പങ്കാളിത്താവകാശം എന്നാൽ കുടുംബത്തിലോ, വിദ്യാലയങ്ങളിലോ, സമൂഹത്തിലോ, ഭരണനടപടിക്രമത്തിലോ ഇതരസംസ്ഥാനങ്ങളിലെ കുട്ടികൾക്ക് വേണ്ടിയോ, കുട്ടികൾക്ക് വേണ്ടി എടുക്കുന്നതോ, അവരെ ബാധിക്കുന്നതോ ആയ എല്ലാ തീരുമാനങ്ങളിലും പങ്കാളികളാകാനുള്ള അവകാശം ആണ്.

കുട്ടികൾക്കായുള്ള അന്താരാഷ്ട്ര ഉടമ്പടി അനുസരിച്ച് കുട്ടികൾക്ക് അവരുടെ സൗഹൃദങ്ങൾ, കളികൾ, വിനോദങ്ങൾ, സാംസ്ക്കാരിക പ്രവർത്തനങ്ങൾ ജ്ഞാനസമ്പാദനം, നൈപുണിസമ്പാദനം തുടങ്ങിയ കാര്യങ്ങളിലെല്ലാം തീരുമാനമെടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ഉറപ്പു നൽകുന്നു. തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലകളിൽ കുട്ടികളുടെ ജീവിതത്തെ ബാധിക്കുന്ന ഏത് തീരുമാനവും സ്ഥാപനങ്ങളിലോ സംവിധാനങ്ങളിലോ പ്രത്യക്ഷ്യമായോ, പരോക്ഷമായോ എടുക്കുന്ന സന്ദർഭങ്ങളിൽ അവർക്കും പങ്കാളിത്തത്തിനുള്ള അവസരം ഉറപ്പാക്കേണ്ടതുണ്ട്.

കുട്ടികളുടെ പങ്കാളിത്താവകാശം ഉറപ്പാക്കുന്നതിന് തദ്ദേശഭരണസ്ഥാപനങ്ങൾക്കായി 5 മേഖലകളിൽ 25 തന്ത്രങ്ങൾ വിവരിച്ചിട്ടുണ്ട്. ഇവയിൽ പറയുന്ന ഓരോ തന്ത്രങ്ങളും പ്രായോഗികമാക്കുന്നതിന് 5 മുതൽ 10 വരെ കർമ്മപരിപാടികളും നിർദ്ദേശിച്ചിട്ടുണ്ട്. ഈ 22 തന്ത്രങ്ങളുടെ കീഴിലായി 59 മാതൃകാ സൂചികകളും നൽകിയിട്ടുണ്ട്. ഓരോ തദ്ദേശഭരണസ്ഥാപനങ്ങളുടേയും പരിധിക്ക് കീഴിൽ വരുന്ന കുട്ടികൾക്ക് പങ്കാളിത്വത്തിനുള്ള അവകാശം എത്രമാത്രം ലഭ്യമാണെന്ന് ഈ സൂചകങ്ങൾ പരിശോധിച്ച് കണ്ടെത്താവുന്നതാണ്.

ഇതിനോടകം പ്രസ്താവിച്ചപ്രകാരം ഈ അദ്ധ്യായങ്ങൾ കുട്ടികളുടെ അവകാശങ്ങൾ അനുഭവവേദ്യമാക്കുകയെന്ന നിർദ്ദേശത്തിന് പകരം പ്രയോഗതലത്തിൽ വെക്കുവാൻ കഴിയുന്ന കാര്യങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്. ഈ മാന്വൽ കർക്കശമായ ഒരു യാന്ത്രീക നിർദ്ദേശപുസ്തകമായിട്ടല്ല കാണേണ്ടത്, അത് ചിന്തക്ക് അവസരം നൽകുന്ന ചർച്ചക്ക് സാധ്യതയേകുന്ന സാരാംശങ്ങളെ ശുദ്ധീകരിക്കുന്ന പ്രവർത്തനങ്ങളെ മുൻഗണനപ്പെടുത്തുന്നതിന് തദ്ദേശസ്ഥാപനങ്ങളെ സഹായിക്കുന്ന എളുപ്പമാർന്ന പരിശോധന പുസ്തകമായിട്ടാണ് കണക്കാക്കേണ്ടത്. ഉദ്ദേശലക്ഷ്യത്തോടെയുള്ള പരിപാടികൾ ക്രിയാത്മകമായി ഉരുതിരിഞ്ഞുവരുന്നതിനും, കുട്ടികൾക്കായി ആവശ്യമായ നിക്ഷേപങ്ങൾ നടത്തുവാനുള്ള ഒരു അടിസ്ഥാന ഉപാധിയായിട്ടാണ് ഈ മാന്വൽ രൂപപ്പെടുത്തിയിട്ടുള്ളത്.

പുസ്തകത്തിന്റെ അവസാനഭാഗത്ത് നൽകിയിട്ടുള്ള വിശദമായ ബാലസൗഹൃദ തദ്ദേശഭരണ തിട്ടപ്പെടുത്തൽ ഭൂമിക തദ്ദേശഭരണസ്ഥാപനങ്ങൾക്ക് തങ്ങൾ കുട്ടികളുടെ വികസനത്തിൽ എവിടെ നിൽക്കുന്നുവെന്നും ഇനി എത്രമാത്രം മുന്നോട്ട് പോകണമെന്നും തിട്ടപ്പെടുത്തി ബാല സൗഹൃദഭരണം സുസ്ഥായിയാക്കുവാൻ സഹായകമാവും. ഇതിൽ പ്രസ്താവിച്ചിട്ടുള്ള 3 നില വാരങ്ങൾ അതായത് അനിവാര്യം, അഭികാമ്യം, ശ്രേഷ്ഠം എന്നിവ ഉദാഹരണസഹിതമുള്ള മാതൃകാസൂചകങ്ങൾ നൽകിയാണ് തയ്യാറാക്കിയിട്ടുള്ളത്. ഇവിടെ പ്രസ്താവ്യമായ പ്രധാന കാര്യം ഒരു നിലവാരം ആർജ്ജിക്കാതെ അടുത്ത നിലവാരത്തിലേക്ക് പ്രവേശിക്കുവാൻ സാധ്യ മല്ല എന്നതാണ്. ആയതിനാൽ അനിവാര്യമായ നിലയിലെ നേട്ടങ്ങൾ നിലനിർത്തികൊണ്ട് മാത്രമേ അടുത്തതിലേക്കുള്ള നിലവാരനിർണ്ണയത്തിലേക്ക് കടക്കുവാൻ കഴിയുകയുള്ളു. ഈ അർത്ഥത്തിൽ ഈ നിലവാരനിർണ്ണയ ഭൂമിക ഓരോ തദ്ദേശഭരണസ്ഥാപനവും മുൻ അദ്ധ്യായ ങ്ങളിൽ നിർദ്ദേശിച്ചിട്ടുള്ള കാര്യങ്ങൾ നടപ്പിലാക്കുവാൻ തീരുമാനിച്ചാൽ മാത്രമേ ഈ വിലയിരു ത്തൽ സഹായി ഉപകാരപ്രദമാകൂ. പ്രവർത്തനരീതികളിൽ നിർദ്ദേശിച്ചിരിക്കുന്ന നിയമങ്ങളി ലോ, പദ്ധതികളിലോ, ഇടപെടലുകളിലോ കൂടുതൽ വ്യക്തതയുടെ ആവശ്യങ്ങൾക്ക് അവലംബി ക്കുന്നതിനായി ഒരു മാർഗ്ഗരേഖ എളുപ്പത്തിൽ കൈകാര്യം ചെയ്യുന്നതിനായി പ്രത്യേകം തയ്യാറാ ക്കിയിട്ടുണ്ട്. കേന്ദ്ര-സംസ്ഥാന സർക്കാരുകളും അതോടൊപ്പം കേരളത്തിലെ തദ്ദേശഭ രണസ്ഥാപനങ്ങളും മാതൃകാ പ്രവർത്തനം നടത്തിയവയിൽ നിർദ്ദേശിച്ച നിലവാരമുള്ള പ്രവർത്തനങ്ങളിൽ നിന്നും, ഔദ്യോഗിക രേഖകളിൽ നിന്നും ഈ മാർഗ്ഗരേഖയിൽ വളരെയ ധികം പാഠങ്ങൾ ഉൾകൊള്ളിച്ചിട്ടുണ്ട്.

അദ്ധ്യായം 1

# കുട്ടികളുടെ അതിജീവനം





എല്ലാ കുട്ടികളും ആരോഗ്യത്തോടെ ജീവിതം നയിക്കുന്നതിനാവശ്യമായ നിലവാരമുള്ള ആരോഗ്യസേവനങ്ങൾ, പോഷകമൂല്യമുള്ള ഭക്ഷണം, ശുദ്ധജലം, ശുചിത്വമുള്ള പരിസ്ഥിതി എന്നിവ ഉറപ്പാക്കണമെന്ന് കുട്ടികളുടെ അന്താരാഷ്ട്ര അവകാശ ഉടമ്പടി (UNCRC) അനുച്ഛേദം 24 അനുശാസിക്കുന്നു.

എല്ലാ കുട്ടികൾക്കും അതിജീവനവകാശം ഉറപ്പ്വരുത്തുകയും, പ്രത്യേകിച്ച് ആരോഗ്യമേഖലയിൽ അപായസാധ്യതകളും വെല്ലുവിളികളും നേരിടുന്നവർക്ക് പ്രത്യേക പരിചരണവും സേവനവും നൽകാൻ തദ്ദേശഭരണസ്ഥാപനം ശ്രദ്ധ ചെലുത്തുകയും വേണം.



താഴെ പറയുന്ന മേഖലകളിലെ ഇടപെടലുകൾ തദ്ദേശഭരണസ്ഥാപനങ്ങളിലെ കുട്ടികളുടെ അതിജീവനാവകാശം സംരക്ഷിക്കുന്നതിന് സഹായകമാണ്.

മേഖലകൾ

1. കുട്ടികളിലെ കുറഞ്ഞുവരുന്ന പെൺലിംഗാനുപാതം സാധാരണനിലയിലാക്കുക (UNCRC അനുഛേദം 6.27)
2. ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നിലവാരമുള്ള സേവനങ്ങൾ (UNCRC അനുഛേദം 24)
3. പ്രതിരോധചികിത്സ, വിറ്റാമിൻ എ, വിരമരുന്ന് നൽകൽ (UNCRC അനുഛേദം 6.24, 27)
4. ശുദ്ധജലലഭ്യതയും, ശൗചാലയശുചിത്വ സൗകര്യങ്ങളും (UNCRC അനുഛേദം 6.24, 27)
5. നവജാത ശിശു മരണങ്ങളും 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണങ്ങളും കുറയ്ക്കൽ (UNCRC അനുഛേദം 6.24,27)

# മേഖല 1



## കുട്ടികളിലെ കുറഞ്ഞുവരുന്ന പെൺ ലിംഗാനുപാതം സാധാരണനിലയിലാക്കുക

**ലക്ഷ്യങ്ങൾ**

- തദ്ദേശഭരണ പ്രദേശത്ത് ലിംഗനിർണ്ണയവും ഗർഭസ്ഥശിശു പെണ്ണാണെന്ന കാരണത്താൽ ഭ്രൂണഹത്യ ചെയ്യപ്പെടുന്നതും പൂർണ്ണമായി ഇല്ലാതാക്കുക
- അഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളിൽ പെൺലിംഗാനുപാതം ഉയർത്തുക
- പെൺകുട്ടികളുടെ ജനനം പ്രോത്സാഹിപ്പിക്കത്തക്കവിധം സമൂഹത്തിന്റെ മനോഭാവം മാറ്റിയെടുക്കുക
- ആശുപത്രികളിലും, സ്കാനിംഗ് സെന്ററുകളിലും ലിംഗനിർണ്ണയവും പെൺഭ്രൂണഹത്യയും നടത്തുന്നില്ലെന്നും പൂർണ്ണമായി ഉറപ്പുവരുത്തുക

| തന്ത്രം 1 | പെൺഭ്രൂണഹത്യക്കെതിരെ തദ്ദേശഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ വിപുലമായ പ്രചാരണ പരിപാടികൾ |
|---|---|

**കർമ്മപരിപാടികൾ**

- തദ്ദേശഭരണസ്ഥാപനങ്ങൾ പെൺഭ്രൂണഹത്യകൾ തടയുന്നതിനായി ചർച്ച സംഘടിപ്പിച്ച് നടപടികൾ സ്വീകരിക്കുക
- മേൽ വിഷയവുമായി ബന്ധപ്പെട്ട പരിപാടികൾക്ക് പദ്ധതിയിൽ പ്രത്യേകഫണ്ട് മാറ്റി വെക്കുക
- ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി മോണിട്ടറിംഗിലൂടെ തദ്ദേശഭരണസ്ഥാപന പരിധിയിലുള്ള എല്ലാ ഗർഭിണികളും പൊതുജനാരോഗ്യ സ്ഥാപനത്തിൻ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എല്ലാ ദമ്പതിമാർക്കും ഗർഭകാല പരിചരണ കൗൺസലിംഗിനൊപ്പം പെൺഭ്രൂണഹത്യയ്ക്കെതിരായ ബോധനം ലഭ്യമാക്കിയിട്ടുണ്ടെന്നും ഉറപ്പു വരുത്തുക

**അവലോകനസൂചകങ്ങൾ**

- ☞ പെൺഭ്രുണഹത്യയ്ക്കെതിരെ നടത്തിയ പരിപാടികളുടെ വിവരം/എണ്ണം
- ☞ പെൺഭ്രുണഹത്യയ്ക്കെതിരെ ബോധവൽക്കരണം നൽകപ്പെട്ട നവദമ്പതിമാരുടെ വിവരം/എണ്ണം

| തന്ത്രം 2 | ഗർഭസ്ഥശിശുവിന്റെ ലിംഗനിർണ്ണയത്തിനെതിരെയുള്ള നിയമ നടപടികൾ (PCPNDT) പൂർണ്ണമായും നടപ്പിൽ വരുത്തുന്നത് ഉറപ്പാക്കുക |
|---|---|

**കർമ്മപരിപാടികൾ**

- യുവജനങ്ങൾക്കിടയിലും വിവാഹിതരാകാൻ പോകുന്നവർക്കിടയിലും PCPNDT നിയമത്തെ

കുറിച്ചുള്ള വിശദീകരണവും, പ്രചാരണങ്ങളും, ബോധവൽക്കരണവും നടത്തുക (മാർഗ്ഗനിർദ്ദേശം 1.1)

- സ്കാനിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുള്ള എല്ലാ സെന്ററുകളും ആശുപത്രികളും ലാബുകളും PCPNDT ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കുക
- സർക്കാർ-സർക്കാരിതര ആശുപത്രികൾ, സ്കാനിംഗ് സെന്ററുകൾ, വന്ധ്യതാ ക്ലിനിക്കുകൾ തുടങ്ങിയവയുമായി അഡ്വക്കസി മീറ്റിംഗ് നടത്തി പെൺഭ്രൂണഹത്യയ്ക്കെതിരെ പ്രചാരണപരിപാടികൾ നടത്തുക
- നിയമം ലംഘിക്കുന്നവർക്കെതിരെ നടപടികൾ എടുക്കുവാനും സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുവാനും ആവശ്യമായ വിവരം ബന്ധപ്പെട്ട അധികാരികൾക്ക് നൽകുക
- സ്കാനിംഗിന് വിധേയമായതിനുശേഷം ഗർഭമലസിപ്പിക്കപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് വിശകലനം ചെയ്യുക
- ആരോഗ്യവകുപ്പിലെയും അങ്കണവാടികളിലെയും പഞ്ചായത്തുകളിലെയും/നഗരസഭകളിലെയും രേഖകൾ അടിസ്ഥാനമാക്കി അഞ്ചു വയസ്സിൽ താഴെയുള്ള കുട്ടികളുടെ മരണ സംഖ്യയിലെ ലിംഗാനുപാതം വിശകലനം ചെയ്യുക

### അവലോകനസൂചകങ്ങൾ

- അധികാര പരിധിക്കുള്ളിൽ PCPNDT ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്യാതെ പ്രവർത്തിക്കുന്ന സ്കാനിംഗ് യൂണിറ്റുകളുടെ എണ്ണം
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിശോധനകളിൽ സ്കാനിംഗ് നടത്തിയ ശേഷം റിപ്പോർട്ട് ചെയ്യപ്പെട്ട ഭ്രൂണഹത്യകളുടെ എണ്ണം

## തന്ത്രം 3 — പെൺകുട്ടികൾക്കെതിരെ യാതൊരുതരത്തിലുള്ള വിവേചനവുമില്ലെന്ന് ഉറപ്പുവരുത്തുക

### കർമ്മപരിപാടികൾ

- പെൺകുഞ്ഞിന്റെ അന്തസ്സ് പ്രചരിപ്പിക്കുക (ഉദാ: സ്ത്രീധനത്തിനെതിരെയും, സ്ത്രീകളുടെയും കുട്ടികളുടെയും അവസ്ഥയെ സംബന്ധിച്ചും)
- കുട്ടികളിലും കൗമാരപ്രായക്കാരിലും പോഷകാഹാരക്കുറവിന്റെ വിവരങ്ങൾ ആൺ/പെൺ തിരിച്ച് വിശകലനം നടത്തുക
- നിയമാനുസൃത വിവാഹപ്രായം പൂർത്തിയാകാതെ വിവാഹം നടക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുക
- വിദ്യാലയത്തിലെ കൊഴിഞ്ഞു പോക്ക് തടയുകയും 12-ാം ക്ലാസ്സുവരെയെങ്കിലും പഠനം ഉറപ്പു വരുത്തുകയും ചെയ്യുക
- എല്ലാ വിദ്യാഭ്യാസസ്ഥാപനങ്ങളിലും പെൺകുട്ടി സൗഹൃദ ടോയ്‌ലറ്റുകളും സാനിട്ടറി നാപ്കിനുകളുടെ ലഭ്യതയും ഉറപ്പുവരുത്തുക
- ദരിദ്രരായ പെൺകുട്ടികൾക്ക് പഠനത്തിന് സ്കോളർഷിപ്പുകളും സൈക്കിളുകളും പഠനോപകരണങ്ങളും നൽകുക

- കുമാരി ക്ലബ്ബ് പ്രവർത്തനങ്ങൾ സജീവമാക്കുകയും പെൺകുട്ടികളെ നേതൃനിരയിലേക്ക് ഉയർത്തുകയും ചെയ്യുക

**അവലോകനസൂചകങ്ങൾ**

☞ പെൺകുട്ടികളുടെയും സ്ത്രീകളുടെയും പദവി ഉയർത്താനായി നടത്തിയ പ്രത്യേക പരിപാടികളുടെ എണ്ണം

☞ ഓരോ വർഷത്തെയും കുട്ടികളുടെ ലിംഗം വേർതിരിച്ചുള്ള പോഷകാഹാരനില വാരക്കണക്കുകൾ

☞ കുമാരി ക്ലബ്ബുകളുടെ എണ്ണവും അതിൽ അംഗങ്ങളായവരുടെ ശതമാനവും

**തന്ത്രം 4** — **തദ്ദേശഭരണസ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ പെൺകുട്ടികൾക്ക് സൗഹൃദപരമായ പദ്ധതികളും പരിപാടികളും നടപ്പിലാക്കുക**

**കർമ്മപരിപാടികൾ**

- പെൺകുട്ടികൾക്ക് സൗഹൃദപരമായ സംവിധാനങ്ങൾ തദ്ദേശഭരണസ്ഥാപനത്തിന്റെ എല്ലാ വികസനമേഖലകളിലും ഉറപ്പു വരുത്തുക
- പെൺകുട്ടികൾക്കായുള്ള രാജീവ്ഗാന്ധി കുമാരിപദ്ധതി/സബല, രാഷ്ട്രീയ ബാല സ്വസ്ത പദ്ധതി തുടങ്ങിയവ നടപ്പിലാക്കി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുക (മാർഗ്ഗനിർദ്ദേശം 1.2)
- പെൺകുട്ടികളുടെ ശാരീരികവളർച്ചയും ഉയരവും തൂക്കവും ശരിയായി രേഖപ്പെടുത്തി, അനുപൂരകപോഷകാഹാരവിതരണം ശക്തിപ്പെടുത്തുക
- സ്കൂളുകളിൽ ആഴ്ചയിലൊരിക്കൽ നൽകി വരുന്ന അയേൺ, ഫോളിക് ആസിഡ് ഗുളികകൾ വിതരണം (WIFS) ചെയ്യുന്ന പരിപാടികളും കൗമാരാരോഗ്യ പരിപാടികളും പ്രോത്സാഹിപ്പിക്കുക

**അവലോകനസൂചകങ്ങൾ**

☞ RGAGS/SABALA/RBSK പദ്ധതികൾ എത്ര അങ്കണവാടികളിൽ നടപ്പിലാക്കുന്നു?

☞ തദ്ദേശഭരണസ്ഥാപനത്തിന്റെ കീഴിൽ നടപ്പിലാക്കിയ കുമാരി സൗഹൃദ പദ്ധതികളും അതിലെ ഗുണഭോക്താക്കളുടെ എണ്ണവും



# മേഖല 2

# ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും നൽകുന്ന സേവനങ്ങൾ



**ഉദ്ദേശ്യം**

എല്ലാ പ്രസവങ്ങളും ആശുപത്രികളിൽ നടക്കുന്നു എന്നും 100% ജനനങ്ങളും രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഉറപ്പാക്കുക

**ലക്ഷ്യങ്ങൾ**

- പ്രദേശത്ത് പ്രസവത്തോടനുബന്ധിച്ച മാതൃമരണങ്ങൾ ഇല്ലാതാക്കുകയും മാതൃമരണനിരക്ക് സംസ്ഥാനത്ത് ഒരു ലക്ഷത്തിന് 40ൽ താഴെ എന്ന തലത്തിൽ കൊണ്ടു വരുന്നതിന് സഹായിക്കുകയും ചെയ്യുക
- എല്ലാ ഗർഭിണികൾക്കും അടിസ്ഥാന മാതൃസംരക്ഷണ സേവനങ്ങൾ ലഭ്യമാക്കുക
- 100% പ്രസവങ്ങളും ആശുപത്രികളിൽ വെച്ച് നടത്തുന്നുവെന്ന് ഉറപ്പാക്കുക
- 100% ജനനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുകയും സാക്ഷ്യപത്രം നൽകിയെന്നും ഉറപ്പുവരുത്തുക

| തന്ത്രം 1 | എല്ലാ ഗർഭിണികളെയും അങ്കണവാടികളിലും സബ്സെന്ററുകളിലും കാലേക്കൂട്ടി രജിസ്റ്റർ ചെയ്യിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 1.3) |
|---|---|

**കർമ്മപരിപാടികൾ**

- പ്രദേശത്തെ എല്ലാ ഗർഭിണികളും ഗർഭാരംഭദശയിൽ തന്നെ സബ്സെന്ററുകളിൽ/അങ്കണവാടികളിൽ രജിസ്റ്റർ ചെയ്യപ്പെടുന്നുണ്ടെന്ന് തദ്ദേശഭരണസ്ഥാപനങ്ങൾ ഉറപ്പു വരുത്തുക
- ജെ പി എച്ച് എൻ, ആശ വർക്കർ, അങ്കണവാടി വർക്കർ തുടങ്ങിയവർ ഇതിനായി അവരുടെ പരിധിയിലെ എല്ലാ വീടുകളും സന്ദർശനം നടത്തുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക

**അവലോകനസൂചകങ്ങൾ**

☛ എത്ര ശതമാനം ഗർഭിണികൾ 12 ആഴ്ചക്കുള്ളിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ട് ?

| തന്ത്രം 2 | എല്ലാ ഗർഭിണികളും അഞ്ച് ഗർഭകാല പരിശോധനകൾക്കും, മൂന്നു പ്രസവാനന്തര പരിശോധനകൾക്കും വിധേയരായിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക (മാർഗ്ഗനിർദ്ദേശം 1.4) |
|---|---|

**കർമ്മപരിപാടികൾ**

- ആരോഗ്യകേന്ദ്രങ്ങളിലെ രജിസ്റ്റർ പരിശോധിച്ച് ഗർഭിണികളുടെ പരിശോധന വിവരങ്ങൾ മെഡിക്കൽ ഓഫീസർ തിട്ടപ്പെടുത്തുക

- ഫീൽഡ് തലത്തിലുള്ള ആരോഗ്യപ്രവർത്തകർ ഗൃഹസന്ദർശനം നടത്തി ഗർഭിണികൾ 5 നിർബന്ധിത പരിശോധനയ്ക്ക് വിധേയരാകുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
- ഗർഭിണികൾ കൃത്യസമയങ്ങളിൽ പരിശോധനകൾക്ക് വിധേയരാകുന്നുണ്ടോയെന്ന് ആരോഗ്യ പ്രവർത്തകർ ഹെൽത്ത് കാർഡ് പരിശോധിച്ച് ഉറപ്പ് വരുത്തുക
- അപായസാധ്യതയുള്ള ഗർഭിണികൾക്ക് തക്കസമയത്ത് ആവശ്യമായ സേവനങ്ങൾ ഉറപ്പുവരുത്തുക (മാർഗ്ഗനിർദ്ദേശം 1.5)
- ഗർഭിണിയായ സ്ത്രീകൾക്ക് ലഭിക്കേണ്ട പോഷകാഹാരം, വിശ്രമം എന്നിവയെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക

**അവലോകനസൂചകങ്ങൾ**

- രജിസ്റ്റർ ചെയ്യപ്പെട്ട ഗർഭിണികളിൽ എത്ര ശതമാനം പേർ സമയബന്ധിത പരിശോധനയ്ക്ക് വിധേയമായിട്ടുണ്ട് ?
- എത്ര ശതമാനം ഗർഭിണികളുടെ 3 പ്രസവാനന്തര ഗൃഹസന്ദർശനം ജെ പി എച്ച് എൻ നടത്തിയിട്ടുണ്ട് ?
- പ്രത്യേക സേവനം ലഭ്യമാക്കിയ അപായ സാദ്ധ്യതയുള്ളവരായ ഗർഭിണികളുടെ ശതമാനം

## തന്ത്രം 3 — എല്ലാ ഗർഭിണികൾക്കും അമ്മമാർക്കും പ്രസവത്തിനോടനുബന്ധിച്ച ആനുകൂല്യങ്ങൾ ഗതാഗതസൗകര്യങ്ങൾ എന്നിവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

**കർമ്മപരിപാടികൾ**

- അർഹരായിട്ടുള്ള എല്ലാ ഗർഭിണികൾക്കും ജനനി-സുരക്ഷായോജന, മറ്റു സാമൂഹ്യസുരക്ഷാ ആനുകൂല്യങ്ങൾ എന്നിവ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക (മാർഗ്ഗനിർദ്ദേശം 1.6)
- ഗർഭിണികൾക്ക് അടിയന്തര ഘട്ടത്തിൽ ഗതാഗത സൗകര്യവും സേവനലഭ്യതയും ഉറപ്പുവരുത്തുക (24 മണിക്കൂറും/7 ദിവസവും)

**അവലോകനസൂചകങ്ങൾ**

- അർഹതപ്പെട്ട ഗർഭിണികളിൽ എത്ര ശതമാനം പേർക്ക് JSY/JSSK പ്രകാരം ആനുകൂല്യങ്ങൾ ലഭ്യമായിട്ടുണ്ട്

## തന്ത്രം 4 — പെൺകുട്ടികളിലും സ്ത്രീകളിലും ഉള്ള വിളർച്ച (അനീമിയ) നിയന്ത്രണ പരിപാടി വിലയിരുത്തൽ

**കർമ്മപരിപാടികൾ**

- 6 മുതൽ 12 വരെയുള്ള ക്ലാസ്സുകളിലെ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ആഴ്ച്ചയിൽ ഒരിക്കൽ IFA ഗുളിക ലഭ്യമാക്കുക
- വിളർച്ചാ നിയന്ത്രണത്തിന് ഗർഭിണികൾക്കുള്ള അയൺ ഗുളികകളുടെ ലഭ്യതയും ഉപയോഗവും ഉറപ്പുവരുത്തൽ

- NIPI പരിപാടിയുടെ ഭാഗമായി 15 മുതൽ 49 വയസ്സു വരെയുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും ആഴ്ച്ചയിൽ ഒരിക്കൽ അയേൺ ഗുളിക ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുക
- രക്ത പരിശോധന നടത്തി, ഹീമോഗ്ലോബിൻ നില അറിയിക്കുകയും കുറവുണ്ടെങ്കിൽ പരിഹരിക്കുകയും ചെയ്യുക
- അർഹരായ സ്ത്രീകൾക്ക് അങ്കണവാടി വഴി അനുപൂരക പോഷകങ്ങൾ വിതരണം ചെയ്യുകയും ഉപയോഗം ഉറപ്പുവരുത്തുകയും ചെയ്യുക
- പോഷകാഹാരമടങ്ങിയ ഭക്ഷ്യ വസ്തുക്കൾ (പച്ചക്കറികളും, ഇലക്കറികളും, ധാന്യങ്ങളും) ആഹാരത്തിൽ ഉൾപ്പെടുത്താൻ എല്ലാവർക്കും ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുക

**അവലോകനസൂചകങ്ങൾ**

- ആരോഗ്യകേന്ദ്രങ്ങളിൽ നിന്നും എത്ര ശതമാനം ഗർഭിണികൾ 100 IFA ഗുളികകൾ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്
- എത്ര ശതമാനം ഗർഭിണികൾക്ക് അങ്കണവാടി വഴി അനുപൂരക പോഷകാഹാരം വിതരണം ചെയ്തിട്ടുണ്ട് ?
- എത്ര ശതമാനം സ്ത്രീകളും, പെൺകുട്ടികളും വിളർച്ച ബാധിതരാണ് ?

## തന്ത്രം 5 — നവജാത ശിശു പരിപാലനവുമായി ബന്ധപ്പെട്ട് ജനിച്ചയുടനെ കുട്ടിയെ മുലയൂട്ടുന്നതിനെ കുറിച്ചും സമ്പൂർണ്ണ മുലയൂട്ടലിന്റെ പ്രാധാന്യത്തെ കുറിച്ചും കുടുംബാംഗങ്ങൾക്കുള്ള ശാക്തീകരണ പ്രവർത്തനങ്ങൾ

**കർമ്മപരിപാടികൾ**

- ഗർഭകാല പരിശോധനാവസരത്തിലും അമ്മമാരുടെ മീറ്റിംഗുകളിലും ആരോഗ്യ-അങ്കണവാടി കേന്ദ്രങ്ങൾ വഴി നവജാത ശിശു പരിചരണത്തിന്റെ സന്ദേശങ്ങൾ പ്രചരിപ്പിക്കുക ഇതിനോടനുബന്ധിച്ച ദിനാചരണാഘോഷങ്ങൾ അങ്കണവാടിയിൽ നടത്തുക (മാർഗ്ഗനിർദ്ദേശം 1.7)
- അധിക ചൂടോ, തണുപ്പോ, പാൽ വലിച്ച് കുടിക്കുന്നതിന് ബുദ്ധിമുട്ടോ, ക്ഷീണിതമായ കരച്ചിലോ എന്നീ ലക്ഷണങ്ങൾ കാണിക്കുന്ന നവജാതശിശുക്കളെ തിരിച്ചറിയുക
- നവജാതശിശുവിന്റെ താപനില നിലനിർത്തേണ്ടതിനും, ആദ്യമണിക്കൂറിൽ കൊളസ്ട്രം നൽകേണ്ടതിനും, ജനനഭാരക്കുറവുള്ള നവജാതശിശുവിന് സമയബന്ധിതമായി മുലപ്പാൽ നൽകേണ്ടതിനും, എല്ലാ കുട്ടികൾക്കും ആറ് മാസം വരെ മുലപ്പാൽ മാത്രം നൽകേണ്ടതിനും എല്ലാ അമ്മമാർക്കും ബോധവൽക്കരണം നൽകുക
- പൊതു സ്ഥലങ്ങളായ ബസ്സ്റ്റാന്റ്, റെയിൽവേ സ്റ്റേഷൻ, ഓഫീസ് പരിസരങ്ങൾ എന്നിവിടങ്ങളിൽ മുലയൂട്ടുന്നതിന് സ്വകാര്യതയുള്ള ഇടങ്ങൾ സ്ഥാപിക്കുക
- നവജാത ശിശുക്കൾക്ക് ഉണ്ടായേക്കാവുന്ന അണുബാധയുടെ ലക്ഷണങ്ങൾ തിരിച്ചറിയാൻ അമ്മമാരെ പ്രാപ്തരാക്കുക
- സ്ത്രീകൾ കൂട്ടമായി പണിയെടുക്കുന്നയിടങ്ങളിൽ ക്രഷ് സേവനം ഉറപ്പാക്കുക

**അവലോകനസൂചകങ്ങൾ**

- എത്ര ഗർഭിണികൾക്കും അമ്മമാർക്കും നവജാത ശിശു സംരക്ഷണത്തെകുറിച്ച് ശരിയായ അറിവ് ലഭിച്ചിട്ടുണ്ട് ?
- എത്ര ശതമാനം ഗർഭിണികൾക്കും അമ്മമാർക്കും കൊളസ്ട്രം നൽകുന്നതിനെകുറിച്ച് ശരിയായ വിവരമുണ്ട് ?
- എത്ര ശതമാനം അമ്മമാർക്ക് പ്രസവിച്ച് ഒരു മണിക്കൂറിനകം മുലപ്പാൽ നൽകുന്നതിനെ കുറിച്ച് അറിവുണ്ട് ?
- 6 മാസം വരെ മുലപ്പാൽ മാത്രം നൽകിയ അമ്മമാരുടെ എണ്ണം
- എത്ര ശതമാനം അമ്മമാർ കുട്ടികൾക്ക് 6 മാസം വരെ മുലപ്പാൽ നൽകിയിട്ടുണ്ട് ?
- എത്ര ശതമാനം നവജാത ശിശുക്കൾ മാസം തികയാതെയും 2.5 കിലോ ഗ്രാം തൂക്കം ഇല്ലാതെയും ഉണ്ട് ?
- പൊതുസ്ഥലങ്ങളിൽ സ്വകാര്യതയുള്ള എത്ര മുലയൂട്ടൽ കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട് ?

## തന്ത്രം 6 — സർക്കാർ ആശുപത്രികളിലെ പ്രസവ വാർഡുകളിൽ മികച്ച സൗകര്യവും, സേവനങ്ങളും ലഭ്യമാക്കുക (മാർഗ്ഗനിർദ്ദേശം 1.8)

**കർമ്മപരിപാടികൾ**

- പ്രസവ വാർഡുകളിൽ വേണ്ടത്ര സൗകര്യങ്ങളും ശുചിത്വവും വെള്ളവും വൈദ്യുതിയും വെളിച്ചവും ഉറപ്പു വരുത്തുക
- പ്രസവ വാർഡുകളിൽ സ്ത്രീ സൗഹൃദവും ശുചിത്വമുള്ളതുമായ ടോയ്‌ലറ്റുകൾ സജ്ജീകരിക്കുക
- മാസം തികയാതെ ജനിക്കുന്ന ശിശുക്കൾക്കും വളരെ തൂക്കകുറവുള്ള കുട്ടികൾക്കുമായുള്ള തീവ്രപരിചരണ യൂണിറ്റുകൾ (NICU) റഫറൽ ആശുപത്രികളിൽ ഉറപ്പാക്കുക

**അവലോകനസൂചകങ്ങൾ**

- എത്ര ശതമാനം സർക്കാർ ആശുപത്രികളിൽ പ്രസവ വാർഡുകൾക്ക് ശുചിത്വവും സ്ത്രീ സൗഹൃദാവസ്ഥയും ഉണ്ട് ?
- സർക്കാർ ആശുപത്രിയിൽ സേവനം ലഭിച്ച അമ്മമാരിൽ എത്ര ശതമാനം പേർ സ്ഥാപനത്തിലെ സേവനത്തിൽ സംതൃപ്തി രേഖപ്പെടുത്തിയിട്ടുണ്ട് ?

## തന്ത്രം 7 — 100% ജനനങ്ങളും രജിസ്റ്റർ ചെയ്യപ്പെടുകയും സർട്ടിഫിക്കറ്റ് നൽകിയെന്നും ഉറപ്പു വരുത്തുക

**കർമ്മപരിപാടികൾ**

- 100% ജനന രജിസ്ട്രേഷന്റെ പ്രാധാന്യത്തെകുറിച്ചുള്ള പ്രചരണ പരിപാടികൾ നടത്തുക
- ജനന രജിസ്ട്രേഷൻ കമ്പ്യൂട്ടർവത്ക്കരണം നടത്തി സർട്ടിഫിക്കറ്റുകൾ എളുപ്പം ലഭ്യമാക്കുക

- ആദിവാസി മേഖലകളിൽ ജനന രജിസ്ട്രേഷനായി പ്രത്യേക സംവിധാനങ്ങൾ നടപ്പിലാക്കുക
- 100% ജനനങ്ങളും തദ്ദേശഭരണസ്ഥാപങ്ങളിൽ രജിസ്റ്റർ ചെയ്തെന്നും സർട്ടിഫിക്കറ്റ് നൽകിയെന്നും ഉറപ്പാക്കുക (മാർഗ്ഗനിർദ്ദേശം 1.9)

### അവലോകന സൂചകങ്ങൾ

- 3 ആഴ്ചയ്ക്കുള്ളിൽ ജനനം രജിസ്റ്റർ ചെയ്തിട്ടുള്ള കുട്ടികളുടെ എണ്ണം/ശതമാനം
- 3 മാസത്തിനുള്ളിൽ വിതരണം ചെയ്യപ്പെട്ട സർട്ടിഫിക്കറ്റുകളുടെ എണ്ണം

# മേഖല 3

# പ്രതിരോധചികിത്സ, വിറ്റാമിൻ എ, വിരമരുന്ന് നൽകൽ



**ഉദ്ദേശ്യം**

എല്ലാ കുട്ടികൾക്കും ഗർഭിണികൾക്കും ദേശീയ പ്രതിരോധചികിത്സാ പരിപാടിയുടെ നിർദ്ദേശ പ്രകാരമുള്ള എല്ലാ കുത്തിവെയ്പ്പുകളും മരുന്നുകളും യഥാസമയം ലഭ്യമായിട്ടുണ്ടെന്ന് ഉറപ്പാക്കുക

**ലക്ഷ്യങ്ങൾ**

- ശിശുക്കൾക്കും ഗർഭിണികൾക്കും മുഴുവൻ പ്രതിരോധ ചികിത്സയും ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തുക (മാർഗ്ഗനിർദ്ദേശം 1.10)
- പ്രതിരോധചികിത്സാ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വിഘാതമായ സാമൂഹ്യതടസ്സങ്ങൾ കുറയ്ക്കുക

## തന്ത്രം 1 — വാക്സിൻ നൽകേണ്ടവരുടെ ശരിയായ വിവരങ്ങൾ തയ്യാറാക്കി സൂക്ഷ്മതലത്തിൽ ആസൂത്രണം നടത്തുക (മാർഗ്ഗനിർദ്ദേശം 1.11)

### കർമ്മപരിപാടികൾ

- നിരന്തരമായ വിലയിരുത്തലിലൂടെ പ്രദേശത്തെ 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ വിവരങ്ങൾ ശേഖരിക്കുക
- തദ്ദേശഭരണസ്ഥാപന പ്രദേശത്ത് താൽക്കാലികമായി താമസ്സിക്കുന്നവരുടെയും, ഇതര സംസ്ഥാനക്കാരുടേയും വിവര ശേഖരണം നടത്തുകയും തുടർച്ചയായി പുതുക്കുകയും ചെയ്യുക
- പ്രതിരോധചികിത്സ ലഭിക്കാത്ത കുട്ടികളുടേയും കുടുംബാംഗങ്ങളുടേയും പ്രത്യേക വിഭാഗങ്ങളുടേയും വിവരങ്ങൾ തയ്യാറാക്കി കാര്യകാരണങ്ങൾ ചർച്ച ചെയ്ത് ഉചിതമായ പരിഹാരം കാണുക
- സബ്ബ്സെന്റർ തലത്തിലുള്ള ആസൂത്രണത്തിന് ആശ, അങ്കണവാടി പ്രവർത്തകർക്ക് പുറമെ വാർഡ് സാനിറ്റേഷൻ കമ്മിറ്റിയേയും ഉൾപ്പെടുത്തുക
- സർവ്വേകൾ വഴിയും ആരോഗ്യവകുപ്പിൽ നിന്നും ലഭ്യമായ റിപ്പോർട്ടുകൾ വഴിയും മുൻ വർഷങ്ങളിലെ വാക്സിനേഷൻ കവറേജും ഇപ്പോഴത്തേതുമായി താരതമ്യം ചെയ്യുക

### അവലോകനസൂചകങ്ങൾ

- ☞ പ്രതിരോധ ചികിത്സയുമായി നിസ്സഹകരിക്കുന്ന എത്ര കുടുംബങ്ങൾ കണ്ടെത്തിയിട്ടുണ്ട് ?
- ☞ കണ്ടെത്തിയ കേന്ദ്രങ്ങളിൽ എത്ര കുട്ടികൾക്ക് കൃത്യമായി വാക്സിൻ നൽകി ?
- ☞ റിപ്പോർട്ട് വർഷം ആനുപാതികമായി അർഹരായ എത്ര കുട്ടികൾക്ക് പ്രതിരോധ കുത്തിവെ

യ്പ്പുകളും വിര മരുന്നുകളും വിറ്റാമിൻ എ യും നൽകിയിട്ടുണ്ട് ?

- ☞ പ്രതിരോധകുത്തിവെയ്പ് രേഖകൾ അടങ്ങിയ ഇതര സംസ്ഥാന തൊഴിലാളികളുടെ രജിസ്റ്റർ തയ്യാറാക്കിയിട്ടുണ്ടോ ?

| തന്ത്രം 2 | പ്രതിരോധ കുത്തിവെയ്പ് സെഷനുകൾ കൃത്യമായി നടത്തുക |
|---|---|

### കർമ്മപരിപാടികൾ

- ആരോഗ്യവകുപ്പിന്റെ നിർദ്ദേശാനുസരണം മെഡിക്കൽ ഓഫീസർ തയ്യാറാക്കുന്ന കുത്തിവെയ്പ്പ് ഷെഡ്യൂളുകൾ വിശകലനം ചെയ്യുക
- എല്ലാ ശിശുക്കൾക്കും ആദ്യവർഷങ്ങളിൽ തന്നെ പ്രതിരോധ കുത്തിവെയ്പ്പ് ലഭ്യമാക്കി, കൃത്യത പരിശോധനയ്ക്ക് വിധേയമാക്കുക
- സബ്ബ് സെന്ററുകളിലും അങ്കണവാടികളിലും കുട്ടികളുടെ പ്രതിരോധചികിത്സയെ സംബന്ധിച്ച രജിസ്റ്ററുകളുടെ കൃത്യത, പരിശോധനയ്ക്ക് വിധേയമാക്കുക
- നിശ്ചിത സ്ഥലത്ത് പ്രതിരോധചികിത്സ മെച്ചപ്പെടുത്താൻ രാഷ്ട്രീയ, സന്നദ്ധസംഘടനകളുടെ സഹായം തേടുക

### അവലോകനസൂചകങ്ങൾ

- ☞ ആസൂത്രണക്രമമനുസരിച്ച് മൂന്നു മാസത്തിനുള്ളിൽ എത്ര കുത്തിവെയ്പ്പ് സെഷനുകൾ നടത്തിയിട്ടുണ്ട് ?

| തന്ത്രം 3 | ദുർഘട/പിന്നോക്കപ്രദേശങ്ങളിൽ പ്രത്യേക സെഷനുകൾ നടത്തി കുത്തിവെയ്പ്പ് എടുക്കാത്ത കുട്ടികളുടെ കൊഴിഞ്ഞ് പോക്ക് തടയുക |
|---|---|

### കർമ്മപരിപാടികൾ

- കുട്ടികൾ കൂടുതൽ ഒഴിവാകുന്നതും എതിർപ്പുള്ളതുമായ കുടുംബങ്ങളേയും പ്രത്യേക ശ്രദ്ധ വേണ്ട പ്രദേശങ്ങളേയും കണ്ടെത്തി ഗൃഹസന്ദർശനം നടത്തിയും ക്ലാസ്സ് സംഘടിപ്പിച്ചും ബോധവൽക്കരണ/പ്രേരണ പ്രവർത്തനങ്ങൾ നടത്തുക
- പ്രീ-സ്കൂൾ/സ്കൂൾ പ്രവേശനസമയത്ത് കുട്ടികൾക്ക് പ്രതിരോധചികിത്സ പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തുക

### അവലോകന സൂചകങ്ങൾ

- ☞ ഒരു വയസിനിടയിലുള്ള എത്ര ശതമാനം കുട്ടികൾക്ക് മുഴുവൻ പ്രതിരോധ ചികിത്സയും (UIP) ലഭിച്ചിട്ടുണ്ട് ?
- ☞ പ്രതിരോധചികിത്സയുമായി നിസ്സഹകരിക്കുന്ന കുടുംബങ്ങളുടെ എണ്ണം

| തന്ത്രം 4 | സ്വകാര്യസ്ഥാപനങ്ങളുമായി സഹകരിച്ച് പ്രതിരോധ ചികിത്സ സമ്പൂർണ്ണമാക്കുക |
|---|---|

**കർമ്മപരിപാടികൾ**

- സ്വകാര്യ ചികിത്സ നടത്തുന്ന ക്ലിനിക്കുകൾ ആശുപത്രികൾ എന്നിവയുമായി കൂടിയാലോചന നടത്തി സഹകരണം ഉറപ്പാക്കുക
- സ്വകാര്യമേഖല സ്ഥാപനങ്ങൾ സാർവ്വത്രിക ചികിത്സയ്ക്കനുസരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നതെന്നും വാക്സിൻ നൽകുന്നതെന്നും ശീതശൃംഖല (കോൾഡ് ചെയിൻ) പ്രവർത്തിപ്പിക്കുന്നതെന്നും മെഡിക്കൽ ഓഫീസർ മുഖേന നിരീക്ഷിച്ച് ഉറപ്പാക്കുക (മാർഗ്ഗനിർദ്ദേശം 1.12)
- പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളും സ്വകാര്യമേഖല സ്ഥാപനങ്ങളും തമ്മിൽ വാക്സിനുകൾ, രോഗങ്ങൾ, പ്രതിരോധ കുത്തിവെപ്പുകൾ തുടങ്ങിയവയെപ്പറ്റിയുള്ള വിവരങ്ങൾ യഥാസമയം കൈമാറുക

**അവലോകനസൂചകങ്ങൾ**

- ☞ സ്വകാര്യമേഖലയിൽ എത്ര സ്ഥാപനങ്ങൾ സാർവ്വത്രിക പ്രതിരോധ ചികിത്സ നൽകുന്നുണ്ട്?
- ☞ ഇവരിൽ എത്ര പേർ കൃത്യമായി റിപ്പോർട്ടുകൾ ബന്ധപ്പെട്ട മെഡിക്കൽ അതോറിറ്റിക്ക് നൽകുന്നുണ്ട്?
- ☞ സ്വകാര്യ മേഖലയിൽ കൃത്യമായി റിപ്പോർട്ടുകൾ നൽകാത്ത എത്ര സ്ഥാപങ്ങൾക്കെതിരെ നടപടി സ്വീകരിച്ചു?

| തന്ത്രം 5 | കൗമാരപ്രായക്കാരായ എല്ലാ പെൺകുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പുകൾ (ടെറ്റനസ്സ് ടോക്സോയ്ഡ്, റൂബെല്ല, ഫോളിക് ആസിഡ് തുടങ്ങിയവ) |
|---|---|

**കർമ്മപരിപാടികൾ**

- സ്കൂൾ ആരോഗ്യപരിപാടികൾ ശാക്തീകരിച്ച്, 100 % പേർക്കും കുത്തിവെയ്പ്പുകൾ നൽകപ്പെടുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക
- കുമാരിക്ലബ്ബുകൾ വഴി കുത്തിവെയ്പ്പ് എടുക്കാത്തവരെ കണ്ടെത്തി പ്രേരണ നൽകുകയും പ്രതിരോധ കുത്തിവെയ്പ്പ് ഉറപ്പാക്കുകയും ചെയ്യുക (ഇതിന് വേണ്ടി ആർഷ് (ARSH) സംവിധാനങ്ങൾ ഉപയോഗിക്കാം)
- വിവാഹത്തിന് മുമ്പ് ഫോളിക് ആസിഡിന്റെ ഉപയോഗത്തെ സംബന്ധിച്ച് ബോധവൽക്കരണം സംഘടിപ്പിക്കുക

**അവലോകന സൂചകങ്ങൾ**

- ☞ കൗമാരപ്രായത്തിലുള്ള (10–18 വയസ്സ്) എത്ര ശതമാനം പെൺകുട്ടികൾ ടെറ്റനസ്സ് ടോക്സോയിഡ് (TT) എടുത്തിട്ടുണ്ട്?

- കൗമാരപ്രായത്തിലുള്ള എത്ര ശതമാനം പെൺകുട്ടികൾ റൂബെല്ലാ വാക്സിൻ എടുത്തിട്ടുണ്ട്?

## തന്ത്രം 6 — രോഗ നിരീക്ഷണ സംവിധാനം (സർവൈലൻസ്) ശക്തിപ്പെടുത്തൽ

**കർമ്മപരിപാടികൾ**

- സമഗ്ര രോഗ നിരീക്ഷണ പദ്ധതിയുടെ ഭാഗമായി പ്രദേശത്ത് റിപ്പോർട്ട് ചെയ്യപ്പെടുന്ന പ്രധാന പകർച്ചവ്യാധികളുടെ വിശകലനം നടത്തുക
- അഞ്ചാംപനി, മുണ്ടിനീര്/വില്ലൻചുമ തുടങ്ങിയ വാക്സിൻകൊണ്ട് പ്രതിരോധിക്കാവുന്ന രോഗങ്ങൾ ആരോഗ്യപ്രവർത്തകർ കണ്ടെത്തി റിപ്പോർട്ട് ചെയ്യുന്നുണ്ടെന്ന് ഉറപ്പാക്കുക
- കുത്തിവെയ്പ്പ് നൽകേണ്ടവരെ കണ്ടെത്താൻ ഇമ്മ്യൂണൈസേഷൻ ട്രാക്കിംഗ് പോലെയുള്ള വിവരസാങ്കേതിക സംവിധാനം ശാക്തീകരിക്കുക
- കുത്തിവെയ്പ്പ് നൽകപ്പെടേണ്ട കുട്ടികളുടെ വീടുകളിൽ ആരോഗ്യ പ്രവർത്തകർ സന്ദർശനം നടത്തുന്നതിന്റെ കൃത്യത പരിശോധിക്കുക

**അവലോകന സൂചകങ്ങൾ**

- വാക്സിൻ കൊണ്ട് പ്രതിരോധിക്കാവുന്ന എത്ര രോഗങ്ങൾ റിപ്പോർട്ട് ചെയ്തു?
- ആരോഗ്യപ്രവർത്തകരുടെ ഗൃഹസന്ദർശന പരിപാടിയിൽ മേൽനോട്ടപരിശോധനക്ക് വിധേയമായ ഗൃഹസന്ദർശനങ്ങളുടെ എണ്ണം
- ഓരോ സബ്ബ് സെന്റർ പ്രദേശത്തും പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെട്ട കുട്ടികളുടെ എണ്ണം



# മേഖല 4



# ശുദ്ധജല ലഭ്യതയും, ശൗചാലയ-ശുചിത്വ സൗകര്യങ്ങളും

**ഉദ്ദേശ്യം**

എല്ലാവർക്കും കുടിക്കാൻ ശുദ്ധ ജലവും ശൗച്യ-ശുചിത്വ സൗകര്യങ്ങളും ലഭ്യമാക്കുക

**ലക്ഷ്യങ്ങൾ**

- വീടുകളിലും, അങ്കണവാടികളിലും, പ്രീ -സ്ക്കൂളുകളിലും, ആരോഗ്യ സ്ഥാപനങ്ങളിലും എല്ലാ കുട്ടികൾക്കും ആവശ്യത്തിന് ശുദ്ധജലവും ശൗചാലയ ലഭ്യതയും ഉറപ്പാക്കുക
- ജലഗുണനിലവാരം ഉയർത്തുകയും ഗുണപരിശോധനക്കുള്ള സൗകര്യം ലഭ്യമാക്കുകയും ചെയ്യുക
- എല്ലാ പാർപ്പിടസങ്കേതങ്ങളിലും 100% കുടുംബങ്ങൾക്കും ശൗചാലയങ്ങൾ ഉണ്ടെന്ന് ഉറപ്പാക്കുക
- വ്യക്തി ശുചിത്വത്തിന്റെ ഭാഗമായി ഭക്ഷണത്തിന് മുമ്പും ശൗചാലയോപയോഗത്തിനു ശേഷവും സോപ്പ് ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുന്നത് ശീലമാക്കുക

## തന്ത്രം 1 — പൊതു സ്ഥലങ്ങളിലും വീടുകളിലും അങ്കണവാടികളിലും സ്കൂളുകളിലും ആരോഗ്യകേന്ദ്രങ്ങളിലും ശുദ്ധമായ കുടി വെള്ളവും ശുചിത്വവും ഉണ്ടെന്ന് ഉറപ്പു വരുത്തുക

### കർമ്മപരിപാടികൾ

- കുടിവെള്ളസ്രോതസ്സുകളും സെപ്റ്റിക്ക് ടാങ്കുകളും തമ്മിലുള്ള സുരക്ഷിതമായ ദൂരം 7.5 മീറ്ററിലധികമാണെന്ന് ഉറപ്പാക്കുക (കേരള പഞ്ചായത്ത് ആക്ട് സെക്ഷൻ 235)
- എല്ലാ കിണറുകളും ആൾമറയും വലയും കെട്ടി സംരക്ഷിക്കുക
- ഖരമാലിന്യ നിർമ്മാർജ്ജനം, ദ്രവമാലിന്യനിർമ്മാർജ്ജനം എന്നിവ കൃത്യമായി നടപ്പിലാക്കി കുടിവെള്ളം മലിനമാകുന്നില്ലെന്ന് ഉറപ്പു വരുത്തുക
- കുടിവെള്ള ക്ഷാമമുള്ള ഇടങ്ങളിലും വരൾച്ചബാധിത പ്രദേശത്തും വിതരണം നടത്തുന്ന കുടിവെള്ളത്തിന്റെ (ഉദാ. ടാങ്കർലോറികൾ) ഗുണ നിലവാരം പരിശോധിച്ച് ഉറപ്പ് വരുത്തുക
- ശുദ്ധമായ കുടിവെള്ളം, ശുചിത്വം എന്നിവയുടെ പ്രാധാന്യത്തെ സംബന്ധിച്ച് (തിളപ്പിച്ച വെള്ളം, ക്ലോറിനേഷൻ, കിണർ സംരക്ഷിക്കൽ) ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിക്കുക
- സ്കൂളുകളിലും അങ്കണവാടികളിലും ഉച്ച ഭക്ഷണത്തിന് മുമ്പ് സോപ്പ് ഉപയോഗിച്ച് കൈകഴുകുന്ന ശീലം വളർത്തിയെടുക്കുക
- വീടുകളിലും പൊതു സ്ഥാപനങ്ങളിലും ലഭ്യമാകുന്ന ജലം ശേഖരിച്ച് നിരന്തരം പരിശോധ

നയ്ക്ക് വിധേയമാക്കുകയും പരിഹാര മാർഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുക (മാർഗ്ഗനിർദ്ദേശം 1.13)

- എല്ലാ ബാലകേന്ദ്രീകൃത സ്ഥാപനങ്ങളിലും വാട്ടർ സ്കോർകാർഡ് പരസ്യപ്പെടുത്തുന്നുവെന്ന് ഉറപ്പ് വരുത്തുക

**അവലോകനസൂചകങ്ങൾ**

- ☞ എത്ര ശതമാനം വീടുകളിൽ, അങ്കണവാടികളിൽ, സ്കൂളുകളിൽ, പൊതു ഇടങ്ങളിൽ, നിലവാരമനുസരിച്ചുള്ള കുടിവെള്ളം ലഭ്യമായിട്ടുണ്ട്?
- ☞ സ്കൂളുകളിലും അങ്കണവാടികളിലും ഉച്ച ഭക്ഷണത്തിന് മുമ്പ് സോപ്പ് ഉപയോഗിച്ച് കൈകഴുകുന്ന കുട്ടികളുടെ ശതമാനം
- ☞ എത്ര ശതമാനം കുടുംബങ്ങൾ സുരക്ഷിതമായ കുടിവെള്ളം ഉപയോഗിക്കുന്നുണ്ട് ?
- ☞ എത്ര പൊതുസ്ഥാപനങ്ങളിലെ ജലം പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ട് ?
- ☞ ജല പരിശോധനയ്ക്ക് വിധേയമാക്കിയ ജല സാമ്പിളുകളിൽ എത്ര ശതമാനം ഉപയോഗ്യമാണെന്ന് കണ്ടെത്തി ?
- ☞ ജല പരിശോധനയെ സംബന്ധിച്ച് എത്ര അവലോകന മീറ്റിംഗുകൾ നടത്തി ?
- ☞ വാട്ടർ സ്ക്കോർ കാർഡ് ഉള്ള എത്ര കുടുംബങ്ങളുണ്ട്?
- ☞ എത്ര വ്യക്തികളിൽ ജലജന്യരോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്?

| തന്ത്രം 2 | എല്ലാ വീടുകളിലും സുരക്ഷിതമായ ശുദ്ധജലം, ശുചിത്വമുള്ള ടോയ്‌ലറ്റ്, മാലിന്യനിർമ്മാർജ്ജനം എന്നിവയുടെ ഉപയോഗം (മാർഗ്ഗനിർദ്ദേശം 1.14) |
|---|---|

**കർമ്മപരിപാടികൾ**

- എല്ലാ വാസയോഗ്യമായ കെട്ടിടങ്ങൾക്കും സെപ്റ്റിക് ടാങ്ക് നിർബന്ധമാക്കുകയും കേടുപാടുകൾ തീർക്കുകയും ചെയ്യുക
- പുതുതായി നിർമ്മിക്കപ്പെടുന്ന വീടുകൾക്കും ഫ്ളാറ്റുകൾക്കും നിയമാനുസൃതമായ സെപ്ടിക് ടാങ്ക് ഉണ്ടെങ്കിൽ മാത്രം ഉടമസ്ഥാവകാശസർട്ടിഫിക്കറ്റ് നൽകുക
- ഖരമാലിന്യങ്ങൾ ഉറവിടങ്ങളിൽ തന്നെ വേർതിരിക്കുന്നതിനും ശേഖരിച്ച് സംസ്ക്കരിക്കുന്നതിനും സൗകര്യമൊരുക്കുക
- വീടുകളിലും സ്ഥാപനങ്ങളിലും മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട കമ്പോസ്റ്റ് പിറ്റ്, ബയോഗ്യാസ്, മണ്ണിരവളം എന്നിവയ്ക്ക് പ്രോത്സാഹനം നൽകുക

**അവലോകന സൂചകങ്ങൾ**

- ☞ എത്ര കുടുംബങ്ങൾക്ക് ശൗചാലയങ്ങൾ ഉണ്ട്?
- ☞ എത്ര ഫ്ളാറ്റുകൾക്കും കെട്ടിട സമുച്ചയങ്ങൾക്കും ആനുപാതികമായി ശൗചാലയങ്ങൾ ഉണ്ട്?
- ☞ എത്ര വീടുകൾക്കും ഫ്ളാറ്റുകൾക്കും സ്വന്തമായി ഖരമാലിന്യ സംസ്ക്കരണ സംവിധാനമുണ്ട്?


## തന്ത്രം 3 അങ്കണവാടികളിലും സ്കൂളുകളിലും ആശുപത്രികളിലും പൊതുസ്ഥലങ്ങളിലും ശിശു സൗഹൃദ, സ്ത്രീ സൗഹൃദ ശൗചാലയങ്ങൾ ലഭ്യമാക്കുക

### കർമ്മപരിപാടികൾ

- അങ്കണവാടികൾ, സ്കൂളുകൾ, ആരോഗ്യകേന്ദ്രങ്ങൾ ഇവ നേരിട്ട് സന്ദർശിച്ച് (ശിശു സൗഹൃദവും, സ്ത്രീസൗഹൃദവുമായ) പൊതു ശൗചാലയങ്ങളുടെ മാപ്പിംഗ് നടത്തി സ്ത്രീ/ബാലസൗഹൃദ ശൗചാലയങ്ങൾ ലഭ്യമാക്കുക
- പ്രദേശത്തുള്ള ബാലസേവന കേന്ദ്രങ്ങൾ, പൊതു ഇടങ്ങൾ (ബസ്സ് സ്റ്റാന്റുകൾ, മാർക്കറ്റുകൾ തുടങ്ങിയ സ്ഥലങ്ങളിൽ) ബാല സൗഹൃദ/സ്ത്രീ സൗഹൃദ ശൗചാലയങ്ങൾ സ്ഥാപിക്കുക
- കാലാകാലങ്ങളിൽ നടത്തേണ്ട അറ്റകുറ്റപണികൾ, തുടർച്ചയായ ജലലഭ്യത തുടങ്ങിയവ ഉറപ്പു വരുത്തുക
- ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശുചിത്വമിഷൻ പോലെയുള്ള സർക്കാർ ഏജൻസികളെയും ഇതര സന്നദ്ധസംഘടനകളേയും കണ്ടെത്തി എല്ലായിടത്തും ആവശ്യത്തിന് ശൗചാലയങ്ങൾ ഉറപ്പു വരുത്തുകയും, മേൽ പറഞ്ഞ പ്രവർത്തികളിൽ അവരെ പങ്കാളികളാക്കുകയും ചെയ്യുക
- പൊതു സ്ഥാപനങ്ങളിലും, ആശുപത്രി, അങ്കണവാടി, സ്കൂൾ എന്നിവിടങ്ങളിൽ ആവശ്യാനുസരണം വാഷ് ബേസിൻ, ശൗചാലയങ്ങൾ ഒരുക്കുക
- ശൗചാലയങ്ങൾ വൃത്തിയായി സൂക്ഷിക്കേണ്ടതിന്റെയും, ശരിയായ മാലിന്യശേഖരണ/സംസ്കരണത്തിന്റേയും പ്രാധാന്യത്തെക്കുറിച്ചുള്ള അവബോധ പ്രവർത്തനങ്ങൾ നടത്തുക
- നിലവാരം പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കും/ ഉടമകൾക്കും നിയമപരമായി നോട്ടീസുകൾ നൽകുകയും മേൽ നടപടികൾ സ്വീകരിക്കുകയും ചെയ്യുക

### അവലോകന സൂചകങ്ങൾ

- എത്ര പൊതുഇടങ്ങളിൽ ബാലസൗഹൃദ/ സ്ത്രീസൗഹൃദ ശൗചാലയങ്ങൾ ലഭ്യമാക്കേണ്ടതിനായി മാപ്പിംഗ് നടത്തി?
- കുട്ടികൾ വ്യവഹരിക്കുന്ന എത്ര (ഏതെല്ലാം) പൊതു ഇടങ്ങളിൽ/സ്ഥാപനങ്ങളിൽ നിലവാരമുള്ള ശൗചാലയ സൗകര്യങ്ങൾ/മാലിന്യ നിർമ്മാർജ്ജന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ട്?



## മേഖല 5

# നവജാത, ശിശു മരണങ്ങളും 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ മരണങ്ങളും കുറയ്ക്കൽ



**ഉദ്ദേശ്യം**

ജനനത്തിനും 5 വയസ്സിനും താഴെയുള്ള നവജാത, ശിശു, ബാല മരണങ്ങൾ ഒരക്ക സംഖ്യയിലേക്ക് എത്തിക്കുക

**ലക്ഷ്യങ്ങൾ**

- ശിശുമരണനിരക്ക് തനത് വർഷത്തിൽ 1000 ന് 6 ആയി കുറയ്ക്കുക
- നവജാതശിശു മരണനിരക്ക് 1000 ന് 3 ആയി കുറയ്ക്കുക
- 5 വയസ്സിൽ താഴെയുള്ള മരണനിരക്ക് 1000 ന് 7 ആയി കുറയ്ക്കുക

### തന്ത്രം 1 — ഗർഭിണികൾക്കും നവജാതശിശുക്കൾക്കും, കുട്ടികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും അവശ്യ ആരോഗ്യസേവനങ്ങൾ ലഭ്യമാക്കുക

- ഗർഭിണികൾക്കും, മുലയൂട്ടുന്ന അമ്മമാർക്കും ഗുണമേന്മയുള്ള സേവനങ്ങളായ പ്രതിരോധ കുത്തിവെയ്പ്പുകൾ, വിറ്റാമിൻ എ, വിരമരുന്ന് ശുദ്ധമായ കുടിവെള്ളം, ശൗചാലയം, ശുചിത്വ സംവിധാനം എന്നിവ ലഭ്യമാക്കുക (പ്രവർത്തനസഹായി, അതിജീവനം, മേഖല 2, 3, 4)
- ജന്മനാലുള്ള ക്രമക്കേടുകൾ, ഹൃദയവൈകല്യങ്ങൾ നേരത്തേ കണ്ടെത്തി ചികിത്സക്ക് വിധേയമാക്കുക

### തന്ത്രം 2 — നവജാത ശിശുക്കളിൽ ജനിതകമായും ജന്മനാലുള്ളതുമായ (ജനനത്തോട് കൂടി) തകരാറുകൾ, കുറവുകൾ, വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാനുള്ള റഫറൽ സംവിധാനങ്ങൾ ഉറപ്പാക്കുക

**കർമ്മപരിപാടികൾ**

- പ്രാഥമിക ഗർഭകാല പരിശോധനയിൽ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ട് പ്രകാരം അപായ സാധ്യതയുള്ള അമ്മമാർക്ക് ആധുനിക രോഗനിർണ്ണയ സേവനങ്ങൾ ലഭ്യമാക്കുക (മാർഗ്ഗനിർദ്ദേശം 1.5)
- ആരോഗ്യസ്ഥാപനങ്ങളിലെ  പ്രവർത്തകർ അപായ സാധ്യതയുള്ള അമ്മമാരുടേയും കുട്ടികളുടേയും തുടർ ചികിത്സക്കായി നിരീക്ഷണം ചെയ്യുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

- നവജാത ശിശു വികാസ -വ്യതിയാന പരിശോധനാ സംവിധാനങ്ങൾ എല്ലാ പരിശോധനാ കേന്ദ്രങ്ങളിലും ആരോഗ്യ സ്ഥാപനങ്ങളിലും ശക്തിപ്പെടുത്തുക
- ശിശു, ബാലമരണങ്ങൾ ഓഡിറ്റിന് വിധേയമാക്കുക (മാർഗ്ഗനിർദ്ദേശം 1.16)

**അവലോകനസൂചകങ്ങൾ**

- കഴിഞ്ഞ 2 വർഷത്തിനിടയിൽ 0 ദിവസത്തിനും 5 വയസ്സിനും ഇടയിലുള്ള എത്ര കുട്ടികളുടെ മരണം നടന്നിട്ടുണ്ട്?
- അപായസാധ്യതയുള്ള അമ്മമാരിൽ എത്ര ശതമാനം പേർക്ക് വിശേഷപരിശോധന നൽകിയിട്ടുണ്ട് ?

## തന്ത്രം 3 — കുട്ടികളിലുണ്ടാകുന്ന അണുബാധ, ശ്വാസകോശരോഗങ്ങൾ എന്നിവ നേരത്തേ കണ്ടെത്തി ചികിത്സിക്കാനുള്ള സംവിധാനങ്ങൾ ഉറപ്പാക്കുക

**കർമ്മപരിപാടികൾ**

- പ്രദേശത്തെ പി എച്ച് സി, സി എച്ച് സി കളിൽ ശിശുരോഗ ചികിത്സക്കായി സജ്ജീകരണങ്ങൾ ഉറപ്പാക്കുക
- ആശ പ്രവർത്തകർക്കും, അമ്മമാർക്കും, അങ്കണവാടി പ്രവർത്തകർക്കും കുട്ടികളിലെ ശ്വാസകോശരോഗങ്ങളെപ്പറ്റിയും അവയുടെ അപായ ലക്ഷണങ്ങളെപ്പറ്റിയും (ദ്രുതഗതിയിലുള്ള ശ്വാസോച്ഛ്വാസം, ശ്വാസകോശങ്ങളുടെ പാർശ്വങ്ങൾ ഉള്ളിലോട്ട് വലിയൽ) ബോധവൽക്കരണം നടത്തി നേരത്തെ ചികിത്സ തേടാൻ പ്രേരിപ്പിക്കൽ
- വീടുകളിലും പരിസരങ്ങളിലും അന്തരീക്ഷ മലിനീകരണം തടയാനുള്ള നടപടികൾ (ഉദാ: വിറകടുപ്പ് ഉപയോഗിക്കുന്ന ഇടങ്ങളിൽ പുകയില്ലാത്ത അടുപ്പ് പ്രചരണം)

**അവലോകനസൂചകങ്ങൾ**

- പ്രദേശത്തെ 5 വയസ്സിൽ താഴെയുള്ള കുട്ടികളിൽ എത്ര പേർ ന്യുമോണിയ/ശ്വാസകോശ രോഗങ്ങൾ മൂലം ആശുപത്രിയിൽ പ്രവേശിക്കപ്പെട്ടിട്ടുണ്ട് ?
- പ്രദേശത്തെ അമ്മമാരിൽ എത്ര പേർക്ക് ന്യുമോണിയയുടെ അപകട ലക്ഷണങ്ങളെ കുറിച്ച് അവബോധമുണ്ട് ?

## തന്ത്രം 4 — കുട്ടികളിൽ ഉണ്ടാകുന്ന വയറിളക്കരോഗങ്ങൾ തടയാനും നേരത്തെ കണ്ടെത്തി തക്കതായ ചികിത്സ നൽകാനുമുള്ള സംവിധാനങ്ങൾ

**കർമ്മപരിപാടികൾ**

- പ്രദേശത്തെ മുലയൂട്ടുന്ന എല്ലാ അമ്മമാരും 6 മാസം വരെ കുട്ടികൾക്ക് മുലപ്പാൽ മാത്രം നൽകുന്നതിനെ കുറിച്ച് ബോധവൽക്കരണം നൽകുക
- വയറിളക്ക രോഗമുണ്ടാകുമ്പോൾ വീട്ടിലുണ്ടാക്കിയ ലായനികൾ, ഒ ആർ എസ് എന്നിവ

ഉപയോഗിച്ച് പുനർജലനീകരണ ചികിത്സ നടത്തുക, ഇവയുടെ ലഭ്യത ഉറപ്പ് വരുത്തുക

- ശുദ്ധജലലഭ്യതയും ശുചിത്വസൗകര്യങ്ങളും ഉറപ്പാക്കുക (പ്രവർത്തനസഹായി, അതിജീവനം, മേഖല -4)
- കുട്ടികൾക്ക് ആഹാരം നൽകുമ്പോൾ ശുചിത്വം പാലിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തുക

### അവലോകന സൂചകങ്ങൾ

- പ്രദേശത്ത് എത്ര കുട്ടികൾക്ക് വയറിളക്ക രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു?
- റിപ്പോർട്ട് ചെയ്യപ്പെട്ട എത്ര കുട്ടികൾക്ക് ORS പാക്കറ്റുകൾ നൽകിയിട്ടുണ്ട്?
- വയറിളക്കരോഗം മൂലം 5 വയസ്സിൽ താഴെയുള്ള എത്ര കുട്ടികളെ ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്?
- എത്ര ശതമാനം അമ്മമാർക്ക് കുട്ടികൾക്കുണ്ടാകുന്ന വയറിളക്കത്തിന് ഒ ആർ എസ് കൊടുക്കേണ്ടതിനെ കുറിച്ച് അവബോധമുണ്ട്?

## തന്ത്രം 5 — 5 വയസ്സിൽ താഴെയുള്ള കുട്ടികളിലെ പോഷകാഹാര കുറവും, ഗുരുതര പോഷകാഹാര കുറവും ലഘൂകരിക്കുക

### കർമ്മപരിപാടികൾ

- ആരോഗ്യവകുപ്പിലെ ജീവനക്കാരും/ അങ്കണവാടി പ്രവർത്തകരും 5 വയസ്സുവരെയുള്ള കുട്ടികളുടെ തൂക്കവും വളർച്ചയും നിർദ്ദേശാനുസരണം രേഖപ്പെടുത്തുക
- കുട്ടികളുടെ ആരോഗ്യം, പോഷകാഹാരം, വളർച്ച, സുരക്ഷിതത്വം എന്നിവയെ കുറിച്ച് മാതാപിതാക്കൾക്ക് അറിവുണ്ടാക്കുക
- ന്യൂന പോഷണമുള്ള കുട്ടികൾക്ക് 6 മാസം മുതൽ 5 വയസ്സുവരെ അങ്കണവാടികൾ വഴി അനുപൂരക പോഷണങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പു വരുത്തുക
- അങ്കണവാടി പ്രദേശത്തെ മുഴുവൻ കുട്ടികളുടെയും വളർച്ച നിരീക്ഷണ ചാർട്ട് രേഖപ്പെടുത്തി പ്രദർശിപ്പിക്കുക
- എം.സി.പി (MCP)കാർഡുകൾ പരിശോധിക്കുകയും സൂക്ഷിക്കുകയും ചെയ്യുക
- ആദ്യ 6 മാസക്കാലം മുലയൂട്ടൽ ഒഴിവാക്കാതിരിക്കാൻ പ്രേരണ ചെലുത്തുക (പ്രവർത്തനസഹായി അതിജീവനം മേഖല 2, തന്ത്രം 5), സ്ത്രീകളിലെ വിളർച്ച തടയുക (പ്രവർത്തനസഹായി, അതിജീവനം, മേഖല 2, തന്ത്രം 4), 6 മാസം ഇടവിട്ട് വിറ്റാമിൻ എ കൊടുക്കുക (പ്രവർത്തനസഹായി, അതിജീവനം, മേഖല 3), ശുദ്ധമായ കുടിവെള്ളവും, ശൗചാലയങ്ങളും, ശുചിത്വബോധവും ഉറപ്പാക്കുക (പ്രവർത്തനസഹായി, അതിജീവനം, മേഖല 4 )
- ഗുരുതരമായ പോഷകാഹാരക്കുറവുള്ള കുട്ടികളെ കണ്ടെത്തി NRC യുടെ പരിശോധനയ്ക്ക് വിധേയമായി ഭക്ഷ്യസുരക്ഷാ പ്രകാരമുള്ള പോഷകാഹാരം ലഭ്യമാക്കുക
- പോഷകാഹാരക്കുറവുമൂലം ഉണ്ടാകുന്ന ആകസ്മിക രോഗങ്ങളെ കണ്ടെത്താൻ കുട്ടിയെ

പരിശോധനയ്ക്ക് വിധേയമാക്കുകയും അതിൽ നിന്നും മുക്തി നേടുന്നതിന് മെഡിക്കൽ ഓഫീസർ വഴി ആവശ്യമായ നടപടി എടുപ്പിക്കുക

- അങ്കണവാടികളിലും, സ്കൂളുകളിലും ഭക്ഷണ വിതരണം ഭക്ഷ്യസുരക്ഷാ നിയമപ്രകാരം നടക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക
- എല്ലാ അങ്കണവാടികളിലും കുട്ടികളുടെ ഉയരം രേഖപ്പെടുത്തി വളർച്ചാ മുരടിപ്പ് കണ്ടെത്തി, വിദഗ്ദ പരിശോധനയ്ക്ക് വിധേയമാക്കുക

**അവലോകന സൂചകങ്ങൾ**

- അങ്കണവാടികൾ വഴി എത്ര കുട്ടികളുടെ തൂക്കം നോക്കി വളർച്ച രേഖപ്പെടുത്തിയിട്ടുണ്ട്?
- പ്രദേശത്തെ എത്ര ശതമാനം കുട്ടികൾക്ക് തീവ്രമോ ഗുരുതരമോ ആയ പോഷകാഹാരകുറവുണ്ട്?
- പ്രദേശത്തെ എത്ര കുട്ടികൾക്ക് തെറാപ്യൂടിക്ക് ന്യൂട്രീഷ്യൻ നൽകേണ്ടി വന്നു?
- അങ്കണവാടികൾ വഴി 3 വയസിൽ താഴെ പ്രായമുള്ള എത്ര ശതമാനം കുട്ടികളുടെ വളർച്ചാ നിരീക്ഷണചാർട്ട് ക്രമമായി രേഖപ്പെടുത്തിയിട്ടുണ്ട്?

## തന്ത്രം 6 — കുട്ടികളിലെ വളർച്ചയും വികാസവും നിരീക്ഷിച്ച് കുറവുകൾ കണ്ടെത്തി വികസനവ്യതിയാനങ്ങൾ പരിഹരിക്കാനുള്ള സംവിധാനങ്ങൾ

**കർമ്മപരിപാടികൾ**

- ആശാ വർക്കർമാർ/ആരോഗ്യ വകുപ്പിലെ ഫീൽഡ് വർക്കർമാർ/അങ്കണവാടി പ്രവർത്തകർ എന്നിവർ കുടുംബസന്ദർശനം വഴി സർവേ നടത്തി കുട്ടികളിലെ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തുക
- അങ്കണവാടികളിലും, പ്രീ-സ്കൂളുകളിലും, സ്കൂളുകളിലും കുട്ടികളിലെ വികാസ വ്യതിയാനങ്ങൾ കണ്ടെത്താൻ ചെക്ക്ലിസ്റ്റുകൾ ഉപയോഗിച്ച് സ്ക്രീൻ ചെയ്യുക
- വികാസ വ്യതിയാനം കണ്ടെത്തിയ കുട്ടികളെ രോഗ നിർണ്ണയത്തിനും ചികിത്സകൾക്കും പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളിലേക്കോ പ്രത്യേക ക്യാമ്പുകളിലേക്കോ വിദഗ്ധ സ്ഥാപനങ്ങളിലേക്കോ റഫർ ചെയ്യുക
- എല്ലാ ഭിന്നശേഷിയുള്ള കുട്ടികൾക്കും പരിശോധനയുടെ അടിസ്ഥാനത്തിൽ ഭിന്നശേഷിയുടെ തോതനുസരിച്ച് സർട്ടിഫിക്കറ്റ് നൽകുക

**അവലോകന സൂചകങ്ങൾ**

- വർഷം തോറും സ്ക്രീനിംഗിലൂടെ വികാസവ്യതിയാനങ്ങൾ കണ്ടെത്തിയ കുട്ടികളുടെ എണ്ണം
- സ്ക്രീനിംഗ് നടത്തി വൈകല്യങ്ങൾ കണ്ടെത്തിയ ഒരു വയസ്സു വരെയുള്ള ശിശുക്കളുടെ ശതമാനം

- വികലാംഗ സർട്ടിഫിക്കറ്റുകൾ നൽകപ്പെട്ട കുട്ടികളുടെ ശതമാനം
- തദ്ദേശസ്ഥാപനങ്ങൾ വഴി സഹായ ഉപകരണങ്ങൾ/ചലനോപകരണങ്ങൾ/സഹായധനം ലഭിച്ചവരുടെ എണ്ണം

## തന്ത്രം 7 — കുട്ടികൾ വ്യവഹരിക്കുന്ന ഇടങ്ങളിലെല്ലാം അപകടരഹിതവും/വിഷബാധയേൽക്കാതിരിക്കാനുമുള്ള സംവിധാനങ്ങൾ

### കർമ്മപരിപാടികൾ

- രക്ഷിതാക്കൾക്കും പരിചരിക്കുന്നവർക്കും അദ്ധ്യാപകർക്കും, ഹെൽത്ത് ക്ലബ്ബ് അംഗങ്ങൾക്കും – കുട്ടികൾക്ക് ഉണ്ടാകാവുന്ന അപകടങ്ങളെ കുറിച്ചും വിഷബാധയെ കുറിച്ചും അവബോധം നൽകുക
- പ്രാഥമിക ചികിത്സാ പരിശീലനം നൽകുക. ഫസ്റ്റ് എയ്ഡ് ബോക്സ് ലഭ്യമാക്കുക
- കെട്ടിടങ്ങളുടെ നിർമ്മാണവും, കളിസ്ഥലങ്ങളും നീന്തൽകുളങ്ങളും കളിപ്പാട്ടങ്ങളും അപകടരഹിതമാക്കാൻ ശ്രദ്ധിക്കുക
- റോഡ് സുരക്ഷയെ കുറിച്ച് കുട്ടികളിൽ അവബോധം ഉണ്ടാക്കുക
- 18 വയസ്സിനു താഴെയുള്ള കുട്ടികളെ മോട്ടോർ വാഹനം ഉപയോഗിക്കുന്നതിൽ നിന്നും തടയുക
- കുട്ടികളെ വളർത്തുമൃഗങ്ങളുടെയും മറ്റു ജീവികളുടെയും ക്ഷതമേൽക്കാതെ ശ്രദ്ധിക്കുക

### അവലോകന സൂചകങ്ങൾ

- റോഡപകടങ്ങളെ കുറിച്ചും പ്രാഥമിക ചികിത്സയെ കുറിച്ചുള്ള എത്ര പരിശീലന പരിപാടികൾ സംഘടിപ്പിച്ചു?
- അപകട സാധ്യതയുള്ള ഇടങ്ങളിൽ എത്ര ബോർഡുകൾ സ്ഥാപിച്ചു?
- പ്രധാന റോഡുകളിൽ എത്രയിടത്ത് സീബ്രാലൈനും ട്രാഫിക് നിയമങ്ങളും പാലിച്ചിട്ടുണ്ട്?

## തന്ത്രം 8 — 100% കുട്ടികൾക്കും ആരോഗ്യ വകുപ്പും സാമൂഹ്യ സുരക്ഷാ മിഷനും സാമൂഹ്യ നീതി വകുപ്പും നടപ്പിലാക്കുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കുക

### കർമ്മപരിപാടികൾ

- RBSK പദ്ധതി അനുസരിച്ച് ജന്മനാലുള്ള വൈകല്യങ്ങൾ, വികാസത്തിലെ വൈകല്യങ്ങൾ, ശാരീരിക വൈകല്യങ്ങൾ, രോഗങ്ങൾ എന്നിവ കണ്ടെത്തി ചികിത്സ തേടുന്നതിനുള്ള നിർദ്ദേശങ്ങൾ അങ്കണവാടി പ്രവർത്തകർ, ആശവർക്കർമാർ തുടങ്ങിയവർ മുഖേന നൽകുക
- വികാസ വ്യതിയാനമുള്ള കുട്ടികളുടെ അമ്മമാർക്കും കുട്ടികളെ പരിപാലിക്കുന്നവർക്കും പ്രത്യേക പരിശീലന പരിപാടികൾ നടത്തുക (മാർഗ്ഗനിർദ്ദേശം1.15)

- അർഹരായ എല്ലാ കുടുംബങ്ങളേയും ആരോഗ്യ കിരൺ/RSBY/CHIS/CHIS Plus/ താലോലം, കാരുണ്യ RBSK എന്നീ പദ്ധതികളുടെ കീഴിൽ കൊണ്ടുവരിക (മാർഗ്ഗ നിർദ്ദേശം 1.2)
- ആരോഗ്യകേരളം പോലെയുള്ള ആരോഗ്യ സേവനങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുക
- ഭിന്നശേഷിയുള്ള എല്ലാ കുട്ടികൾക്കും അർഹിക്കുന്ന ഗവൺമെന്റ് ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

**അവലോകന സൂചകങ്ങൾ**

- ☞ കുട്ടികളുടെ പരിപാലന പരിശീലനങ്ങളിൽ പങ്കെടുത്ത അമ്മമാരുടെയും, അങ്കണവാടി വർക്കർമാരുടേയും, കുട്ടികളെ പരിപാലിക്കുന്നവരുടെയും എണ്ണം
- ☞ അർഹതപ്പെട്ട എല്ലാ ഗവൺമെന്റ് ആനുകൂല്യങ്ങളും ലഭിക്കുന്ന കുട്ടികളുടെ എണ്ണം
- ☞ RSBY/CHIS ൽ ഉൾപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ കുട്ടികളുടെ ശതമാനം

| തന്ത്രം 9 | ശിശുക്കളുടെയും, കുട്ടികളുടെയും മരണങ്ങൾ മരണകാരണ വിശകലന ഓഡിറ്റിംഗിന് വിധേയമാക്കുക (മാർഗ്ഗനിർദ്ദേശം 1.16) |
|---|---|

**കർമ്മപരിപാടികൾ**

- തദ്ദേശഭരണസ്ഥാപന പ്രദേശത്ത് ഉണ്ടായ കുട്ടികളുടെ മരണങ്ങൾ രേഖകളുടെയും രജിസ്റ്ററുകളുടെയും അടിസ്ഥാനത്തിൽ കാര്യകാരണസഹിതം വിശകലനം ചെയ്യുക
- 24 മണിക്കൂറിനുള്ളിൽ കുട്ടികളുടെ മരണങ്ങൾ ആശാവർക്കർ/ ജെ പി എച്ച് എൻ / അങ്കണവാടി പ്രവർത്തകർ മെഡിക്കൽ ഓഫീസറേയും പഞ്ചായത്ത് മെമ്പറേയും അറിയിക്കുക
- മരണത്തിനുശേഷം 3 ആഴ്ചകൾക്കുള്ളിൽ മെഡിക്കൽ ഓഫീസറും, പഞ്ചായത്ത് ടീമംഗങ്ങളും ഗൃഹസന്ദർശനം/സ്ഥാപനസന്ദർശനം നടത്തി മരണകാരണ വിശകലന ഓഡിറ്റിംഗ് നടത്തണം

**അവലോകന സൂചകങ്ങൾ**

- ☞ പ്രദേശത്ത് ഒരു വർഷത്തിനുള്ളിൽ ഉണ്ടായിട്ടുള്ള കുട്ടികളുടെ മരണങ്ങളിൽ എത്ര എണ്ണത്തിൽ ഓഡിറ്റ് നടത്തിയിട്ടുണ്ട്?

## തന്ത്രം 10 ബാലസൗഹൃദ ആരോഗ്യസ്ഥാപനങ്ങൾ (മാർഗ്ഗനിർദ്ദേശങ്ങൾ 1.17, 1.18, 1.19)

### കർമ്മപരിപാടികൾ

- എല്ലാ പൊതുജനാരോഗ്യകേന്ദ്രങ്ങളും ബാല /സ്ത്രീ സൗഹൃദപരമാക്കി ഉയർത്തുക (മുലയൂട്ടൽ മൂല, ശിശുസൗഹൃദ കുത്തിവെപ്പ് കേന്ദ്രം, ഒ.ആർ.എസ് ലഭ്യത, തൂക്കക്കുറവുള്ള കുട്ടികൾക്കുള്ള പരിചരണം)
- പി.എച്ച്.സിയും/സി.എച്ച്.സിയും യഥാസമയം അറ്റകുറ്റപണികൾ നടത്തുന്നതിനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക
- പി.എച്ച്.സി/സി.എച്ച്.സിയിലേക്കുള്ള റോഡുകൾ മെയ്ന്റനൻസ് ഫണ്ട് ഉപയോഗിച്ച് കേടുപാടുകൾ തീർത്ത് യാത്രായോഗ്യമാക്കുക
- അപകടങ്ങളിൽ പെട്ട് വരുന്നവർക്ക് അത്യാഹിതപരിചരണം/സേവനങ്ങൾ ലഭ്യമാക്കുക
- HIV/AIDS ബാധിതരായ കുട്ടികളുടെ പരിശോധനകളിലും ചികിത്സകളിലും വേണ്ടത്ര ശ്രദ്ധയും, രഹസ്യ സ്വഭാവവും കാത്തുസൂക്ഷിക്കുക
- ബാലസൗഹൃദ ആശുപത്രിയുടെ പ്രവർത്തനങ്ങൾ ഡോക്ടർമാർക്കും നഴ്സുമാർക്കും മറ്റു ആരോഗ്യ പ്രവർത്തകർക്കും വിശദീകരിക്കുകയും അതിന്റെ നടത്തിപ്പിൽ പങ്കാളികളാക്കുകയും ചെയ്യുക
- ആശുപത്രി പരിസരത്തു തന്നെ ഡോക്ടർമാർക്കും, നഴ്സുമാർക്കും മറ്റു ജീവനക്കാർക്കും താമസസൗകര്യം ലഭ്യമാക്കുക

### അവലോകന സൂചകങ്ങൾ

- ☞ സ്ത്രീ/ബാല സൗഹൃദപരമാക്കാനുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ച് എത്ര ശതമാനം ആരോഗ്യസ്ഥാപനങ്ങൾ മീറ്റിംഗുകൾ സംഘടിപ്പിച്ചിട്ടുണ്ട്?
- ☞ ബാല സൗഹൃദ സന്ദേശങ്ങൾ എത്ര ഇടങ്ങളിൽ പ്രദർശിപ്പിച്ചിട്ടുണ്ട്?
- ☞ പ്രദേശത്ത് എത്ര സബ്ബ് സെന്ററുകൾ / പ്രാഥമികാരോഗ്യകേന്ദ്രങ്ങൾ / ആശുപത്രികൾ കുട്ടികളുടെ അത്യാഹിത വിഭാഗങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്?
- ☞ HIV/AIDS എന്നീ രോഗങ്ങളെ സംബന്ധിച്ച വിവരങ്ങളും സഹായങ്ങളും എത്ര സ്ഥാപനങ്ങളിൽ ലഭ്യമാക്കി?

അദ്ധ്യായം 2

# കുട്ടികളുടെ വികസനം





മാനവരാശിയുടെ വികാസവും ഉന്നമനവും കുട്ടികളുടെ സർവ്വതോമുഖമായ വികസന പ്രക്രിയയുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്നു. കുട്ടികൾക്കായുള്ള അന്താരാഷ്ട്ര അവകാശ ഉടമ്പടി അനുസരിച്ച് വികസനാവകാശം എന്നാൽ വിദ്യാഭ്യാസത്തിനുള്ള അവകാശത്തോടൊപ്പം, കളികൾ, വിശ്രമം, സാംസ്കാരിക പ്രവർത്തനം, വാർത്താവിവര ലഭ്യത, പ്രാപ്തി, സ്വതന്ത്രമായ ചിന്ത, മന:സാക്ഷി, മതം എന്നിവ ഉൾപ്പെടുന്നു. പോഷണം, ആരോഗ്യം, ശൈശവകാല പരിരക്ഷണം, വിദ്യാഭ്യാസം, മാനസിക സാമൂഹിക സാംസ്കാരിക സംവിധാനങ്ങൾ എന്നിവയിലുള്ള സമഗ്രവും, സംയോജിതവുമായ ഇടപെടലുകളുടെ ഫലമായി സൃഷ്ടിക്കപ്പെടുന്നതാണ് പുരോഗമനാത്മക വളർച്ചയും, ആഹ്ലാദകരമായ ബാല്യവും. വികസന ഇടപ്പെടലുകൾ ആസൂത്രണം ചെയ്യുമ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾ മേൽപറഞ്ഞ സേവന മേഖലകളും വിവിധ സംവിധാനങ്ങളും കൂട്ടിയിണക്കി സമഗ്രമായ രീതിയിൽ കുട്ടികളുടെ വികസനം ഉയർത്തിക്കൊണ്ടു വരുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഈ പ്രക്രിയകൾ ആസൂത്രണം ചെയ്യേണ്ട തദ്ദേശഭരണസ്ഥാപനങ്ങൾ തീർച്ചയായും വിവിധതരം പ്രവർത്തനങ്ങൾ സ്വീകരിക്കുന്നതോടൊപ്പം കുട്ടികളുടെ സ്വാതന്ത്ര്യവും സ്വാഭിമാനവും ഉറപ്പുവരുത്തുകയും വേണം. എല്ലാ ശിശുക്കൾക്കും അനുയോജ്യമായ പോഷണം, പരിചരണം, പ്രചോദനം, കളികൾ, വിശ്രമം, ഉല്ലാസം, ഒഴിവു സമയം എന്നിവ വഴിയുള്ള ശാരീരിക, മാനസിക, വൈകാരിക വികാസത്തിനുമുള്ള അവകാശമുണ്ട്.



കുട്ടികളുടെ വികസനാവകാശങ്ങൾ ഉറപ്പു വരുത്തുന്നതിനുള്ള തന്ത്രങ്ങൾ ആവിഷ്ക്കരിക്കുമ്പോൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് താഴെ പറയുന്ന വികസനമേഖലകൾ മാർഗ്ഗനിർദ്ദേശമായി സ്വീകരിക്കാവുന്നതാണ്.

മേഖലകൾ

1 സർവ്വതോമുഖ വികാസത്തിന് വേണ്ടിയുള്ള ആദ്യ ശൈശവകാല പരിചരണവും ഉത്തേജനവും (0-3 വയസ്സ്) (UNCRC അനുച്ഛേദം 28,29,31)

2 സാർവ്വത്രിക ബാല്യകാല പരിചരണവും വിദ്യാഭ്യാസവും 3 മുതൽ 5 വയസ്സ് വരെ (പ്രി-സ്ക്കൂൾ, ECCE)(UNCRC അനുച്ഛേദം 28,29,31)

3 ആരോഗ്യകരവും ബാലസൗഹൃദവുമായവിദ്യാലയം (പ്രി-സ്ക്കൂൾ, സ്ക്കൂൾ) (UNCRC അനുച്ഛേദം 28,29,31)

4 18 വയസ്സുവരെ എല്ലാ കുട്ടികൾക്കും നിർബന്ധിതവിദ്യാഭ്യാസം (UNCRC അനുച്ഛേദം 28, 29, 31)

5 കുട്ടികളുടെ പോഷണനിലവാരവും കായികക്ഷമതയും (UNCRC അനുച്ഛേദം 28, 29, 31)



# മേഖല 1

# സർവ്വതോമുഖ വികാസത്തിന് വേണ്ടിയുള്ള ആദ്യ ശൈശവകാല പരിചരണവും ഉത്തേജനവും (ECD) (0-3 വയസ്സ് വരെ)



**ഉദ്ദേശ്യം**

- ശൈശവകാല പരിചരണവും ഉത്തേജനവും ഉറപ്പാക്കാൻ കാര്യക്ഷമമായ പ്രവർത്തനം നടത്തുക

**ലക്ഷ്യം**

- 3 വയസ്സിന് താഴെ പ്രായമുള്ള മുഴുവൻ കുട്ടികൾക്കും ആദ്യ ശൈശവകാല പരിചരണവും വഴി അവരുടെ സർവ്വതോമുഖമായ സർഗ്ഗശേഷി പരിപോഷിപ്പിക്കുക

## തന്ത്രം 1 — മാതാപിതാക്കൾക്കും ഇതര ഗാർഹിക പരിചരണം നൽകുന്നവർക്കും ബോധവൽക്കരണം

**കർമ്മപരിപാടികൾ**

- കുഞ്ഞിന്റെ ആദ്യ മൂന്നുവർഷക്കാലം തലച്ചോറിന്റെ വളർച്ചയും, വികാസവും സമ്പുഷ്ടമാക്കുന്നതിൽ സാമൂഹിക - പ്രചോദനത്തിനുള്ള (psycho-social stimulation) പ്രാധാന്യം മാതാപിതാക്കളെയും ഇതര ഗാർഹിക പരിചരണം നൽകുന്നവർക്കും ബോധ്യപ്പെടുത്തുക (മാർഗ്ഗനിർദ്ദേശം 2.1)
- മാതാപിതാക്കളും മറ്റു ഉറ്റവരും കുട്ടികൾക്ക് വേണ്ടി മാത്രം കുറച്ച് സമയം കണ്ടെത്തി അവരുമായി ആശയവിനിമയം നടത്തേണ്ടതിന്റെ ആവശ്യകതയെകുറിച്ച് ബോധവാന്മാരാക്കുക
- ഗർഭധാരണവേളയിൽ തന്നെ മാതാപിതാക്കൾക്ക് കുട്ടികൾക്ക് അനുയോജ്യമായ ആദ്യ ശൈശവകാല പരിചരണവും പ്രചോദനവും സംബന്ധിച്ച പരിശീലനം നൽകുക
- കുട്ടികളുടെ വളർച്ചയിൽ പിതാവിന്റെ ഉത്തരവാദിത്വത്തെ സംബന്ധിച്ച് ബോധവൽകരണം നൽകുക
- AWW/JPHN മാതൃശിശു സംരക്ഷണകാർഡിന്റെ (MCPC) സഹായത്തോടെ കുടുംബങ്ങൾക്ക്, ശൈശവകാല പരിചരണവും, സാമൂഹിക പ്രചോദനവും സംബന്ധിച്ച അറിവ് നൽകുക
- അങ്കണവാടി വർക്കർമാർ, ജെപിഎച്ച്എൻ അടക്കമുള്ള ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥർ ഗൃഹസന്ദർശനവും വാർഡ്തല പോഷകദിനവും കുട്ടികളുടെ ആദ്യകാല പരിചരണത്തെപ്പറ്റിയും, ഉത്തരവാദിത്വത്തെപ്പറ്റിയും മാതാപിതാക്കൾക്ക് അവബോധവും, കൗൺസലിംഗും നടത്തുന്നതിനുള്ള അവസരമാക്കി പ്രയോജനപ്പെടുത്തുക
- ആദ്യകാല ശിശുവികാസം സംബന്ധിച്ച് മാതാപിതാക്കൾക്കും, കുട്ടികളെ പരിചരിക്കുന്നവർക്കും നിരന്തരം അവബോധം നൽകുക

### അവലോകന സൂചകങ്ങൾ

- കുട്ടികളുടെ ആദ്യക്കാല പരിചരണങ്ങളെ സംബന്ധിച്ച് മാതാപിതാക്കൾക്കും, കുട്ടികളെ പരിചരിക്കുന്നവർക്കും എത്ര തവണ ബോധവൽക്കരണ പരിപാടികൾ നടത്തി?
- പഞ്ചായത്തും മറ്റു സേവനദാതാക്കളും പ്രാരംഭ/അടിസ്ഥാന അറിവ് നൽകുന്നതിനുള്ള എത്ര വിവരവിനിമയവിദ്യാഭ്യാസ ഉപാധികൾ തയ്യാറാക്കി ?

| തന്ത്രം 2 | നഴ്സറി സ്കൂളിലും, പ്ലേ-സ്കൂളിലും,ബാലവാടികളിലും, ക്രഷെകളിലും, ഡേകെയർ സെന്ററുകളിലും കുട്ടികളെ പരിപാലിക്കുന്നവർക്ക് കുട്ടികളുടെ പ്രാരംഭകാല വികസനത്തെ ത്വരിതപ്പെടുത്തുന്നതിനുള്ള ശേഷി വർദ്ധിപ്പിക്കുക (സ്വകാര്യ, പൊതുമേഖലാ സ്ഥാപനങ്ങൾ) |
|---|---|

### കർമ്മപരിപാടികൾ

- കുട്ടികളുടെ പ്രാരംഭ ശിശുവികസന പരിശീലനത്തിനുവേണ്ടിയുള്ള ആസൂത്രണത്തിനും പഠന സാമഗ്രികൾ വാങ്ങുന്നതിനും പഞ്ചായത്ത്/മുനിസിപ്പാലിറ്റി മെമ്പർമാരുടെയും, സ്റ്റേക്ക് ഹോൾഡേഴ്സിന്റെയും യോഗം സംഘടിപ്പിക്കുക
- പ്രാരംഭ ശിശുവികസന പരിശീലനത്തിനുവേണ്ടി ഫണ്ടും, പരിശീലന സാമഗ്രികളും, റിസോഴ്സ് പേഴ്സൺമാരെയും തയ്യാറാക്കുക
- ഇ സി ഡി പരിശീലനത്തിൽ ആശാവർക്കർമാർ, അങ്കണവാടി വർക്കർ, ജെ പി എച്ച് എൻ എന്നിവരെ കൂടി ഉൾപ്പെടുത്തുക
- പ്രസ്തുതപരിശീലനം സംഘടിപ്പിക്കുന്നതിനും, മോണിട്ടർ ചെയ്യുന്നതിനും തദ്ദേശ ഭരണസ്ഥാപനത്തിന് കീഴിൽ 3-5 അംഗങ്ങൾ അടങ്ങിയ സമിതി രൂപീകരിക്കുക

### അവലോകന സൂചകങ്ങൾ

- എത്ര പ്രാരംഭ ശിശുവികസന പരിശീലനം നടത്തി?
- എത്ര മാതാപിതാക്കളും, കുട്ടികളെ പരിപാലിക്കുന്നവരും പ്രാരംഭ ശിശുവികസനത്തിന്റെ അറിവ് നേടി?

| തന്ത്രം 3 | 3 വയസ്സിന് താഴെയുള്ള കുട്ടികളെ പരിപാലിക്കുന്ന കേന്ദ്രങ്ങളിൽ പരിശീലനം സിദ്ധിച്ച യോഗ്യതയുള്ളവരെ മാത്രം നിയോഗിക്കുക (നഴ്സറി സ്കൂളിലും, പ്ലേ-സ്കൂളിലും, ബാലവാടികളിലും, ക്രഷെകളിലും, ഡേകെയർ സെന്ററുകളിലും) |
|---|---|

### കർമ്മപരിപാടികൾ

- ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ പ്രവർത്തിക്കുന്ന ഡേ-കെയർ സെന്ററുകളുടെ കണക്കെടുക്കുക

- എല്ലാ ഡേ-കെയർ സെന്ററുകളിലെയും പ്രവർത്തകരുടെ പഠനനിലവാരം വിലയിരുത്തുക
- പ്രവർത്തകരുടെ പരിശീലനത്തിന്റെ തുടർ നടപടികൾക്കായി സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ പിൻതുണ സംവിധാനം ഒരുക്കുക
- സ്റ്റാന്റിംഗ് കമ്മിറ്റി തലത്തിൽ നേരത്തെ കണ്ടെത്തിയ ഭിന്നശേഷിക്കാരായ കുട്ടികളുടേയും, അറിവ് നേടുന്നതിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളുടേയും പ്രവർത്തനങ്ങൾ പരിശോധിക്കുകയും അവരെ RBSK യുടെ പ്രവർത്തനത്തിൻ കീഴിൽ കൊണ്ടുവരികയും ചെയ്യുക (പ്രവർത്തനസഹായി, അതിജീവനം, മേഖല 5, തന്ത്രം 1,2,6)
- എല്ലാ ശിശുപരിപാലന ഇടങ്ങളിലും കുട്ടികൾക്ക് ശിശുസൗഹൃദ പശ്ചാത്തലവും, അന്തരീക്ഷവും, ശ്രദ്ധയും നൽകുക
- സ്ത്രീകൾ കൂടുതലായി ജോലി ചെയ്യുന്ന ഇടങ്ങൾ കണ്ടെത്തി ക്രഷ് സംവിധാനം ഒരുക്കുക
- പ്രായാനുസൃതമായ പ്രവർത്തനങ്ങൾക്കും കളികൾക്കും ആവശ്യമായ ഉപകരണങ്ങൾ വിതരണം ചെയ്യുകയും വികസിപ്പിക്കുകയും ചെയ്യുക

### അവലോകന സൂചകങ്ങൾ

- ☞ ചൈൽഡ് കെയർ സെന്ററുകളിൽ എത്ര പരിശോധനാസന്ദർശനം നടത്തിയിട്ടുണ്ട്?
- ☞ എത്ര വിവരവിനിമയ വിദ്യാഭ്യാസ (ഐ ഇ സി ) ഉപാധികൾ വികസിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്?
- ☞ എല്ലാ സ്ഥാപനങ്ങളിൽ നിന്നും ഇ സി ഡി പ്രോഗ്രാമിൽ പങ്കെടുത്ത കുട്ടികളുടെ എണ്ണം?

# മേഖല 2

# സാർവ്വത്രിക ബാല്യകാല പരിചരണവും വിദ്യാഭ്യാസവും (ECCE)(3-5 years)



**ഉദ്ദേശ്യം**

മൂന്നു വയസ്സു മുതൽ അഞ്ചു വയസ്സുവരെ പ്രായമുള്ള എല്ലാ കുട്ടികളുടെയും സമഗ്ര വികാസത്തിന് ആവശ്യമായ അടിത്തറ പാകുന്നതിന് സംവിധാനങ്ങൾ ഉറപ്പിക്കുക

**ലക്ഷ്യങ്ങൾ**

- ഇളം പ്രായക്കാരായ എല്ലാ കുട്ടികളേയും പ്രായത്തിനനുസൃതമായി അവരിൽ അന്തർലീനമായ ശാരീരിക-മാനസിക-സാമൂഹിക വൈകാരിക ശേഷികളുടെ വികാസം നേടിയെടുക്കുന്നതിന് പ്രാപ്തരാക്കുക
- എല്ലാ അങ്കണവാടിയിലും പ്രി-പ്രൈമറി വിദ്യാലയങ്ങളിലും ശിശു സൗഹൃദാന്തരീക്ഷത്തിന് അനുയോജ്യമായ നിലവാരം ഉറപ്പാക്കുക

| തന്ത്രം 1 | അങ്കണവാടികളുടെ നിലവാരം ഉയർത്തുക (മാർഗ്ഗനിർദ്ദേശം 2.2) |
|---|---|

**കർമ്മ പരിപാടികൾ**

- ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി അതാത് പഞ്ചായത്ത്/മുനിസിപ്പൽ വാർഡ് മെമ്പറുമായി അങ്കണവാടികൾ സന്ദർശിച്ച് പോരായ്മകൾ തിട്ടപ്പെടുത്തി പരിഹാര നിർദ്ദേശങ്ങൾ തയ്യാറാക്കുക
- അങ്കണവാടിയിൽ സേവനങ്ങൾ നിലവാരമുള്ളതാക്കുന്നതിനും ആധുനികവൽക്കരിക്കുന്നതിനും ആവശ്യ നിർണ്ണയ റിപ്പോർട്ട് വാർഡ് അടിസ്ഥാനത്തിൽ തയ്യാറാക്കുക
- പഞ്ചായത്ത്/മുനിസിപ്പൽ കമ്മിറ്റികളിൽ ബാല സൗഹൃദ അങ്കണവാടി എന്നത് ഒരു അജണ്ടയാക്കി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സൺ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ചർച്ച നടത്തുക
- കൗമാരക്കാരായ ആൺകുട്ടികളുടേയും, കൗമാരക്കാരായ പെൺകുട്ടികളുടേയും ക്ലബ്ബുകൾ, കുട്ടികൾക്കുള്ള വായനശാല, സേവാകേന്ദ്രം/ഗ്രാമകേന്ദ്രം/വാർഡ്കേന്ദ്രം എന്നിവ പ്രവർത്തിക്കുന്നതിന് അങ്കണവാടികളെ മോഡൽ അങ്കണവാടികളായി (വിവിധോദ്ദേശ വിഭവകേന്ദ്രം) വികസിപ്പിക്കുക
- സ്ത്രീകൾ കൂടുതൽ ജോലി ചെയ്യുന്ന പ്രദേശങ്ങളിൽ ഇളംപ്രായക്കാർക്കായുള്ള (3 വയസ്സിനു താഴെ) ക്രഷെകൾ അങ്കണവാടികളോടനുബന്ധിച്ച് വികസിപ്പിക്കുക
- പൊതുജനങ്ങളുടെ സഹകരണം ലഭിക്കുന്നതിനും അങ്കണവാടികളുടെ നിലവിലുള്ള

സൗകര്യങ്ങൾ ഉയർത്തുന്നതിനുമായി അങ്കണവാടി പൂർവ്വവിദ്യാർത്ഥികളുടെ വാർഷിക യോഗം വിളിച്ചു കൂട്ടുക

**അവലോകന സൂചകങ്ങൾ**

- എത്ര ശതമാനം അങ്കണവാടികൾക്ക് സ്വന്തം കെട്ടിടം ഉണ്ട്?
- പഞ്ചായത്തിലെ മാതൃകാ ബാലസൗഹൃദ അങ്കണവാടി കേന്ദ്രങ്ങളുടെ എണ്ണം
- അങ്കണവാടികളുടെ നിലവാരമുയർത്തുന്നതിന് ആവശ്യ നിർണ്ണയം നടത്തിയ വാർഡുകളുടെ എണ്ണം

**തന്ത്രം 2** — **അഞ്ച് വയസ്സിനു താഴെയുള്ള എല്ലാ കുട്ടികളെയും അങ്കണവാടി/ബാല്യകാല പരിചരണ വിദ്യാഭ്യാസകേന്ദ്രങ്ങളിൽ പേര് ചേർക്കുകയും അവരുടെ ബാല്യകാല പരിചരണവും വിദ്യാഭ്യാസവും ഉറപ്പു വരുത്തുകയും ചെയ്യുക ( മാർഗ്ഗനിർദ്ദേശം 2.3)**

**കർമ്മപരിപാടികൾ**

- ഓരോ വർഷവും മെയ് മാസത്തിനുമുമ്പ് വാർഷിക കുടുംബ സർവ്വേ വഴി എല്ലാ വീടുകളും സന്ദർശിച്ച് 5 വയസ്സിന് താഴെയുള്ള കുട്ടികളുടെ അങ്കണവാടിതല പട്ടിക തയ്യാറാക്കുക
- കുട്ടികൾക്ക് തങ്ങളുടെ പ്രാഥമിക വിദ്യാഭ്യാസത്തിനായി അങ്കണവാടികളും, മിനി അങ്കണവാടികളും സമീപ പ്രദേശങ്ങളിൽ ആവശ്യാനുസരണം ഉണ്ടെന്ന് രക്ഷാകർത്താക്കൾ ഉറപ്പു വരുത്തുക
- അർഹരായ എല്ലാ കുട്ടികളേയും അങ്കണവാടി, പ്രീ-സ്കൂൾ പ്രവേശന രജിസ്ട്രേഷൻ നടത്തുക
- ദുർഘടമായ ചെറിയ ആവാസകേന്ദ്രങ്ങളായ ആദിവാസി ഊരുകളിലും ഒറ്റപ്പെട്ട തീരപ്രദേശങ്ങളിലും തുരുത്തുകളിലും മിനി അങ്കണവാടി കേന്ദ്രങ്ങൾ സ്ഥാപിച്ച് പ്രാദേശിക സാഹചര്യവും സൗകര്യവും കണക്കിലെടുത്ത് ചിട്ടയായി പ്രവർത്തിപ്പിക്കുക
- ഊരുമാറി താമസിക്കുന്നവരുടെയും ഇതരസംസ്ഥാന തൊഴിലാളികളുടെയും മക്കൾക്ക് വിവേചനം കൂടാതെ അങ്കണവാടി സേവനം ഉറപ്പാക്കുക (മാർഗ്ഗനിർദ്ദേശം 2.4)
- ഭിന്നശേഷിയുള്ളവർക്കും അർഹരായ മറ്റ് വിഭാഗം കുട്ടികൾക്കും സ്കോളർഷിപ്പും ധനസഹായവും യഥാസമയം വിതരണം ചെയ്യുക
- അങ്കണവാടി പ്രവർത്തനം സുഗമമായി കൊണ്ടു പോകുന്നതിന് സേവനസന്നദ്ധരായ പ്രവർത്തകരുടെ റിസോഴ്സ് പൂൾ ഉണ്ടാക്കുക

**അവലോകന സൂചകങ്ങൾ**

- തദ്ദേശഭരണസ്ഥാപനത്തിന് കീഴിൽ വരുന്ന 3-5 വയസിനുമിടയിലുള്ള കുട്ടികളിൽ എത്ര പേർ അങ്കണവാടി/പ്രീസ്കൂൾ വിദ്യാഭ്യാസത്തിൽ നിന്ന് വിട്ടുനിൽക്കുന്നു?
- ഇതരസംസ്ഥാന തൊഴിലാളികൾ, കുടിയേറ്റതൊഴിലാളികൾ എന്നിവരുടെ അഞ്ച് വയസ്സിനു താഴെയുള്ള എത്ര ശതമാനം കുട്ടികളെ അങ്കണവാടി/പ്രീ-സ്കൂളുകളിൽ പ്രവേശിപ്പിച്ചിട്ടുണ്ട്?

- മാസത്തിൽ 20 ദിവസത്തിൽ കൂടുതൽ ഇ.സി.സി.ഇ നടത്തുന്ന അങ്കണവാടികളുടെ എണ്ണം

## തന്ത്രം 3 — പ്രീ-സ്കൂൾ പ്രവർത്തനങ്ങളുടെ ഗുണനിലവാരം ഉറപ്പു വരുത്തൽ (മാർഗ്ഗനിർദ്ദേശം 2.5)

### കർമ്മപരിപാടികൾ

- അങ്കണവാടികളിലും, സ്വകാര്യ സ്ഥാപനങ്ങളിലും പ്രവർത്തിക്കുന്ന ജീവനക്കാർക്ക് കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച് പരിശീലനം നൽകുക
- ശിശുസൗഹൃദമായ വിഷരഹിതമായ വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച കളിയുപകരണങ്ങൾ നൽകുകയും സമയബന്ധിതമായ അറ്റകുറ്റപണികൾ നടത്തുകയും ചെയ്യുക
- അങ്കണവാടികളിൽ 5 മണിക്കൂറെങ്കിലും പ്രവർത്തകർ ഉണ്ടെന്ന് ഉറപ്പു വരുത്തുക
- അങ്കണവാടി പ്രവർത്തകരുടെ അഭാവത്തിൽ ഉത്തരവാദിത്വമുള്ള സന്നദ്ധപ്രവർത്തകരെ താൽക്കാലിക ചുമതല ഏൽപ്പിക്കുക
- മുതിർന്നവർ, വിരമിച്ച അദ്ധ്യാപകർ എന്നിവരുടെ ക്രിയാത്മക ഇടപെടൽ ഉറപ്പുവരുത്തുക

### അവലോകന സൂചകങ്ങൾ

- അങ്കണവാടി പ്രവർത്തകർക്ക് ലഭിച്ച വിഷയാടിസ്ഥാനത്തിലുള്ള പരിശീലനങ്ങളുടെ പട്ടിക
- അങ്കണവാടി വർക്കർമാരുടെ അഭാവത്തിൽ സന്നദ്ധ സേവകരുടെ സേവനം ലഭ്യമാക്കിയ അങ്കണവാടികളുടെ എണ്ണം

## തന്ത്രം 4 — അങ്കണവാടിയിലെ കൗമാരക്ലബ്ബിന്റെ ശാക്തീകരണം (മാർഗ്ഗനിർദ്ദേശം 2.6)

എല്ലാ പെൺകുട്ടികളുടേയും വ്യക്തിത്വവികാസത്തിനും, ആത്മവിശ്വാസം വർദ്ധിപ്പിക്കുന്നതിനും, പങ്കാളിത്തത്തിനും സുരക്ഷിതത്വത്തിനും വേണ്ടി പൂർണ്ണ അവസരം ഒരുക്കുക. പെൺകുട്ടികളുടെ കൗമാര ക്ലബ്ബുകളെ പോലെ ആൺകുട്ടികളുടെ കൗമാര ക്ലബ്ബുകളും സംഘടിപ്പിക്കുകയും ശാക്തീകരിക്കുകയും വേണം. (കൂടുതൽ വിവരണത്തിന്. പങ്കാളിത്തം പ്രവർത്തനസഹായി, മേഖല 2, തന്ത്രം 1, 2 പരിശോധിക്കുക)

## തന്ത്രം 5 — അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി ശാക്തീകരണം

### കർമ്മപരിപാടികൾ

- അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റിയുടെ നിയമപരമായ രൂപീകരണവും മാനദണ്ഡം അനുസരിച്ചുള്ള പ്രവർത്തനവും ഒരുക്കുക(മാർഗ്ഗനിർദ്ദേശം 2.7)

- അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റിയുടെ വിശദമായ പ്രവർത്തനപരിപാടി തയ്യാറാക്കി എല്ലാ അങ്കണവാടികളിലും ലഭ്യമാക്കുക
- അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി പ്രവർത്തനം അവലോകനം ചെയ്ത് പഞ്ചായത്ത്/മുനിസിപ്പാലിറ്റി കമ്മിറ്റിക്ക് റിപ്പോർട്ട് ചെയ്യുക
- പോഷകാഹാര വിതരണം, വളർച്ച നിരീക്ഷണം, വിറ്റാമിൻ-എ വിതരണം, NPAG, അമ്മമാരുടെ യോഗങ്ങൾ എന്നിവയടക്കം സമയബന്ധിതമായും കൃത്യമായും പ്രവർത്തിക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുക
- പാചകനിലവാരവും അടുക്കള ശുചിത്വനിലവാരവും (മാലിന്യം, ഈർപ്പം, പൊടി, പുക) മോണിറ്റർ ചെയ്യുക

**അവലോകന സൂചകങ്ങൾ**

- ☞ എത്ര ശതമാനം അങ്കണവാടികളിൽ അങ്കണവാടിതല മോണിറ്ററിംഗ് & സപ്പോർട്ടിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്, കൃത്യമായി പ്രവർത്തിക്കുന്നുണ്ട്?
- ☞ എത്ര ശതമാനം അങ്കണവാടികളിൽ ജനകീയ സംഭാവനകളും സേവനങ്ങളും ലഭ്യമായിട്ടുണ്ട്?

| തന്ത്രം 6 | പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികൾക്ക് അങ്കണവാടികളിലോ ഇതര പ്രീ-സ്കൂളുകളിലോ പ്രവേശനം ഉറപ്പാക്കുക (മാർഗ്ഗനിർദ്ദേശം 2.8) |
|---|---|

**കർമ്മപരിപാടികൾ**

- പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെ അങ്കണവാടികളിൽ ചേർക്കുന്നത് കൊണ്ടുണ്ടാകുന്ന നേട്ടങ്ങളെക്കുറിച്ച് രക്ഷിതാക്കൾക്ക് ബോധവൽക്കരണം നൽകുക
- ഭിന്നശേഷിയുള്ള കുട്ടികളെ പരിചരിക്കുന്നതിനുള്ള നൈപുണീ പരിശീലനം അങ്കണവാടി വർക്കർമാർക്ക് നൽകുക
- മെന്റൽ റിട്ടാർഡേഷൻ, സെറിബ്രൽ പാൾസി, ഓട്ടിസം എന്നിവ ബാധിച്ച കുട്ടികൾക്ക് സകലിത പ്രീ-സ്കൂൾ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുക
- തീരദേശം, പട്ടികവർഗ്ഗ കോളനികൾ, ദരിദ്രവിഭാഗങ്ങൾ തിങ്ങിപാർക്കുന്ന ഇടങ്ങൾ എന്നിവിടങ്ങളിൽ അങ്കണവാടികൾ പ്രവർത്തിക്കുന്നു എന്ന് ഉറപ്പു വരുത്തുക

**അവലോകന സൂചകങ്ങൾ**

- ☞ എത്ര അങ്കണവാടികളിൽ പ്രത്യേക പരിഗണനയർഹിക്കുന്ന കുട്ടികളെ പ്രവേശിപ്പിച്ചിട്ടുണ്ട്?
- ☞ ഭിന്നശേഷിയുള്ള ഇളം പ്രായക്കാരിൽ എത്ര ശതമാനം പേർ പ്രീ-സ്കൂളിലോ അങ്കണവാടിയിലോ ചേർന്നിട്ടുണ്ട്?

# മേഖല 3

# ആരോഗ്യകരവും ശിശുസൗഹൃദവുമായ വിദ്യാലയം



**ഉദ്ദേശ്യം**

കുട്ടികളുടെ സർവ്വതോന്മുഖമായ വികസനത്തിനായി ആരോഗ്യകരവും സുരക്ഷിതവും ആയ പരിസ്ഥിതി വിദ്യാലയങ്ങളിൽ ഉറപ്പാക്കുക

**ലക്ഷ്യം**

വിദ്യാലയങ്ങളിൽ നിലവാരമുള്ള പശ്ചാത്തലസൗകര്യങ്ങളും പ്രവർത്തന സൗകര്യങ്ങളും ലഭ്യമാക്കുക

## തന്ത്രം 1 — വിദ്യാലയങ്ങളിൽ നിലവാരമുള്ള പശ്ചാത്തലസൗകര്യങ്ങളും പ്രവർത്തനസൗകര്യങ്ങളും ലഭ്യമാക്കുക (മാർഗ്ഗനിർദ്ദേശം 2.9)

### കർമ്മപരിപാടികൾ

- നിർദ്ദിഷ്ട നിലവാരങ്ങൾ പാലിച്ച് പശ്ചാത്തല നിർമ്മിതികൾ (ക്ലാസ്സ് റൂം, അടുക്കള, ലാബ്, ലൈബ്രറി, കളിസ്ഥലം, മതിലുകൾ, പെൺകുട്ടികൾക്ക് പ്രത്യേക ടോയ്‌ലറ്റ്, കുടിവെള്ളം, കൈ കഴുകാനുള്ള സൗകര്യം, മഴവെള്ള സംഭരണി എന്നിവ)
- സ്കൂൾ വികസനവും, മെയിന്റനൻസും മുൻകൂട്ടികണ്ട് 5 വർഷത്തെ ആസൂത്രണരേഖ തയ്യാറാക്കൽ ഉറപ്പാക്കുക
- വിദ്യാലയങ്ങളിലെ പശ്ചാത്തലം വികസിപ്പിക്കുന്നതിന് സാമൂഹ്യസംഘടനകൾ അദ്ധ്യാപക രക്ഷാകർത്തൃസംഘടന /പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മ (അങ്കണവാടികൾ, വിദ്യാലയങ്ങളിൽ പഠിച്ചവർ) തുടങ്ങിയവരുടെ സഹായം ഉപയുക്തമാക്കുക
- തടസ്സങ്ങൾ നിറഞ്ഞ  കെട്ടിടവും അപകടം നിറഞ്ഞ ചുറ്റുപാടും അവലോകനം ചെയ്ത് തടസ്സവിമുക്തമായ സംവിധാനങ്ങളൊരുക്കി ഒരു മാതൃകാ സ്കൂൾ പ്ലാൻ തയ്യാറാക്കുക (മാർഗ്ഗനിർദ്ദേശം 2.10)
- കുട്ടികൾക്ക് ആനുപാതികമായി നിർദ്ദിഷ്ട നിലവാരമുള്ള ടോയ്‌ലറ്റ് എല്ലാ വിദ്യാലയങ്ങളിലും ഒരുക്കുക (മാർഗ്ഗനിർദ്ദേശം 2.11)

### അവലോകന സൂചകങ്ങൾ

- ☞ എത്ര സ്കൂളുകൾ നിർദ്ദിഷ്ട നിലവാരമുള്ള പശ്ചാത്തല സൗകര്യം ഒരുക്കിയിട്ടുണ്ട് ?
- ☞ പഞ്ചായത്ത് എത്ര ശതമാനം തുക സ്കൂൾ മെയിന്റനൻസ് ഇനത്തിൽ നീക്കി വെച്ചിട്ടുണ്ട്?
- ☞ എത്ര സ്കൂളുകളിൽ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് ?

## തന്ത്രം 2 — എല്ലാ കുട്ടികൾക്കും സുരക്ഷിതവും, സംരക്ഷിതവുമായ വിദ്യാലയം

### കർമ്മപരിപാടികൾ

- കുട്ടികളെ സുരക്ഷിതമായി വിദ്യാലയത്തിൽ എത്തിക്കുന്നതിനുള്ള എല്ലാ യാത്രാസംവിധാനങ്ങളും ഒരുക്കുക (ഉദാ. റോഡ്, കടത്തുബോട്ട്,വള്ളം)(മാർഗ്ഗനിർദ്ദേശം 3.8)
- വിദ്യാലയത്തിനു ചുറ്റുമുള്ള (91.4 മീ) പ്രദേശം – 100 വാര – സുരക്ഷിതമേഖലയായി പ്രഖ്യാപിക്കുക (സീറോ സോൺ)
- എല്ലാ സ്കൂളുകളിലും വിജിലൻസ് കമ്മിറ്റികൾ രൂപീകരിക്കുക(മാർഗ്ഗനിർദ്ദേശം 3.13)
- പുസ്തകസഞ്ചിയുടെ ഭാരം കുറയ്ക്കാൻ തക്കവണ്ണം സ്കൂളിൽ കൊണ്ടുവരേണ്ട ടെക്സ്റ്റ് ബുക്കുകൾ, നോട്ടുബുക്കുകൾ, പ്രധാന പുസ്തകങ്ങൾ എന്നിവ വിവേകപൂർവ്വം അവശ്യാധിഷ്ഠിതമാക്കുക (മാർഗ്ഗനിർദ്ദേശം 2.12)
- വിദ്യാർത്ഥികളെ അത്യാഹിതങ്ങളിൽ നിന്നുള്ള സംരക്ഷണ സാധ്യതകളെ സംബന്ധിച്ച് ബോധവൽക്കരിക്കുക (തീ, വെള്ളപ്പൊക്കം, ഭൂമികുലുക്കം, ആക്രമണം)
- എല്ലാ സ്കൂളുകളിലും ഫസ്റ്റ് എയ്ഡ് സൗകര്യം ഉറപ്പു വരുത്തുക
- സ്കൂൾ കളിസ്ഥലങ്ങൾ ഭയരഹിതവും, അപകടസാധ്യത ഇല്ലാത്തതുമാക്കി സുരക്ഷിതമാക്കുക (മാർഗ്ഗനിർദ്ദേശം 2.13)

### അവലോകന സൂചകങ്ങൾ

- ☞ സുരക്ഷിത യാത്രാ സംവിധാനം ഏർപ്പെടുത്തിയിട്ടുള്ള സ്കൂളുകളുടെ എണ്ണം
- ☞ സ്കൂളുകളിലേക്കും തിരിച്ചുള്ളതുമായ യാത്രകളിൽ എത്ര കുട്ടികൾക്ക് അപകട മരണം സംഭവിച്ചിട്ടുണ്ട്?
- ☞ പ്രകൃതിക്ഷോഭ/അത്യാഹിത നിവാരണത്തെ സംബന്ധിച്ച് അറിവുള്ള കുട്ടികളുടെ എണ്ണം
- ☞ സുരക്ഷിതമായ കളിസ്ഥലവും കളിയുപകരണങ്ങളും എത്ര സ്ഥലങ്ങളിൽ ഉണ്ട്?

## തന്ത്രം 3 — 5–14 വയസ്സുള്ള കുട്ടികൾക്ക് വിദ്യാലയങ്ങളിലെ ഫലപ്രദമായ ഉച്ചഭക്ഷണ പരിപാടി (മാർഗ്ഗനിർദ്ദേശം 2.14)

### കർമ്മപരിപാടികൾ

- മാർഗ്ഗനിർദ്ദേശം അനുസരിച്ച് നിലവാരമുള്ള അടുക്കളയും നിലവാരമുള്ള ഭക്ഷണവും ലഭ്യമാക്കുക
- അർഹരായ എല്ലാ കുട്ടികൾക്കും നിലവാരമുള്ള ഭക്ഷണം മുടക്കം കൂടാതെ ലഭിക്കുന്നുണ്ടോയെന്നും പരിശീലനം ലഭിച്ച പാചകക്കാരുടെ സേവനം ഉണ്ടെന്നും ഉറപ്പു വരുത്തുക
- പാചകക്കാർ രോഗം ബാധിച്ചവരല്ലെന്നുള്ള മെഡിക്കൽ സർട്ടിഫിക്കറ്റ് നിർബന്ധമാക്കുക
- കൈകഴുകുന്ന സ്ഥലം വൃത്തിയായി സൂക്ഷിക്കുകയും, കുടിക്കുന്നതിനുള്ള ശുദ്ധജല ലഭ്യത ഉറപ്പു വരുത്തുകയും ചെയ്യുക

- സ്കൂളിൽ പച്ചക്കറി കൃഷിയും, പൂന്തോട്ടം വളർത്തലും പ്രോത്സാഹിപ്പിക്കുക
- സ്കൂൾ മാനേജ്മെന്റ് സമിതി രൂപീകരിക്കുകയും അതിൽ കുട്ടികളുടേയും, പിടിഎയുടേയും പങ്കാളിത്തം ഉറപ്പു വരുത്തുകയും ചെയ്യുക
- സ്കൂൾമാനേജ്മെന്റ് സമിതി ഓരോ ദിവസത്തെയും ഭക്ഷണരീതി ചിട്ടപ്പെടുത്തുക, പരിശോധിക്കുക
- അനുപൂരക പോഷാഹാര പരിപാടിക്കാവശ്യമായ ഫണ്ട് പഞ്ചായത്ത് കമ്മിറ്റി ആവശ്യാനുസരണം ലഭ്യമാക്കുക
- ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റികളുടെ നേതൃത്വത്തിൽ എല്ലാ സ്കൂളുകളിലും സന്ദർശനം നടത്തി എല്ലാ കുട്ടികൾക്കും നിലവാരമുള്ള ഉച്ച ഭക്ഷണം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
- കുട്ടികളുടെ പങ്കാളിത്തത്തോടെ സോഷ്യൽ ഓഡിറ്റ് നടത്തുക
- പി.ടി.എ, എം.പി.ടി.എ, പൂർവ്വ വിദ്യാർത്ഥി സംഘടന എന്നിവരുടെ സഹകരണത്തോടെ ഉച്ച ഭക്ഷണം കുറ്റമറ്റതാക്കുക

### അവലോകന സൂചകങ്ങൾ

- നിലവാരമുള്ള അടുക്കളകളുള്ള വിദ്യാലയങ്ങളുടെ എണ്ണം/ശതമാനം
- ശുദ്ധമായ കുടിവെള്ളം ലഭ്യമായിട്ടുള്ള വിദ്യാലയങ്ങളുടെ എണ്ണം
- സ്ക്കൂൾ ഉച്ചഭക്ഷണ പരിപാടിയിൽ ഉൾപ്പെടാത്ത കുട്ടികളുടെ എണ്ണം (കാരണസഹിതം)
- ശുചിത്വമുള്ള അടുക്കളയാക്കാൻ നടത്തിയ നടപടികളുടെ എണ്ണം

## തന്ത്രം 4 — മാലിന്യസംസ്ക്കരണത്തെ കുറിച്ച് സാമൂഹികവബോധം സൃഷ്ടിക്കുക(മാർഗ്ഗനിർദ്ദേശം 2.15)

- സമ്പൂർണ്ണ മാലിന്യ നിർമാർജ്ജന പരിപാടി- ഫലവത്തായ മാലിന്യ നിർമാർജ്ജന രീതികൾ കുട്ടികളിൽ വളർത്തുക
- മാലിന്യങ്ങൾ -ജൈവമാലിന്യം, പുനർ ഉപയോഗ സാധ്യതയുള്ളതും അല്ലാത്തതുമായ പാഴ്വസ്തുക്കൾ എന്നിങ്ങനെ തരംതിരിക്കുന്നതിനുള്ള ശീലം രൂപപ്പെടുത്തുക
- വിദ്യാലയത്തിന്റെ ഹരിതവൽക്കരണം സാദ്ധ്യമാക്കുന്ന പോഷണത്തോട്ടങ്ങൾ, പൂന്തോട്ടങ്ങൾ, വനവൽക്കരണം തുടങ്ങിയവ നടപ്പിലാക്കുക
- ജൈവമാലിന്യ നിർമ്മാർജ്ജന മാതൃകകൾ ബോധ്യപ്പെടുത്തുന്ന പദ്ധതികൾ ഉണ്ടാക്കി കുട്ടികളിൽ മാലിന്യ നിർമ്മാർജ്ജന ശീലം വളർത്തിയെടുക്കുക
- മാലിന്യ സംസ്കരണത്തിനായി എല്ലാ സ്കൂളുകളിലും ബയോഗ്യാസ് പ്ലാന്റുകളോ മറ്റു മാലിന്യ നിർമ്മാർജ്ജന സംവിധാനങ്ങളോ സ്ഥാപിക്കുക

- പെൺകുട്ടികളുടെ ടോയ്‌ലറ്റിനോട് ചേർന്ന് ഇൻസിനെറേറ്റർ സ്ഥാപിക്കുക
- മാലിന്യ സംസ്ക്കരണത്തിനായി അയൽകൂട്ടങ്ങളുടെ ഒരു സമിതി രൂപീകരിക്കുക

**അവലോകന സൂചകങ്ങൾ**

- ബയോഗ്യാസ് പ്ലാൻറുകൾ ഉള്ള സ്കൂളുകളുടെ എണ്ണം
- ഹരിതവിദ്യാലയ പ്രവർത്തനം നടത്തുന്ന സ്കൂളുകളുടെ എണ്ണം

| തന്ത്രം 5 | സ്കൂൾ ആരോഗ്യപോഷണ പരിപാടി (മാർഗ്ഗനിർദ്ദേശം 2.16) (പ്രവർത്തനസഹായി, സംരക്ഷണം, മേഖല 4, തന്ത്രം1) |
|---|---|

**കർമ്മപരിപാടി**

- ദേശീയ ആരോഗ്യപരിപാടിയുമായി സഹകരിച്ച് സ്കൂൾ ആരോഗ്യപരിപാടി സംഘടിപ്പിക്കുക
- വ്യായാമത്തിന്റെ പ്രാധാന്യത്തെ കുറിച്ചും അനാരോഗ്യകരമായ കൃത്രിമ രുചിഭക്ഷണത്തിന്റെ (junkfood) അപകടത്തെ കുറിച്ചും കുട്ടികളെ ബോധവൽക്കരിക്കുക
- എല്ലാ വിദ്യാർത്ഥികളുടെയും ബിഎംഐ (BMI) വിലയിരുത്തി ഹെൽത്ത്കാർഡിൽ രേഖപ്പെടുത്തുകയും തുടർ നടപടികൾ എടുക്കുകയും ചെയ്യുക
- വിളർച്ച പരിഹരിക്കുന്നതിന് കൗമാരപ്രായക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും WIFS പരിചരണം നടപ്പാക്കൽ
- കൗമാര പ്രായക്കാരായ പെൺകുട്ടികൾക്കുള്ള റുബെല്ലാ വാക്സിൻ കൊടുക്കുക
- ARSH ന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുക
- എല്ലാ വിദ്യാർത്ഥികൾക്കും മാനസിക ആരോഗ്യ കൗൺസലിംഗ് ലഭ്യമാക്കണം
- അപായകരമായ ലൈംഗിക രീതികളെ കുറിച്ച് അവബോധം സൃഷ്ടിക്കുക

**അവലോകന സൂചകങ്ങൾ**

- ഹെൽത്ത് കാർഡുള്ളതും ക്രമമായി പുതുക്കുന്നതും അതിന്റെ അടിസ്ഥാനത്തിൽ സേവനം ലഭിക്കുന്നതുമായ കുട്ടികളുടെ എണ്ണം
- എത്ര ശതമാനം സ്കൂൾ കുട്ടികൾ WIFS ഗുണഭോക്താക്കളാണ് ?

| തന്ത്രം 6 | വിദ്യാർത്ഥി കൗൺസിൽ /സ്കൂൾ പാർലമെന്റ് സംഘടിപ്പിക്കുക |
|---|---|

**കർമ്മപരിപാടി**

- വിദ്യാഭ്യാസ വകുപ്പിന്റെ നിർദ്ദേശാനുസരണം സ്കൂൾ പാർലിമെന്റ് രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കുക
- നിർദ്ദേശാനുസരണം കുട്ടികളുടെ ക്ലബ്ബുകളിൽ വിഷയാടിസ്ഥിതപ്രവർത്തനങ്ങൾ സംഘടിപ്പിക്കുക (മാർഗ്ഗ നിർദ്ദേശം 4.7)



അവലോകന സൂചകങ്ങൾ

- എത്ര സ്കൂളുകളിൽ പ്രവർത്തനസജ്ജമായ സ്കൂൾ പാർലമെന്റ് ഉണ്ട്?
- സ്കൂൾ പാർലമെന്റിൽ നിന്നും ഉയർന്നുവരുന്നതും യഥാസമയം പരിഹരിക്കപ്പെടുന്നതുമായ പ്രശ്നങ്ങളും പ്രശ്നപരിഹാരത്തിന് എടുക്കുന്ന കാലാവധിയും

# മേഖല 4

# എല്ലാ കുട്ടികൾക്കും നിർബ്ബന്ധിത വിദ്യാഭ്യാസം



**ഉദ്ദേശ്യം**

18 വയസു വരെ പ്രായമുള്ള എല്ലാ കുട്ടികളും വിദ്യാലയത്തിൽ ചേർന്ന് പഠനം തുടരുന്നുവെന്ന് ഉറപ്പു വരുത്തുക

**ലക്ഷ്യങ്ങൾ**

- 5 വയസ്സിന് മുകളിലുള്ള എല്ലാ കുട്ടികളും വിദ്യാലയത്തിൽ ചേർന്ന് 18 വയസ്സ് വരെ പഠനം തുടരുന്നുവെന്ന് ഉറപ്പു വരുത്തുക
- എല്ലാ സ്കൂളുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബാലസൗഹൃദാന്തരീക്ഷമുള്ള വിദ്യാഭ്യാസം ലഭിക്കുന്നുവെന്ന് ഉറപ്പ് വരുത്തുക
- സ്കൂൾ കൊഴിഞ്ഞുപോക്ക് പൂർണ്ണമായി തടയുക

**6 മുതൽ 14 വയസ്സ് വരെയുള്ള കുട്ടികൾക്ക് പ്രായാനുസൃതമായ ക്ലാസ്സുകളിൽ തങ്ങളുടെ പ്രദേശത്ത് പ്രാപ്യമായ രീതിയിൽ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസം ഉറപ്പാക്കണമെന്ന് വിദ്യാഭ്യാസ അവകാശ നിയമം നിഷ്കർഷിക്കുന്നു. 18 വയസ്സുവരെയുള്ള എല്ലാ കുട്ടികൾക്കും സ്കൂൾ വിദ്യാഭ്യാസം ഉറപ്പാക്കുന്നതിന് ആവശ്യമായ പരിശ്രമങ്ങൾ നടത്തേണ്ടതാണെന്ന് ഉദ്ബോധിപ്പിക്കുക**

## തന്ത്രം 1

5 വയസ്സിനുമുകളിലുള്ള എല്ലാ കുട്ടികളും വിദ്യാലയങ്ങളിൽ ചേർന്നിട്ടുണ്ട് എന്ന് ഉറപ്പു വരുത്തുക (മാർഗ്ഗനിർദ്ദേശം 2.17)

**കർമ്മപരിപാടികൾ**

- വാർഡിലെ മുഴുവൻ കുട്ടികളുടെയും അവർ പഠിക്കുന്ന സ്ഥാപനങ്ങളുടെയും വിവരങ്ങൾ അങ്കണവാടി വർക്കർമാരുടെ സഹായത്തോടെ ശേഖരിച്ച് വില്ലേജ് എഡ്യുക്കേഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തി പുതുക്കുക
- പഞ്ചായത്ത്/മുനിസിപ്പൽ വിദ്യാഭ്യാസ കമ്മിറ്റിയുടെ സഹായത്തോടെ സ്കൂളിൽ ചേർന്നവരുടെയും കൊഴിഞ്ഞ് പോയവരുടെയും വിവരങ്ങൾ പഞ്ചായത്ത്/മുനിസിപ്പൽ അടിസ്ഥാനത്തിൽ തയ്യാറാക്കുക
- പഞ്ചായത്ത്/മുനിസിപ്പൽ വിദ്യാഭ്യാസ കമ്മിറ്റിയുടെ നേതൃത്വത്തിൽ സമീപ പ്രദേശത്തുള്ള എല്ലാ സ്കൂളുകളിലെയും പ്രധാന അദ്ധ്യാപകരെ വിളിച്ചു വരുത്തി 100 ശതമാനം കുട്ടികളുടെയും വിദ്യാലയപ്രവേശനം ഉറപ്പു വരുത്തുക(മാർഗ്ഗനിർദ്ദേശം 2.18)
- പട്ടികവർഗ്ഗക്കാരായ കുട്ടികൾ, ഇതര സംസ്ഥാന തൊഴിലാളികളുടെ മക്കൾ, ഭിന്നശേഷിക്കാരായ കുട്ടികൾ, തീരദേശത്തെ കുട്ടികൾ, മറ്റു ദുർബ്ബലവിഭാഗങ്ങളിൽപെടുന്നവരുടെ മക്കൾ

- എന്നിവരുടെ സ്കൂൾ പഠനം പ്രത്യേകം നിരീക്ഷിക്കുകയും സഹായ പ്രവർത്തനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക
- എല്ലാ വർഷവും കുട്ടികളുടെ അവസ്ഥാ വിവരണ റിപ്പോർട്ട് തയ്യാറാക്കുകയും പദ്ധതിരേഖ യിൽ ഉൾപ്പെടുത്തുകയും ചെയ്യുക (പ്രവർത്തനസഹായി, പങ്കാളിത്തം മേഖല 4, തന്ത്രം 5)
- കുട്ടികളുടെ അവസ്ഥാ വിവരണ പോസ്റ്റർ തയ്യാറാക്കുകയും പൊതുസ്ഥലങ്ങളിലും സ്ഥാപ നങ്ങളിലും പ്രദർശിപ്പിക്കുകയും വർഷം തോറും പുതുക്കുകയും ചെയ്യുക

**അവലോകന സൂചകങ്ങൾ**

- ☞ 6 വയസ്സിനു മുകളിലുള്ള എത്ര ശതമാനം കുട്ടികൾ വയസ്സിനനുസരിച്ചുള്ള ക്ലാസ്സുകളിൽ പ്രവേശിപ്പിക്കുകയും ഹാജർ നിലനിർത്തുകയും ചെയ്തിട്ടുണ്ട്?
- ☞ ഹയർ സെക്കണ്ടറി, ഹൈസ്കൂൾ, എലിമെന്ററി/പ്രീ-സ്കൂൾ എന്നിവയിൽ ചേരുന്ന കുട്ടി കൾ മൊത്തം കുട്ടികളുടെ എത്ര അനുപാതം?
- ☞ മേൽ പറഞ്ഞ പഠന സ്ഥാപനങ്ങളിലെ കൊഴിഞ്ഞ് പോക്ക് നിരക്ക് എത്ര?
- ☞ സ്കൂളുകളിൽ പഞ്ചായത്ത്/മുനിസിപ്പൽ വിദ്യാഭ്യാസകമ്മിറ്റി എല്ലാ സ്കൂളുകളുടേയും പങ്കാളിത്തത്തോടെ എത്ര തവണ കൂടി ?

| തന്ത്രം 2 | കുട്ടികളുടെ തുടർപഠനം മോണിറ്റർ ചെയ്യുന്നതിനായി ഡ്രോപ്പ് ഔട്ട് എലിമിനേഷൻ കമ്മിറ്റി രൂപീകരിക്കുക (മാർഗ്ഗനിർദ്ദേശം 2.19) |
|---|---|

**കർമ്മപരിപാടികൾ**

- നിയമാനുസൃതമായി പി.ടി.എ/എം.പി.ടി.എ/എസ്.എം.സി എന്നിവ രൂപീകരിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുക (മാർഗ്ഗനിർദ്ദേശം 2.20)
- ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഒരു സബ് കമ്മിറ്റിയായി ഡ്രോപ്പ് ഔട്ട് എലി മിനേഷൻ കമ്മിറ്റി രൂപീകരിക്കുകയും കുട്ടികളെ സ്കൂളിൽ തിരികെ കൊണ്ടു വരുന്നതിനും നിലനിർത്തുന്നതിനുമുള്ള പരിശ്രമങ്ങൾ നിരീക്ഷിക്കുകയും ചെയ്യുക
- സ്കൂൾ കൊഴിഞ്ഞുപോക്ക്, വിട്ടുനിൽപ്പ് ഇവ തടയുന്നതിനായി തദ്ദേശഭരണസ്ഥാപന ത്തിന് കീഴിൽ വരുന്ന സ്കൂളിലെ കുട്ടികളുടെ പ്രതിനിധികൾ, ബാലസഭ, കുമാരി ക്ലബ്ബ്, സ്കൂൾ ക്ലബ്ബ് തദ്ദേശതല കുട്ടികളുടെ വികസന കമ്മിറ്റിയിലെ പ്രതിനിധികൾ എന്നിവ രെല്ലാം ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുമായി യോഗം ചേർന്ന് ഉചിത നടപടി കൾ സ്വീകരിക്കുക
- സ്കൂളിലെ വിദ്യാർത്ഥികളുടെ വിട്ടുനിൽക്കൽ സംബന്ധിച്ച വിവരങ്ങൾ വാർഡുതോറും ശേഖരിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും പരിഹാര ഇടപെടലുകൾ നടത്തുകയും ചെയ്യുക (മാർഗ്ഗനിർദ്ദേശം 2.21)

**അവലോകന സൂചകങ്ങൾ**

- ☞ എത്ര സ്കൂളുകളിൽ കൊഴിഞ്ഞുപോക്ക് വിഷയമാക്കി പി.ടി.എ പൊതുയോഗം നടത്തി യിട്ടുണ്ട്?

- എത്ര കൊഴിഞ്ഞു പോയ കുട്ടികളെ സ്കൂളിൽ തിരിച്ച് എത്തിച്ചു?
- സ്റ്റാന്റിംഗ് കമ്മിറ്റികൾ കുട്ടികളുടെ വികസനകമ്മിറ്റിയുമായി ചേർന്ന് എത്ര മീറ്റിംഗുകൾ നടത്തി?

| തന്ത്രം 3 | തീരപ്രദേശം, പട്ടികജാതി-പട്ടിക വർഗ്ഗ അവികസിത മേഖലകളിൽ സ്കൂൾ ഹാജർ നില ഉയർത്തുവാൻ സമൂഹത്തെയും രക്ഷിതാക്കളെയും പ്രേരിപ്പിക്കുക |
|---|---|

### കർമ്മപരിപാടികൾ

- പട്ടികവർഗ്ഗ സ്കൂളുകളിലേയും ഹോസ്റ്റലുകളിലേയും പ്രവർത്തനങ്ങളിൽ മാതാപിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക
- വിദ്യാലയത്തിൽ നിന്നും കുട്ടികൾ നീണ്ടകാലം വിട്ടുനിൽക്കുന്നത് കുറയ്ക്കുവാൻ അത്തരം സീസണുകളുടെ കലണ്ടർ തയ്യാറാക്കുക
- സ്കൂൾതല മത്സരങ്ങളിൽ പട്ടികവർഗ്ഗവിഭാഗത്തിന്റെ തനതായ കലകളും കായികവിനോദങ്ങളും ഉൾപ്പെടുത്തുക
- അർഹരായ എല്ലാ കുട്ടികൾക്കും സ്റ്റൈപ്പന്റ് യഥാസമയം ലഭ്യമാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
- തൊഴിലാഭിമുഖ്യ പരിശീലനങ്ങൾ നൽകി തൊഴിൽ സാദ്ധ്യത വളർത്തുക
- ട്യൂഷന് പുറമെ പരിഹാരബോധനം വഴി വിദ്യാഭ്യാസക്ഷമത വർദ്ധിപ്പിക്കുക
- ഹോസ്റ്റലുകളിൽ കുട്ടികളുടെ പങ്കാളിത്താവകാശം ഉയർത്തുന്നതിന് കൗമാരക്ലബ്ബുകൾ രൂപീകരിക്കുക
- കുട്ടികൾക്ക് സദ്പ്രേരണകളും മാർഗ്ഗനിർദ്ദേശങ്ങളും നൽകുന്നതിന് പട്ടികവർഗ്ഗപ്രമോട്ടറെയും യോഗ്യരായ മറ്റാരെയെങ്കിലുമോ മാർഗ്ഗദർശികളായി ചുമതലപ്പെടുത്തുക

### അവലോകന സൂചകങ്ങൾ

- എത്ര സ്കൂളുകളിൽ പി.ടി.എ പൊതുയോഗം നടത്തപ്പെട്ടു?
- സ്കൂൾ യോഗങ്ങളിൽ പഞ്ചായത്ത് അംഗങ്ങൾ പങ്കെടുത്ത സ്കൂളുകളുടെ ശതമാനം എത്ര?
- പട്ടികവർഗ്ഗ ഹോസ്റ്റലുകളിലെ യോഗങ്ങളിൽ മാതാപിതാക്കളുടെ ഹാജർനില
- എത്ര ഹോസ്റ്റലുകളിൽ കൗമാരക്ലബ്ബുകൾ രൂപീകരിച്ചു?
- പിന്നോക്കവിഭാഗത്തിൽപ്പെട്ട എത്ര ശതമാനം കുട്ടികൾ 85% നുമേൽ സ്കൂൾ ഹാജർ നേടിയിട്ടുണ്ട്?
- എത്ര ശതമാനം കുട്ടികൾക്ക് സ്കോളർഷിപ്പുകളും സ്റ്റൈപ്പൻഡുകളും യഥാസമയം ലഭ്യമായിട്ടുണ്ട് ?

| തന്ത്രം 4 | എല്ലാ കുട്ടികൾക്കിടയിലും ക്രമമായ ഹാജർനില ഉറപ്പാക്കുക (കുട്ടികളുടെ സ്കൂൾ വിട്ടുനിൽപ്പ് കുറയ്ക്കുകയും കൊഴിഞ്ഞ് പോക്ക് ഇല്ലാതാക്കുകയും ചെയ്യുക) |
|---|---|

**കർമ്മപരിപാടികൾ**

- 1 മുതൽ 4 വയസ്സുവരെയുള്ള കുട്ടികളുടെ അടിസ്ഥാന കഴിവുകൾ വിലയിരുത്തുകയും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന എല്ലാ കുട്ടികൾക്കും പ്രത്യേകമായ ക്ലാസ്സുകളും ക്യാമ്പുകളും സംഘടിപ്പിച്ച് നിലവാരതോത് ഉയർത്തുക (മാർഗ്ഗനിർദ്ദേശം 2.22)
- എല്ലാ കുട്ടികൾക്കും ചുരുങ്ങിയത് 85% ഹാജർ ഉറപ്പുവരുത്തുക
- എല്ലാ സ്കൂളുകളിലും ലിംഗസമത്വവും പെൺകുട്ടിസൗഹൃദവും ഉണ്ടോ എന്ന് പരിശോധിച്ച് ഉറപ്പാക്കുക
- ക്ലാസ്സ് ടീച്ചറും, പഞ്ചായത്ത് മെമ്പറും, പി ടി എ പ്രസിഡന്റും, വിദ്യാർത്ഥി പ്രതിനിധിയും തമ്മിൽ വിവരവിനിമയ ബന്ധം സ്ഥാപിക്കുക
- കുട്ടികൾക്ക് ശാരീരികശിക്ഷ നൽകുന്നില്ലെന്ന് നിരീക്ഷിച്ച് ഉറപ്പാക്കുക (മാർഗ്ഗനിർദ്ദേശം 3.14) അദ്ധ്യാപകർക്ക് പരിശീലനം നൽകുക
- ദരിദ്രകുടുംബങ്ങളിലെ കുട്ടികൾക്ക് ആവശ്യമായ പ്രഭാതഭക്ഷണം, സ്കൂൾ സമയം കഴിഞ്ഞുള്ള പഠനസഹായം, സ്പോൺസർഷിപ്പ് എന്നീ സേവനങ്ങൾ നൽകുന്നതിനുള്ള പ്രത്യേക പാക്കേജ് ഏർപ്പെടുത്തുക
- സ്കൂൾ കൊഴിഞ്ഞുപോക്കിന് കാരണമാകാവുന്ന പഠന പിന്നോക്കാവസ്ഥ ഉള്ള കുട്ടികൾക്ക് പഠന പരിഹാര ബോധനം, മെച്ചപ്പെട്ടബോധന മാർഗ്ഗങ്ങൾ, കൗൺസലിംഗ് തുടങ്ങിയവ ഏർപ്പെടുത്തുക
- മാതാപിതാക്കളും വിദ്യാലയവും തമ്മിലുള്ള ബന്ധവും വിനിമയങ്ങളും മെച്ചപ്പെടുത്തുക

**അവലോകന സൂചകങ്ങൾ**

☞ പ്രായാനുസൃതമായ ലിംഗ-സാമൂഹിക തരംതിരിച്ചുള്ള ഹാജർനില

☞ പ്രൈമറി, സെക്കണ്ടറി സ്കൂളുകളിൽ ലിംഗാനുപാതം കണക്കാക്കുക (പെൺകുട്ടികളുടെയും ആൺകുട്ടികളുടെയും അനുപാതം)

☞ ശാരീരികശിക്ഷ കുറയ്ക്കുന്നതിന് വേണ്ടി എത്ര പരിശീലനം നടത്തി?

| തന്ത്രം 5 | ഭിന്നശേഷിയുള്ള കുട്ടികൾക്ക് പൊതുവിദ്യാലയത്തിൽ പ്രവേശനം ഉറപ്പാക്കുക (സകലിത വിദ്യാഭ്യാസം) |
|---|---|

**കർമ്മപരിപാടികൾ**

- ക്ലാസ്സ് മുറികളിലെ പെരുമാറ്റം ഭിന്നശേഷി സൗഹൃദമാക്കുക
- സകലിത വിദ്യാഭ്യാസം കൈകാര്യം ചെയ്യുന്നതിനുള്ള പ്രാവീണ്യ പരിശീലനം അദ്ധ്യാപകർക്ക് ലഭിച്ചിട്ടുണ്ട് എന്ന് ഉറപ്പാക്കുക

- പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ ഭിന്നശേഷിയുള്ളവരുടെ സമ്പൂർണ്ണവിവരശേഖരണവും സ്ഥിതിവിവരകണക്കുകളും ശേഖരിക്കുക (മാർഗ്ഗനിർദേശം 2.23)
- ഓരോ സ്കൂളിലും അംഗപരിമിതിയുടെ തോത്, തരം എന്നിവ അനുസരിച്ച് തരംതിരിക്കുക
- ഭിന്നശേഷിയുള്ള കുട്ടികൾക്ക് അനുയോജ്യവും പ്രാപ്യവുമായ വിദ്യാലയങ്ങളിൽ പ്രവേശനം ഉറപ്പാക്കുക
- സ്റ്റൈപ്പന്റ്, സ്കോളർഷിപ്പ്, വാഹനസൗകര്യം എന്നിവ ഭിന്നശേഷിയുള്ള കുട്ടികൾക്ക് ലഭ്യമാക്കുക
- സഹായഉപകരണങ്ങൾ വിദ്യാഭ്യാസ വർഷത്തിന്റെ ആരംഭത്തിൽ തന്നെ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുക

**അവലോകനസൂചകങ്ങൾ**

☞ സാധാരണ വിദ്യാലയങ്ങളിൽ പ്രവേശിക്കപ്പെട്ട ഭിന്നശേഷിക്കാരായ കുട്ടികളുടെ എണ്ണം, ശതമാനം

☞ സ്റ്റൈപ്പന്റ്, പെൻഷൻ, സ്കോളർഷിപ്പ് എന്നിവ അർഹരായ എത്ര കുട്ടികൾക്ക് ലഭിച്ചു?

## തന്ത്രം 6 — പൊതു വിദ്യാലയങ്ങളിൽ പഠിക്കാൻ കഴിയാത്ത കുട്ടികൾക്ക് സവിശേഷവിദ്യാഭ്യാസം

**കർമ്മപരിപാടികൾ**

- വിദ്യാലയങ്ങളിൽ പഠിക്കാൻ കഴിയാത്ത ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പരാമർശ സേവനം ഉറപ്പാക്കുക
- ജില്ലാ, ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകളുടെയും ഇതര സംവിധാനങ്ങളുടെയും സഹായത്തോടെ ഭിന്നശേഷിയുള്ള കുട്ടികൾക്കായി സമഗ്രചികിത്സാ (തെറാപ്പി) സേവനങ്ങൾ ക്രമീകരിക്കുക
- പൊതുവിദ്യാലയങ്ങളിൽ ചേരാൻ കഴിയാത്തവർക്ക് അനുയോജ്യമായ പ്രത്യേക വിദ്യാലയങ്ങളിൽ പ്രവേശിപ്പിക്കുക
- കിടപ്പുരോഗികളായ സ്കൂൾ പ്രായക്കാർക്ക് എസ്.എസ്.എ അദ്ധ്യാപകരെ ഉപയോഗിച്ച് ഗൃഹസമ്പർക്ക വിദ്യാഭ്യാസം ഉറപ്പുവരുത്തുക (മാർഗ്ഗനിർദ്ദേശം 2.24)

**അവലോകന സൂചകങ്ങൾ**

☞ ഭിന്നശേഷിയുള്ള എത്ര കുട്ടികൾ സാധാരണ സ്കൂളുകളിൽ പഠിക്കുന്നുണ്ട്?

☞ എത്ര കുട്ടികൾ പ്രത്യേക വിദ്യാലയങ്ങളിൽ പഠിക്കുന്നുണ്ട്?

☞ കിടപ്പുരോഗികളായ എത്ര സ്കൂൾ പ്രായക്കാർക്ക് റിസോഴ്സ് അദ്ധ്യാപകരെ ഉപയോഗിച്ച് ഗൃഹസമ്പർക്ക വിദ്യാഭ്യസം നൽകിയിട്ടുണ്ട്?



## തന്ത്രം 7 ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പാക്കൽ

### കർമ്മപരിപാടികൾ

- ഓരോ വാർഡിലും താമസിക്കുന്ന ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികളുടെ സമഗ്രമായ വിവരശേഖരണം നടത്തി പഞ്ചായത്തുതലത്തിൽ ക്രോഡീകരിക്കുക
- സ്കൂൾ അധികാരികൾ, കരാറുകാർ, മാതാപിതാക്കൾ എന്നിവരെ പ്രേരിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള യോഗങ്ങൾ നടത്തുക
- വിദ്യാഭ്യാസ നിയമപ്രകാരം ഇതരസംസ്ഥാന കുട്ടികൾക്ക് പ്രായത്തിനനുസരിച്ചുള്ള ക്ലാസുകളിൽ പ്രവേശനം ഉറപ്പു വരുത്തുക
- വ്യത്യസ്തഭാഷാ വിദഗ്ധരായ അദ്ധ്യാപകരെ കണ്ടെത്തി അവരുടെ സേവനം ഉപയോഗിച്ച് വിദ്യാഭ്യാസ പ്രവർത്തനം നടത്തുക
- 18 വയസ്സിനു താഴെയുള്ള ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികൾക്കും മുതിർന്നവർക്കും അനൗപചാരിക വിദ്യാഭ്യാസം ലഭ്യമാക്കുക
- ഇതരസംസ്ഥാനക്കാരിൽ നിന്നും അനുയോജ്യരായ വിദ്യാഭ്യാസമുള്ള വളണ്ടിയർമാരെ കണ്ടെത്തി വിദ്യാഭ്യാസ സേവനത്തിന് ഉപയോഗിക്കുക

### അവലോകന സൂചകങ്ങൾ

- പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഇതര സംസ്ഥാന കുട്ടികളുടെ എണ്ണം
- എത്ര ശതമാനം ഇതര സംസ്ഥാന കുട്ടികളിൽ 5 വയസ്സിനു താഴെയുളളവർ അങ്കണവാടികളിലും, 6-14 വയസ്സിലുളളവർ സ്കൂളുകളിലും, 14-18 കൗമാര ക്ലബ്ബുകളിലും പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ട്. കൗമാരക്ലബ്ബ് അംഗങ്ങൾക്ക് ജീവിത നൈപുണി വിദ്യാഭ്യാസം ലഭ്യമായോ?
- ഈ കുട്ടികളെ പൊതു സാമൂഹ്യധാരയിലേക്കും വിദ്യാഭ്യാസത്തിലേക്കും നയിക്കുന്നതിന് നടത്തിയ പ്രചാരണ പരിപാടികളുടെ എണ്ണം
- പ്രായത്തിനനുസരിച്ചുള്ള ക്ലാസുകളിൽ പ്രവേശനം നിഷേധിച്ച കുട്ടികളുടെ എണ്ണം

## മേഖല 5

# കുട്ടികളുടെ പോഷണ നിലവാരവും കായികക്ഷമതയും



**ഉദ്ദേശ്യം**

കുട്ടികളുടെ പോഷണാവസ്ഥ മെച്ചപ്പെടുത്തൽ

**ലക്ഷ്യം**

കുട്ടികളിലെ ന്യൂനപോഷണം ഇല്ലാതാക്കൽ

### തന്ത്രം 1 — അമ്മമാർക്കും കുഞ്ഞുങ്ങൾക്കും ദേശീയമാനദണ്ഡമനുസരിച്ച് പരിചരണ സേവനങ്ങൾ ഉറപ്പാക്കുക (മാർഗ്ഗനിർദ്ദേശം 2.25)

**കർമ്മപരിപാടികൾ**

- തദ്ദേശഭരണസ്ഥാപന പരിധിയിൽപെട്ട എല്ലാ ആരോഗ്യസ്ഥാപനങ്ങളും ബാലസൗഹൃദമാക്കാനുള്ള നടപടികൾ സ്വീകരിക്കുക (മാർഗ്ഗനിർദ്ദേശം 2.26)
- രണ്ട് വയസ്സിന് മുമ്പു തന്നെ എല്ലാ കുട്ടികൾക്കും പ്രതിരോധ കുത്തിവെയ്പ്പ് പൂർണ്ണമാക്കുക
- എല്ലാ അങ്കണവാടികൾക്കും സ്കൂളുകൾക്കും ഉയര-തൂക്ക ഉപകരണങ്ങൾ നൽകുക
- വളർച്ചാനുപാതികമായ ആരോഗ്യമില്ലാത്തവരെ നിലവാരത്തിലേക്കെത്തിക്കുന്നതിന് ആരോഗ്യസ്ഥിതി നിർണ്ണയവും ആവശ്യകാർക്ക് വിശേഷ പരാമർശസേവനവും (റഫറൽ) ഏർപ്പെടുത്തുക
- വർഷത്തിലൊരിക്കലെങ്കിലും ആരോഗ്യ പരിശോധന ഉറപ്പാക്കുക
- അനുപൂരകപോഷക ഘടകമായ IFA ലഭ്യമാക്കുക
- ആരോഗ്യ വിദ്യാഭ്യാസവും, ആരോഗ്യനിലവാര സേവനങ്ങളും സംഘടിപ്പിക്കുക
- ഹെൽത്ത് കാർഡുകളും മറ്റു ആരോഗ്യരേഖകളും ചിട്ടപ്പെടുത്തുക
- രേഖകളും മരുന്നും സൂക്ഷിക്കുന്നതിന് അലമാരകൾ ലഭ്യമാക്കുക
- സ്കൂളുകളിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തുക

**അവലോകന സൂചകങ്ങൾ**

☞ എത്ര ആരോഗ്യസ്ഥാപനങ്ങൾ ശിശുസൗഹൃദപരമാണ്?

☞ സ്കൂളുകളിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥരുടെ എത്ര സന്ദർശനം നടന്നു?

☞ കുട്ടികളുടെ വാർഷിക വൈദ്യപരിശോധന രേഖകളുടെ സൂക്ഷിപ്പ് നിലവാരം ?

## തന്ത്രം 2 — നവജാതശിശുക്കളുടെ (0–1 വയസ്സ്) ഉയർന്ന പോഷണനിലവാരം (മാർഗ്ഗനിർദ്ദേശം 2.27)

**കർമ്മ പരിപാടികൾ**

- സംയോജിത മാതൃ-നവജാത ശിശു സംരക്ഷണ പ്രവർത്തനം (IMNCI) ശക്തിപ്പെടുത്തുക
- നവജാത ശിശുക്കളുടേയും ഇളംപ്രായ കുട്ടികളുടേയും മുലപ്പാൽ ഭക്ഷണ നിർദ്ദേശങ്ങൾ (IYCF) പ്രോത്സാഹിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 2.28)
- ഗുരുതര ന്യൂനപോഷണ കുട്ടികളുടെ വളർച്ചാനിരീക്ഷണ ചാർട്ട്, സൂപ്പർവൈസർമാർ കൃത്യമായി പരിശോധിക്കുകയും അവരുടെ വീടുകൾ സന്ദർശിക്കുകയും ചെയ്യുക
- അതിസൂക്ഷ്മപോഷണ ന്യൂനതകൾ കാലേകൂട്ടി കണ്ടെത്തി പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക (RBSK)
- ഗുരുതര ന്യൂനപോഷണ കുട്ടികളെ സമൂഹ്യാടിസ്ഥാനത്തിൽ പരിചരിക്കുന്നതിനാവശ്യമായ കൗൺസലിംഗ് ലഭ്യമാക്കുക( പ്രവർത്തന സഹായി, അതിജീവനം, മേഖല 5, തന്ത്രം 5)

**അവലോകന സൂചകങ്ങൾ**

- എത്ര ശതമാനം നവജാത ശിശുക്കൾക്ക് ആദ്യ മുലപ്പാൽ (കൊളസ്ട്രം) ഒരു മണിക്കൂറിനുള്ളിൽ കൊടുക്കുകയും 6 മാസം വരെ കേവലം മുലപ്പാൽ (Exclusive Breast Feeding) മാത്രം നൽകുകയും ചെയ്തിട്ടുണ്ട് ?
- എത്ര കുട്ടികളുടെ വളർച്ചാനിരീക്ഷണ കാർഡ് അങ്കണവാടികളിൽ കൃത്യമായി രേഖപ്പെടുത്തുകയും RBSK പ്രകാരം തുടർ നടപടികൾ എടുക്കുകയും ചെയ്തു?
- ഗുരുതര ന്യൂനപോഷണമുള്ള എത്ര കുട്ടികൾക്ക് അനുപൂരക പോഷകാഹാര വിതരണവും മറ്റു മേൽ നടപടികളും കൈകൊണ്ടിട്ടുണ്ട് ?

## തന്ത്രം 3 — ചെറിയ കുട്ടികളുടെ പോഷണ നിലവാരം ഉയർത്തുക (6 മാസം മുതൽ–5 വർഷം വരെ) (മാർഗ്ഗനിർദ്ദേശം 2.29)

**കർമ്മപരിപാടികൾ**

- IYCF മുഖ്യസന്ദേശങ്ങളുടെ പ്രചരണ പരിപാടി ഏറ്റെടുക്കുക
- കായിക പ്രവർത്തനങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള ബോധവൽക്കരണം
- ഭാരക്കുറവുള്ള കുട്ടികളെയും അമിത ഭാരമുള്ള കുട്ടികളെയും തിരിച്ചറിയുന്നതിന് നടപടികൾ സ്വീകരിക്കുക (പോഷകമൂല്യം കുറവുള്ള വഴിയോര ഭക്ഷണം ഒഴിവാക്കാനുള്ള ശ്രമം നടത്തുക)
- ആമാശയ-കുടൽ കൃമിരോഗങ്ങൾ ഇല്ലാതാക്കുന്നതിന് മരുന്നുകളും ശുചിത്വ സംവിധാനങ്ങളും ഉറപ്പാക്കുക

| തന്ത്രം 4 | കൗമാരക്കാരായ പെൺകുട്ടികൾക്ക് കൗമാരക്ലബ്ബു വഴി പോഷണം നൽകൽ (പ്രവർത്തനസഹായി, പങ്കാളിത്തം, മേഖല 2, തന്ത്രം 1) |
|---|---|

**കർമ്മ പരിപാടികൾ**

- കൗമാരപോഷണവും ആരോഗ്യ വിദ്യാഭ്യാസവും എല്ലാ വിദ്യാലയങ്ങളിലും നടപ്പാക്കുക

**അവലോകന സൂചകങ്ങൾ**

- ☞ സ്കൂളുകളിൽ കൗമാരപോഷണം, ആരോഗ്യ-വിദ്യാഭ്യാസം എന്നീ വിഷയവുമായി ബന്ധപ്പെട്ട് എത്ര പ്രചരണ പരിപാടികൾ സംഘടിപ്പിച്ചു?

| തന്ത്രം 5 | തദ്ദേശഭരണസ്ഥാപന പ്രദേശത്ത് മുഴുവൻ കുട്ടികളുടേയും കായിക ക്ഷമത ഉറപ്പുവരുത്തുക |
|---|---|

**കർമ്മപരിപാടികൾ**

- ഓരോ കുട്ടിയും ദൈനംദിനം, കായിക പരിശീലനങ്ങളിൽ ഏർപ്പെടുന്നതിനുള്ള സംവിധാനം ഒരുക്കുക
- എല്ലാ കുട്ടികളെയും സ്കൂൾ കായിക പ്രവർത്തനത്തിൽ ഏർപ്പെടുന്നതിന് പ്രചോദിപ്പിക്കുക
- പരിശീലകരെ ഏർപ്പെടുത്തിയും കളിസ്ഥലം പരിഷ്കരിച്ചും സ്പോർട്സ് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക
- പാർക്കുകളും പൊതു സ്ഥലങ്ങളും പരിരക്ഷിക്കുകയും ജിംനേഷ്യം സ്ഥാപിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യുക

**അവലോകന സൂചകങ്ങൾ**

- ☞ കായിക പരിശീലകരുടെ സേവനം ലഭ്യമായിട്ടുള്ള സ്കൂളുകളുടെ എണ്ണം?
- ☞ ഏതെങ്കിലും കായിക ഇനത്തിൽ പങ്കെടുക്കുന്ന കുട്ടികളുടെ എണ്ണം?
- ☞ പഞ്ചായത്തിൽ കായിക പരിശീലനത്തിന് എത്ര കളിസ്ഥലം, പാർക്ക്, ജിംനേഷ്യം എന്നിവ ഉണ്ട്?

അദ്ധ്യായം 3

# കുട്ടികളുടെ സംരക്ഷണം





കുടുംബത്തിലോ സ്കൂളിലോ, സ്ഥാപനങ്ങളിലോ, പൊതുസ്ഥലങ്ങളിലോ, സമൂഹത്തിലോ കുട്ടികൾ നേരിടേണ്ടി വരുന്ന എല്ലാത്തരം അനുചിത പെരുമാറ്റങ്ങളിൽ നിന്നും, അതിക്രമങ്ങളിൽ നിന്നും, അപായകരമായ സാഹചര്യങ്ങളിൽ നിന്നും, പരിരക്ഷ ലഭിക്കാനുള്ള അവകാശമാണ് സംരക്ഷണം



കേരളത്തിലെ കുട്ടികൾക്ക് വിവിധതരം അതിക്രമങ്ങളും ചൂഷണങ്ങളും ജീവിതത്തെ ഹാനികരമാക്കുന്ന ചുറ്റുപാടുകളും നേരിടേണ്ടി വരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ കുട്ടികളെയും കൗമാരപ്രായക്കാരെയും എല്ലാവിധ പീഢനങ്ങളിൽ നിന്നും, അനുചിത പെരുമാറ്റങ്ങളിൽ നിന്നും ഉപേക്ഷകളിൽ നിന്നും സംരക്ഷിക്കാൻ പരിശ്രമിക്കേണ്ടതാണ്. എല്ലാ തീരുമാനങ്ങളിലും നടപടിക്രമങ്ങളിലും നിയമപരിരക്ഷകളിലും കുട്ടികളുടെ ഉത്തമ താൽപര്യങ്ങൾ പരിരക്ഷിയ്ക്കപ്പെടണം.

കുട്ടികളുടെ സംരക്ഷണാവകാശം തദ്ദേശഭരണസ്ഥാപന തലത്തിൽ ഉറപ്പാക്കപ്പെടുന്നതിന് താഴെ പറയുന്ന മേഖലകളിലെ കർമ്മപരിപാടികൾ ഉപേക്ഷ കൂടാതെ ഏറ്റെടുക്കേണ്ടതുണ്ട്.

### മേഖലകൾ

1. കുട്ടികളുടെ അവകാശങ്ങൾ നിയമാനുസൃതം സംരക്ഷിക്കുക
2. സമസ്തമേഖലകളിലും കുട്ടികൾക്കെതിരെയുള്ള ദുരുപയോഗങ്ങൾ തടയുക (UNCRC Article 18,24,34,35,36,37,38,39)
3. സുരക്ഷിതമായ സ്കൂൾ പരിസരം സൃഷ്ടിക്കുക (UNCRC Article 28,33,38)
4. സുരക്ഷിതമായ കൗമാരകാലഘട്ടം (UNCRC Article 12,13,14,15)
5. നിയമാനുസൃത പ്രായത്തിനുമുമ്പുള്ള വിവാഹങ്ങൾ തടയുക (UNCRC Article 34)
6. കുട്ടികൾക്ക് പരിചരണവും പിന്തുണയും ഉറപ്പു നൽകുന്ന കുടുംബാന്തരീക്ഷം സൃഷ്ടിക്കുക (UNCRC Article 6,19,27,28)
7. വൈകല്യ ലഘൂകരണവും ഭിന്നശേഷി സൗഹൃദവും (UNCRC Article 23,29,31,32)

# മേഖല 1

# കുട്ടികളുടെ അവകാശങ്ങൾ നിയമാനുസൃതം സംരക്ഷിക്കുക




**ഉദ്ദേശ്യം**

എല്ലാ കുട്ടികൾക്കും നിയമാനുസൃതമായ അവകാശങ്ങൾ ലഭ്യമാക്കുക

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും ലഭിക്കേണ്ട പൗരാവകാശസംരക്ഷണങ്ങളും സേവനങ്ങളും കിട്ടുന്നുണ്ടെന്ന് നിയമപരമായി ഉറപ്പ് വരുത്തുക
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് സവിശേഷ പരിഗണന ലഭ്യമാക്കുക
- പരിചരണവും സംരക്ഷണവും ആവശ്യമായ കുട്ടികൾക്ക് അവരുടെ ആവശ്യങ്ങൾ സാധിച്ച് കൊടുക്കുക
- കുട്ടികളുടെ സംരക്ഷണം ഉറപ്പുവരുത്തുവാനുള്ള നിയമങ്ങളും ചട്ടങ്ങളും പാലിക്കപ്പെടുന്നത് പ്രോത്സാഹിപ്പിക്കുക

## തന്ത്രം 1 — 100% ജനനരജിസ്ട്രേഷനും സർട്ടിഫിക്കറ്റും നൽകുക

**കർമ്മപരിപാടികൾ**

പ്രവർത്തന സഹായി, അതിജീവനം, മേഖല 2, തന്ത്രം 7.

## തന്ത്രം 2 — സ്ഥാപനങ്ങളിൽ നിന്ന് കുട്ടികൾക്ക് ലഭ്യമാവുന്ന സേവനങ്ങൾ ഉറപ്പാക്കുക

**കർമ്മപരിപാടികൾ**

പ്രവർത്തന സഹായി , സംരക്ഷണം, മേഖല 6, തന്ത്രം 3

## തന്ത്രം 3 — നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾക്ക് സവിശേഷ പരിഗണന

**കർമ്മപരിപാടികൾ**

- പഞ്ചായത്ത് തലത്തിൽ നിയമവുമായി പൊരുത്തപ്പെടാത്തതും, ബാലനീതി നിയമപ്രകാരം തിരുത്തലിന് വിധേയമായ കുട്ടികളുടെ കണക്കെടുക്കുക
- പഞ്ചായത്ത് തലത്തിൽ ജില്ലാ പ്രൊബേഷൻ ഓഫീസറുടെ/ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസറുടെ സഹായത്തോടെ സ്ഥാപനങ്ങളിൽ സംരക്ഷിക്കപ്പെടുന്ന കുട്ടികളുടെ കണക്കുകൾ ശേഖരിക്കുക

- ഐ.സി.ഡി.എസ് പ്രവർത്തകർ വഴി മേൽ പറഞ്ഞ ഓരോ കുട്ടിയുടെയും കുടുംബത്തിന്റെ പ്രശ്നങ്ങൾ പഠനം നടത്തി പുനരധിവസിപ്പിക്കാനാവശ്യമായ പ്ലാൻ തയ്യാറാക്കുക
- ഇത്തരം കുട്ടികൾക്ക് തുടർ പഠനത്തിന് അവസരമൊരുക്കുക
- ബാലനീതി നിയമനുസരിച്ചുള്ള (J.J.Act) സ്ഥാപനത്തിൽ താമസിക്കുന്ന കുട്ടികൾക്ക് ഉന്നത പഠനത്തിനുള്ള അവസരം ഒരുക്കുക

**അവലോകന സൂചകങ്ങൾ**

- ഉന്നത പഠനത്തിന് അർഹരായ കുട്ടികളുടെ എണ്ണം
- പഞ്ചായത്ത്തലത്തിൽ ബാലനീതി നിയമനുസരിച്ചുള്ള സ്ഥാപനത്തിൽ (J.J.Act) താമസിക്കുന്ന കുട്ടികളുടെ എണ്ണം

## തന്ത്രം 4 — ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകൽ

**കർമ്മപരിപാടികൾ**

- പഞ്ചായത്ത്തലത്തിൽ പ്രശ്നസാധ്യതയുള്ള പ്രദേശങ്ങൾ കണ്ടെത്തി മേപ്പ് തയ്യാറാക്കുക
- അനാഥക്കുട്ടികളെ കണ്ടെത്തുകയും 'സ്നേഹപൂർവം' പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്യുക
- അനാഥക്കുട്ടികൾക്ക് ഐ.സി.പി.എസ് സ്കീമിന്റെ ഭാഗമായുള്ള ദത്തെടുക്കൽ, സ്പോൺസർഷിപ്പ് എന്നിവ ഉപയോഗപ്പെടുത്താനുള്ള സാഹചര്യമൊരുക്കുക
- മറ്റൊരു സാധ്യതയുമില്ലാത്ത അവസ്ഥയിൽ കുട്ടികൾക്ക് സ്ഥാപനപരിചരണവും സംരക്ഷണവും നൽകുക
- അഗതി കുടുംബങ്ങളെ ആശ്രയ പദ്ധതിയിൽ ഉൾപ്പെടുത്തി പുനരധിവസിപ്പിക്കുക
- പ്രശ്നബാധിതരായ കുട്ടികളുള്ള കുടുംബങ്ങൾക്ക് പഞ്ചായത്ത് വാർഷിക പദ്ധതിയിലെ ഗുണഭോക്തൃലിസ്റ്റിൽ പ്രത്യേക പരിഗണന നൽകുക (ഭവനനിർമ്മാണം, ടോയ്‌ലറ്റ്, സാമൂഹ്യ സുരക്ഷ- ഭിന്നശേഷി ആനുകൂല്യങ്ങൾ തുടങ്ങിയവ)
- കുറ്റകൃത്യങ്ങൾക്ക് ഇരയായവരെ പുനരധിവാസപദ്ധതിയിൻ കീഴിൽ കൊണ്ടുവരിക (മാർഗ്ഗനിർദ്ദേശം 3.1)
- ജയിൽശിക്ഷ അനുഭവിക്കുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ ഉറപ്പു വരുത്തുക (മാർഗ്ഗനിർദ്ദേശം 3.2)

**അവലോകന സൂചകങ്ങൾ**

- പഞ്ചായത്ത് തലത്തിൽ ദുരുപയോഗത്തിനും പീഡനത്തിനും ഇരയാകാൻ ഇടയുള്ള കുട്ടികളുടെ എണ്ണം
- "സ്നേഹപൂർവ്വം" പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള കുട്ടികളുടെ എണ്ണം

| തന്ത്രം 5 | ബാലവേല കുറയ്ക്കുന്നതിനുള്ള പ്രത്യേക പരിപാടികൾ (മാർഗ്ഗനിർദ്ദേശം 3.3) |
|---|---|

**കർമ്മപരിപാടികൾ**

പ്രവർത്തന സഹായി, സംരക്ഷണം, മേഖല 2, തന്ത്രം 4.

| തന്ത്രം 6 | ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായ കുട്ടികൾക്കുള്ള പ്രത്യേക ശ്രദ്ധ |
|---|---|

**കർമ്മപരിപാടികൾ**

- ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരായ കുട്ടികളെ POCSO നിയമത്തിൻ കീഴിൽ കൊണ്ടു വരിക
- ബസ്സിലും, ട്രെയിനിലും, പൊതു യാത്രാവേളകളിലും നടക്കുന്ന ലൈംഗിക അതിക്രമങ്ങളെ സംബന്ധിച്ച് അവലോകനം നടത്തുക
- സ്ത്രീകളെ അവഹേളിക്കുന്നതിന് മതിയായ ശിക്ഷ ഉറപ്പാക്കുക
- സ്കൂളിലും പൊതുസ്ഥലങ്ങളിലും ഉചിതവും അനുചിതവുമായ (Good touch, bad touch) സ്പർശനബന്ധങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ പ്രദർശിപ്പിക്കുക
- എല്ലാ പോലീസ് സ്റ്റേഷനുകളും ബാല/സ്ത്രീസൗഹൃദപരമാക്കി മാറ്റാൻ സഹായിക്കുക
- പ്രതിരോധം, സംരക്ഷണം, പുനരധിവാസം എന്നീ പ്രവർത്തനങ്ങൾ ജാഗ്രതാ സമിതിയിലൂടെ നടപ്പിൽ വരുത്തുക



# മേഖല 2

# സമസ്ത മേഖലകളിലും കുട്ടികൾക്കെതിരേയുള്ള ദുരുപയോഗങ്ങൾ തടയുക



ഉദ്ദേശ്യം

കുട്ടികൾ യാതൊരു വിധ ദുരുപയോഗങ്ങൾക്കും വിധേയരാകുന്നില്ലെന്ന് ഉറപ്പുവരുത്തുക

ലക്ഷ്യം

ഒരു കുട്ടിയും ശാരീരിക, വൈകാരിക ലൈംഗിക അതിക്രമങ്ങൾക്ക് വിധേയരാകുന്നില്ല എന്ന് ഉറപ്പു വരുത്തുക

## തന്ത്രം 1 — അപായ സാധ്യതയുള്ള കുട്ടികളുടെ വിവര ശേഖരണവും, അപഗ്രഥനവും

### കർമ്മപരിപാടികൾ

- അതിക്രമങ്ങൾക്ക് വിധേയരാകാൻ സാദ്ധ്യതയുള്ള കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ (പ്രായം, ലിംഗം, കുടുംബം) എന്നിവ ശേഖരിക്കുക
- കുട്ടികളുടെ അപായ സാധ്യതാ മാപ്പിംഗ് : പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം, സ്കൂൾ പഠനം ഉപേക്ഷിച്ചവർ, അനാഥർ, വളർത്തച്ഛന്റെയും വളർത്തമ്മയുടെയും സംരക്ഷണത്തിൽ കഴിയുന്നവർ, സവിശേഷ സഹായം ആവശ്യമുള്ളവർ, മാനസികാസ്വാസ്ഥ്യമുള്ളവർ, മദ്യാസക്തരായ മാതാപിതാക്കൾ ഉള്ളവർ എന്നീ വിഭാഗത്തിൽപ്പെട്ട കുട്ടികളുടെ രേഖ തയ്യാറാക്കി സഹായ സേവന ഇടപെടൽ സാധ്യതകൾ തിട്ടപ്പെടുത്തുക (മാർഗ്ഗനിർദ്ദേശം 3.4)

### അവലോകന സൂചകങ്ങൾ

- പ്രശ്നസാദ്ധ്യതയുള്ള കുട്ടികളുടെ പട്ടിക ലഭ്യമാണോ
- കുട്ടികളെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങളിൽ ചേർത്തവരുടെ എണ്ണം
- ദത്തെടുക്കലും, മറ്റുവിധ കുടുംബ സംരക്ഷണവും ആവശ്യമായ കുട്ടികളുടെ എണ്ണം

## തന്ത്രം 2 — കുട്ടികളുടെ അവകാശങ്ങളെപ്പറ്റി വിവരവിനിമയ വിദ്യാഭ്യാസവും (IEC) പൊതുജന ബോധവൽക്കരണവും (മാർഗ്ഗനിർദ്ദേശം 3.5, പ്രവർത്തന സഹായി, പങ്കാളിത്തം, മേഖല 3,4)

### കർമ്മപരിപാടി

- കുട്ടികളുടെ അവകാശങ്ങളെപ്പറ്റി ജനപ്രതിനിധികൾക്കും, ഉദ്യോഗസ്ഥർക്കും, പൊതുജനങ്ങൾക്കും ബോധവൽക്കരണ ക്യാമ്പുകൾ സംഘടിപ്പിക്കുക

- അതാതു പ്രദേശങ്ങൾക്കനുയോജ്യമായി കുട്ടികളുടെ അവകാശത്തെ കുറിച്ച് വിവരവിനിമയ വിദ്യാഭ്യാസ സാമഗ്രികൾ വികസിപ്പിച്ചെടുക്കുക
- സ്കൂളുകളിലെ പി.റ്റി.എ മീറ്റിംഗുകളിൽ കുട്ടികളുടെ അവകാശങ്ങളെപ്പറ്റി മാതാപിതാക്കളുമായി ചർച്ചചെയ്യുക
- പ്രാദേശികമായ എല്ലാ സ്ഥാപനങ്ങളിലും കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ച പ്രമാണിക നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കുക
- പ്രദേശത്തെ കുട്ടികൾക്കായുള്ള എല്ലാ സ്ഥാപനങ്ങളിലും സേവനാവകാശ പത്രിക തയ്യാറാക്കി (സർവ്വീസ് ചാർട്ടർ) പ്രദർശിപ്പിക്കുക
- ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC), ജുവൈനൽ ജസ്റ്റിസ് ബോർഡ് (JJB) തുടങ്ങിയവയിലെ സേവനങ്ങളും ചൈൽഡ് ഹെൽപ്പ്ലൈൻ നമ്പറും, വിവരണങ്ങളും പ്രമുഖ സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുക
- എൻ.ജി.ഒ (NGO), സ്റ്റേറ്റ് കമ്മീഷൻ ഫോർ പ്രോട്ടക്ഷൻ ഓഫ് ചൈൽഡ് റൈറ്റ്സ് (SCPCR), ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC), ജുവൈനൽ ജസ്റ്റിസ് ബോർഡ് (JJB) തുടങ്ങിയവയെ പങ്കെടുപ്പിച്ചുകൊണ്ടുള്ള മുഖാമുഖ ചർച്ചകൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിക്കുക
- കുട്ടികളുടെ സംരക്ഷണ സംവിധാനങ്ങളും പ്രവർത്തനങ്ങളും സംബന്ധിച്ച് നാഷണൽ കേഡറ്റ് ക്രോപ്പ് (NCC), നാഷണൽ സർവ്വീസ് സ്കീം (NSS), സ്റ്റുഡന്റ് പോലീസ് കേഡറ്റ് (SPC), ജാഗ്രതാ സമിതി എന്നിവയിൽ പ്രവർത്തിക്കുന്ന കുട്ടികളെ ബോധവാന്മാരാക്കുക

**അവലോകന സൂചകങ്ങൾ**

- ☞ എത്ര വിവരവിനിമയ വിദ്യാഭ്യാസ സാമഗ്രികൾ (IEC) ലഭ്യമാണ് ?
- ☞ കുട്ടികൾക്കായുള്ള സർവീസ് ചാർട്ടർ തയ്യാറാക്കി പ്രദർശിപ്പിച്ചിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം
- ☞ കുട്ടികളുടെ അവകാശങ്ങളെക്കുറിച്ച് നടത്തിയ ബോധവൽക്കരണ പ്രവർത്തനങ്ങളുടെ എണ്ണം

## തന്ത്രം 3 ജാഗ്രതാസമിതികൾ ശക്തിപ്പെടുത്തുക

**കർമ്മ പരിപാടികൾ**

- മാർഗ്ഗരേഖ അനുസരിച്ച് ജാഗ്രതാസമിതികളെ ശക്തിപ്പെടുത്തുക (മാർഗ്ഗനിർദ്ദേശം 3.6)
- സമിതിയുടെ പ്രവർത്തനത്തിനാവശ്യമായ ഓഫീസ് സംവിധാനം പഞ്ചായത്ത്/നഗരസഭയിൽ ഉറപ്പാക്കുക
- കേരള സ്റ്റേറ്റ് ലീഗൽ സർവ്വീസ് അതോറിറ്റി (KELSA) യുമായി ചേർന്ന് നിയമ സഹായ ക്ലിനിക്കുകൾ, തുടർ നടപടികൾ നടപ്പാക്കുക
- പരാതിപ്പെട്ടികൾ സ്ഥാപിക്കുക

- ക്രൈംമാപ്പിംഗ്, അതിക്രമസാദ്ധ്യത മേപ്പിംഗ് സംഘടിപ്പിക്കുക
- പീഡനത്തിനിരയായവർക്ക് സമൂഹത്തിലും കുടുംബത്തിലും വീണ്ടും സാധാരണ രീതിയിൽ ജീവിക്കാനാവശ്യമായ സാഹചര്യം സൃഷ്ടിക്കുക
- ദുരിതാവസ്ഥയിലുള്ളതും കാണാതായതുമായ കുട്ടികളെ തിരയുന്നതിനും പ്രശ്ന പരിഹാരത്തിനുമായി പഞ്ചായത്ത് ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റി (PCPC), ചൈൽഡ്ലൈൻ, ചൈൽഡ് ട്രാക്കിംഗ് സംവിധാനം എന്നിവയുടെ നേതൃത്വത്തിൽ പ്രശ്ന പരിഹാര ഫോറം രൂപീകരിക്കുക

**അവലോകന സൂചകങ്ങൾ**

- ☞ വാർഡ്, പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ നടത്തപ്പെട്ട ജാഗ്രതാ സമിതി മീറ്റിംഗുകളുടെ എണ്ണം
- ☞ ജാഗ്രതാ സമിതി കുട്ടികളുമായി ബന്ധപ്പെട്ട് കൈകാര്യം ചെയ്ത കേസുകളുടെയും പ്രശ്നം പരിഹരിച്ചതുമായ കേസുകളുടെയും എണ്ണം

## തന്ത്രം 4 ബാലവേല ഇല്ലാതാക്കൽ

**കർമ്മപരിപാടികൾ**

- ബാലവേലയും വിദ്യാലയങ്ങളിൽ പോകാത്ത കുട്ടികളെയും കണ്ടെത്തി ബന്ധപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് സമർപ്പിക്കുക
- ബാലവേല കണ്ടെത്തി റിപ്പോർട്ട് ചെയ്യുവാൻ പ്രേരണ നൽകുന്നതിനായി ബാലവേല തടയലും, പുനരധിവാസവും സംബന്ധിച്ച നിയമവും ഹെൽപ്പ്ലൈൻ നമ്പറും പ്രദർശിപ്പിക്കുക
- ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇതരസംസ്ഥാന കുട്ടികൾ ബാലവേലയിൽ ഏർപ്പെടുന്നുണ്ടോയെന്ന് നിരീക്ഷിക്കുക
- ഇതരസംസ്ഥാന തൊഴിലാളി സങ്കേതങ്ങളിലെ കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി സ്കൂളുകളിൽ പ്രത്യേക സൗകര്യങ്ങൾ ഒരുക്കുന്നതിനും, അദ്ധ്യാപകരെ നിയോഗിക്കുന്നതിനും പിന്തുണ നൽകുക
- ബാലവേല ചെയ്യുന്ന കുട്ടികളുമായി സമ്പർക്കം പുലർത്തി അവരെ ഇതിലേക്ക് നയിച്ച സാഹചര്യങ്ങൾ ഒഴിവാക്കുകയും അതിനുള്ള മെച്ചപ്പെട്ട സാഹചര്യങ്ങൾ സൃഷ്ടിക്കുകയും ചെയ്യുക
- ബാലവേല ഇല്ലാതാക്കുന്നതിനായി ബന്ധപ്പെട്ട കക്ഷികളുടെ (സ്റ്റേക്ക് ഹോൾഡർമാർ) യോഗം വിളിച്ചുചേർത്ത് പരിഹാരനിർദ്ദേശങ്ങൾ തേടുക
- ഇപ്പോൾ ബാലവേലയിൽ ഏർപ്പെട്ടിരിക്കുന്ന കുട്ടികളെ പിന്തിരിപ്പിച്ച് വിദ്യാലയത്തിൽ പ്രവേശിപ്പിക്കുക

**അവലോകന സൂചകങ്ങൾ**

- ☞ ഇതരസംസ്ഥാന തൊഴിലാളികളിൽ ബാലവേലയിൽ നിന്ന് മോചിപ്പിക്കപ്പെട്ട കുട്ടികളുടെ എണ്ണം




- ബാലവേലയിൽനിന്നും മോചിപ്പിക്കപ്പെട്ട തദ്ദേശിയരായ കുട്ടികളുടെ എണ്ണം
- കൊഴിഞ്ഞുപോയ കുട്ടികളിൽ നിന്നും സ്കൂൾ പുനഃപ്രവേശനം ചെയ്യപ്പെട്ടവരുടെ എണ്ണം

## തന്ത്രം 5 — തദ്ദേശഭരണസ്ഥാപനതലത്തിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ (PCPC) രൂപീകരിക്കുക

### കർമ്മപരിപാടികൾ

- G.O. No. 68/12 SJD dtd. 09/11/2012 പ്രകാരം ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ (PCPC) രൂപീകരിക്കുക (മാർഗ്ഗനിർദ്ദേശം 3.7)
- PCPC കമ്മിറ്റി അംഗങ്ങൾക്കാവശ്യമായ പരിശീലനവും, കൃത്യമായ ചുമതലയും നൽകുക വഴി പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും, പരിഹാര മാർഗ്ഗത്തിനായി റിപ്പോർട്ട് ചെയ്യുകയും തുടർനടപടികൾ സ്വീകരിക്കുകയും ചെയ്യുക

### അവലോകന സൂചകങ്ങൾ

- ചൈൽഡ് പ്രൊട്ടക്ഷൻ കമ്മറ്റി മീറ്റിംഗുകളുടെ എണ്ണം
- മേൽപ്പറഞ്ഞ കമ്മിറ്റികൾ റിപ്പോർട്ടു ചെയ്തതും പ്രശ്ന പരിഹാരം നടത്തിയതുമായ കേസുകളുടെ എണ്ണം
- PCPC മീറ്റിംഗുകളിൽ പങ്കെടുത്ത കുട്ടികളുടെ പ്രതിനിധികളുടെ എണ്ണം
- നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ പ്രശ്നപരിഹാരത്തിനായി നിയമസഹായ വേദിയുടെ സഹായം ലഭിച്ചിട്ടുണ്ടോ

# മേഖല 3

# സുരക്ഷിതമായ സ്കൂൾ പരിസരം സൃഷ്ടിക്കുക



**ഉദ്ദേശ്യം**

എല്ലാ കുട്ടികൾക്കും ഭയരഹിതവും, സുരക്ഷിതവുമായ സ്കൂൾ അന്തരീക്ഷം ഉറപ്പു വരുത്തുക

**ലക്ഷ്യങ്ങൾ**

- സ്കൂളിലും പരിസരത്തും കുട്ടികൾക്ക് അപായരഹിതമായി കഴിയുവാൻ പറ്റിയ അന്തരീക്ഷം സൃഷ്ടിക്കുക
- കുട്ടികൾക്ക് സ്കൂളിലോ പരിസരത്തോ വച്ച് എല്ലാവിധ ദുരുപയോഗങ്ങളിൽ (ശാരീരിക, മാനസിക, ലൈംഗികപീഢനങ്ങളും അവഗണനയും) നിന്നുമുള്ള സംരക്ഷണം

| തന്ത്രം 1 | സ്കൂൾ പരിസരത്ത് റോഡ് സുരക്ഷാ നിബന്ധനകൾ ഉറപ്പാക്കുക (പ്രവർത്തനസഹായി, വികസനം, മേഖല 3) |
|---|---|

**കർമ്മപരിപാടികൾ**

- റോഡ് സുരക്ഷാ മാർഗ്ഗനിർദ്ദേശങ്ങളെ കുറിച്ച് കുട്ടികൾക്കിടയിലും അദ്ധ്യാപകരിലും അവബോധം സൃഷ്ടിക്കുക
- സ്കൂൾ പരിസരത്ത് പുറമേനിന്നുള്ള വാഹനങ്ങൾ പാർക്ക് ചെയ്യുന്നത് തടയുക
- സ്കൂൾ പരിസരത്തുള്ള റോഡുകളിൽ ബാലസൗഹൃദ അന്തരീക്ഷം ഉറപ്പാക്കുന്ന ദിശാഫലകങ്ങളും, സീബ്രാലൈനും സ്ഥാപിക്കുക
- സ്കൂൾ സമയത്ത് സുരക്ഷിതമായി റോഡ് കുറുകെ കടക്കുന്നതിന് കുട്ടികളെ സഹായിക്കുവാൻ സന്നദ്ധപ്രവർത്തകരെ പ്രോൽസാഹിപ്പിക്കുക
- പൊതുവായ റോഡ് സുരക്ഷാ ക്രമീകരണങ്ങൾ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കുക (മാർഗ്ഗനിർദ്ദേശം 3.8)
- സ്കൂൾ വാഹനം നിലവാരമുള്ളതാക്കുന്നതോടൊപ്പം, സ്കൂൾ വാഹനങ്ങളിൽ റിവേഴ്സ് ഹോൺ ഘടിപ്പിക്കുകയും സഹായിക്കുന്നതിന് കണ്ടക്ടർമാരെ നിയോഗിക്കുകയും ചെയ്യുക
- സ്കൂളുകൾ/രക്ഷാകർത്തൃ സമിതികൾ സ്വന്തമായ വാഹനങ്ങൾ വാങ്ങുക
- നടന്നോ, സൈക്കിളിലോ, ബോട്ടിലോ സ്കൂളിലേക്ക് യാത്ര ചെയ്യുന്ന കുട്ടികളുടെ സുരക്ഷ ഉറപ്പു വരുത്തുക
- അംഗപരിമിതിയുള്ള കുട്ടികൾക്ക് സുരക്ഷിതമായി സ്കൂളിൽ വന്നു പോകാനുള്ള സാഹചര്യം ഒരുക്കുക

### അവലോകന സൂചകങ്ങൾ

- സ്കൂൾ സോൺ സൂചിപ്പിക്കുന്ന ദിശാ ഫലകങ്ങൾ, സീബ്രാ ക്രോസ്സിംഗ് സൂചനകൾ എത്ര സ്ഥലത്ത് പ്രദർശിപ്പിച്ചിട്ടുണ്ട്?
- എത്ര സ്കൂളുകളിൽ സ്വന്തമായി മോട്ടോർ വാഹന വകുപ്പ് നിർദ്ദേശാനുസരണ നിലവാരമുള്ള വാഹനം ലഭ്യമായിട്ടുണ്ട്?
- രണ്ട് വർഷത്തിനിടയിൽ സ്കൂളിൽ വരുമ്പോഴോ പോകുമ്പോഴോ എത്ര കുട്ടികൾക്ക് അപകടങ്ങൾ സംഭവിച്ചിട്ടുണ്ട്?
- കുട്ടികൾക്ക് റോഡ് സുരക്ഷയെക്കുറിച്ച് അറിവ് നൽകുവാൻ നടത്തിയ ബോധവൽക്കരണ പരിപാടികളുടെ എണ്ണം?

## തന്ത്രം 2 ലഹരിവസ്തു വിമുക്ത സ്കൂൾ മേഖല (സീറോസോൺ)

സ്കൂളിന്റെ 100 മീറ്റർ ചുറ്റളവിൽ യാതൊരുവിധ ലഹരി മരുന്നുകളും വിൽക്കുവാനോ, ഉപയോഗിക്കുവാനോ നിരോധിക്കപ്പെട്ട ഇടത്തെയാണ് സീറോസോൺ എന്ന് പറയുന്നത്. തദ്ദേശഭരണ സ്ഥാപനങ്ങളും മറ്റു നിയമാധികാരമുള്ള സ്ഥാപനങ്ങളും എല്ലാ സ്ക്കൂളിന്റേയും 100 മീറ്റർ ചുറ്റളവിൽ ലഹരിപദാർത്ഥങ്ങൾ വിൽക്കാത്തതും ഉപയോഗിക്കാത്തതുമായ ഇടമാക്കി മാറ്റാനുള്ള പ്രവർത്തനം ഏറ്റെടുക്കേണ്ടതാണ് (മാർഗ്ഗനിർദ്ദേശം 3.9)

### കർമ്മപരിപാടികൾ

- പുകയില വിമുക്ത സ്കൂളുകളെകുറിച്ചുള്ള മാർഗ്ഗരേഖാ നിർദ്ദേശങ്ങൾ പാലിക്കുക
- അദ്ധ്യാപകർ, കുട്ടികൾ, രക്ഷാകർത്തൃസമിതി, സമീപപ്രദേശത്തെ കടയുടമകൾ എന്നിവർക്കുള്ള ബോധവൽക്കരണപരിപാടികൾ ആവിഷ്ക്കരിക്കുക
- പി.ടി.എ/മദർ പി.ടി.എ ഉപസമിതികളുടെ സഹായത്തോടെ സീറോ സോൺ പ്രവർത്തനങ്ങൾ വിലയിരുത്തുക
- സ്കൂൾ സംരക്ഷണ സമിതിയിൽ വ്യാപാരി വ്യവസായികളുടെ സംഘടനയുടെ പ്രതിനിധികളെ കൂടി ഉൾപ്പെടുത്തുക
- പുകയില പോലെയുള്ള ദോഷകരമായ ഉൽപ്പന്നങ്ങൾ വിൽക്കുന്ന ബിസിനസ് സ്ഥാപനങ്ങളുടെ ലൈസൻസ് നൽകൽ/പുതുക്കൽ പഞ്ചായത്ത്/നഗരസഭകൾ അവലോകനം ചെയ്യുക
- സ്കൂൾ കാന്റീൻ ഉൾപ്പടെയുള്ള കടകളുടെ ഉടമകളുമായുള്ള മീറ്റിംഗുകളും ചർച്ചകളും മൂന്നു മാസത്തിലൊരിക്കൽ സംഘടിപ്പിക്കുക
- സീറോ സോൺ ലംഘനങ്ങൾ ഉണ്ടാവുമ്പോൾതന്നെ ഉത്തരവാദപ്പെട്ട അധികാരികൾക്ക് റിപ്പോർട്ട് ചെയ്യുക
- "സുരക്ഷിത" സ്കൂൾ മേഖല എന്ന ബോർഡ് ലഘു വിവരണസഹിതം പ്രദർശിപ്പിക്കുക
- അപരിചിതർ അനുവാദം കൂടാതെ സ്കൂൾ കാമ്പസ്സിൽ പ്രവേശിക്കുന്നത് തടയാൻ വാച്ച്മാനെ നിയോഗിക്കുക

- SCERT മൊഡ്യൂൾ പ്രകാരം കുട്ടികളിലെ മദ്യലഹരി ഉപയോഗം തടയുന്നതിന്റെ ആവശ്യകതയെ കുറിച്ച് ബോധവൽക്കരണം നടത്തുക (മാർഗ്ഗനിർദ്ദേശം 3.10)
- സ്കൂളുകളിൽ ലഹരിവിരുദ്ധ ക്ലബ്ബുകൾ, "ക്ലീൻ കാമ്പസ് സേഫ് കാമ്പസ്"പദ്ധതികളുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 3.11)

**അവലോക സൂചകങ്ങൾ**

- സുരക്ഷിത സ്കൂൾമേഖല നിർദ്ദേശലംഘനങ്ങളുടെ എണ്ണവും പഞ്ചായത്ത്/നഗരസഭ സ്വീകരിച്ച നടപടികളുടെ എണ്ണവും
- കടയുടമകളുമായി നടത്തിയ കൂടിയാലോചനങ്ങളുടെ എണ്ണം

| തന്ത്രം 3 | തദ്ദേശഭരണസ്ഥാപന പരിധി എല്ലാ സ്കൂൾ പരിസരങ്ങളോടനുബന്ധിച്ചും കുട്ടികൾ അഭിമുഖീകരിക്കുന്ന ദുരുപയോഗങ്ങളുടെ അവസ്ഥ മനസ്സിലാക്കുന്നതിന് ക്രൈംമാപ്പിംഗ് നടത്തുക |
|---|---|

**കർമ്മപരിപാടികൾ**

- സ്കൂൾ പരിസരം, പൊതുസ്ഥലം, ബസ്സ് സ്റ്റാന്റ് എന്നിവിടങ്ങളിലെ കുറ്റകൃത്യങ്ങളുടെ സമയവും സ്വഭാവവും (ശാരീരിക, മാനസിക, ലൈംഗിക) മനസ്സിലാക്കുന്നതിനുള്ള ക്രൈംമാപ്പിംഗ് (മാർഗ്ഗനിർദ്ദേശം 3.12) നടത്തുക
- ലഹരി ഉപയോഗത്തിനും, മൊബൈൽ ഫോൺ, സോഷ്യൽ മീഡിയ ദുരുപയോഗങ്ങൾക്കും സൈബർ ക്രൈം എന്നിവക്കും എതിരായ ബോധവൽക്കരണ പരിപാടികൾ നടത്തുക
- സ്കൂൾ സുരക്ഷാ സമിതി, ജാഗ്രതാ സമിതി, ശിശു സംരക്ഷണ സമിതി മുഖേന അശ്ലീല മാധ്യമത്തിന്റെയും സമാന വൈകൃത പ്രസിദ്ധീകരണങ്ങളുടെയും വ്യാപനം തടയുക
- സ്കൂൾ പരിസരത്തെ അതിക്രമങ്ങൾ ബന്ധപ്പെട്ട അധികാരികളെ വിവരമറിയിച്ച് കർശന നടപടികൾക്ക് വിധേയമാക്കുക
- പ്രശ്നബാധിത മേഖലകളിൽ ദ്രുതപരിശോധനകളും തത്സമയ നടപടികളും എടുക്കുക
- പഞ്ചായത്ത്/മുനിസിപ്പൽ കമ്മറ്റികളിൽ ക്രൈംമാപ്പിംഗ് റിപ്പോർട്ട് ചർച്ചയ്ക്ക് വിധേയമാക്കി തുടർ പ്രവർത്തനങ്ങൾ നടത്തുകയും രക്ഷാകർത്താക്കളുടെയും ടീച്ചേഴ്സിന്റെയും ശ്രദ്ധയിൽ പെടുത്തുകയും ചെയ്യുക

**അവലോകന സൂചകങ്ങൾ**

- ക്രൈം മാപ്പിംഗ് നടത്തിയ സ്കൂളുകളുടെ എണ്ണം
- ക്രൈം മാപ്പിംഗ് അടിസ്ഥാനത്തിൽ കൈകൊണ്ട പരിഹാരമാർഗ്ഗങ്ങളുടെ എണ്ണം
- അശ്ലീല മാധ്യമത്തിന്റെ പ്രചരണവും വില്പനയുമായി ബന്ധപ്പെട്ട് റിപ്പോർട്ട് ചെയ്ത കേസുകളുടെ എണ്ണം

## തന്ത്രം 4 സുരക്ഷിതവും അപായരഹിതവുമായ കളിസ്ഥലങ്ങൾ

### കർമ്മ പരിപാടികൾ

- കളിസ്ഥലങ്ങൾ നിയമാനുസൃത നിലവാരങ്ങൾ പാലിച്ച് കൊണ്ട് കേടുപാടുകൾ തീർത്ത് സുരക്ഷിതമാക്കുക
- എല്ലാ സ്ക്കൂളുകളിലും കായികാദ്ധ്യാപകരുടെ സേവനം ഉറപ്പാക്കുക
- കളിസ്ഥലങ്ങൾ സമയബന്ധിതമായി കേടുപാടുകൾ തീർക്കുന്നതിന് പഞ്ചായത്തിന്റെ മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുക
- കളിസ്ഥലങ്ങളിൽ അപകടരഹിതമായ അന്തരീക്ഷത്തോടൊപ്പം കളിയുപകരണങ്ങളുടെ നവീകരണവും റിപ്പയറും ഉറപ്പു വരുത്തുക
- കായികമത്സരം നടക്കുമ്പോൾ കായികഅദ്ധ്യാപകരുടെ സേവനവും, ഫസ്റ്റ് എയ്ഡ് ബോക്സും ഉറപ്പ് വരുത്തുക

### അവലോകന സൂചകങ്ങൾ

- ☞ എത്ര സ്കൂളുകളിൽ സുരക്ഷിതമായ കളിസ്ഥലവും, കളിയുപകരണങ്ങളും ഉണ്ട്?

## തന്ത്രം 5 സ്കൂൾ വിജിലൻസ്/സ്കൂൾ പ്രൊട്ടക്ഷൻ കമ്മറ്റികൾ രൂപീകരിക്കുക

### കർമ്മ പരിപാടികൾ

- സ്കൂളിലോ, സ്കൂൾ പരിസരത്തോ വച്ചു നടക്കാൻ സാധ്യതയുള്ള പീഢനങ്ങളിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുന്നതിന് സ്കൂൾ വിജിലൻസ്, സ്കൂൾ പ്രൊട്ടക്ഷൻ സമിതി എന്നിവ രൂപീകരിക്കുക (മാർഗ്ഗനിർദ്ദേശം 3.13)
- മാസത്തിലൊരിക്കൽ മേൽപ്പറഞ്ഞ കമ്മിറ്റി കൂടുകയും പ്രവർത്തനനിലവാരം വിശകലനം നടത്തുകയും ചെയ്യുക (മാർഗ്ഗനിർദ്ദേശം 3.13)
- എല്ലാ സ്കൂളുകളിലും പരാതിപ്പെട്ടി സ്ഥാപിക്കുകയും, ഭയം കൂടാതെ കുട്ടികൾ പരാതിപ്പെടുന്നതിനുള്ള സൗകര്യമൊരുക്കുകയും ചെയ്യുക
- SVC/SPC യുടെ നിർദ്ദേശങ്ങൾ അവതരിപ്പിക്കുകയും അവ കർശനമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പു വരുത്തുക

### അവലോകന സൂചകങ്ങൾ

- ☞ സ്കൂൾ സംരക്ഷണ കമ്മിറ്റികളുള്ള (SVC/SPC) സ്കൂളുകളുടെ എണ്ണം
- ☞ സ്കൂൾ വിജിലൻസ് കമ്മിറ്റി മീറ്റിംഗുകളുടെ എണ്ണം
- ☞ സ്കൂൾ സംരക്ഷണ കമ്മിറ്റി കുട്ടികളിൽ കണ്ടെത്തിയ പ്രശ്നങ്ങളും പരിഹാരം നിർദ്ദേശിച്ച കേസുകളുടെ എണ്ണവും

- സ്കൂളുകളിലും പരിസരത്തും അവഹേളനപരമായ അതിക്രമത്തിന് വിധേയരായ കുട്ടികളുടെ എണ്ണം
- ശാരീരിക പീഡനങ്ങളും കയ്യേറ്റങ്ങളും റിപ്പോർട്ട് ചെയ്ത കേസുകളുടെ എണ്ണം

## തന്ത്രം 6 — സ്കൂളുകളിൽ ശാരീരിക ശിക്ഷയില്ല എന്ന് ഉറപ്പു വരുത്തുക (മാർഗ്ഗനിർദ്ദേശം 3.14)

### കർമ്മ പരിപാടികൾ

- കുട്ടികളുടെ അവകാശങ്ങളെപ്പറ്റി അദ്ധ്യാപകർക്കും മാതാപിതാക്കൾക്കും പരിശീലനം നൽകുക
- കുട്ടികളുടെ സ്വഭാവസവിശേഷത ശാസ്ത്രീയമായി മെച്ചപ്പെടുത്തുന്നതിനും ക്രിയാത്മകമായ അച്ചടക്കപാലനത്തിനും ആവശ്യമായ പരിശീലനം അദ്ധ്യാപകർക്ക് നൽകുക
- വിദ്യാർത്ഥികൾക്ക് ജീവിതനൈപുണീ വിദ്യാഭ്യാസവും സ്വഭാവനിപുണതയും നൽകുക
- ടീച്ചർ -മെന്റർ സിസ്റ്റം (മാർഗ്ഗദർശി) നടപ്പാക്കുക, അദ്ധ്യാപക വിദ്യാർത്ഥി സംവാദവും ബന്ധവും ഉറപ്പാക്കുക, കുടുംബ സന്ദർശനം നടത്തുക
- സ്കൂൾ ക്ലബ്ബുകളിലെ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി ശിക്ഷാനടപടികളും അച്ചടക്കവും സംബന്ധിച്ച ചർച്ചകൾ നടത്തുകയും ചെയ്യുക
- പഠനശേഷിയിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിഹാരപഠനം നൽകുക
- ശാരീരിക ശിക്ഷയ്ക്കിരയായ കുട്ടികൾക്ക് അനുയോജ്യമായ പരിഹാര പ്രവർത്തനങ്ങൾ നടത്തുക
- അദ്ധ്യാപകർക്കും കുട്ടികൾക്കുമിടയിൽ ബഹുമാനാന്തരീക്ഷം സൃഷ്ടിക്കുക, ജാതി, മത, സാംസ്ക്കാരിക, വസ്ത്രധാരണ രീതി എന്നിവയിലുള്ള വിവേചനം ഇല്ലാതാക്കുക
- ബാലാവകാശം സംബന്ധിച്ച പരിശീലനം ലഭിച്ച കൗൺസലർമാരെ എല്ലാ സ്കൂളുകളിലും ലഭ്യമാക്കുക

### അവലോകന സൂചകങ്ങൾ

- റിപ്പോർട്ട് ചെയ്യപ്പെട്ട ശാരീരികശിക്ഷകളുടെ എണ്ണം
- വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുകയും നിയമവുമായി പൊരുത്തപെടാത്തവരുമായ കുട്ടികൾക്കു വേണ്ടി സവിശേഷ പ്രവർത്തനം നടത്തുന്ന സ്കൂളുകളുടെ എണ്ണം
- കുട്ടികളെ ജാതി, മതം, ഭാഷ എന്നിവയുടെ പേരിൽ വിവേചനം കാണിച്ച എത്ര കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്?



# മേഖല 4

# സുരക്ഷിതമായ കൗമാര കാലഘട്ടം



**ഉദ്ദേശ്യം**

കൗമാരപ്രായക്കാരായ എല്ലാ ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും സുരക്ഷിതമായ ചുറ്റുപാട് ഉറപ്പുവരുത്തുക

**ലക്ഷ്യങ്ങൾ**

- സുരക്ഷിത കൗമാര കാലഘട്ടം ഉറപ്പുവരുത്തുക
- എല്ലാവർക്കും പരിപൂർണ്ണ വികസനത്തിനുള്ള സാദ്ധ്യതകൾ ഉറപ്പുവരുത്തുക

## തന്ത്രം 1 — സ്കൂൾ ആരോഗ്യപരിപാടികൾ ശക്തിപ്പെടുത്തുക

### കർമ്മ പരിപാടികൾ

(പ്രവർത്തനസഹായി, വികസനം, മേഖല 3, തന്ത്രം 5)

- നിർദ്ദേശാനുസൃതമായി സ്കൂൾ ആരോഗ്യപരിപാടികൾ നടപ്പിലാക്കുക (മാർഗ്ഗനിർദ്ദേശങ്ങൾ 2.16, 3.15)
- ശാരീരിക വ്യായാമത്തിന്റെ ആവശ്യകതയും കൃത്രിമഭക്ഷണത്തിന്റെ ദൂഷ്യവശങ്ങളും മനസ്സിലാക്കി കൊടുക്കുക
- അപകടകരമായ ലഹരി വസ്തുക്കളുടെയും ലൈംഗിക പെരുമാറ്റങ്ങളുടെയും ദൂഷ്യവശങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക
- പോക്സോ (POCSO)ആക്ട് 2012 നെ അടിസ്ഥാനമാക്കിയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക (മാർഗ്ഗനിർദ്ദേശം 3.16)
- സ്കൂൾ ആരോഗ്യപരിപാടിയുടെ ഭാഗമായി ആർഷ് (ARSH) സേവനങ്ങൾ ഉറപ്പാക്കുക
- സ്കൂൾ ആരോഗ്യ പരിപാടിയുടെ ഭാഗമായി മാനസികാരോഗ്യത്തിനും, വൈകാരിക ബുദ്ധി വികസനത്തിനും ഊന്നൽ കൊടുക്കുക

### അവലോകന സൂചകങ്ങൾ

- ☞ നടത്തപ്പെട്ട ARSH പ്രവർത്തനങ്ങളുടെ എണ്ണം
- ☞ സ്കൂൾ ആരോഗ്യ പരിപാടിയുടെ സേവനം ലഭ്യമാകുന്നില്ലെന്ന് എത്ര പരാതികൾ റിപ്പോർട്ട് ചെയ്യപ്പെട്ടു?
- ☞ സ്കൂൾ ആരോഗ്യ പരിപാടികളുടെ സേവന ലഭ്യതയിലുള്ള പരാതികളുടെ എണ്ണം

## തന്ത്രം 2 — ജീവിത നൈപുണീ (Life Skill) വിദ്യാഭ്യാസ പരിപാടികൾ (മാർഗ്ഗനിർദ്ദേശം 3.17)

### കർമ്മപരിപാടികൾ

- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ശാരീരികവ്യായാമം, കളരിപ്പയറ്റ്, മറ്റ് ആയോധന കലാമുറകൾ, സൈക്ലിംഗ്, യോഗ, നീന്തൽ എന്നിവ പഠിക്കുന്നതിനുള്ള സൗകര്യം ഏർപ്പാടാക്കുക
- കുട്ടികൾക്കിടയിൽ സങ്കോചമില്ലാതെ സംസാരിക്കാനും ചോദിക്കാനുമുള്ള കഴിവ് വളർത്തുക
- ലഹരിപദാർത്ഥങ്ങളുടെ ഉപയോഗം, സൈബർ ക്രൈം എന്നിവയ്ക്കെതിരെയുള്ള പരിപാടികൾ ആസൂത്രണം ചെയ്യുക
- കൗമാരപ്രായക്കാരായ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടിയുള്ള ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക
- ഒറ്റക്കുട്ടിക്കും ഒറ്റയായ മാതാപിതാക്കളുടെ കുട്ടികൾക്കും വേണ്ടി പ്രത്യേക പരിപാടി ആസൂത്രണം ചെയ്യുക
- കൗമാരപ്രായക്കാരായ കുട്ടികളുടെ അമ്മമാർക്കു വേണ്ടി പ്രത്യേക പരിപാടികൾക്ക് രൂപം കൊടുക്കുക
- ജീവിത നൈപുണീ വിദ്യാഭ്യാസപരിപാടി എല്ലാ ഇതരസംസ്ഥാന കൗമാരക്കാർക്കും വേണ്ടി നടപ്പിലാക്കുക
- കൗമാരപ്രായക്കാർക്ക് കുടുംബജീവിതത്തെ കുറിച്ചുള്ള ജീവിത നൈപുണീ വിദ്യാഭ്യാസ പരിപാടികൾ സംഘടിപ്പിക്കുക
- സ്കൂൾ വിദ്യാർത്ഥികൾക്കും, സ്കൂളിൽ വരാത്ത കുട്ടികൾക്കും സദാചാര വിദ്യാഭ്യാസം നൽകുക

### അവലോകന സൂചകങ്ങൾ

☞ തദ്ദേശഭരണപ്രദേശത്ത് നടത്തിയ ജീവിത നൈപുണീ (Life Skill) വിദ്യാഭ്യാസ പരിപാടിയുടെ എണ്ണം

☞ തദ്ദേശഭരണപ്രദേശത്ത് മറ്റ് ഏജൻസികളും ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി നടത്തിയ വ്യായാമ ക്ലാസ്സുകളുടെ എണ്ണം (യോഗ, നീന്തൽ, സൈക്ലിംഗ്, ആയോധനകലാമുറകൾ )

## തന്ത്രം 3 — കൗമാര മാനസിക ആരോഗ്യ പരിപാടി (ആത്മഹത്യാ പ്രതിരോധമടക്കം) (മാർഗ്ഗനിർദ്ദേശം 3.18)

### കർമ്മപരിപാടികൾ

- തദ്ദേശഭരണപ്രദേശത്തെ കൗമാരപ്രായക്കാരായ കുട്ടികളുടെ സ്ഥിതിവിവരക്കണക്ക് ആവശ്യാനുസൃത ഇടപെടൽ ചർച്ചകൾക്ക് സാധ്യമാകും വിധം ശേഖരിക്കുക

- 9-ാം ക്ലാസ്സ് മുതലുള്ള കുട്ടികൾക്കായി മാനസിക-സാമൂഹിക പ്രശ്നങ്ങളെക്കുറിച്ചുള്ള കൗൺസലിംഗ് പരിപാടി നടത്തുക
- മാനസികാരോഗ്യപോഷണത്തിനും വൈകാരിക ബുദ്ധിവികസനത്തിനും ഈ മേഖലയിലെ പ്രശ്നങ്ങൾ മുൻകൂട്ടി തിരിച്ചറിയാനുള്ള ക്യാമ്പുകൾ ആവിഷ്ക്കരിക്കുക
- AHEP അദ്ധ്യാപക കൗൺസലേഴ്സിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുക
- പ്രശ്നസാദ്ധ്യതയുള്ള കുട്ടികളെ കണ്ടെത്തി (മുൻകാല മാനസികരോഗമുള്ള കുടുംബങ്ങളിലെ കുട്ടികൾ, ശിഥില കുടുംബബന്ധങ്ങളുള്ള കുടുംബങ്ങളിലെ കുട്ടികൾ, ആത്മഹത്യാ പ്രവണതയുള്ള കുട്ടികൾ, പീഡനത്തിന് വിധേയരായ കുട്ടികൾ) ആവശ്യമുള്ള ഇടപെടലുകൾ കാലേക്കൂട്ടി നടത്തുക
- സംസ്ഥാന മാനസികാരോഗ്യവകുപ്പുമായി ചേർന്നുള്ള (AHEP, ARSH) പ്രവർത്തനങ്ങളും പരസ്പരം വിവരങ്ങൾ കൈമാറലും
- ദുരുപയോഗങ്ങൾക്കോ പീഢനങ്ങൾക്കോ വിധേയരായ കുട്ടികൾക്ക് സ്കൂൾ കൗൺസലർ, ടീച്ചർ കൗൺസലർ, ചൈൽഡ്‌ലൈൻ, സ്കൂൾ നഴ്സ്, അങ്കണവാടി ജീവനക്കാർ എന്നിവരോട് പേടികൂടാതെ കാര്യങ്ങൾ തുറന്നു പറയാൻ അന്തരീക്ഷം സൃഷ്ടിക്കുക

അവലോകന സൂചകങ്ങൾ

- വൈകാരിക ബുദ്ധിസാമർത്ഥ്യം വികസിപ്പിക്കുന്നതിന് ഉതകുന്ന എത്ര പരിപാടികൾ മുഴുവൻ കുട്ടികൾക്കും അപകട സാധ്യതയുള്ള കുട്ടികൾക്കുമായി സംഘടിപ്പിച്ചു ?
- കുട്ടികൾക്കും, അദ്ധ്യാപകർക്കും വേണ്ടി എത്ര മാനസിക ആരോഗ്യക്യാമ്പുകൾ സംഘടിപ്പിച്ചു ?
- മദ്യവും, പുകവലിയും, മയക്കുമരുന്നും ഉപയോഗിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ട കുട്ടികളുടെ എണ്ണം



# മേഖല 5

# നിയമാനുസൃത പ്രായത്തിനു മുമ്പുള്ള വിവാഹങ്ങൾ തടയുക



**ഉദ്ദേശ്യം**

തദ്ദേശഭരണ പ്രദേശത്ത് ഒരു ബാലവിവാഹവും നടക്കുന്നില്ല എന്ന് ഉറപ്പാക്കുക

**ലക്ഷ്യങ്ങൾ**

- 18 വയസ്സിന് മുമ്പ് പെൺകുട്ടികളും, 21 വയസ്സിന് മുമ്പ് ആൺകുട്ടികളും വിവാഹിതരാകുന്നില്ല എന്ന് ഉറപ്പു വരുത്തുക
- കുട്ടികളുടെ സമ്പൂർണ്ണ വികാസത്തിനു വേണ്ട എല്ലാ അവസരങ്ങളും ഉറപ്പാക്കുക

| തന്ത്രം 1 | 18 വയസ്സു വരെ എല്ലാ കുട്ടികളും സ്കൂളിൽ ഹാജരുണ്ടെന്ന് ഉറപ്പു വരുത്തുക (പ്രവർത്തനസഹായി, വികസനം, മേഖല 4, തന്ത്രം 1, 2, 6, 7) |
|---|---|

**കർമ്മ പരിപാടികൾ**

- സ്കൂൾ ഹാജർ നിലവാരം 85% എങ്കിലും ഉണ്ടെന്ന് ഉറപ്പു വരുത്തുക
- കുട്ടികൾ വിദ്യാലയങ്ങളിൽനിന്നും ദിവസങ്ങളോളം വിട്ടു നിൽക്കുന്ന സീസണുകൾ തിട്ടപ്പെടുത്തുകയും ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്യുക
- ദരിദ്ര കുടുംബങ്ങളിലെയും തീരദേശങ്ങളിലെയും പട്ടികജാതി - പട്ടികവർഗ്ഗ മേഖലകളിലെയും സാമ്പത്തികമായ സഹായം ആവശ്യമായ വിദ്യാർത്ഥികൾക്ക് പ്രത്യേക സൗജന്യങ്ങളും സ്പോൺസർഷിപ്പും ലഭ്യമാക്കുക
- ദുരിതാവസ്ഥയിലുള്ള കുടുംബങ്ങളിൽ കഴിയുന്ന കുട്ടികളുടെയും കുട്ടികളുടെ സ്ഥാപനങ്ങളിൽ കഴിയുന്നവരുടേയും പട്ടിക തയ്യാറാക്കി മുഖ്യധാരാ വിദ്യാഭ്യാസത്തിലേക്കു കൊണ്ടുവരുവാൻ വേണ്ട സഹായക നടപടികൾ സ്വീകരിക്കുക
- കുട്ടികൾ കൂടുതലായി കൊഴിഞ്ഞുപോകുന്ന പ്രദേശങ്ങളിലും സ്കൂളുകളിലും പ്രത്യേകമായ ജീവിതനൈപുണി വിദ്യാഭ്യാസ പദ്ധതികൾ നടപ്പാക്കുക
- സ്കൂളുകളിൽ വരാതിരിക്കുന്ന കുട്ടികളെ ഉടൻ തിരിച്ചറിയുകയും വിവരം ടെലിഫോൺ കോളിലൂടെയോ എസ്സ് എം എസ്സ് വഴിയോ അവരവരുടെ വീടുകളിൽ അറിയിക്കുകയോ സ്കൂൾ കൗൺസലർ/ടീച്ചർ അത്തരം ഭവനങ്ങൾ സന്ദർശിക്കുകയോ ചെയ്യുക (മാർഗ്ഗനിർദ്ദേശം 2.21)
- പഠനനിലവാരത്തിൽ പിന്നിലായ കുട്ടികൾക്ക് പ്രത്യേക കോച്ചിംഗ് ക്ലാസ്സുകളും പരിഹാര പഠനബോധനവും ഏർപ്പാടാക്കുക

- കൊഴിഞ്ഞുപോക്ക് തടയാനാവശ്യമായ നിർദ്ദേശങ്ങൾ പ്രയോഗത്തിൽ വരുത്തുക (പ്രവർത്തനസഹായി – വികസനം, മേഖല – 4, തന്ത്രം 1,2,3,4,5)

**അവലോകന സൂചകങ്ങൾ**

- 8,9,10 ക്ലാസ്സുകളിൽ നിന്നും വിട്ടു നിൽക്കുന്ന കുട്ടികളുടെ ഇനം തിരിച്ചുള്ള എണ്ണവും കൊഴിഞ്ഞുപോക്ക് നിരക്കും
- ഓരോ മാസത്തിലും സ്കൂളുകളിൽ നിന്നും ഹാജർ നിരീക്ഷിക്കാനായി (അറ്റൻ്റൻസ് ട്രാക്കിംഗ്) വിളിച്ചിട്ടുള്ള കോളുകളുടെയോ/ഭവന സന്ദർശനങ്ങളുടെയോ എണ്ണം

## തന്ത്രം 2 ബാലവിവാഹത്തിനെതിരായ ബോധവൽക്കരണം നടത്തുക

**കർമ്മ പരിപാടികൾ**

- ബാലവിവാഹത്തിന്റെ ന്യൂനതകളെക്കുറിച്ച് കുട്ടികളെയും മാതാപിതാക്കളെയും ബോധവാന്മാരാക്കുന്നതിനുതകുന്ന വിവരവിനിമയവിദ്യാഭ്യാസ സാമഗ്രികൾ വികസിപ്പിച്ചെടുക്കുക (പോസ്റ്റർ, സംഗീതം, തെരുവ് നാടകങ്ങൾ തുടങ്ങിയ പ്രോഗ്രാമുകൾ വിവിധ ഏജൻസികൾ വഴി )
- KELSA, NGO/CBO തുടങ്ങിയവയിലൂടെയുള്ള നിയമബോധനം സാധ്യമാക്കുക
- ബാലവിവാഹവുമായി ബന്ധപ്പെട്ട അന്ധവിശ്വാസങ്ങളെയും അനാചാരങ്ങളെയും കുറിച്ച് ബോധവൽക്കരണ പരിപാടികൾ നടത്തുക
- കുട്ടികൾ നിയമപരമായി പ്രായപൂർത്തിയെത്തുന്നതുവരെ വിവാഹം നീട്ടി വെയ്ക്കുവാൻ വരന്റെയും വധുവിന്റെയും മാതാപിതാക്കളുമായി അനുരഞ്ജന ചർച്ച നടത്തുക
- വാർഡ്സഭകളിൽ/ഗ്രാമസഭകളിൽ ശൈശവവിവാഹങ്ങളുടെ അപകടങ്ങളെക്കുറിച്ച് ഗൗരവമായി ചർച്ച ചെയ്യുക
- ബാലവിവാഹ ചടങ്ങുകളിൽ പങ്കെടുക്കുന്നത് കുറ്റകരമാണെന്ന് പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുക
- മതമേധാവികളുമായോ, വിവാഹങ്ങൾ നടത്തുന്ന മതസ്ഥാപനങ്ങളുമായോ കൂടിക്കാഴ്ചകൾ നടത്തുക
- കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള സ്കൂൾ ക്ലബ്ബുകൾ/സ്കൂൾ പാർലമെന്റ് തുടങ്ങിയവ ശക്തിപ്പെടുത്തുക (മാർഗ്ഗനിർദ്ദേശം 3.19)
- സ്കൂൾ പാർലമെന്റ്/ബാലസഭ/ചിൽഡ്രൻസ് ക്ലബ്ബ് തുടങ്ങിയവയെ ബാലവിവാഹം സംബന്ധിച്ച സ്കിറ്റ്, റോൾ പ്ലേ എന്നിവ അവതരിപ്പിക്കുവാൻ പ്രോൽസാഹിപ്പിക്കുക
- സ്കൂൾ വിദ്യാഭ്യാസകാലത്ത് പെൺകുട്ടികളെ വിവാഹം കഴിച്ചയയ്ക്കുന്ന സാഹചര്യം ഒഴിവാക്കുന്നതിന് സാമ്പത്തിക, ഇതര പ്രോത്സാഹനങ്ങൾ നൽകുക (മാർഗ്ഗനിർദ്ദേശം 3.20)
- ബാലവിവാഹങ്ങൾ റിപ്പോർട്ട് ചെയ്യുന്നവരെ പൊതുവേദികളിൽ ആദരിക്കുക. (മാർഗ്ഗനിർദ്ദേശം 3.21)




അവലോകന സൂചകങ്ങൾ

- തദ്ദേശഭരണസ്ഥാപനപരിധിയിൽ നടത്തിയ ബോധവൽക്കരണ ക്ലാസുകളുടെ എണ്ണം
- എത്ര വിവരവിനിമയ വിദ്യാഭ്യാസ ഇനങ്ങൾ വികസിപ്പിക്കുകയും പ്രചാരണം നടത്തുകയും ചെയ്തു?
- റിപ്പോർട്ടു ചെയ്യപ്പെട്ട ബാലവിവാഹങ്ങളുടെ എണ്ണം

# മേഖല 6

## കുട്ടികൾക്ക് പരിചരണവും പിന്തുണയും ഉറപ്പുനൽകുന്ന കുടുംബാന്തരീക്ഷം സൃഷ്ടിക്കുക



**ഉദ്ദേശ്യം**

തദ്ദേശഭരണ സ്ഥാപനപരിധിയിലെ മുഴുവൻ കുട്ടികൾക്കും കുടുംബാന്തരീക്ഷത്തിൽ ലഭ്യമാകേണ്ട പരിചരണവും പിന്തുണയും ഉറപ്പിക്കുന്നതിനുള്ള പരിപാടികൾ പ്രോത്സാഹിപ്പിക്കുക (ഓരോ കുഞ്ഞിനും കുടുംബം ഒരു അവകാശമാണ്)

**ലക്ഷ്യങ്ങൾ**

- ഒരു കുട്ടിയും തെരുവിലോ മറ്റു അസുരക്ഷിത സ്ഥലങ്ങളിലോ ഉപേക്ഷിക്കപ്പെടാതെ അവരവരുടെ കുടുംബത്തിൽ ജീവിക്കുവാൻ വേണ്ട അവസരം ഒരുക്കുക
- കുട്ടികൾക്കായുള്ള സംരക്ഷണസ്ഥാപനങ്ങളിൽ ലഭ്യമാകേണ്ട ഗുണനിലവാരം തിട്ടപ്പെടുത്തുക

### തന്ത്രം 1 — സ്ഥാപനാടിസ്ഥാന പരിചരണം നിരുത്സാഹപ്പെടുത്തുക

**കർമ്മപരിപാടികൾ**

- കുട്ടികളെ അനാഥാലയങ്ങളിലേക്കോ മറ്റ് കേന്ദ്രങ്ങളിലേക്കോ പറഞ്ഞയക്കാതെ അവരവരുടെ വീടുകളിൽ തന്നെ വേണ്ട ശ്രദ്ധയും പരിചരണവും നൽകുവാൻ പാവപ്പെട്ട മാതാപിതാക്കളെ സഹായിക്കുക
- പ്രദേശത്തെ സ്കൂളുകളിൽ നിന്നും ബാലസംരക്ഷണകേന്ദ്രങ്ങളിൽ ചേരുവാൻ ടി.സി ആവശ്യപ്പെടുന്ന കുട്ടികളുടെ കേസുകൾ ശ്രദ്ധാപൂർവ്വം നിരീക്ഷിക്കുക
- വിദ്യാർത്ഥികൾക്കുള്ള സ്പോൺസർഷിപ്പ്/സ്കോളർഷിപ്പ് തുടങ്ങിയ സോഷ്യൽ സെക്യൂരിറ്റി മിഷന്റെയും വിവിധ ഏജൻസികളുടെയും പദ്ധതികൾ പ്രയോജനപ്പെടുത്തുക (മാർഗ്ഗനിർദ്ദേശം 3.22)
- കുട്ടികൾക്ക് ആവശ്യമായ സേവനങ്ങൾ ചെയ്യുന്ന ഏജൻസികളുമായി ക്രിയാത്മകമായ ബന്ധം സ്ഥാപിക്കുക

**അവലോകന സൂചകങ്ങൾ**

- ☞ തദ്ദേശഭരണ പ്രദേശത്ത് സംരക്ഷണസ്ഥാപനങ്ങളിൽ കഴിയുന്ന കുട്ടികളുടെ കണക്ക് എടുക്കുക
- ☞ സ്പോൺസർഷിപ്പ്, സ്റ്റൈപ്പന്റ് തുടങ്ങയവ ലഭിക്കുന്ന കുട്ടികളുടെ എണ്ണം
- ☞ വളർത്തുഗൃഹങ്ങളിലും (foster care) സ്പോൺസർഷിപ്പിലും കഴിയുന്ന കുട്ടികളുടെ എണ്ണം

| തന്ത്രം 2 | ആര്യോഗ്യകരമായ കുടുംബാന്തരീക്ഷം വികസിപ്പിക്കുക |
|---|---|

**കർമ്മപരിപാടികൾ**

- കുടുംബങ്ങൾ മദ്യ ലഹരിവസ്തു വിമുക്തമാക്കുക
- ഭവന നിർമ്മാണ പദ്ധതികൾ വേണ്ടും വിധം ഉപയോഗപ്പെടുത്തി പഞ്ചായത്തിൽ ഒറ്റമുറി വീടുകൾ ഇല്ലാതാക്കുകയും കുട്ടികൾക്ക് വീട്ടിൽ ആരോഗ്യപരമായ ഇടം ഉണ്ടെന്നും ഉറപ്പു വരുത്തുക
- വിവാഹബന്ധം വേർപെടുത്തൽ/ പിരിഞ്ഞു താമസിക്കൽ തുടങ്ങിയവ കുറയ്ക്കുവാനുതകുന്ന തരത്തിൽ വിവാഹത്തിനു മുന്നോടിയായി അവബോധക്ലാസ്സുകളും കൗൺസലിംഗും ഏർപ്പെടുത്തുക
- എല്ലാ വീടുകളും വൈദ്യുതീകരിച്ചതും, പുകയില്ലാത്ത അടുപ്പുള്ളതുമാണെന്ന് ഉറപ്പ് വരുത്തുക
- ശീതമേഖലയിലുള്ള വീടുകളിൽ തണുപ്പിൽ നിന്നും രക്ഷനേടുന്നതിനുള്ള സംവിധാനങ്ങൾ ഉറപ്പുവരുത്തുക
- ആത്മഹത്യാ പ്രവണത തടയുന്നതിന് വേണ്ടിയുള്ള കൗൺസലിംഗ് ഏർപ്പെടുത്തുക
- കുട്ടികളോടൊപ്പം കുടുതൽ സമയം ഗുണകരമായി ചെലവഴിക്കുവാൻ കുടുംബാംഗങ്ങളെ പ്രേരിപ്പിക്കുക
- കുടുംബമൂല്യങ്ങളും ക്രിയാത്മകമായ രക്ഷാകർത്തൃത്വവും വളർത്തുന്ന മാധ്യമങ്ങളെയും മാധ്യമപ്രവർത്തകരേയും പ്രോത്സാഹിപ്പിക്കുക

**അവലോകന സൂചകങ്ങൾ**

- ☞ വിവാഹ പൂർവ്വ കൗൺസലിംഗിൽ പങ്കെടുത്ത കൗമാരക്കാരുടെ എണ്ണം
- ☞ വൈദ്യുതീകരിക്കാത്ത കുടുംബങ്ങളുടെ ശതമാനം
- ☞ പുകയില്ലാത്ത അടുപ്പുകളുള്ള കുടുംബങ്ങളുടെ ശതമാനം
- ☞ ലഹരി വിമോചിത കുടുംബങ്ങളുടെ ശതമാനം

| തന്ത്രം 3 | പഞ്ചായത്ത്/നഗരസഭാ അതിർത്തിയിൽ കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ നിലവാരം തിട്ടപ്പെടുത്തുക (മാർഗ്ഗനിർദ്ദേശം 3.23) |
|---|---|

**കർമ്മപരിപാടികൾ**

- കുട്ടികളെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങൾക്ക് 6 മാസത്തിനുള്ളിൽ തന്നെ നിയമാനുസൃത രജിസ്ട്രേഷനുകളും നിലവാരവും ഉണ്ടെന്ന് ഉറപ്പു വരുത്തുക
- നിയമാനുസൃത രജിസ്ട്രേഷനുകൾക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകുക

- കുട്ടികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിനെ നിരീക്ഷിക്കാൻ തദ്ദേശഭരണ സ്ഥാപനം പ്രോത്സാഹജനകമായ സാഹചര്യം ഒരുക്കുക
- എല്ലാ കുട്ടികൾക്കും കുട്ടികളുടെ അവകാശങ്ങൾ, ബാലലൈംഗീകപീഢന നിരോധന നിയമം (POCSO), ജുവൈനൽ ജസ്റ്റിസ് നിയമം (JJ act) എന്നിവയെ കുറിച്ച് അവബോധം സൃഷ്ടിക്കുക
- കുട്ടികളെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങളായ അങ്കണവാടി, സ്കൂൾ, ഹോസ്റ്റൽ, അനാഥാലയം എന്നിവയുടെ നിലവാരം മെച്ചപ്പെടുത്താൻ തദ്ദേശഭരണസ്ഥാപനം അവരുമായി കൂടിയാലോചനകൾ നടത്തുക

**അവലോകന സൂചകങ്ങൾ**

- ☞ പഞ്ചായത്ത്/നഗരസഭാതിർത്തിയിൽ നിയമാനുസൃതമായി രജിസ്ട്രേഷൻ നടത്തിയിട്ടുള്ള സ്ഥാപനങ്ങളുടെ എണ്ണം
- ☞ കുട്ടികളെ പരിരക്ഷിക്കുന്ന സ്ഥാപനങ്ങളിൽ പഞ്ചായത്ത്/നഗരസഭ ജനപ്രതിനിധി അംഗങ്ങൾ നടത്തിയിട്ടുള്ള സന്ദർശനങ്ങളുടെ എണ്ണം

# മേഖല 7

# വൈകല്യ ലഘൂകരണവും ഭിന്നശേഷി സൗഹൃദവും



**ഉദ്ദേശ്യം**

വൈകല്യബാധയ്ക്കുള്ള കാരണങ്ങൾ കുറച്ചുകൊണ്ടു വരികയും ഭിന്നശേഷി സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുകയും ചെയ്യുക

**ലക്ഷ്യങ്ങൾ**

- തദ്ദേശഭരണപ്രദേശത്ത് ഭിന്നശേഷി സൗഹൃദ പര്യാവരണം ഉറപ്പാക്കുക
- വൈകല്യബാധിതരായി കുട്ടികൾ ജനിക്കുന്നതിന്റെ സാഹചര്യം കുറച്ചുകൊണ്ട് വരിക
- വൈകല്യ ബാധിതരായ കുട്ടികളിൽ ആത്മവിശ്വാസം വളർത്തുക

## തന്ത്രം 1 — ഭിന്നശേഷിയുള്ള കുട്ടികൾക്ക് സേവനങ്ങൾ ഉറപ്പാക്കുക

**കർമ്മ പരിപാടികൾ**

- വികസനവ്യതിയാനങ്ങൾ കാലേകൂട്ടി കണ്ടെത്തുക (മാർഗ്ഗനിർദ്ദേശം 3.24)
- മെഡിക്കൽ ബോർഡ് സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുക
- ഭിന്നശേഷിയുള്ള കുട്ടികളുടെ പട്ടികയും അവസ്ഥാ വിശകലനവും തയ്യാറാക്കുക
- ആവശ്യാനുസരണം ബഡ്സ് സ്കൂളുകൾ ആരംഭിക്കുക
- ഭിന്നശേഷി കുട്ടികളുടെ കാര്യശേഷിവർദ്ധന പരിപോഷിപ്പിക്കുക
- പെൻഷൻ, സ്കോളർഷിപ്പ്, സ്റ്റൈപ്പന്റ് , മറ്റു സഹായങ്ങൾ എന്നിവ സമഗ്രമായി ലഭ്യമാക്കുക (മാർഗ്ഗനിർദ്ദേശം 3.25)
- ഭിന്നശേഷിയുള്ള കുട്ടികൾക്കായി സ്പെഷൽ ഗ്രാമസഭ വിളിച്ചുചേർക്കുക (മാർഗഗ്ഗനിർദ്ദേശം 3.26)
- എല്ലാവരേയും ഉൾക്കൊണ്ടുള്ള സകലിത വിദ്യാഭ്യാസത്തിനായി IED (SSA/DIET) പദ്ധതികൾ ഉറപ്പാക്കുക
- PHC വഴി സ്പെഷൽ ക്ലിനിക്ക് പ്രതിവാരം നടപ്പിലാക്കുക
- ഭിന്നശേഷിയുള്ള കുട്ടികൾക്കും അവരുടെ കുടുംബത്തിനും വേണ്ട സേവനങ്ങൾ ചെയ്യുന്ന സംഘടനകളുമായി സ്ഥിരമായി ബന്ധം സ്ഥാപിക്കുക
- സാമൂഹ്യ പുനരധിവാസ പദ്ധതികളിൽ SSA/BRC കേന്ദ്രങ്ങളിലെ സ്റ്റാഫിന്റെ പങ്കാളിത്തം ഉറപ്പാക്കുക

- AWC, സ്കൂളുകൾ, പൊതുസ്ഥലങ്ങൾ, റോഡ്, പാർക്ക് എന്നിവിടങ്ങളിൽ മേൽപ്പറഞ്ഞവർക്കായി തടസ്സവിമുക്ത സംവിധാനങ്ങൾ സംബന്ധിച്ച് അവലോകനം നടത്തുകയും ഭിന്നശേഷി സൗഹൃദ പശ്ചാത്തലം ഒരുക്കുകയും ചെയ്യുക
- ഓട്ടിസം ബാധിച്ച കുട്ടികൾക്കായി ഓട്ടിസം പാർക്ക് പോലെയുള്ള കേന്ദ്രങ്ങൾ സ്ഥാപിക്കുക

**അവലോകന സൂചകങ്ങൾ**

- ☞ മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റിന് കാത്തിരിക്കുന്ന കുട്ടികളുടെ എണ്ണം
- ☞ സഹായ സേവനങ്ങൾ ഇനിയും ലഭ്യമാകാത്ത ഭിന്നശേഷിയുള്ള കുട്ടികളുടെ എണ്ണം
- ☞ കഴിഞ്ഞ രണ്ടുവർഷത്തിനിടയിൽ ഭിന്നശേഷിയുള്ള കുട്ടികൾക്കായി നടന്ന പ്രത്യേക ഗ്രാമസഭകളുടെ എണ്ണം
- ☞ ബജറ്റിൽ എത്ര ശതമാനം തുക തടസ്സ വിമുക്ത പശ്ചാത്തല നിർമ്മിതിയ്ക്കായി വക കൊള്ളിച്ചിരിക്കുന്നു (റാമ്പ്, നടവഴി, വാഹനം, യാത്രാ ഉപകരണങ്ങൾ, ഇരിപ്പിടം മുതലായവ)?

| തന്ത്രം 2 | വൈകല്യങ്ങളിലേക്ക് നീങ്ങാനിടയുള്ള സാഹചര്യങ്ങൾ കുറച്ചു കൊണ്ടു വരികയും വൈകല്യ പ്രതിരോധപ്രവർത്തനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുക |
|---|---|

**കർമ്മ പരിപാടികൾ**

- പ്രായപൂർത്തിയെത്തും മുന്നെയുള്ള വിവാഹങ്ങളിലെ പ്രതികൂലഫലങ്ങളെ കുറിച്ച് ക്യാമ്പയിൻ നടത്തുക
- പ്രായാനുസരണമുള്ള വളർച്ചാ വഴികളെപ്പറ്റിയും BMIയെ പറ്റിയും ബോധവൽക്കരിക്കുക
- ഫോളിക് ആസിഡ് ഗുളിക, റുബെല്ല വാക്സിൻ എന്നിവ എടുക്കാത്ത ഗർഭിണികൾ, അടുത്ത ബന്ധുക്കളെ വിവാഹം കഴിക്കുന്നവർ, പ്രായം വൈകിയുള്ള ഗർഭധാരണം എന്നിവ മൂലമുണ്ടാകുന്ന ആപത്തുകളെ സംബന്ധിച്ച് ബോധവൽക്കരണം നടത്തുക (പ്രവർത്തനസഹായി, അതിജീവനം, മേഖല 3, തന്ത്രം 5)
- അപകടമേഖലകൾ രേഖപ്പെടുത്തുകയും അപകടസാധ്യത സൂചിപ്പിക്കുന്ന ബോർഡുകൾ സ്ഥാപിക്കുകയും ചെയ്യുക
- 24 മണിക്കൂറും ആംബുലൻസിന്റെ സേവനലഭ്യത ഉറപ്പാക്കുക
- അധികാരികളുടെ സഹായത്തോടെ കൃത്യമായ ട്രാഫിക്ക് നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പാക്കുക
- എൻഡോസൾഫാൻ പോലെയുള്ള കീടനാശിനികളുടെയും, രാസവസ്തുക്കളുടെയും ഉപയോഗം തടയുക
- തെരുവുനായ്ക്കൾ, പാമ്പ് തുടങ്ങിയവയിൽ നിന്നും കുട്ടികളുടെ സംരക്ഷണം ഉറപ്പാക്കുക

### അവലോകന സൂചകങ്ങൾ

- കണ്ടെത്തിയ അപകടമേഖലകളുടെ എണ്ണം
- അപകടമേഖലാമേപ്പിങ്ങിന്റെ അടിസ്ഥാനത്തിൽ സ്ഥാപിച്ച അപകട സൂചകഫലകങ്ങളുടെ എണ്ണം

## തന്ത്രം 3 — വൈകല്യപ്രതിരോധത്തിനായി സഹായസേവനപ്രവർത്തനങ്ങളെ സംയോജിപ്പിക്കുക.

### കർമ്മ പരിപാടികൾ

- ഡിസ്ട്രിക്ട് ഏർളി ഇന്റർവെൻഷൻ (DEIC) കേന്ദ്രങ്ങൾപോലെയുള്ള സേവനകേന്ദ്രങ്ങളുമായി ചേർന്ന് ഭിന്നശേഷിയുള്ള കുട്ടികൾക്ക് ആവശ്യമായ സേവനങ്ങൾ ഉറപ്പുവരുത്തുക (മാർഗ്ഗനിർദ്ദേശം 3.27)
- ഭിന്നശേഷിയുള്ള കുട്ടികളെയും അവരുടെ കുടുംബാംഗങ്ങളെയും ഇത്തരം സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുക

### അവലോകന സൂചകങ്ങൾ

- ഭിന്നശേഷിസേവന കേന്ദ്രങ്ങളിൽ നിന്നും സഹായം സ്വീകരിക്കുന്ന കുട്ടികളുടെ എണ്ണം
- DEIC യിലേക്ക് റഫർ ചെയ്യപ്പെട്ട കേസുകളുടെ എണ്ണം



അദ്ധ്യായം 4

# കുട്ടികളുടെ പങ്കാളിത്തം





കുട്ടികളുടെ പങ്കാളിത്താവകാശം എന്നാൽ അവർക്ക് വേണ്ടിയോ അവരെ ബാധിക്കുന്നതോ ആയ കുടുംബത്തിലേയും, വിദ്യാലയത്തിലേയും, സമൂഹത്തിലേയും, ഭരണ നടപടിക്രമത്തിലേയും തീരുമാനങ്ങളെടുക്കുന്ന പ്രക്രിയയിൽ അവരെ കൂടി പങ്കാളികളാക്കണം എന്ന അവകാശമാണ്. ഐക്യരാഷ്ട്രസഭയുടെ കുട്ടികൾക്കായുള്ള അവകാശ ഉടമ്പടിയിൽ (UNCRC) അവരുടെ സൗഹൃദ ബന്ധങ്ങൾ, കളികൾ, കായികവിനോദങ്ങൾ, കലാസാഹിത്യസംസ്ക്കാരിക പ്രവർത്തനങ്ങൾ, വിദ്യാഭ്യാസം, സാമൂഹ്യ പ്രവർത്തനം തുടങ്ങിയവയിലും വിജ്ഞാനനൈപുണി ആർജ്ജിക്കുന്നതിനുള്ള പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിനും തീരുമാനങ്ങൾ എടുക്കുന്നതിനും പൂർണ്ണമായ സ്വാതന്ത്ര്യമുണ്ടായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

കുട്ടികളെ ബാധിക്കുന്ന ഏത് തീരുമാനനടപടിക്രമങ്ങളിലും പ്രത്യക്ഷമായോ പരോക്ഷമായോ ശൈശവത്തെയോ കൗമാരത്തേയോ ബാധിക്കുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കുമ്പോഴും കുട്ടികളെ കൂടി പങ്കെടുപ്പിക്കേണ്ടത് തദ്ദേശഭരണസ്ഥാപനത്തിന്റെ ഉത്തരവാദിത്വമാണ്.



പങ്കാളിത്ത അവകാശവുമായി ബന്ധപ്പെടുത്തി താഴെ നിർദ്ദേശിച്ചിട്ടുള്ള ഓരോ മേഖലയിലേയും നിർദ്ദേശങ്ങൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് കുട്ടികളുടെ പങ്കാളിത്ത അവകാശം സംരക്ഷിക്കുന്നതിന് സഹായകരമാകുന്നതാണ്.

മേഖലകൾ

1. ബാലസഭ (UNCRC അനുഛേദം 13,14,15)
2. കൗമാരക്ലബ്ബുകൾ (UNCRC അനുഛേദം 12,29,31,32)
3. സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ക്ലബ്ബുകളിൽ എല്ലാ വിദ്യാർത്ഥികളുടേയും പങ്കാളിത്തം (UNCRC അനുഛേദം 29,31)
4. ആസൂത്രണപ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം (UNCRC അനുഛേദം 4,13,17,42)
5. ബാലസൗഹൃദ പൊതു ഇടങ്ങൾ (UNCRC അനുഛേദം 29)

# മേഖല 1

## ബാലസഭ




**ഉദ്ദേശ്യം**

എല്ലാ വാർഡിലും ബാലസഭകൾ സജീവമാക്കുക

**ലക്ഷ്യങ്ങൾ**

- ഏറ്റവും താഴേത്തട്ടിലും കുട്ടികൾക്കായി പങ്കാളിത്തഘടന സൃഷ്ടിക്കുക
- കുട്ടികളിൽ ഒരു കൂട്ടായ്മാവബോധം സൃഷ്ടിക്കുക

### തന്ത്രം 1 എല്ലാ വാർഡുകളിലും ബാലസഭ രൂപീകരണം

**കർമ്മപരിപാടികൾ**

- കുടുംബശ്രീ മാർഗ്ഗരേഖ പ്രകാരം വാർഡുതലത്തിൽ അയൽക്കൂട്ടത്തെ ആസ്പദമാക്കി ബാലസഭ രൂപീകരിക്കുക (മാർഗ്ഗനിർദ്ദേശം 4.1)
- സി.ഡി.എസ്സുകളിൽ നിന്നും ബാലസഭയെക്കുറിച്ചുള്ള വാർഡുതല വിവരശേഖരണം നടത്തുക
- ബാലസഭ രൂപീകരിക്കാത്ത എത്ര എ.ഡി.എസുകൾ ഉണ്ടെന്ന് കണ്ടെത്തുക
- 6 മുതൽ 15 വയസ്സു വരെയുള്ള എല്ലാ കുട്ടികളും ബാലസഭയിൽ ചേർന്നിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക
- പഞ്ചായത്ത്/നഗരസഭ കമ്മിറ്റിയുടേയും സിഡിഎസിന്റേയും നേതൃത്വത്തിൽ ബാല പഞ്ചായത്ത് രൂപീകരിക്കുക
- ബാലസഭ പ്രവർത്തനപുരോഗതി വിലയിരുത്തുന്നതിന് പഞ്ചായത്ത്/നഗരസഭ മേധാവിയുടെ നേതൃത്വത്തിൽ കുടുംബശ്രീ വിലയിരുത്തൽ കമ്മിറ്റി മീറ്റിംഗ് വിളിച്ചു ചേർക്കുക
- പ്രാദേശികപദ്ധതിയിൽ ബാലസഭാ ശാക്തീകരണത്തിനായി പദ്ധതി മാർഗ്ഗരേഖ നിർദ്ദേശ പ്രകാരം ഫണ്ട് വകയിരുത്തുക (GO(MS) 362/13 LSGD dtd 16/11/13 appendix item No. 5 )

**അവലോകന സൂചകങ്ങൾ**

- ബാലസഭ സജീവമായി പ്രവർത്തിക്കുന്ന വാർഡുകളുടെ ശതമാനം
- എത്രശതമാനം കുട്ടികൾ ബാലസഭകളിൽ ചേർന്ന് പ്രവർത്തിക്കുന്നുണ്ട്?
- കുടുംബശ്രീയിൽ അംഗങ്ങളായവരുടെ എത്ര കുട്ടികൾ ബാലസഭയിൽ അംഗങ്ങളല്ലാത്ത വരായുണ്ട് ?

## തന്ത്രം 2 ബാലസഭ പ്രവർത്തനം സജീവമാക്കൽ

### കർമ്മപരിപാടികൾ

- ശരിയായ രീതിയിൽ ബാലപഞ്ചായത്ത് നടത്തുന്നതിന് ബാലപാർലമെന്റിന്റെ മോഡലിൽ ബാലപഞ്ചായത്ത് സംഘടിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 4.2)
- ബാലസഭ പ്രവർത്തനത്തെക്കുറിച്ച് ചർച്ച ചെയ്യുന്നതിന് സി.ഡി.എസ് അംഗങ്ങളെയും ബാലപഞ്ചായത്ത് അംഗങ്ങളെയും പഞ്ചായത്ത്/നഗരസഭ കമ്മിറ്റിയിൽ പ്രത്യേകമായി വിളിക്കുക
- എല്ലാ മാസവും ബാലസഭ/ബാലസമിതി/ബാലപഞ്ചായത്ത് യോഗങ്ങൾ, അതാത് പ്രദേശത്തെ അയൽക്കൂട്ടം/എഡിഎസ്/സിഡിഎസ്സുകളിൽ വിളിച്ചു കൂട്ടുക
- ബാലസഭയുടെ പ്രവർത്തനങ്ങൾക്കായി സൂക്ഷ്മപദ്ധതി ആസൂത്രണവും സ്ഥൂലപദ്ധതി ആസൂത്രണം ആഴ്ച/മാസം/വർഷം തോറും നടത്തുക

### അവലോകനസൂചകങ്ങൾ

- എത്ര ബാലസഭ മീറ്റിംഗുകൾ നടത്തി?
- കുട്ടികൾക്ക് വേണ്ടി കുടുംബശ്രീയുടെ നേതൃത്വത്തിൽ എത്ര പരിപാടികൾ നടത്തി?
- ബാലപാർലമെന്റിലേക്ക് എത്ര ബാലസഭ അംഗങ്ങളെ അയച്ചു?

## തന്ത്രം 3 ബാലസഭ പ്രവർത്തനങ്ങളുടെ സമയബന്ധിതമായ വിലയിരുത്തൽ

### കർമ്മപരിപാടികൾ

- വാർഡുതലത്തിലെ ബാലസഭ പ്രവർത്തനത്തിന്റെ ത്രൈമാസ വിലയിരുത്തൽ നടത്തുക
- കുടുംബശ്രീ വിലയിരുത്തൽ കമ്മിറ്റി പഞ്ചായത്ത്/നഗരസഭ മോധാവിയുടെ നേതൃത്വത്തിൽ ബാലസഭയുടെയും ബാലപഞ്ചായത്തിന്റേയും പ്രവർത്തനം വിലയിരുത്തുക
- ബാലസഭയുടെ സമ്പാദ്യപ്രവർത്തനം വിലയിരുത്തുക
- മനുഷ്യാവകാശദിനം, പരിസ്ഥിതി ദിനം, ശിശു ദിനം മുതലായ ദിനാചരണങ്ങൾ നടത്തുകയും വിലയിരുത്തുകയും ചെയ്യുക
- കുട്ടികളുടെ വാർഡ്സഭ/ഗ്രാമസഭ, ബാലപഞ്ചായത്ത് മറ്റ് കുട്ടികളുടെ സാമൂഹ്യക്ലബ്ബുകൾ എന്നിവയിൽ കുട്ടികളുടെ പങ്കാളിത്ത നിലവാരം വിലയിരുത്തുക
- അങ്കണവാടി വർക്കർമാരെ (എഡിഎസിലെ അനൗദ്യോഗിക അംഗം) അവലോകന മീറ്റിംഗുകളിൽ ഉൾപ്പെടുത്തുക

### അവലോകന സൂചകങ്ങൾ

- എത്ര വിലയിരുത്തൽ യോഗങ്ങൾ നടത്തി ?

## തന്ത്രം 4 — ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും ലിംഗാവബോധത്തെ കുറിച്ചുള്ള പരിശീലനം

### കർമ്മപരിപാടികൾ

- ബാലസഭ അംഗങ്ങൾക്ക് ലിംഗസമത്വ പരിശീലനം ഏർപ്പെടുത്തുക
- പെൺകുട്ടികളെ ബാലസഭകളിൽ അംഗങ്ങളാക്കുന്നതിന് ഊന്നൽ നൽകികൊണ്ടുള്ള പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക
- നിയമാനുസൃത പ്രായത്തിന് മുമ്പുള്ള വിവാഹത്തിന്റെ പ്രത്യാഘാതങ്ങളെക്കുറിച്ച് ചർച്ചകൾ സംഘടിപ്പിക്കുക
- ലിംഗസമത്വം പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തുക

### അവലോകന സൂചകങ്ങൾ

- ☞ ബാലസഭ ലിംഗസൗഹൃദശീലങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി എത്ര പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു ?
- ☞ ലിംഗസമത്വഅവബോധം സൃഷ്ടിക്കുന്നതിനായി എത്ര പ്രവർത്തനപദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട് ?



# മേഖല 2

# കൗമാരക്ലബ്ബുകൾ



**ഉദ്ദേശ്യം**

എല്ലാ അങ്കണവാടി കേന്ദ്രങ്ങളോടനുബന്ധിച്ചും കുട്ടികൾ താമസിക്കുന്ന സർക്കാർ ഹോസ്റ്റലുകളിലും കൗമാര ക്ലബ്ബുകളുടെ രൂപീകരണം സജീവമാക്കുക

**ലക്ഷ്യങ്ങൾ**

- എല്ലാ കുട്ടികൾക്കും പൂർണ്ണമായ പങ്കാളിത്തത്തിനുള്ള അവസരം ഒരുക്കുക
- കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ആവശ്യമായ പോഷകാഹാര ലഭ്യത ഉറപ്പു വരുത്തുക
- കുമാരി, കൗമാര, ടീൻസ് ക്ലബ്ബുകൾ രൂപീകരിക്കുകയും പ്രവർത്തനക്ഷമമാക്കുകയും ചെയ്യുക

| തന്ത്രം 1 | കുമാരി ക്ലബ്ബുകളുടെ രൂപീകരണം, പ്രവർത്തന ശാക്തീകരണം, അവലോകനം (മാർഗ്ഗനിർദ്ദേശം 4.3) |
|---|---|

**കർമ്മപരിപാടികൾ**

- കെട്ടിട സമുച്ചയങ്ങളിലും, ഫ്ളാറ്റുകളിലും അങ്കണവാടികളുടെ നേതൃത്വത്തിൽ കൗമാര ക്ലബ്ബുകൾ പ്രത്യേകമായി രൂപീകരിക്കുക അല്ലെങ്കിൽ നിലവിൽ അങ്കണവാടി തലത്തിൽ പ്രവർത്തിക്കുന്ന കൗമാര ക്ലബ്ബുകളിൽ അംഗമാകാൻ പ്രേരിപ്പിക്കുക
- ഒരു ലീഡറേയും രണ്ട് ഉപലീഡർമാരേയും ക്ലബ്ബിന്റെ പ്രവർത്തനം ശരിയായ രീതിയിൽ നടത്തുന്നതിന് ഭാരവാഹികളായി തെരഞ്ഞെടുക്കുക
- ക്ലബ്ബ് ഭാരവാഹികൾക്കായി പഞ്ചായത്ത്/നഗരസഭ തലത്തിൽ നേതൃത്വപരിശീലനം സംഘടിപ്പിക്കുക
- തെരഞ്ഞെടുക്കപ്പെട്ട കൗമാരപ്രായക്കാരായ പെൺകുട്ടികൾക്ക് ശരിയായ രീതിയിൽ പോഷകാഹാരം ലഭ്യമാക്കുക, ഓരോ ഘട്ടങ്ങളിലുമുള്ള വളർച്ചാ നിരീക്ഷണം നടത്തുക, എല്ലാ അംഗങ്ങൾക്കും ഇരുമ്പ് സത്ത് ഗുളികകൾ (ഐ.എഫ്.എ) നൽകുക
- വായനക്കളരി, മാസികകൾ, കലാസാംസ്ക്കാരിക പ്രവർത്തനങ്ങൾ, പോഷകാഹാര പ്രദർശനം തുടങ്ങിയ സർഗ്ഗാത്മക പ്രവർത്തനങ്ങൾ നടത്തുക, തൊഴിൽ വൈദഗ്ധ്യ പരിശീലനം നൽകുക
- കുമാരി ക്ലബ്ബുകളുടെ പ്രവർത്തന രജിസ്റ്ററിന്റെയും നടപടിക്രമങ്ങളുടെയും ശരിയായ നിരീക്ഷണം അങ്കണവാടിതല മോണിട്ടറിംഗ് കമ്മറ്റി നടത്തുക (മാർഗ്ഗനിർദ്ദേശം 4.4)
- ജീവിത നൈപുണി വിദ്യാഭ്യാസം സംഘടിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 3.17)
- കുമാരി ക്ലബ്ബ് ലീഡറിന്റെ സഹായത്തോടെ എല്ലാ അങ്കണവാടികളിലും രജിസ്റ്ററുകൾ തയ്യാറാക്കുകയും അത് കൃത്യമായി സൂക്ഷിക്കുകയും ചെയ്യുക

- ഓരോ അങ്കണവാടി കേന്ദ്രങ്ങളിലേയും അങ്കണവാടികളിൽ നിന്ന് CDPO ക്ക് സമർപ്പിക്കുന്ന മാസാന്ത്യ വാർഷിക ഭൗതിക സാമ്പത്തിക റിപ്പോർട്ടുകൾ അവലോകനം ചെയ്യുക
- ലിംഗപദവി സ്വയംപഠനവും, ക്രൈം മാപ്പിങ്ങും പ്രോത്സാഹിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 4.5)

**അവലോകനസൂചകങ്ങൾ**

- ☞ എത്ര ശതമാനം/എണ്ണം അങ്കണവാടികളിൽ സജീവമായി പ്രവർത്തിക്കുന്ന കുമാരിക്ലബ്ബുകൾ ഉണ്ട് ?
- ☞ എത്ര ശതമാനം/എണ്ണം കൗമാരപ്രായക്കാരായ പെൺകുട്ടികളെ കുമാരിക്ലബ്ബുകളിൽ പ്രവേശിപ്പിച്ചിട്ടുണ്ട് ?
- ☞ എത്ര ശതമാനം/എണ്ണം പ്രീ മെട്രിക് ഹോസ്റ്റലുകളിൽ കുമാരീ ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ട് ?
- ☞ എത്ര ശതമാനം/എണ്ണം കുമാരി ക്ലബ്ബുകൾ ജീവിതനൈപുണി വിദ്യാഭ്യാസം നടത്തിയിട്ടുണ്ട് ?

**തന്ത്രം 2** — **ആൺകുട്ടികളുടെ ക്ലബ്ബുകളും ടീൻസ് ക്ലബ്ബുകളും രൂപീകരിക്കുക (മാർഗ്ഗനിർദ്ദേശം 4.6)**

**കർമ്മപരിപാടികൾ**

- തദ്ദേശഭരണസ്ഥാപന പ്രദേശത്ത് കൗമാരപ്രായക്കാരായ ആൺകുട്ടികളുടെ വിവരശേഖരണം അങ്കണവാടി വഴി നടത്തുക (കുടുംബ സർവേ രജിസ്റ്റർ)
- ബാലസഭയിലോ മറ്റ് സ്കൂൾ തല ക്ലബ്ബുകളിലോ ഉൾപ്പെടാത്ത ആൺകുട്ടികളുടെ വിവര ശേഖരണം നടത്തുക
- ഒരു പങ്കാളിത്ത ക്ലബ്ബിലും അംഗമല്ലാത്ത കുട്ടികളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും, ഏതെങ്കിലും ഒരു ക്ലബ്ബിൽ അംഗമാകാൻ പ്രേരിപ്പിക്കുകയും ചെയ്യുക
- എല്ലാ വാർഡിലേയും ഗ്രാമകേന്ദ്രങ്ങളിലോ, തെരഞ്ഞെടുക്കപ്പെട്ട അങ്കണവാടികളിലോ കൗമാരപ്രായക്കാരായ ആൺകുട്ടികൾക്കായുള്ള ക്ലബ്ബുകൾ രൂപീകരിക്കുക. സാധ്യമെങ്കിൽ ആൺകുട്ടികളും പെൺകുട്ടികളും അടങ്ങുന്ന ടീൻ ക്ലബ്ബുകളും രൂപീകരിക്കുക
- ടീൻസ് ക്ലബ്ബ് രൂപീകരിക്കുന്നതിനായി സർക്കാർ, സർക്കാരിതര (പ്രീ-മെട്രിക്ക് ഹോസ്റ്റൽ ഉൾപ്പെടെ) സ്ഥാപനങ്ങളിലെ മേലധികാരികളുമായി കൂടികാഴ്ച നടത്തുക
- ടീൻ ക്ലബ്ബുകളിലെ ലീഡർമാർക്ക് നേതൃത്വപാടവ പരിശീലനം സംഘടിപ്പിക്കുക
- ക്ലബ്ബ് അംഗങ്ങളെ കായികകലാസാംസ്ക്കാരിക പരിപാടികളിൽ സജീവമാക്കാനും അതോടൊപ്പം കളിസ്ഥലം പാർക്ക് മുതലായ പൊതു ഇടങ്ങൾ ഉപയോഗിക്കുവാനും പ്രചോദനം നൽകുക
- എല്ലാ മാസവും ജീവിത നൈപുണി വിദ്യാഭ്യാസ പരിപാടികളും, കൗൺസലിംഗും, ആരോഗ്യപരിശോധനയും നടത്തുക
- എല്ലാ കുട്ടികളും സ്കൂൾതല ക്ലബ്ബുകളിൽ അംഗങ്ങളാണെന്നും പ്രവർത്തനങ്ങളിൽ സജീവ

പങ്കാളികളാണെന്നും ഉറപ്പ് വരുത്തുക (മാർഗ്ഗനിർദ്ദേശം 4.7)

അവലോകന സൂചകങ്ങൾ

- ഏതെങ്കിലും കായിക -കലാ കൂട്ടായ്മകളിൽ അംഗമാകാത്ത കുട്ടികളുടെ എണ്ണം
- എത്ര ടീൻ ക്ലബ്ബുകൾ പഞ്ചായത്ത്/നഗരസഭ തലത്തിൽ രൂപീകരിച്ചു ?
- ടീൻക്ലബ്ബ് ലീഡർമാരിൽ എത്രശതമാനം പേർ നേതൃത്വപാടവ പരിശീലനത്തിൽ പങ്കെടുത്തു?



# മേഖല 3



## സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ക്ലബ്ബുകളിൽ എല്ലാ വിദ്യാർത്ഥികളുടെയും പങ്കാളിത്തം

**ഉദ്ദേശ്യം**

ഓരോ വിദ്യാർത്ഥിയുടെയും അംഗത്വവും സജീവ പങ്കാളിത്തവും സ്കൂളുകളിൽ രൂപീകരിച്ചിട്ടുള്ള ക്ലബ്ബുകളിൽ ഉറപ്പു വരുത്തുക

**ലക്ഷ്യങ്ങൾ**

- ഓരോ വിദ്യാർത്ഥിയേയും അവരുടെ അഭിരുചിക്കനുസൃതമായിട്ടുള്ള സ്കൂൾ ക്ലബ്ബുകളിൽ അംഗങ്ങളാകാനും പ്രവർത്തിക്കാനും പ്രോത്സാഹിപ്പിക്കുക
- വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ വികസിപ്പിക്കുന്നതിനും പ്രദർശിപ്പിക്കുന്നതിനും അവസരങ്ങൾ നൽകുക
- സ്കൂളുകളിലെ ക്ലബ്ബുകളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും അർത്ഥവത്തായ പങ്കാളിത്തത്തിന് തുല്യ അവസരങ്ങൾ നൽകുക

### തന്ത്രം 1 — നിലവിലെ സ്കൂൾ ക്ലബുകളുടെ, പ്രവർത്തനങ്ങളുടെ നിജസ്ഥിതി തിട്ടപ്പെടുത്തുക

**കർമ്മപരിപാടികൾ**

- പഞ്ചായത്ത്/നഗരസഭ പരിധിയിൽ വരുന്ന സ്കൂളുകളിലെ നിലവിലുള്ള ക്ലബ്ബുകളുടെ വിവരശേഖരണം നടത്തുക
- ലഘുലേഖ തയ്യാറാക്കി വിതരണം ചെയ്തും വിജ്ഞാപനം ചെയ്തും സ്കൂൾ ക്ലബ്ബുകളിൽ ചേരുവാൻ എല്ലാ വിദ്യാർത്ഥികൾക്കും അവസരം നൽകുക
- ഓരോ സ്കൂളിലും വിവിധ ക്ലബ്ബുകളിലെ വിദ്യാർത്ഥികളുടെ അംഗത്വവും പ്രവർത്തനവും വിശകലനം ചെയ്യുക
- നേതൃത്വനിരകളിൽ ലിംഗസമത്വം ഉറപ്പു വരുത്തുക (ഉദാ. 6 ക്ലബ്ബുകൾ ഉണ്ടെങ്കിൽ പ്രധാനപ്പെട്ടവയിൽ 3 എണ്ണത്തിൽ പെൺകുട്ടികൾ ആയിരിക്കണം നേതൃസ്ഥാനങ്ങളിൽ)
- സ്കൂൾ ക്ലബ്ബുകളിൽ അവരെ നയിക്കുന്നതിന് ബാലസൗഹൃദ കാഴ്ച്ചപ്പാടുള്ള അദ്ധ്യാപകരെ നിയോഗിക്കുക
- ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിന് പൊതുസ്വകാര്യ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക

**അവലോകന സൂചകങ്ങൾ**

- പ്രവർത്തിക്കുന്ന ക്ലബ്ബുകളുടെ സ്കൂൾതലപട്ടിക

- എത്ര സംയുക്തയോഗങ്ങൾ സംഘടിപ്പിച്ചു ?
- വിവിധ ക്ലബ്ബുകളിൽ പെൺകുട്ടികളുടെ അംഗത്വം എത്ര ശതമാനം ഉണ്ട് ?

## തന്ത്രം 2 സ്കൂൾ ക്ലബ്ബുകളുടെ പ്രവർത്തനം സജീവമാക്കുക

### കർമ്മപരിപാടികൾ

- പഞ്ചായത്ത്/മുനിസിപ്പൽ പ്രസിഡണ്ട്/ചെയർപേഴ്സന്റെയോ, ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സന്റെയോ നേതൃത്വത്തിൽ ഹെഡ്മാസ്റ്റർമാർ, ചുമതലയുള്ള അദ്ധ്യാപകർ, വിദ്യാർത്ഥി നേതാക്കൾ എന്നിവരുടെ സംയുക്തയോഗം വിളിച്ച് സ്കൂൾ ക്ലബ്ബുകളുടെ വാർഷിക പ്രവർത്തനം ചിട്ടപ്പെടുത്തുക
- പൊതുയോഗ ചർച്ച പ്രകാരം ഓരോ വർഷത്തെയും പ്രവർത്തനങ്ങൾ തീരുമാനിക്കുക, പ്രവർത്തന കലണ്ടർ തയ്യാറാക്കുക (മാർഗ്ഗനിർദ്ദേശം 4.8)
- ക്ലബ്ബിന്റെ പ്രവർത്തനം സംബന്ധിച്ച ബോധവൽക്കരണം ചുമതലയുള്ള എല്ലാ അദ്ധ്യാപകർക്കും നൽകുക
- സംഘാടന ചാലകശക്തിയെക്കുറിച്ചും, നേതൃപാടവത്തെക്കുറിച്ചും ക്ലബ്ബ് നേതാക്കൾക്ക് പരിശീലനം നൽകുക
- ബാലാവകാശങ്ങളെക്കുറിച്ച് ബോധവത്ക്കരണ ക്ലാസുകൾ, പരിസ്ഥിതി പ്രശ്നങ്ങളെക്കുറിച്ച് ചർച്ചകൾ എന്നിവ സംഘടിപ്പിക്കുക
- സ്മരണ നിലനിർത്തേണ്ട ദിനാചരണങ്ങൾ സംഘടിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 4.9)
- സ്മരണ നിലനിർത്തുവാനുള്ള ദിനാചരണത്തിന്റെ ഭാഗമായി കാലിക പ്രസക്തിയുള്ള പ്രശ്നങ്ങളെ അടിസ്ഥാനമാക്കി സജീവ ചർച്ചകൾ സംഘടിപ്പിക്കുക തദ്ദേശഭരണ പദ്ധതി ആസൂത്രണത്തിൽ കുട്ടികളുടെ അഭിപ്രായങ്ങളും ആശയങ്ങളും കൂടി ഉൾക്കൊള്ളിച്ച് ഓരോ വികസന മേഖലയിലെ പദ്ധതികളും രൂപപ്പെടുത്തുക
- ഓരോ ക്ലബ്ബിനും ബന്ധപ്പെട്ട വികസന മേഖലയിൽ മോഡൽ പ്രോജക്ടുകൾ ഏറ്റെടുക്കാൻ ഉത്തരവാദിത്വം നൽകുക ഉദാ: അഗ്രികൾച്ചറൽ/എൻവയോൺമെന്റൽ ക്ലബ്ബിന് ഗ്രീൻ ഇനീഷ്യേറ്റീവ് പ്രോജക്ട് (മാർഗ്ഗനിർദ്ദേശം 4.10)
- ഓരോ ക്ലബ്ബും തയ്യാറാക്കിയ മോഡൽ പ്രോജക്ട് നടപ്പിലാക്കാനും മോണിറ്റർ ചെയ്യുവാനും ഉത്തരവാദിത്തം അതാതു ക്ലബ്ബുകളെ ഏൽപ്പിക്കുക (കുട്ടികളുടെ വായനശാലയുടെ നടത്തിപ്പ് ലിറ്റററി ക്ലബ്ബിനെ ഏൽപ്പിക്കുക)
- എല്ലാ അംഗങ്ങൾക്കും ലിംഗാവബോധ പരിശീലനം നൽകുക (മാർഗ്ഗനിർദ്ദേശം 4.11)
- ക്ലബ്ബുകൾക്ക് താല്പര്യമുള്ള വിഷയങ്ങളനുസരിച്ച് കോർപറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) പ്രവർത്തനങ്ങളെ ബന്ധിപ്പിക്കുക

### അവലോകന സൂചകങ്ങൾ

- ഭാരവാഹികൾക്കായി എത്ര നേതൃത്വ പരിശീലനം നടത്തി ?

- ബാലാവകാശത്തെ കുറിച്ച് എത്ര ബോധവത്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചു ?
- ഓരോ ക്ലബ്ബിന്റേയും കീഴിൽ നടത്തിയ ബോധവൽക്കരണ പരിപാടികളിൽ/ക്യാമ്പുകളിൽ എത്ര ശതമാനം കുട്ടികൾ പങ്കെടുത്തു ?
- തദ്ദേശഭരണസ്ഥാപനത്തിൽ ബന്ധപ്പെട്ട വികസന മേഖലകളിൽ എത്ര മോഡൽ പ്രോജക്ടുകൾ ക്ലബ്ബുകളെ ഏൽപ്പിച്ചു?
- എത്ര വിദ്യാർത്ഥികൾ ലിംഗസമത്വ പരിശീലനത്തിൽ പങ്കെടുത്തു ?

## തന്ത്രം 3 ക്ലബ്ബ് പ്രവർത്തനങ്ങളുടെ അവലോകനവും വിലയിരുത്തലും

### കർമ്മപരിപാടികൾ

- ക്ലബ് പ്രവർത്തനത്തിന്റെ ത്രൈമാസ വിലയിരുത്തലുകൾ സ്കൂൾ തലത്തിലും പഞ്ചായത്ത്/ നഗരസഭാ തലത്തിലും നടത്തുക
- ക്ലബുകൾ കണ്ടെത്തിയ ബാലസുരക്ഷിതത്വ പ്രശ്നങ്ങളെ കുറിച്ച് പഞ്ചായത്തുതല കമ്മിറ്റികൾ, ജാഗ്രതാ സമിതി, ചൈൽഡ് വെൽഫെയർ കമ്മിറ്റി, എസ്.സി.പി.സി.ആർ (SCPCR) തുടങ്ങിയവയിലേക്ക് റിപ്പോർട്ട് ചെയ്യുക
- മനുഷ്യാവകാശദിനം, പരിസ്ഥിതി ദിനം, ശിശു ദിനം, ആരോഗ്യവാരം, പോഷകവാരം മുതലായ ദിനാഘോഷങ്ങളുമായി ബന്ധപ്പെട്ട തുടർനടപടികൾ അവലോകനം ചെയ്യുക
- റിസോഴ്സ് പേഴ്സൺമാരുടെ സന്ദർശനം വഴി ക്ലബ്ബുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ വഴിയൊരുക്കുക

### അവലോകനസൂചകങ്ങൾ

- ക്ലബ്ബുകളുടെ പ്രവർത്തന റിപ്പോർട്ടുകൾ കുട്ടികൾ തയ്യാറാക്കിയിട്ടുണ്ടോ
- ബാലസുരക്ഷിതത്വ പ്രശ്നങ്ങളെക്കുറിച്ച് എത്ര ക്ലബ്ബുകൾ റിപ്പോർട്ട് ചെയ്തു. എത്രയെണ്ണം തുടർ നടപടികൾ സ്വീകരിച്ചു ?



# മേഖല 4

# ആസൂത്രണപ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം



**ഉദ്ദേശ്യം**

- തദ്ദേശഭരണാസൂത്രണ പ്രക്രിയയിൽ കുട്ടികളുടെ വികസന കാഴ്ചപ്പാടുകൾ ഉൾക്കൊള്ളിക്കുക
- കുട്ടികൾക്കായുള്ള സമഗ്ര വികസന പദ്ധതി തയ്യാറാക്കുന്നത് പ്രോത്സാഹിപ്പിക്കുക

**ലക്ഷ്യങ്ങൾ**

- തദ്ദേശഭരണസ്ഥാപനങ്ങളുടെ തീരുമാനങ്ങൾ എടുക്കുന്ന ജനാധിപത്യപ്രക്രിയയെ കുട്ടികൾക്ക് പരിചയപ്പെടുത്തുക
- കുട്ടികളുടെ പങ്കാളിത്താവകാശം തദ്ദേശഭരണാസൂത്രണ പ്രക്രിയയിൽ ഉൾക്കൊള്ളിക്കുന്നുവെന്ന് ഉറപ്പാക്കുക
- കുട്ടികളുടെ വികസന പദ്ധതി രൂപീകരണ വേളകളിൽ കുട്ടികളുടെ സജീവ പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക

## തന്ത്രം 1 — പഞ്ചായത്ത്/നഗരസഭ, വാർഡ് തലങ്ങളിൽ കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 4.12)

**കർമ്മപരിപാടികൾ**

- പരമാവധി ആൺകുട്ടികളേയും പെൺകുട്ടികളെയും പങ്കെടുപ്പിച്ച് കുട്ടികളുടെ വാർഡ്തല ഗ്രാമസഭ വർഷത്തിൽ ചുരുങ്ങിയത് രണ്ടും, പഞ്ചായത്ത് തലത്തിൽ ഒന്നും സംഘടിപ്പിക്കാൻ കുട്ടികളുടെ വികസന സമിതി ഉറപ്പു വരുത്തുക
- പദ്ധതി രൂപീകരണം, വാർഡ്സഭ/ഗ്രാമസഭ എന്നിവക്ക് മുമ്പായി കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിക്കുന്നതിന് വികസന സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാന് ഉത്തരവാദിത്വം നൽകുക
- ഇതിനായി പഞ്ചായത്തിലെ/നഗരസഭയിലെ കുമാരിക്ലബ്ബ്, ബാലപഞ്ചായത്ത് ആൺകുട്ടികളുടെ ടീൻസ് ക്ലബ്ബ്, സ്കൂൾ എന്നിവയിൽ നിന്നും ഓരോ പ്രതിനിധിയെ ഉൾക്കൊള്ളിച്ച് ഒരു സംഘടനാ സമിതി പഞ്ചായത്തുതലത്തിൽ രൂപീകരിക്കുക
- പ്രാദേശികാസൂത്രണം, വാർഡ്സഭ/ഗ്രാമസഭ എന്നീ വിഷയത്തിൽ വിദഗ്ദ്ധരെ കൊണ്ട് സംഘടനാ സമിതിയംഗങ്ങൾക്ക് പരിശീലനം നൽകുക
- കുട്ടികൾ തന്നെ മുൻകൈ എടുത്ത് വാർഡ്സഭ/ഗ്രാമസഭ സംഘടിപ്പിക്കുന്നു എന്ന് ഉറപ്പു വരുത്തുക
- വാർഡ്സഭ/ഗ്രാമസഭയിലെ തീരുമാനങ്ങളെ കുറിച്ച് കുമാരിക്ലബ്ബ്, ബാലസഭ, ടീൻസ് ക്ലബ്ബ്, സ്കൂൾ ക്ലബ്ബ് ഇവയിൽ ചർച്ച ചെയ്യുക

- ഗ്രാമസഭയിൽ കഴിഞ്ഞ വാർഷിക റിപ്പോർട്ട് സാമൂഹികാധിഷ്ഠിത വിലയിരുത്തലിന് (സോഷ്യൽ ഓഡിറ്റിംഗ്) വിധേയമാക്കുക
- പദ്ധതി രൂപീകരണ ഗ്രാമസഭയിൽ കുട്ടികൾ ഉന്നയിച്ച പ്രശ്നങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക

**അവലോകനസൂചകങ്ങൾ**

- ☞ ഓരോ വർഷവും കുട്ടികളുടെ എത്ര വാർഡ് സഭ/ഗ്രാമസഭകൾ നടത്തി ?
- ☞ എത്ര സംഘാടന സമിതിയംഗങ്ങൾ സോഷ്യൽ ഓഡിറ്റ്, പദ്ധതി ആസൂത്രണ പരിശീലനത്തിൽ പങ്കെടുത്തു ?
- ☞ പൊതുഗ്രാമസഭയിൽ പങ്കെടുത്ത കുട്ടികളുടെ ശതമാനം
- ☞ എത്ര കുട്ടികൾ പൊതുഗ്രാമസഭയിൽ തങ്ങളുടെ പ്രശ്നങ്ങളും അഭിപ്രായങ്ങളും അവതരിപ്പിക്കുകയുണ്ടായി ?

## തന്ത്രം 2 — കുട്ടികളുടെ ഗ്രാമസഭയിലെ നിർദ്ദേശങ്ങൾ പൊതുഗ്രാമസഭയിൽ അവതരിപ്പിച്ച് ചർച്ച ചെയ്യുക

**കർമ്മപരിപാടികൾ**

- കുട്ടികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും നിർദ്ദേശങ്ങളും പൊതു ഗ്രാമസഭയിൽ കുട്ടികളുടെ വികസന സമിതി അംഗം അവതരിപ്പിക്കണം (മാർഗ്ഗനിർദ്ദേശം 4.13)
- ഓരോ മേഖലാതല സബ്ഗ്രൂപ്പുകളും കുട്ടികളുടെ പ്രത്യേക പ്രശ്നങ്ങളെക്കുറിച്ചും, ആവശ്യങ്ങളെക്കുറിച്ചും കുട്ടികളുടെ ഗ്രാമസഭയിൽ ഉന്നയിച്ച ആവശ്യങ്ങളെ പ്ലാനിൽ ഉൾപ്പെടുത്തേണ്ടതിനെക്കുറിച്ചും ചർച്ച ചെയ്യുകയും കുട്ടികളുടേതായ അവസ്ഥാവിശകലന റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്യുക
- പഞ്ചായത്തുകൾ/നഗരസഭകൾ കുട്ടികൾക്കായി ചെയ്യുന്ന സേവനങ്ങളുടെ നിലവാരം വിലയിരുത്തുക
- അങ്കണവാടികൾ അടക്കമുള്ള ബാല കേന്ദ്രീകൃത സ്ഥാപനങ്ങളുടെ പ്രവർത്തനം അവലോകനം നടത്തുക
- ഗ്രാമസഭ/വാർഡ്സഭ കുട്ടികളുടെ വാർഡ്സഭ/ഗ്രാമസഭയിൽ ഉരുത്തിരിഞ്ഞ ആശയങ്ങൾ ക്രോഡീകരിച്ച് വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ നൽകുക

**അവലോകന സൂചകങ്ങൾ**

- ☞ പൊതുഗ്രാമസഭയിൽ കുട്ടികൾ അഭിമുഖീകരിക്കുന്ന എത്ര പ്രശ്നങ്ങൾ അവതരിപ്പിക്കപ്പെട്ടു?
- ☞ എത്ര വാർഡ്സഭ/ഗ്രാമസഭകളിൽ കുട്ടികളുടെ പ്രശ്നങ്ങളും നിർദ്ദേശങ്ങളും ആവശ്യങ്ങളും ചർച്ച ചെയ്തു?
- ☞ കുട്ടികളുടെ വാർഡ്സഭ/ഗ്രാമസഭയിൽ എത്ര കുട്ടികൾ പങ്കെടുത്തു?

| തന്ത്രം 3 | കുട്ടികളുടെ കാഴ്ച്ചപ്പാടുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിലും കുട്ടികൾക്കായുള്ള വികസന പദ്ധതിയിലും ഉൾക്കൊള്ളിക്കുക |
|---|---|

**കർമ്മപരിപാടികൾ**

- കുട്ടികളുടെ വികസന കമ്മിറ്റി പ്രതിനിധികളെ വികസന സെമിനാറിൽ പങ്കെടുപ്പിക്കുന്നതോടൊപ്പം കുട്ടികളുടെ ഗ്രാമസഭയിൽ വന്ന നിർദ്ദേശങ്ങൾ സംയോജിപ്പിച്ച് അവതരിപ്പിക്കുക
- പദ്ധതിരേഖയിലെ വനിതാ ശിശുവികസന അദ്ധ്യായത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള റിപ്പോർട്ട് തയ്യാറാക്കുന്നതിനായി കുട്ടികളുടെ വികസന കമ്മിറ്റിയെ സഹായിക്കുക (മാർഗ്ഗനിർദ്ദേശം 4.14)
- കുട്ടികളുടെ ഗ്രാമസഭയിലെ ചർച്ചകളും, അഭിപ്രായങ്ങളും തദ്ദേശഭരണസ്ഥാപനത്തിന്റെ വാർഷിക പദ്ധതിരേഖയിൽ ഉൾപ്പെടുത്തുന്നുവെന്ന് ഉറപ്പു വരുത്തുക
- കുട്ടികളുടെ പങ്കാളിത്തത്തോടെ കുട്ടികളുടെ വ്യക്തമായ സമഗ്ര വികസന പദ്ധതി തയ്യാറാക്കുക

**അവലോകനസൂചകങ്ങൾ**

- ☞ വനിത കുട്ടികളുടെ വികസനം എന്ന അദ്ധ്യായം രൂപപ്പെടുത്തുന്നതിൽ എത്ര കുട്ടികൾ പങ്കെടുത്തു ?
- ☞ കുട്ടികളുടെ വികസന പദ്ധതി പ്രകാരം ബജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ടോ?
- ☞ വാർഷിക പദ്ധതിയിൽ കുട്ടികൾക്ക് വേണ്ടി എത്ര പ്രോജക്ടുകൾ തയ്യാറാക്കി?

| തന്ത്രം 4 | വർക്കിംഗ് ഗ്രൂപ്പുകളിൽ കുട്ടികളുടെ അംഗത്വവും പങ്കാളിത്തവും |
|---|---|

**കർമ്മപരിപാടികൾ**

- ഓരോ വർക്കിംഗ് ഗ്രൂപ്പിലും ഒരു കുട്ടിയെങ്കിലും നാമനിർദ്ദേശം ചെയ്യുക (മാർഗ്ഗനിർദ്ദേശം 4.15)
- എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും കുട്ടികളുടെ വികസനാവശ്യങ്ങൾ ചർച്ച ചെയ്യുക
- കുട്ടികളുടെയും സ്ത്രീകളുടെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ നേതൃത്വത്തിൽ കുട്ടികളുടെ വികസന പദ്ധതികൾ ചർച്ചക്ക് വിധേയമാക്കി ഭേദഗതി ചെയ്യുക

**അവലോകനസൂചകങ്ങൾ**

- ☞ എത്ര വർക്കിംഗ് ഗ്രൂപ്പുകളിൽ കുട്ടികളുടെ പങ്കാളിത്തം ഉണ്ട്?
- ☞ കുട്ടികളുടെ വാർഷിക വികസന പദ്ധതിക്കനുസൃതമായ ചൈൽഡ് ബജറ്റ് നിലവിലുണ്ടോ?

| തന്ത്രം 5 | പദ്ധതി നിർവ്വഹണത്തിൽ കുട്ടികളുടെ പങ്കാളിത്തം |
|---|---|

**കർമ്മപരിപാടികൾ**

- തദ്ദേശഭരണസ്ഥാപന തലത്തിൽ സ്കൂൾ ക്ലബ്ബ്, കുമാരി ക്ലബ്ബ്, ആൺ കുട്ടികളുടെക്ലബ്ബ്, ടീൻസ്

ക്ലബ്ബ്, ബാലപഞ്ചായത്ത് എന്നിവയ്ക്ക് ഗ്രാമസഭ, കുട്ടികളുടെ ഗ്രാമസഭ, വായനശാല, പാർക്ക് എന്നിവ നടത്തുന്നതിൽ ഉത്തരവാദിത്വങ്ങൾ നൽകണം

- സ്കൂൾ ക്ലബ്ബുകൾ മുഖേന നടത്തുന്ന മാതൃകാ പദ്ധതികളുടെ ഉത്തരവാദിത്വവും പങ്കാളിത്തവും അവലോകനം ചെയ്യുക
- കുട്ടികളുടെ അവസ്ഥാ വിശകലന റിപ്പോർട്ട് വികസന സെമിനാറിൽ ഉൾക്കൊള്ളിക്കുന്നതിനായി കുട്ടികൾ തയ്യാറാക്കുക (മാർഗ്ഗനിർദ്ദേശം 4.16)
- കുട്ടികളുടെ സമഗ്രവികസന അവസ്ഥ ചർച്ചയ്ക്ക് വിധേയമാക്കുകയും സ്ഥിതി വിവര കണക്കുകൾ ചാർട്ടുകളായും പോസ്റ്ററുകളായും സ്ഥാപനങ്ങളിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കുക (മാർഗ്ഗനിർദ്ദേശം 4.17)

### അവലോകനസൂചകങ്ങൾ

- ☞ പദ്ധതി നിർവ്വഹണത്തിൽ എത്ര കുട്ടികളുടെ ക്ലബ്ബുകൾ പങ്കാളികളായി ?
- ☞ ചിത്രസഹിതവും, പട്ടികപ്പെടുത്തിയതുമായ കുട്ടികളുടെ സ്ഥിതിവിവരകണക്കുകൾ പ്രദർശിപ്പിച്ചിട്ടുണ്ടോ?

## തന്ത്രം 6 കുട്ടികളുടെ സാമൂഹികാധിഷ്ഠിത കണക്കെടുപ്പ് (സോഷ്യൽ ഓഡിറ്റ്) (മാർഗ്ഗനിർദ്ദേശം 4.18)

### കർമ്മപരിപാടികൾ

- കുട്ടികളുടെ പഞ്ചായത്ത് തല ഗ്രാമസഭയിൽ നിന്നും തിരഞ്ഞെടുക്കുന്ന ഒരു ഗ്രൂപ്പിനെ സാമൂഹികാധിഷ്ഠിത കണക്കെടുപ്പ് ടീമായി പ്രവർത്തിക്കുവാൻ പ്രോത്സാഹിപ്പിക്കുക
- ഈ ടീമിന് സാമൂഹികാധിഷ്ഠിത കണക്കെടുപ്പിനെക്കുറിച്ചും തദ്ദേശഭരണത്തെക്കുറിച്ചും പരിശീലനം നൽകി നിർദ്ദേശാനുസരണം സാമൂഹികാധിഷ്ഠിത കണക്കെടുപ്പ് നടത്തുവാൻ സജ്ജരാക്കുക
- സാമൂഹികാധിഷ്ഠിത കണക്കെടുപ്പിന്റെ റിപ്പോർട്ട് കുട്ടികളുടെ ഗ്രാമസഭയിൽ ചർച്ച ചെയ്ത് പഞ്ചായത്ത്/നഗരസഭാ കമ്മിറ്റിക്ക് സമർപ്പിക്കുക

### അവലോകനസൂചകങ്ങൾ

- ☞ എത്ര സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചു?
- ☞ എത്ര കുട്ടികൾ സാമൂഹികാധിഷ്ഠിത കണക്കെടുപ്പിൽ പങ്കാളികളായി?
- ☞ സാമൂഹികാധിഷ്ഠിത കണക്കെടുപ്പിന്റെ അടിസ്ഥാനത്തിൽ എടുത്ത നടപടിയെത്ര ?

# മേഖല 5

# ബാലസൗഹൃദ പൊതുഇടങ്ങൾ



**ഉദ്ദേശ്യം**

കുട്ടികൾക്ക് പര്യാപ്തമായ ബാലസൗഹൃദ പൊതുഇടങ്ങൾ ഉണ്ടാക്കുക

**ലക്ഷ്യങ്ങൾ**

- കുട്ടികൾക്ക് സുരക്ഷിതവും സൗഹൃദപരവുമായ പൊതുഇടങ്ങൾ ലഭ്യമാക്കുക
- കുട്ടികൾക്കായുള്ള പൊതു ഇടങ്ങൾ നിലവാരമുള്ളതാക്കുക
- ഭിന്നശേഷിയുള്ള കുട്ടികളെക്കൂടി ഉൾക്കൊള്ളിക്കുന്നതിനായി പൊതുഇടങ്ങളെല്ലാം തടസ്സരഹിതമാക്കുക

## തന്ത്രം 1 — തദ്ദേശഭരണ പരിധിയിലുള്ള എല്ലാ അങ്കണവാടികളിലും സ്കൂളുകളിലും കളിസ്ഥല സൗകര്യം ഒരുക്കുക

### കർമ്മപരിപാടികൾ

- പഞ്ചായത്ത്/നഗരസഭ ഭാരവാഹികളെ കളിസ്ഥലം, വായനശാല, വിനോദം മുതലായവയുടെ നിർദ്ദേശാനുസൃത നിലവാരം ഉറപ്പിക്കുന്നതിന്റെ ആവശ്യകതയെ കുറിച്ച് ബോധ്യപ്പെടുത്തുക
- പഞ്ചായത്ത്/നഗരസഭ അധീനതയിലുള്ള സ്കൂളുകൾക്ക് നിർദ്ദേശാനുസരണം ആവശ്യമായ സ്ഥലം കളിസ്ഥലങ്ങൾക്കായി നീക്കി വയ്ക്കുക
- ഏറ്റവും കുറഞ്ഞത് രണ്ടു വാർഡുകൾക്കായി ഒരു കളിസ്ഥലമെങ്കിലും ലഭ്യമാക്കുക
- കളിസ്ഥലം നിർമ്മിക്കുവാനും കളിസ്ഥലങ്ങളുടെ നവീകരണം, കളിപ്പാട്ടം വാങ്ങൽ ഇവയ്ക്കായി ആവശ്യമായ ഫണ്ട് നീക്കി വയ്ക്കുക
- കളിസ്ഥലങ്ങളുടെ കേടുപാടുകൾ തീർക്കുന്നതിനും കളിയുപകരണങ്ങൾ വാങ്ങുന്നതിനും മെയിന്റനൻസ് ഫണ്ട് വകയിരുത്തുക
- നിരന്തരം കളിസ്ഥലം പരിശോധിച്ച് ദുരുപയോഗം ചെയ്യുന്നവർക്കെതിരെ നടപടിയെടുക്കുക
- വിനോദ പ്രവർത്തനങ്ങൾക്കായുള്ള പങ്കാളിത്തത്തിനും ധനസഹായത്തിനും സ്വകാര്യ, പൊതു മേഖല സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുക

### അവലോകനസൂചകങ്ങൾ

☞ എത്ര വാർഡുകളിൽ പൊതു കളിസ്ഥലങ്ങളുണ്ട്?

- എത്ര ശതമാനം ഫണ്ട് അങ്കണവാടികളുടേയും സ്കൂളുകളുടേയും പൊതുവായുള്ള കളിസ്ഥലം മെച്ചപ്പെടുത്തുന്നതിനായി പഞ്ചായത്ത് മെയിന്റനൻസ് ഗ്രാന്റിൽ വകയിരുത്തി?

## തന്ത്രം 2 — ആവാസ കേന്ദ്രങ്ങളിലും ഫ്ളാറ്റുകളിലും കളിക്കും വിനോദത്തിനുമുള്ള സംവിധാനം

### കർമ്മപരിപാടികൾ

- കുട്ടികളുടെ വിനോദത്തിനുതകുന്ന തരത്തിലുള്ള ഇടം നിർദ്ദേശാനുസൃത നിലവാരം അനുസരിച്ച് ഫ്ളാറ്റുകളിൽ ഉണ്ടെന്ന് ഉറപ്പാക്കുക (മാർഗ്ഗനിർദ്ദേശം 4.19)
- വൈകല്യമുള്ള കുട്ടികളുടെ വിനോദം, കളി എന്നീ ആവശ്യങ്ങൾ നിറവേറ്റുന്നതിന് തടസ്സവിമുക്ത കളിസ്ഥലം ഒരുക്കുക (മാർഗ്ഗനിർദ്ദേശം 4.20)

### അവലോകന സൂചകങ്ങൾ

- എത്ര താമസസ്ഥലങ്ങളിലും ഫ്ളാറ്റുകളിലും കുട്ടികളുടെ കളിസ്ഥലത്തിനും വിനോദത്തിനുമുള്ള സൗകര്യം ലഭ്യമായിട്ടുണ്ട് ?
- എത്ര ഫ്ളാറ്റുകളുടെ ഇടനാഴികളുടെ അറ്റത്ത് കൈവരികളും മറ്റു സുരക്ഷാ ക്രമീകരണങ്ങളും ഉണ്ട് ?

## തന്ത്രം 3 — കുട്ടികൾക്കായി പ്രത്യേക പൊതു ഇടവും പാർക്കും ലൈബ്രറിയും ഒരുക്കുക

### കർമ്മപരിപാടികൾ

- ഓരോ പഞ്ചായത്തിലും/നഗരസഭയിലും കുട്ടികൾക്കായി കുറഞ്ഞത് ഒരു പാർക്കെങ്കിലും നിർമ്മിക്കുക
- പഞ്ചായത്തിൽ/നഗരസഭയിൽ കുട്ടികളുടെ ഒരു ലൈബ്രറിയെങ്കിലും നിർമ്മിക്കുക
- പഞ്ചായത്തുകളിൽ നിലവിലുള്ള പൊതു പാർക്കുകളിലും ലൈബ്രറികളിലും കുട്ടികളുടെ കോർണർ തുറക്കുക
- നിലവിലുള്ള പാർക്കുകളും ലൈബ്രറികളും നവീകരിക്കുന്നതിന് ആവശ്യമായ അധിക തുകയും മെയിന്റനൻസ് ഫണ്ടും അനുവദിക്കുക
- പെൺകുട്ടികൾക്ക് ഭയം കൂടാതെ കളിക്കുന്നതിനുള്ള ക്രമീകരണം പാർക്കിലും പൊതുസ്ഥലത്തും ഉറപ്പാക്കുക
- ലൈബ്രറി പ്രവർത്തിക്കുന്നത് കുട്ടികൾക്കും, സ്ത്രീകൾക്കും, പ്രത്യേക ശ്രദ്ധ ആവശ്യമുള്ളവർക്കും അനുയോജ്യമായ സ്ഥലത്തും സമയത്തും ചുറ്റുപാടിലുമാണെന്ന് ഉറപ്പുവരുത്തുക
- പ്രത്യേക പരിഗണന ആവശ്യമുള്ളവരും മറ്റു കുട്ടികളോടൊപ്പം ഒന്നിച്ച് വരുവാനും കളിക്കാനുള്ള സൗകര്യം പാർക്കിലും കളിസ്ഥലങ്ങളിലും പൊതുഇടങ്ങളിലും ഒരുക്കുക

**അവലോകന സൂചകങ്ങൾ**

- എത്ര കളിസ്ഥലങ്ങൾക്കും ലൈബ്രറികൾക്കും പാർക്കുകൾക്കും നിർദ്ദേശാനുസൃത നിലവാരം ഉണ്ട്?
- എത്ര ലൈബ്രറികളിലും പാർക്കുകളിലും കുട്ടികളുടെ കോർണർ ഉണ്ട്?
- എത്ര പാർക്കുകളിലും കളിസ്ഥലങ്ങളിലും വൈകല്യമുള്ള കുട്ടികൾക്ക് തടസ്സവിമുക്തമാക്കിയ സൗകര്യം ഒരുക്കിയിട്ടുണ്ട് ?
- എല്ലാ വിഭാഗത്തിലും തരത്തിലും പെട്ട എത്ര കുട്ടികൾ പാർക്കും, പൊതുകളിസ്ഥലവും ഉപയോഗിക്കുന്നുണ്ട്?

| തന്ത്രം 4 | കേരളോത്സവം പോലുള്ള ആഘോഷങ്ങൾ വഴി കായിക-കളി മത്സരങ്ങൾക്കുള്ള പ്രോത്സാഹനം ഉറപ്പു വരുത്തുക |
|---|---|

**കർമ്മപരിപാടികൾ**

- ഗ്രാമോത്സവം സംഘടിപ്പിക്കാൻ കുട്ടികളുടെ ഒരു കമ്മിറ്റിക്ക് രൂപം നൽകുക
- കുട്ടികളുടെ കലാകായിക പ്രവർത്തനങ്ങൾ കേരളോത്സവം പോലുള്ള ആഘോഷങ്ങളിൽ പങ്കെടുപ്പിച്ച് ഊർജിതപ്പെടുത്തുക
- ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കേരളോത്സവത്തിൽ പങ്കെടുക്കാൻ തുല്യ അവസരം ലഭ്യമാണെന്ന് ഉറപ്പു വരുത്തുക

**അവലോകന സൂചകങ്ങൾ**

- എത്ര ശതമാനം കുട്ടികൾ കേരളോത്സവത്തിൽ പങ്കെടുത്തു?
- കേരളോത്സവം പോലുള്ള ആഘോഷത്തിൽ പങ്കെടുക്കുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണവും അനുപാതവും എത്ര ?

| തന്ത്രം 5 | കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുവാനായി ദിനാചരണാഘോഷങ്ങൾ നടത്തുക (മാർഗ്ഗനിർദ്ദേശം 4.9) |
|---|---|

**കർമ്മപരിപാടികൾ**

- ദിനാചരണാഘോഷങ്ങൾ നടത്തുന്നതിനായി സ്കൂൾ ക്ലബ്ബുകൾ, ഏ.ജി ക്ലബ്ബുകൾ, കുട്ടികളുടെ ഗ്രാമസഭ, ബാലസഭ എന്നിവയുടെ സംയുക്ത പ്രവർത്തന ഫോറങ്ങൾ രൂപീകരിച്ച് സജീവമാക്കുക
- ശിശുദിനം, മറ്റ് ദിനാചരണാഘോഷങ്ങൾ എന്നിവയിലെ സാഹിത്യ മത്സരങ്ങളിൽ കുട്ടികളെ പങ്കെടുപ്പിക്കുക വഴി അവരുടെ സാഹിത്യാഭിരുചി പ്രോത്സാഹിപ്പിക്കുക
- സ്കൂൾ/കോളേജ് തലങ്ങളിൽ കലാ-സാഹിത്യ മത്സരങ്ങളിൽ പങ്കെടുപ്പിക്കാൻ കുട്ടികളെ സജ്ജമാക്കുക

**അവലോകനസൂചകങ്ങൾ**

- എത്ര ദിനാചരണങ്ങൾ ആഘോഷിച്ചു?
- എത്ര ശതമാനം കുട്ടികൾ ദിനാചരണാഘോഷങ്ങളിൽ പങ്കെടുത്തു?

| തന്ത്രം 6 | പൊതു ഇടങ്ങൾ കുട്ടികൾക്കായി സുരക്ഷിതമാക്കുക (മാർഗ്ഗനിർദ്ദേശം 4.21) |
|---|---|

**കർമ്മപരിപാടികൾ**

- കളിസ്ഥലങ്ങൾ ഉൾപ്പെടെയുള്ള പൊതുസ്ഥലങ്ങൾ വൃത്തിയായും സുരക്ഷിതമായും സൂക്ഷിക്കുന്നുവെന്ന് ഉറപ്പു വരുത്തുക
- കുട്ടികൾക്കായുള്ള കളിസ്ഥലവും, ഉപകരണങ്ങളും അപകടരഹിതമാക്കി മാറ്റുക
- കളിസ്ഥലങ്ങൾക്കും കളിപ്പാട്ടങ്ങൾക്കും നിയമാനുസൃതമായ നിലവാരം ഉണ്ടോയെന്ന് കൃത്യമായ വിലയിരുത്തൽ നടത്തുക
- എല്ലാ കളി ഉപകരണങ്ങളും കളിസ്ഥലങ്ങളും ചുറ്റുപാടുകളും രൂപകൽപ്പന ചെയ്യുമ്പോൾ ബാലസൗഹൃദമാണെന്ന് ഉറപ്പു വരുത്തുക (പ്രവർത്തന സഹായി, വികസനം, മേഖല 3, തന്ത്രം 1)
- അപകടങ്ങൾ ഒഴിവാക്കുന്നതിനായി കളി ഉപകരണങ്ങൾ പരിപാലിക്കുകയും കേടുപാടുകൾ തീർക്കുകയും നവീകരിക്കുകയും ചെയ്യുന്നുണ്ട് എന്ന് ഉറപ്പു വരുത്തുക
- കളിസ്ഥലങ്ങളിലും പാർക്കുകളിലും കുട്ടികളുടെ സുരക്ഷയെക്കുറിച്ചുള്ള ജാഗ്രത ഉറപ്പു വരുത്തണം
- ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട കുട്ടികൾക്കനുയോജ്യമായ കളിയുപകരണങ്ങൾ കളിസ്ഥലങ്ങളിൽ ഉറപ്പാക്കുക
- പഞ്ചായത്തിലെ ശുചീകരണ പ്രവർത്തകർ സ്ഥിരമായി കളിസ്ഥലങ്ങൾ വൃത്തിയാക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുക
- കളിസ്ഥലങ്ങൾ പരമാവധി ഇതര ആവശ്യങ്ങൾക്ക് നൽകാതിരിക്കുക
- കളിയിടങ്ങളിലെ നിലവാരം ഉറപ്പിക്കുന്നതിനായി കുട്ടികളുടെ നേതൃത്വത്തിൽ ശ്രമധാൻ രൂപീകരിക്കുക (എൻ.എസ്.എസ്, ക്ലബ്ബുകൾ)

**അവലോകനസൂചകങ്ങൾ**

- പൊതു ഇടങ്ങളെക്കുറിച്ച് എത്ര കുട്ടികൾക്ക് പരാതി ഉണ്ട്?
- പൊതു കളിസ്ഥലങ്ങളിൽ പങ്കെടുക്കുന്ന ആൺകുട്ടികളുടെയും പെൺകുട്ടികളുടെയും എണ്ണം എത്ര?

| തന്ത്രം 7 | തദ്ദേശഭരണ സ്ഥാപനപ്രദേശത്ത് എല്ലാ കുട്ടികൾക്കും കായിക ക്ഷമത ഉറപ്പു വരുത്തുക |
|---|---|

**കർമ്മപരിപാടികൾ**

- ആഹാരത്തിൽ പ്രാദേശികമായി ലഭ്യമാകുന്ന പോഷകസമൃദ്ധമായ വസ്തുക്കൾ ഉൾപ്പെടു

ത്തുന്നതിന് സമൂഹത്തെ ബോധവൽക്കരിക്കുക

- കുടുംബത്തിലെ എല്ലാ കുട്ടികളെയും ഏതെങ്കിലും വ്യായാമ പ്രവർത്തനങ്ങളിൽ പങ്കാളികളാക്കുക
- സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും വ്യായാമത്തിന്റെയും കായിക പ്രവർത്തനത്തിന്റെയും പ്രാധാന്യം മനസിലാക്കികൊടുക്കുക
- സ്കൂളുകളിലെ കളിസ്ഥലങ്ങൾ കുറ്റമറ്റതാക്കുകയും കായിക അദ്ധ്യാപകരെ നിയമിക്കുകയും ചെയ്യുക
- പാർക്കുകളും പൊതു കളിസ്ഥലങ്ങളും കുറ്റമറ്റതാക്കുകയും കായിക പരിശീലന ഇടം ഒരുക്കുകയും ചെയ്യുക

അവലോകനസൂചകങ്ങൾ

- എത്ര സ്കൂളുകളിൽ കായികദ്ധ്യാപകരുടെ സേവനം ലഭിക്കുന്നുണ്ട്?
- എത്ര കുട്ടികൾ കായികപ്രവർത്തനങ്ങളിൽ ഏർപ്പെടുന്നുണ്ട്?
- കായികപ്രവർത്തനങ്ങൾക്ക് സൗകര്യമുള്ള എത്ര പാർക്കുകളും, പൊതു ഇടങ്ങളും, കളിസ്ഥലങ്ങളും ഉണ്ട്. അതിൽ എത്ര എണ്ണം ഉപയോഗിക്കപ്പെടുന്നുണ്ട്?



# അനുബന്ധം

## ബാലസൗഹൃദ തദ്ദേശഭരണ നിലവാര നിർണ്ണയ ഭൂമിക (matrix)

കുട്ടികളുടെ അവകാശങ്ങൾ എല്ലാകുട്ടികൾക്കും ഉറപ്പാക്കുന്നതിനായി ഒരു തദ്ദേശഭരണസ്ഥാപനം ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന ബാലസൗഹൃദപരമായ ആസൂത്രണ തന്ത്രമാണ് ബാലസൗഹൃദ തദ്ദേശഭരണം. ഇത് കേവലം ആശ്ചനിഷ്ഠമായ താത്വിക സംഗ്രഹമായിട്ടാണ് നിലകൊള്ളുന്നത് എന്നാലും മാനദണ്ഡങ്ങളും, നിരീക്ഷണങ്ങളും, അളവുകളും വഴി തദ്ദേശഭരണസ്ഥാപനങ്ങൾക്ക് നിലവിലുള്ള പ്രവർത്തനങ്ങളും നേട്ടങ്ങളും തിട്ടപ്പെടുത്തി രേഖപ്പെടുത്തുന്നതിന് സാധ്യമാണ്. പക്ഷെ ഏകീകൃതമായ ഒരു സങ്കേതത്തിന്റെ (ടൂൾ) അഭാവത്തിൽ വസ്തുനിഷ്ഠമായി ഈ നിലവാരം തിട്ടപ്പെടുത്തുന്നതിന് നിലവിൽ കഴിയുന്നില്ല. ബാലസൗഹൃദ തദ്ദേശഭരണം എന്ന ഉൽകൃഷ്ടലക്ഷ്യം ആർജ്ജിക്കാൻ ആഗ്രഹിക്കുന്ന ഏതൊരു തദ്ദേശഭരണസ്ഥാപനവും നാളിതുവരെ അവർ നേടിയിട്ടുള്ള കുട്ടികളുടെ വികസന സൂചകങ്ങൾ തിരിച്ചറിയുകയാണ് ആദ്യം വേണ്ടത്. ഈ നിലവാരത്തിൽ നിന്നും നിശ്ചിത കാലയളവിനുള്ളിൽ ഏത് നിലവാരത്തിലേക്ക് ഉയരണമെന്ന് ലക്ഷ്യം നിശ്ചയിക്കേണ്ടതാണ്. ഈ സാഹചര്യത്തിലാണ് നിരീക്ഷണ മാനദണ്ഡങ്ങളേയും സൂചകങ്ങളേയും അളവുകോലുകളാക്കി സ്വീകരിച്ച് ബാലസൗഹൃദ തദ്ദേശഭരണ നിലവാരം നിർണ്ണയിക്കുന്നതിന് താഴെ പറയുന്ന ഭൂമിക (matrix) ഉപയോഗിക്കുവാൻ നിർദ്ദേശിക്കുന്നത്.

ഏത് തദ്ദേശഭരണസ്ഥാപനവും ബാലസൗഹൃദമാണെന്ന് തീരുമാനിക്കുന്നതിന് താഴെ പറയുന്ന നിബന്ധനകൾ പ്രാഥമികമായി ആർജ്ജിക്കേണ്ടതുണ്ട്.

- ❖ പുരോഗതി നിരീക്ഷിക്കാൻ കഴിയും വിധം പ്രവർത്തനങ്ങൾ ഏറ്റെടുക്കുക (ബാലസംരക്ഷണം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ, കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ, വിവരവിനിമയ വിദ്യാഭ്യാസപരിപാടികൾ, സാമൂഹ്യാധിഷ്ഠിത മാനേജ്മെന്റ് സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ, ബാലസൗഹൃദ ഭിന്നശേഷി സൗഹൃദ സൗകര്യങ്ങളും സംവിധാനങ്ങളും ഏർപ്പെടുത്തൽ)
- ❖ ബാലസൗഹൃദ ഇടപ്പെടലുകളുകളുടെ ഫലപ്രാപ്തിയും ഗുണമേന്മയും ജനങ്ങളെ ബോധ്യപ്പെടുത്തും വിധം പ്രദർശിപ്പിക്കുക (പൗരാവകാശരേഖ, പൗരസേവനരേഖ, പശ്ചാത്തല സൗകര്യങ്ങളുടെ പ്രതീക്ഷിത നിലവാരം, സേവനപ്രധാന അവകാശങ്ങൾ, നൂതനസംരഭങ്ങൾ, കുട്ടികളുടെ പങ്കാളിത്തം തുടങ്ങിയവ)
- ❖ ഫലപ്രാപ്തി വ്യക്തമാക്കുക (സേവനമേഖല പുരോഗതി റിപ്പോർട്ടുകൾ, മോണിട്ടറിംഗ് റിപ്പോർട്ടുകൾ, താരതമ്യ പഠനറിപ്പോർട്ടുകൾ, വിശദീകരണങ്ങൾ)

ബാലസൗഹൃദ തദ്ദേശഭരണം നടപ്പാക്കുന്നതിന് സന്നദ്ധമാകുന്ന ഏതൊരു തദ്ദേശഭരണസ്ഥാപനവും താഴെ പറയുന്ന തന്ത്രങ്ങൾ സ്വീകരിക്കുന്നതിന് പ്രാഥമികമായി തീരുമാനം കൈകൊള്ളണം

- ❖ കുട്ടികളെ സംബന്ധിച്ച ദാർശിനികരേഖ (Vision document) അംഗീകരിക്കുക –

ഹ്യസ്വകാല, മദ്ധ്യകാല, ദീർഘകാല ലക്ഷ്യങ്ങൾ വ്യക്തമാക്കുന്ന രേഖ

- കുട്ടികൾക്കായുള്ള പ്രാദേശിക സമഗ്രവികസന പദ്ധതിയും അതിന് ആവശ്യമായ വിഭവആസ്തി നിക്ഷേപപരിപാടികളും, കുട്ടികളുമായുള്ള കൂടികാഴ്ചകളിലൂടെ രൂപപ്പെടണം
- "കുട്ടികളുടെ അവസ്ഥാ പഠനറിപ്പോർട്ട് " കുട്ടികളുടെ വിവരരേഖ (പ്രൊഫൈൽ) എന്നിവ തെളിവുകളുടെ അടിസ്ഥാനത്തിൽ ഇടപ്പെടലുകൾ നടത്തുന്നതിനായി ശേഖരിച്ച് പ്രസിദ്ധീകരിക്കുക
- കുട്ടികൾക്കായുള്ള ബഡ്ജറ്റ് അപഗ്രഥനവും, കുട്ടികൾ നടത്തുന്ന സാമൂഹ്യ ഓഡിറ്റിന്റെ റിപ്പോർട്ടും

ഈ നിലവാര നിർണ്ണയ ഭൂമികയിൽ (matrix) കുട്ടികളുടെ അവകാശങ്ങളെ 4 ശ്രേണികളായി തരം തിരിച്ചിട്ടുണ്ട്.

- അതിജീവനം
- വികസനം
- സംരക്ഷണം
- പങ്കാളിത്തം

ഇതോടൊപ്പം ബാലസൗഹൃദ ഭരണനിലവാരത്തെ 3 തട്ടുകളായി തരം തിരിച്ചിരിക്കുന്നു.

1. അനിവാര്യ മാനദണ്ഡങ്ങൾ
2. അഭികാമ്യ മാനദണ്ഡങ്ങൾ
3. ശ്രേഷ്ഠ മാനദണ്ഡങ്ങൾ

ഈ സംവിധാനത്തിൽ ഉന്നത നിലവാരശ്രേണിയിൽ (ശ്രേഷ്ഠമാനദണ്ഡങ്ങൾ)എത്തിചേരുന്നതിന് മുന്നോടിയായി അനിവാര്യ മാനദണ്ഡങ്ങൾ പൂർണ്ണമായും ഉറപ്പു വരുത്തണമെന്ന വസ്തുത മനസ്സിലുണ്ടായിരിക്കണം. അതുകൊണ്ട് തന്നെ ഉയർന്ന നിലവാരത്തിലേക്ക് ലക്ഷ്യം രൂപപ്പെടുത്തി മുന്നേറുമ്പോഴും അനിവാര്യമായ എല്ലാ ഘടകങ്ങളും നേടിയെന്ന് ഉറപ്പു വരുത്തിയിരിക്കണം.

ഒരു തദ്ദേശഭരണസ്ഥാപനം 'ബാലസൗഹൃദം' എന്ന ഖ്യാതി നേടിയെടുക്കുന്നതിന് മുമ്പ് ബാലസൗഹൃദത്തിന്റെ ഏറ്റവും കുറഞ്ഞ നിലവാരമെങ്കിലും ആർജ്ജിച്ചിട്ടുണ്ടായിരിക്കണം എങ്കിൽ മാത്രമേ ഈ സങ്കേതം ഉപയോഗിക്കുവാൻ കഴിയൂ. ഇതൊക്കെയാണെങ്കിലും ഈ ഭൂമികയിലെ (matrix) മാനദണ്ഡങ്ങൾ തദ്ദേശസ്ഥാപനങ്ങൾക്ക് അവരുടെ അവസ്ഥക്കും സവിശേഷതകൾക്കും അനുസൃതമായി പുനർക്രമീകരിക്കുന്നതിനും അതിനനുസൃതമായ സൂചകങ്ങളിലേക്ക് നീങ്ങുന്നതിനും അവസരം ഒരുക്കിയിട്ടുണ്ട്.

ആത്യന്തികമായി ഈ ഭൂമിക(matrix) തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ബാലസൗഹൃദ പ്രവർത്തന പുരോഗതി അനിവാര്യം, അഭികാമ്യം ശ്രേഷ്ഠം എന്ന് മൂന്ന് തട്ടുകളായി സൂചിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന ഒന്നാണ്.

# അനുബന്ധം

## ബാലസൗഹൃദ തദ്ദേശഭരണ നിലവാര നിർണ്ണയ ഭൂമിക (matrix)

| കുട്ടികളുടെ അവകാശങ്ങൾ | അനിവാര്യ മാനദണ്ഡങ്ങൾ | അഭികാമ്യ മാനദണ്ഡങ്ങൾ | ശ്രേഷ്ഠ മാനദണ്ഡങ്ങൾ |
|---|---|---|---|
| 1. അതിജീവനം | 1. ജനന – മരണ വിവാഹ രജിസ്ട്രേഷൻ നടപടിക്രമങ്ങൾ സാധ്യമാക്കി | 100% കുട്ടികളുടേയും ജനനമരണ രജിട്രേഷനും സർട്ടിഫിക്കറ്റു നൽകലും പൂർണ്ണമാക്കി | 100% ജനനമരണങ്ങളും വിവാഹങ്ങളും തദ്ദേശഭരണപ്രദേശത്ത് രജിസ്റ്റർ ചെയ്ത് സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തി |
| | 2. ലിംഗ വിവേചിത ഭ്രുണഹത്യ വിരുദ്ധസന്ദേശങ്ങളുടെ വ്യാപനവും ചർച്ചകളും നടപ്പിലാക്കി | തദ്ദേശഭരണപ്രദേശത്തിന് കീഴിലെ അൾട്രാ സൗണ്ട് സ്ക്കാനിംഗ് സംവിധാനമുള്ള എല്ലാ ആരോഗ്യ സ്ഥാപനങ്ങളും **PCPNDT** ആക്ടിന് കീഴിൽ രജിസ്റ്റർ | തദ്ദേശഭരണപ്രദേശത്ത് ലിംഗ വിവേചിത ഭ്രൂണഹത്യ ഇല്ലാതാക്കി |
| | 3. ഹെൽത്ത് സബ്ബ് സെന്ററുകളിലും, അങ്കണവാടികളിലും ഗർഭിണികളുടെ കാലേകൂട്ടിയുള്ള രജിസ്ട്രേഷൻ സാധ്യമാക്കി | എല്ലാ ഗർഭിണികളുടേയും കാലേ കൂട്ടിയുള്ള രജിസ്ട്രേഷൻ പൂർണ്ണമാക്കി, അപായസാധ്യതയുള്ള ഗർഭിണികളെ കണ്ടെത്തുന്നതിനുള്ള ഗൃഹസന്ദർശനവും പരിശോധനയും നടത്തി | എല്ലാ ഗർഭിണികൾക്കും (ദുർഘടമേഖലയിലുള്ളവർ ഉൾപ്പടെ) 5 പ്രസവപൂർവ്വ വൈദ്യ പരിശോധനയും 3 പ്രസവാനന്തര പരിശോധനയും നടത്തി, അർഹരായ മുഴുവൻ പേർക്കും **JSSK/JSY**പ്രകാരം എല്ലാവിധ ധനസഹായങ്ങളും, പ്രസവാവശ്യത്തിനായി വാഹന സൗകര്യവും ലഭ്യമാക്കി |
| | 4. മാതൃശിശു ആരോഗ്യ പരിചരണപരിപാടിയുടെ കർമ്മ പദ്ധതി പ്രാഥമിക ആരോഗ്യകേന്ദ്രം/ ഹെൽത്ത് സബ്ബ് സെന്റർ എന്നിവിടങ്ങളിൽ രൂപപ്പെടുത്തി നടപ്പിലാക്കി | ആരോഗ്യ പരിപാലന സേവനങ്ങൾ അനസ്യൂതമാക്കുന്നതിന് പ്രാഥമിക ആരോഗ്യകേന്ദ്രത്തിന്റേയും സ്വകാര്യ സ്ഥാപനങ്ങളുടേയും സേവനങ്ങൾ സംയോജിതമാക്കിയിട്ടുണ്ട് | നവജാതശിശുക്കളുടെ പരിപാലനത്തിനും, അവർക്കുണ്ടാകാവുന്ന ഗുരുതര രോഗാവസ്ഥകളെ തിരിച്ചറിയുന്നതിനും, പ്രത്യേക ശ്രദ്ധ ആവശ്യമുള്ള കുട്ടികളെ വിദഗ്ദ പരിശോധനക്ക് റഫർ ചെയ്യുന്നതിനും എല്ലാ കുടുംബാംഗങ്ങളേയും പ്രാഥമിക ആരോഗ്യ കേന്ദ്രം വഴി ബോധവൽക്കരിക്കുന്നതിനും കഴിഞ്ഞിട്ടുണ്ട് |

| | | | |
|---|---|---|---|
| | 5. എല്ലാ വാക്സിനുകളോടെയും നിശ്ചിതസ്ഥലത്തും സമയത്തും ക്രമാനുസൃതമായി പ്രതിരോധകുത്തിവെയ്പ്പ് നടത്തി | എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ള പ്രദേശങ്ങളിലേയും കുത്തിവെയ്പ്പ് എതിർപ്പ് പ്രകടിപ്പിക്കുന്ന സമൂഹത്തിലേയും കൊഴിഞ്ഞുപോയവരെ കണ്ടെത്തി പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിച്ചു | 5 വയസ്സിന് താഴെ പ്രായമുള്ള 100% കുട്ടികൾക്കും പ്രതിരോധചികിത്സ ലഭ്യമാക്കി |
| | 6. RBSK യുടെ കീഴിൽ കുട്ടികൾക്കുണ്ടാകുന്ന ജനനവൈകല്യം,ന്യൂനതകൾ, രോഗങ്ങൾ, അംഗപരിമിതിയിലേക്ക് നയിക്കുന്ന വികാസവ്യതിയാനങ്ങൾ എന്നീ 4 ശൈശവകാല ന്യൂനതകളെകുറിച്ച് ബോധവൽക്കരണവും പരിശീലനവും നടത്തിയിട്ടുണ്ട് | എല്ലാ ശിശുക്കളേയും കാലേകൂട്ടിയുള്ള വികാസ വ്യതിയാനനിർണ്ണയത്തിന് വിധേയമാക്കി | അർഹരായ 100 % കുട്ടികളെയും RBSK യുടെ പരിരക്ഷയിൻ കീഴിൽ ഉൾപ്പെടുത്തി |
| | 7. ശുദ്ധമായ കുടിവെള്ളം, കൈകഴുകുവാനുള്ള സൗകര്യം, വൃത്തിയുള്ള ശൗചാലയങ്ങൾ, മാലിന്യ സംസ്ക്കരണ സൗകര്യം എന്നിവ കുറഞ്ഞത് 80 % അങ്കണവാടികൾ, സ്ക്കൂളുകൾ, ആരോഗ്യ സ്ഥാപനങ്ങൾ പൊതു ഓഫീസുകൾ എന്നിവിടങ്ങളിൽ ലഭ്യമാക്കി | എല്ലാ വ്യാപാരകേന്ദ്രങ്ങളിലും, ബസ്സ് സ്റ്റാന്റുകളിലും, ജനങ്ങൾ കൂട്ടത്തോടെ പങ്കെടുക്കുന്ന മറ്റു സ്ഥലങ്ങളിലും ശുചിത്വമുള്ള പൊതു ശൗച്യാലയങ്ങളും, കുടിവെള്ള സൗകര്യവും ലഭ്യമാക്കി | എല്ലാ സ്ഥാപനങ്ങളിലും, പൊതുഇടങ്ങളിലും ശുദ്ധമായ കുടിവെള്ളവും, ആരോഗ്യപരമായ ശുചിത്വവും, ശുചീകരണ നടപടികളും ഉറപ്പുവരുത്തുകയും; ഭക്ഷ്യ സുരക്ഷ നിയമം പാലിക്കുന്നതിന് മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കി |
| | 8. പൊതുവായതും സ്വകാര്യമായതുമായ എല്ലാ കുടിവെള്ള സ്രോതസ്സുകളും, കുടിവെള്ള ടാങ്കുകളും കൃത്യമായ ഇടവേളകളിൽ മുടക്കം കൂടാതെ ക്ലോറിനേഷൻ നടത്തി | കുടിവെള്ളത്തിന്റെ സാംപിൾ കൃത്യമായ ഇടവേളകളിൽ ശേഖരിക്കുകയും പരിശോധിക്കുകയും, ആയതിന്റെ റിപ്പോർട്ട് അവലോകനം ചെയ്ത് കുടിവെള്ളത്തിന്റെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിനുള്ള പരിഹാരനടപടികൾ സ്വീകരിച്ചു | ദേശീയ ഗുണനിലവാരമനുസരിച്ചുള്ള സുരക്ഷിത കുടിവെള്ളം കുറഞ്ഞത് 90% വീടുകളിലും, പൊതു സ്ഥാപനങ്ങളിലും ലഭ്യമാക്കി |
| | 9. ആരോഗ്യ സ്ഥാപനങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ മെയിന്റനൻസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപടികൾ സ്വീകരിച്ചു | ആരോഗ്യസ്ഥാപനങ്ങളുടെ അറ്റകുറ്റപണികളുടെ പ്രോജക്ടുകൾ സമയബന്ധിതമായി പൂർത്തീകരിച്ചു | എല്ലാ പൊതു ആരോഗ്യസ്ഥാപനങ്ങളും ശിശു-വനിത സൗഹൃദസ്ഥാപനമായി ഉയർത്തുകയും പ്രഖ്യാപിക്കുകയും ചെയ്തു |

| | | | |
|---|---|---|---|
| | 10. തദ്ദേശഭരണ സ്ഥാപനം 5 വയസ്സിന് താഴെ പ്രായമുള്ള ന്യൂനപോഷണ കുട്ടികളെ കണ്ടെത്തി തുടർ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി പട്ടിക തയ്യാറാക്കി | ഗുരുതരമായ ന്യൂനപോഷണമുള്ള കുട്ടികൾക്ക് അനുപൂരകപോഷകാഹാരവും നിർബന്ധിതമായ മുലയൂട്ടലും ഉറപ്പു വരുത്തുന്നതിനായി സാമൂഹ്യാധിഷ്ഠിത പോഷണത്തിനായി റഫർ ചെയ്തു | ന്യൂനപോഷണം മൂലം ഒരു കുട്ടിപോലും തദ്ദേശഭരണ പ്രദേശതലത്തിൽ മരണപെട്ടിട്ടില്ലെന്ന് ആരോഗ്യ വകുപ്പ് റിപ്പോർട്ടിന്റേയും സാമൂഹ്യതലത്തിൽ നടത്തുന്ന കുട്ടികളുടെ മരണ ഓഡിറ്റിന്റേയും അടിസ്ഥാനത്തിൽ ഉറപ്പു വരുത്തി |
| 2. വികസനം | 1. കുട്ടികളെ സംബന്ധിച്ച പ്രായാനുസൃതവും അവസ്ഥാബന്ധിതവുമായ സ്ഥിതി വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനത്തിൽ തയ്യാറാക്കി പ്രസിദ്ധീകരിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട് | കുട്ടികളെ സംബന്ധിച്ച അവസ്ഥാ വിശകലനത്തിൽ അപായ സാധ്യതയുള്ള കുട്ടികളെ കൂടി ഉൾപ്പെടുത്തി പ്രശ്നങ്ങൾക്ക് ഊന്നൽ നൽകി ആസൂത്രണത്തിനും, ബഡ്ജറ്റിംഗിനും ഉപയുക്തമാക്കി | പ്രാദേശിക സമഗ്ര ശിശു വികസന പദ്ധതി തയ്യാറാക്കി അത് പ്രയോഗത്തിൽ വരുത്തുന്നതിന് കുട്ടികൾക്കായി ബഡ്ജറ്റിൽ മതിയായ വിഹിതം മാറ്റി വെയ്ക്കുകയും, വിനിയോഗിക്കുകയും, നേട്ടങ്ങൾ നിരീക്ഷിക്കുകയും ചെയ്തിട്ടുണ്ട് |
| | 2. അങ്കണവാടികളിലും, പ്രി-സ്ക്കൂളുകളിലും സേവനം ലഭിക്കുന്ന 5 വയസ്സിൽ താഴെയുള്ള കുട്ടികളുടെ വളർച്ചാരേഖ തിട്ടപ്പെടുത്തുകയും അത് മോണിട്ടറിംഗിന് വിധേയമാവുകയും ചെയ്യതിട്ടുണ്ട് | ഭാരകുറവുള്ളതും, ഗുരുതരമായ പോഷകാഹാര കുറവുള്ളതുമായ കുട്ടികൾക്ക് അനുപൂരകപോഷകാഹാരം ലഭ്യമാക്കി. എത്തിചേരാൻ പ്രയാസ്സമുള്ള ഇടങ്ങൾ കേന്ദ്രീകരിച്ച് കുട്ടികളുടെ സാമൂഹ്യ വളർച്ചാ ചാർട്ട് അങ്കണവാടി വർക്കർ തയ്യാറാക്കി സാമൂഹ്യ ബോധനം ഉറപ്പാക്കിയിട്ടുണ്ട് | ഐസിഡിഎസ് സൂപ്പർവൈസർ അങ്കണവാടി ഡാറ്റ അവലോകനം ചെയ്ത്, ഗുണഭോക്താക്കളായ കുട്ടികളുടെ വിവരങ്ങൾ തിട്ടപ്പെടുത്തി തുടർസേവനങ്ങൾ ഫലപ്രദമാക്കുന്നതിന് തദ്ദേശഭരണസ്ഥപാനത്തിനും, ആരോഗ്യ, പട്ടികവർഗ്ഗ, സാമൂഹ്യ നീതി വകുപ്പുകൾക്കും സമർപ്പിച്ചു |
| | 3. അങ്കവാടി സെന്റർ വഴി അനുപൂരകപോഷകാഹാരം ചുരുങ്ങിയത് 240 ദിവസവും, വൈറ്റമിൻ എ 6 മാസത്തിലൊരിക്കലും ശിശുക്കൾക്ക് ലഭ്യമാക്കി | തദ്ദേശഭരണപ്രദേശത്ത് 90 ശതമാനത്തിലധികം ശിശുക്കൾക്കും ആദ്യ 6 മാസം സമ്പൂർണ്ണ മുലയൂട്ടൽ ഉറപ്പാക്കുകയും 6 മാസത്തിനുശേഷം അനുബന്ധആഹാരം **(complimentary)** നൽകുന്നുവെന്നും ഉറപ്പാക്കി | മിതവും ഗുരുതരവുമായ പോഷണകുറവുള്ളഎല്ലാ ശിശുക്കൾക്കും തദ്ദേശഭരണസ്ഥപാനത്തിന്റെ നേതൃത്വത്തിലുള്ള സ്ഥാപനങ്ങൾ, സാമൂഹ്യ പ്രവർത്തകർ എന്നിവർ വഴി സേവനങ്ങൾ ലഭ്യമാക്കിയിട്ടുണ്ട് |

| | | | |
|---|---|---|---|
| | 4. തലച്ചോറിന്റെ വളർച്ചയുടേയും വികസനത്തിന്റേയും സുപ്രധാന ഘട്ടമായ 3 വയസ്സുവരെയുള്ള പ്രായത്തിൽ കുട്ടികൾക്ക് മനോ-സാമൂഹ്യ പ്രചോദനം നൽകേണ്ടതിന്റെ പ്രാധാന്യം സബന്ധിച്ച് മാതാപിതാക്കൾക്കും പരിചരിക്കുന്നവർക്കും അവബോധം സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനം നടത്തി | ബാലവാടി, ഡെ കെയർ സെന്റർ, ക്രഷെ, നഴ്സറി സ്ക്കൂൾ, പ്ലേസ്ക്കൂൾ എന്നിവയിലെ കുട്ടികളെ പരിചരിക്കുന്ന എല്ലാവർക്കും ശൈശവകാല പരിരക്ഷ, വികസനം എന്നീ വിഷയങ്ങളിൽ പരിശീലനം ലഭ്യമാക്കി | ബാലവാടി, ഡെ കെയർ സെന്റർ, ക്രഷെ, നഴ്സറി സ്ക്കൂൾ, പ്ലേ സ്ക്കൂൾ എന്നിവയിലെ ശിശുക്കളെ പരിചരിക്കുന്ന എല്ലാവർക്കും അംഗീകൃത വിദ്യാഭ്യാസ യോഗ്യതാ ഉണ്ടെന്ന് ഉറപ്പുവരുത്തി |
| | 5. എല്ലാ അങ്കണവാടി സെന്ററുകളിലും അങ്കണവാടി തല മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കി. അങ്കണവാടി പ്രവർത്തന സമയം, ആഹാരത്തിന്റെ നിലവാരം, അടുക്കളയുടെ ശുചിത്വം, പോഷകാഹാര വിതരണം, വളർച്ചാ നിരീക്ഷണം, വൈറ്റമിൻ എ നൽകൽ, കൗമാര പെൺകുട്ടികളുടെ പോഷകാഹാര വിതരണം, അമ്മമാരുടെ മീറ്റിംഗ് എന്നിവയുടെ നിലവാരം അങ്കണവാടി തല മോണിട്ടറിംഗ് കമ്മിറ്റി വിലയിരുത്തി | കൗമാര പ്രായക്കാരായ പെൺകുട്ടികളുടെ ക്ലബ്ബിന്റെ പ്രവർത്തനം അങ്കണവാടി തല മോണിട്ടറിംഗ് കമ്മിറ്റി നിരന്തരം വിലയിരുത്തുന്നുണ്ട് | അങ്കണവാടി തല മോണിട്ടറിംഗ് കമ്മിറ്റിയുടെ പിൻതുണയോടെയുള്ള പ്രവർത്തനങ്ങൾ അങ്കണവാടിയെ ഒരു മോഡൽ അങ്കണവാടിയാക്കി |
| | 6. 60 ശതമാനത്തിലധികം അങ്കണവാടികളും നിർദ്ദിഷ്ട നിലവാരമുള്ളതും സ്വന്തമായ കെട്ടിടമുള്ളതുമാക്കി | സ്വന്തം കെട്ടിടങ്ങളുള്ള നിലവാരമുള്ള അങ്കണവാടികളുടെ എണ്ണം 80% വരെ ഉറപ്പാക്കി അതിൽ രണ്ടെണ്ണം മോഡൽ അങ്കണവാടികളാക്കി | 100% അങ്കണവാടികളും നിലവാരമുള്ള സ്വന്തം കെട്ടിടങ്ങളാക്കി. അതിൽ അഞ്ചെണ്ണം മോഡൽ അങ്കണവാടികളാക്കി |
| | 7. എല്ലാ സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി നിലവാരമുള്ള ശൗചാലയങ്ങൾ ലഭ്യമാക്കി | എല്ലാ സ്ക്കൂളുകളിലും പെൺ സൗഹൃദ ടോയ്ലറ്റ് സൗകര്യവും നാപ്കിൻ നിർമ്മാർജ്ജന സംവിധാനവും ലഭ്യമാക്കി | 100% സ്ക്കൂളുകളും ബാലസൗഹൃദവും, കുമാരി സൗഹൃദവും, ഭിന്നശേഷി സൗഹൃദവും ആക്കി മാറ്റി |
| | 8. 5-14 വയസ്സുവരെയുള്ള എല്ലാ കുട്ടികളും സാധാരണ സ്കൂളുകളിലോ സ്പെഷൽ സ്കൂളുകളിലോ പ്രവേശിക്കപ്പെടുകയും മുടക്കമില്ലാതെയും കൊഴിഞ്ഞുപോക്കില്ലാതെയും പഠിക്കുകയും ചെയ്യുന്നുണ്ട് | എല്ലാ കുട്ടികളും എസ് എസ്എൽസി ക്ക് ശേഷം പ്ലസ്-ടു തതുല്ല്യമായ വിദ്യാഭ്യാസത്തിൽ ഏർപ്പെടുന്നു | എല്ലാ സ്ക്കൂളുകളിലും സ്വകാര്യപങ്കാളിത്തത്തോടും പ്രായാനുസൃത പാഠ്യക്രമം വഴിയും വിദ്യാഭ്യാസം ഉറപ്പാക്കി |

| | | | |
|---|---|---|---|
| | 9. എല്ലാ പൊതു-സ്വകാര്യ സ്ക്കൂളുകളിലും അങ്കണവാടികളിലും തദ്ദേശഭരണ ഓഫീസുകളിലും തടസ്സവിമുക്തമായ സംവിധാനം ഉറപ്പാക്കി | എല്ലാ സ്ക്കൂളുകളിലും ആൺകുട്ടികൾക്കും, പെൺകുട്ടികൾക്കും, ഭിന്നശേഷിക്കാർക്കും സുരക്ഷിതവും അപകടരഹിതവുമായ കളിസ്ഥലം ഉറപ്പാക്കി | ഭിന്നശേഷിയുള്ള എല്ലാ കുട്ടികളേയും സാധാരണ സ്ക്കൂളിലും, സ്പെഷൽ സ്ക്കൂളിലും പ്രവേശിപ്പിച്ച് ആവശ്യാനസൃതപഠനത്തിനുള്ള പ്രത്യേക ഉപകരണങ്ങൾ ലഭ്യമാക്കുകയും ചെയ്തു |
| | 10. ഇതരസംസ്ഥാന തൊഴിലാളികളുടെ വിദ്യാഭ്യാസ പ്രായത്തിലുള്ള കുട്ടികളുടെ (4–18) വിവരശേഖരണം നടത്തി | ഇതരസംസ്ഥാന തൊഴിലാളികൾക്കിടയിലുള്ള ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും 0–3 കുട്ടികൾക്കും കൗമാരക്കാരായ പെൺകുട്ടികൾക്കും ലഭിക്കേണ്ട സേവനങ്ങൾ ഉറപ്പാക്കി | ഇതരസംസ്ഥാനതൊഴിലാളികളുടെ 3–5 വയസ്സുവരെയുള്ള കുട്ടികളെ അങ്കണവാടികളിലും പ്രി-സ്ക്കൂളുകളിലും, 6–14 വയസ്സുവരെയുള്ള കുട്ടികളെ ക്രമാനുഗതമായ ക്ലാസ്സുകളിലും പ്രവേശിപ്പിച്ചു |
| 3. സംരക്ഷണം | 1. നിർദ്ദേശാനുസൃതം രൂപീകരിക്കേണ്ട ബാലസംരക്ഷണസമിതി, ജാഗ്രതാസമിതി, സ്ക്കൂൾ വിജിലൻസ് കമ്മിറ്റി എന്നിവ തദ്ദേശഭരണ സ്ഥാപനതലത്തിൽ രൂപീകരിച്ച് ഫലപ്രദമായി പ്രവർത്തിക്കുന്നു | തദ്ദേശഭരണ സ്ഥാപനതലത്തിൽ ബാലാവകാശ സംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങളും, ഫലപ്രാപ്തിയും അവലോകനം ചെയ്യുന്നു | നൂതനവും അനുകരണീനീയവുമായ ബാലസംരക്ഷണ മാതൃകകൾ പ്രവർത്തിക്കുന്നുണ്ട് |
| | 2. കുട്ടികൾക്കായി സേവനം നൽകുന്ന എല്ലാ സ്ഥാപനങ്ങളിലും, പൊതുസ്ഥലങ്ങളിലും സുരക്ഷിതത്വം ഉറപ്പാക്കുന്ന അന്തരീക്ഷത്തിനുവേണ്ടിയുള്ള പദ്ധതിയും, ഔദ്യോഗിക നടപടികളും ഉറപ്പാക്കി | വിവരവിദ്യഭ്യാസ വിനിമയ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ സംരക്ഷണത്തിനുവേണ്ടി പൊതുവായി ബോധവൽക്കരണത്തിനും, പരാതി സ്വീകരിക്കുന്നതിനും, പരിഹരിക്കുന്നതിനും സംവിധാനം ഏർപ്പെടുത്തി | കുട്ടികളുടെ പ്രശ്നങ്ങൾക്ക് സമയബന്ധിതമായി പരിഹാരം കണ്ടെത്തുന്നതിന് പോലീസ്, ചൈൽഡ് ലൈൻ, ശിശു ക്ഷേമ സമിതി തുടങ്ങിയവയുടെ പ്രവർത്തനങ്ങളെ സംയോജിപ്പിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തി |
| | 3. കുട്ടികളുടെ അവകാശ സംരക്ഷണവുമായി ബന്ധപ്പെട്ട് വിവരവിദ്യഭ്യാസ വിനിമയം വഴി ബോധവൽക്കരണ ക്യാമ്പയിൻ നടത്തി | കുട്ടികളുടെ അവകാശങ്ങളെ സംബന്ധിച്ചും ശാരീരിക ശിക്ഷാ തടയൽ സംബന്ധിച്ചും എല്ലാ അദ്ധ്യാപകർക്കും, മാതാപിതാക്കൾക്കും പരിശീലനം നൽകി | എല്ലാ സ്ക്കൂളുകളും (പൊതു-സ്വകാര്യ) ശാരീരിക ശിക്ഷാ രഹിതം” എന്നും, റോഡുകളിൽ “സ്ക്കൂൾ പരിസരം” എന്നും സൂചനാ ബോർഡുകൾ സ്ഥാപിച്ചു. |

| | | | |
|---|---|---|---|
| | 4. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കുട്ടികളുടെ സംരക്ഷണത്തിന് വിഘാത മായി നിൽക്കുന്ന മദ്യം, ലഹരി മരുന്ന്, കുട്ടികളെ ദുർവിനിയോഗം ചെയ്യൽ, സൈബർ കുറ്റകൃത്യങ്ങൾ എന്നിവ സംബന്ധിച്ച ബോധ വൽക്കരണ പ്രവർത്തനം നടത്തി | ലഹരി വസ്തുക്കൾ, നിരോധിക്കപ്പെട്ടിട്ടുള്ള വസ്തുക്കളുടെ വിൽപ്പ ന, അശ്ലീല മാധ്യമ ത്തിന്റെ വ്യാപനം എന്നിവ സ്കൂൾ പരിസ രത്ത് റിപ്പോർട്ട് ചെയ്യ പ്പെട്ടിട്ടില്ലെന്ന് ഉറപ്പു വരുത്തി | എല്ലാ പൊതു - സ്വകാര്യ സ്കൂളുകളും ലഹരി മുക്ത (സീറോസോൺ) മേഖലയായി പ്രഖ്യാപിച്ചു |
| | 5. സ്ക്കൂൾ ആരോഗ്യ പരി പാടി വഴി ജീവിതനൈപുണി വിദ്യാഭ്യാസം, ശാരീ രികക്ഷമത, മാന സികആരോഗ്യ പരിപാടികൾ തുടങ്ങിയവ സ്കൂളുകളിൽ ലഭ്യമാക്കി | എല്ലാ സ്കൂളുകളിലും പരിശീലനം ലഭിച്ച കൗൺസലർമാരുടെ സേവനം കുട്ടികൾക്ക് ലഭ്യമാക്കി | സ്കൂൾ പഠനത്തിൽ ഏർപ്പെടാത്ത 18 വയ സ്സിന് താഴെയുള്ള കുട്ടി കൾക്കും വിവാഹം കഴിഞ്ഞ ഇതേ പ്രായ ക്കാർക്കും പരിശീലനം ലഭിച്ച കൗൺസലർമാ രുടെ സേവനം ലഭ്യമാ ക്കി |
| | 6. കൊഴിഞ്ഞുപോയ കുട്ടി കളെ സാക്ഷരതാ പ്രേരക് വഴി സ്കൂളിലേക്ക് തിരികെ പ്രവേശിപ്പിക്കുകയും, ഓപ്പൺ സ്കൂൾ വഴി വിദ്യാ ഭ്യാസം തുടരുന്നതിന് നടപടി സ്വീകരിച്ചു | അപായസാധ്യത പിന്നോക്ക പ്രദേശങ്ങ ളിൽ, (എസ്‌സി, എസ്ടി, തീരപ്രദേശം) പ്രത്യേക തൊഴിൽ സാധ്യത സമ യങ്ങളിലും ഇതരസാഹ ചര്യങ്ങളിലും പഠനമുടക്കം ഇല്ലാതാക്കാൻ സമൂഹ ത്തിനും, രക്ഷിതാ ക്കൾക്കും പ്രേരണാ പരിശീലനം നൽകി | പ്ലസ് ടു തലം വരെ സ്ക്കൂൾ കൊഴിഞ്ഞു പോക്ക് ഇല്ലാതാക്കി |
| | 7. കുട്ടികൾക്കിടയിലെ അംഗ പരിമിതി വാർഷിക സ്ക്രീനിംഗ് വഴി തിട്ടപ്പെടു ത്തി, തദ്ദേശഭരണ തലത്തിൽ ഭിന്നശേഷിയുള്ള കുട്ടിക ളുടെ സ്തിതിവിവര കണക്കു കൾ ലഭ്യമാക്കി | ഭിന്നശേഷിയുള്ള മുഴു വൻ കുട്ടികൾക്കും (5-18) മെഡിക്കൽ ബോർഡിന്റെ സർട്ടിഫിക്കറ്റ് ലഭ്യമാക്കി | അങ്കണവാടികൾ, സ്കൂളുകൾ, പൊതുസ്ഥ ലങ്ങൾ, റോഡുകൾ, പാർക്കുകൾ എന്നിവിട ങ്ങൾ ഭിന്നശേഷിസൗഹൃ ദമാക്കി. പദ്ധതി മാർഗ്ഗനിർദ്ദേശ ങ്ങൾക്കനുസൃതമായി ഭിന്നശേഷിയുള്ള കുട്ടി കൾക്കും 100 % ആനുകൂ ല്യങ്ങളും സേവന ങ്ങളും ലഭ്യമാക്കി |

| | | | |
|---|---|---|---|
| | 8. നിയമാനുസൃത പ്രായം വിവാഹത്തിൽ പാലിക്കപ്പെടുന്നുവെന്ന് ഉറപ്പാക്കി | ബാലവിവാഹം പൂർണ്ണമായും തടയുന്നതിനായി വിവാഹകർമ്മം നിർവഹിക്കുന്ന മതനേതാക്കൾ, സാമൂഹ്യനേതാക്കൾ, പ്രേരണ ചെലുത്തുന്നവർ തുടങ്ങിയവരുടെ ചർച്ചായോഗവും വിവര വിദ്യാഭ്യാസ വിനിമയവും സംഘടിപ്പിച്ചു | ബാലവിവാഹം പൂർണ്ണമായും ഇല്ലാതാക്കി |
| | 9. തദ്ദേശഭരണ സ്ഥാപന പ്രദേശത്തുള്ള എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളും ജുവനൈൽ ജസ്റ്റിസ് ആക്ടിന് കീഴിൽ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പാക്കി | പ്രദേശത്ത് പ്രവർത്തിക്കുന്ന എല്ലാ ശിശു സംരക്ഷണ സ്ഥാപനങ്ങളുടേയും പ്രവർത്തനം സംയോജിതമായി അവലോകനം ചെയ്ത് തുടർ നടപടികൾ ചർച്ച ചെയ്തു | കുടുംബ/സാമൂഹ്യതലത്തിലുള്ള ശിശുസംരക്ഷണം ഉറപ്പു വരുത്തുവാൻ ആവശ്യമായ ഡി ഇൻസ്റ്റിട്യൂഷണൽ **(Deinstitutionalization)** പ്ലാൻ തയ്യാറാക്കി |
| | 10. പ്രശ്നസാധ്യതയുള്ള കുട്ടികളുടെ പട്ടിക (മാപ്പിംഗ്) തയ്യാറാക്കി | പ്രശ്നസാധ്യതയുള്ള കുട്ടികൾക്ക് ആവശ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നതിനുള്ള സേവനപാക്കേജ് തയ്യാറാക്കി | എല്ലാ കുട്ടികൾക്കും സംരക്ഷണം ഉറപ്പു വരുത്താൻ കഴിയും വിധം പരാതികൾ പരിഹരിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനങ്ങൾ ഏർപ്പെടുത്തി |
| 4. പങ്കാളിത്തം | 1. പദ്ധതി ആസൂത്രണ പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് ആഭിമുഖ്യമുള്ളവരാക്കുവാൻ എല്ലാ ജനപ്രതിനിധികളും പരിശീലനം നേടി | തദ്ദേശഭരണതലത്തിൽ കുട്ടികളുമായി പ്രത്യേക കൂടിയാലോചനകൾ നിരന്തരം സംഘടിപ്പിച്ചു | തദ്ദേശഭരണ സ്ഥാപനത്തിൻ കീഴിലുള്ള എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും ആസൂത്രണത്തിലും മോണിട്ടറിംഗിലും കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കി |
| | 2. എല്ലാ വാർഡുകളിലും ബാലസഭകൾ രൂപീകരിച്ച് പ്രവർത്തനക്ഷമമാക്കി | എല്ലാ വർഷവും നിർദ്ദേശാനുസരണം ബാലപഞ്ചായത്തുകൾ രൂപീകരിക്കുകയും ബാലപഞ്ചായത്തിന്റെ നിർദ്ദേശങ്ങൾ പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തു | വ്യത്യസ്ത സാമൂഹിക സാമ്പത്തിക വിഭാഗങ്ങളിൽ നിന്നുള്ള കുട്ടികൾ ബാലപഞ്ചായത്തിൽ പ്രാതിനിധ്യം ഉറപ്പാക്കി |

| | | | |
|---|---|---|---|
| | 3. മാർഗ്ഗനിർദ്ദേശാനുസരണം എല്ലാ വർഡുകളിലും കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിച്ചു | ഓരോ വർഷവും നടത്തിയ കുട്ടികളുടെ ഗ്രാമസഭയിൽ കുറഞ്ഞത് 70% കുട്ടികളെങ്കിലും പങ്കെടുത്തിട്ടുണ്ട് | തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന കമ്മിറ്റിയിൽ കുട്ടികളുടെ സജീവമായ പങ്കാളിത്തം ഉണ്ടായി |
| | 4. 100% അങ്കണവാടികളിലും കുമാരി ക്ലബ്ബുകൾക്ക് രൂപം നൽകുകയും പ്രവർത്തന ക്ഷമമാക്കുകയും ചെയ്തു | എത്തിപെടാൻ സാധ്യതയില്ലാത്ത പ്രദേശങ്ങളിലുള്ളവരെ ഉൾപ്പെടുത്തി 100% കൗമാര പെൺകുട്ടികളേയും കുമാരി ക്ലബ്ബിൽ അംഗങ്ങളാക്കി | തദ്ദേശഭരണ തലത്തിൽ 100% അങ്കണവാടികളിലും കൗമാരക്കാരായ ആൺകുട്ടികളുടെ ക്ലബ്ബുകൾക്ക് രൂപം നൽകി പ്രവർത്തന ക്ഷമമാക്കി |
| | 5. കുട്ടികൾക്കെതിരെ നടക്കുന്ന അനുചിത പെരുമാറ്റങ്ങളെകുറിച്ചും അവ ക്രൈം മാപ്പിംഗ് ചെയ്യുന്നതിനെ കുറിച്ചും കുട്ടികളുടെ എല്ലാ സംഘടനാനേതാക്കൾക്കും അവബോധം സൃഷ്ടിച്ചു | 50% ടീൻ/കൗമാര ക്ലബ്ബുകളും ക്രൈം മാപ്പിംഗ് നടത്തി, റിപ്പോർട്ട് ഗ്രാമസഭയിൽ സമർപ്പിച്ചു | ടീൻ/AG/ABക്ലബ്ബുകൾ ഗ്രാമസഭക്ക് സമർപ്പിച്ച റിപ്പോർട്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതിയിൽ പ്രതിഫലിക്കുകയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഫണ്ട് വകയിരുത്തുകയും ചെയ്തു |
| | 6. ഓരോ പഞ്ചായത്തിലും കുട്ടികൾക്കായി പാർക്കും, വായനശാലയും ഒരെണ്ണമെങ്കിലും സജ്ജീകരിച്ച് നിലവിലുള്ള പാർക്കുകളിലും വായനശാലകളിലും കുട്ടികൾക്കായി പ്രത്യേക ഇടം ഒരുക്കുകയും ചെയ്തു | കുട്ടികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുവാനായി കളിസ്ഥലങ്ങൾ, വായനശാലകൾ, പാർക്കുകൾ എന്നിവ അംഗീകൃത മാനദണ്ഡങ്ങൾക്കനുസൃതമായിബാലസൗഹൃദപരമായി പ്രാപ്യവുമാക്കുന്നവിധം നടപ്പിലാക്കി | എല്ലാ കളിസ്ഥലങ്ങളും, വായനശാലകളും (കുട്ടികൾക്കുള്ള ഇടം) ഭിന്നശേഷി - ശിശു സൗഹൃദമാക്കി |
| | 7. പഞ്ചായത്ത് കമ്മിറ്റി, സ്റ്റാന്റിംഗ് കമ്മിറ്റി, വർക്കിംഗ് ഗ്രൂപ്പ്, ഗ്രാമസഭ എന്നിവയിൽ കുട്ടികളുടെ നിർദേശങ്ങൾ ക്രോഡീകരിക്കുകയും ചർച്ചക്ക് വിധേയമാക്കുകയും ചെയ്തു | കുട്ടികൾ നിർദേശിച്ച പ്രോജക്ടുകൾക്ക് ആവശ്യമായ ഫണ്ട് വകയിരുത്തി | കുട്ടികൾക്കായുള്ള ഒരു പ്രോജക്ട് കുട്ടികൾ നിർവ്വഹണം നടത്തി |
| | 8. ഓരോ വർക്കിംഗ് ഗ്രൂപ്പിലും രണ്ട് കുട്ടികളെ വീതം അംഗങ്ങളാക്കി | കുട്ടികൾക്കായുള്ള പ്രോജക്ടുകളിലെ മോണിട്ടറിംഗ് കമ്മിറ്റിയിൽ കുട്ടികളെ കൂടി അംഗങ്ങളാക്കി | കുട്ടികൾക്കായി നടത്തുന്ന പരിപാടികളുടെ സാമൂഹ്യ ഓഡിറ്റ് കുട്ടികൾ തന്നെ നടത്തി |

| | | | |
|---|---|---|---|
| | 9. കുട്ടികളുടെ എണ്ണത്തിന് ആനുപാതികമായി ഓരോ സ്ക്കൂളുകളിലും 5 മുതൽ 10 വരെ കുട്ടികളുടെ ക്ലബ്ബുകൾ രൂപീകരിച്ചു | എല്ലാ കുട്ടികളും സ്ക്കൂൾ അടിസ്ഥാനമാക്കിയുള്ള ഏതെങ്കിലും ഒരുക്ലബ്ബിൽ അംഗങ്ങളാക്കി | ഓരോ ക്ലബ്ബും തയ്യാറാക്കിയ വാർഷിക പ്രവർത്തനരേഖ അദ്ധ്യാപകരുടെ കീഴിൽ നടപ്പിലാക്കി; പുരോഗതി വിലയിരുത്തി |
| | 10. തദ്ദേശഭരണ സ്ഥാപനത്തിന്റെ കീഴിൽ വരുന്ന കുട്ടികൾക്കായുള്ള പൊതുസ്ഥലങ്ങളുടെ വാർഷീക അറ്റുകുറ്റ പണികളുടെ പ്ലാൻ തയ്യാറാക്കി | കുട്ടികൾക്കായുള്ള പൊതുസ്ഥലങ്ങൾ കേടുപാടുകൾ തീർക്കുന്നതിനോ, പുതിയവ നിർമ്മിക്കുന്നതിനോ ഉള്ള പ്രോജക്റ്റുകൾ തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കി | കുട്ടികൾക്കായുള്ള പൊതുസ്ഥലങ്ങളുടെ അറ്റകുറ്റ പണികളുടേയും നടത്തിപ്പിന്റേയും ഉത്തരവാദിത്വം കുട്ടികളുടെ പങ്കാളിത്തമുള്ള കമ്മിറ്റിയിലൂടെ ഉറപ്പാക്കി |

- നിലവാരനിർണ്ണയത്തിനായി മോണിറ്ററിംഗ് സമിതിയുടെ രൂപത്തിൽ വ്യത്യസ്ഥമേഖലകളെ കുറിച്ച് പ്രാവീണ്യമുള്ളവരെ ചേർത്ത് നിലവാരനിർണ്ണയസമിതി തദ്ദേശഭരണസ്ഥാപനം രൂപീകരിക്കണം
- നിലവാരനിർണ്ണയ സമിതി ഭൂമികയിലെ ഒരു ചോദ്യത്തിനും അതെ/അല്ല എന്ന് ഉത്തരം രേഖപ്പെടുത്തരുത്. എന്നാൽ ഓരോ ഘടകത്തിലും നാല്, അഞ്ച് വാചകങ്ങളിൽ ഗണപരമായി വസ്തുതകൾ രേഖപ്പെടുത്തുകയാണ് വേണ്ടത്. അവസാനഘട്ടത്തിൽ ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ നിലവാരനിർണ്ണയം രേഖപ്പെടുത്താം.
- പ്രോജക്ട് നിർവ്വഹണ രേഖകൾ ഐസിഡിഎസ്, ആരോഗ്യം, പട്ടികജാതി പട്ടികവർഗ്ഗ വികസനം, വിദ്യാലയങ്ങൾ എന്നിങ്ങനെയുള്ള സ്ഥാപനങ്ങളുടെ പുരോഗതി റിപ്പോർട്ട് പരിശോധനാ രേഖകളായി പരിഗണിക്കാം. നേരിട്ടുള്ള സന്ദർശനം , നിരീക്ഷണം, ഗുണഭോക്താക്കളുമായുള്ള അഭിമുഖം, സ്ക്കോർ കാർഡ് തുടങ്ങിയവയും ഉപയോഗിക്കാം.
- ഓരോ ഉപമേഖലയിലേയും നേതൃത്വവാഹകരായ ഉദ്യോഗസ്ഥരോ, നിർവ്വഹണ ഉദ്യോഗസ്ഥരോ ആയിരിക്കണം പ്രസ്തുത മേഖലയുടെ മുഖ്യപ്രതിനിധി.
- നിലവാര നിർണ്ണയ ഗ്രൂപ്പ് തയ്യാറാക്കിയ വിലയിരുത്തൽ രേഖ, ഭരണസമിതി പരിശോധിച്ച് അന്തിമരേഖയായി അംഗീകരിക്കേണ്ടതാണ്.

# പദസംഗ്രഹം

| | |
|---|---|
| ADS | Area Development Society |
| AEFI | Adverse Events Following Immunization |
| AEO | Assistant Education Officer |
| AG CLUB | Adolescent Girls Club |
| AHEP | Adolescent Health Education Programme |
| AIC | Anti- Intoxicant Club |
| AIDS | Acquired Immune Deficiency Syndrome |
| ALMSC | Anganwadi Level Monitoring and Supporting Committee |
| ARSH | Adolescent Reproductive and Sexual Health |
| ARI | Acute Respiratory Infection |
| ASHA | Accredited Social Health Activist |
| AWC | Anganawadi Centers |
| AWW | Anganwadi Workers |
| BFHI | Baby Friendly Hospital Initiative |
| BMI | Body Mass Index |
| BMO | Block Medical Officer |
| BPL | Below Poverty Line |
| BRC | Block Resource Centre |

| | |
|---|---|
| CARA | Central Adoption Resource Authority |
| CBO | Community Based Organisation |
| CBSE | Central Board of Secondary Education |
| CCDP | Comprehensive Child Development Programme |
| CCT | Conditional Cash Transfer |
| CDPO | Child Development Project Officer |
| CDS | Community Development Society |
| CFLG | Child Friendly Local Governance |
| CGS | Children's Grama Sabha |
| CHC | Community Health Center |
| CHIS | Comprehensive Health Insurance Scheme |
| CICL | Children in Conflict With Law |
| CIF | Child Line India Foundation |
| CINOCAP | Children In Need Of Care And Protection |
| CNA | Certified Nursing Assistant |
| CNAS | Community Need Assessment Survey |
| COTPA | Cigarette and Other Tobacco Product Act |
| CPSU | Central Project Support Unit |
| CRC | Convention on the Rights of the Child |
| CRC | Child Resource Centre |
| CSR | Corporate Social Responsibility |
| CSSM | Child  Survival and Safe Motherhood |

| | |
|---|---|
| CWC | Child Welfare Committee |
| CWRDM | Center for Water Resources Department and Management |
| CWSN | Children With Special Needs |
| DCPU | District Child Protection Unit |
| DDE | Deputy Director of Education |
| DEIC | District Early Intervention Centre |
| DIC | District Level Inspection Committee |
| DIET | District Institute of Education and Training |
| DISE | District Information System for Education |
| DLHS | District Level Health Service |
| DMO | District Medical Officer |
| D&O Act | Dangerous and Offensive and trade license Act |
| DORD | Daudnagar Organization for Rural Development |
| DPHN | District Public Health Nurse |
| EBF | Exclusive Breastfeeding |
| EC | Early Childhood |
| ECCE | Early Childhood Care and Education |
| ECD | Early Child Care and Stimulation for Development |
| ERP | Equivalency Resource Person |

| | |
|---|---|
| FBCDR | Facility Based Child Death Review |
| FNO | Facility Nodal Officer |
| GO | Government Order |
| HDI | Human Development Index |
| HI | Health Inspector |
| HMC | Hospital Management Committee |
| HMIS | Health Management Information System |
| HS | Health Supervisor |
| ICCONS | Institute for Communicative and Cognitive Neuro Sciences |
| ICDS | Integrated Child Development Service |
| ICPS | Integrated Child Protection Schemes |
| IDSP | Integrated Disease Surveillance Programme |
| IEC | Information ,Education and Communication |
| IEDC | Integrated Education for Disabled Children |
| IFA | Iron and Folic Acid |
| IMNCI | Integrated Management of Neonatal and Childhood Illness |
| IUCD | Intrauterine Contraceptive Device |
| IYCF | Infant and Young Child Feeding |
| JHI | Junior Health Inspector |

| | |
|---|---|
| **JJ Act** | **Juvenile Justice Act** |
| **JJB** | **Juvenile Justice Board** |
| **JPHN** | **Junior Public Health Nurse** |
| **JSSK** | **Janani Sisu Suraksha Karyakram** |
| **JSY** | **Janani Suraksha Yojana** |
| **KER** | **Kerala Education Act and Rules** |
| **KELSA** | **Kerala State Legal Services Authority** |
| **KILA** | **Kerala Institute of Local Administration** |
| **KSLMA** | **Kerala State Literacy Mission Authority** |
| **KSSM** | **Kerala Social Security Mission** |
| **KSY** | **Kishori Shakthi Yojana** |
| **KWA** | **Kerala Water Authority** |
| **LHI** | **Lady Health Inspector** |
| **LHS** | **Lady Health Supervisor** |
| **LHV** | **Lady Health Visitor** |
| **LSG** | **Local Self Government** |
| **LSGD** | **Local Self Government Department** |
| **LSGI** | **Local Self Government Institution** |
| **MCHO** | **Maternal and Child Health Officer** |

| | |
|---|---|
| MCPC | Mother and Child Protection Card |
| MDG | Millennium Development Goals |
| MGNREGS | Mahatma Gandhi National Rural Employment Guarantee Scheme |
| MIS | Management Information System |
| MLA | Member of Legislative Assembly |
| MMR | Maternal Mortality Rate |
| MOH | Medical Officer of Health |
| MP | Member of Parliament |
| MPTA | Mother Parent Teachers Association |
| MTP | Medical Termination of Pregnancy |
| MVD | Motor Vehicles Department |
| NCC | National Cadet Corps |
| NCPCR | National Commission for Protection of Child Rights |
| NER | Net Enrolment Ratio |
| NFHS | National Family Health Survey |
| NGO | Non-Governmental Organisation |
| NHE | National Health Education |
| NHG | Neighbourhood Group |
| NHM | National Health Mission |

| | |
|---|---|
| NIMHANS | National Institute of Mental Health and Neuro Sciences |
| NIOS | National Institute of Open Schooling |
| NIPCCD | National Institute for Public Cooperation and Child Development |
| NIPI | Norway India Partnership Initiative |
| NMS | Nutritional Management Service |
| NPAG | Nutritional Programme for Adolescent Girls |
| NRC | National Research Council |
| NSDP | National Skill Development Programme |
| NSS | National Service Scheme |
| OPD | Out Patient Department |
| ORS | Oral Rehydration Solution |
| OT | Operation Theater |
| PCPC | Panchayat Child Protection Committee |
| PCPNDT | Pre Conception And Prenatal Diagnostic Act |
| PHC | Primary Health Center |
| PLCPC | Panchayat Level Child Protection Committee |
| PMGY | Prime Ministers GramodayaYojna |
| POCSO | Protection Of Children From Sexual Offences |
| PPP | Public Private Partnership |

| | |
|---|---|
| PRI | Panchayat Raj Institution |
| PTA | Parent - Teachers Association |
| PWD Act | Person With Disabilities (Equal Opportunities, Protection of Rights and Full Participation) Act 1995 |
| RBSK | Rashtriya Bal Swasthya Karyakram |
| RCH | Reproductive Child Health |
| RCT | Rehabilitation Council of India |
| RGSEAG | Rajeev Gandhi Scheme for Empowerment of Adolescent Girls |
| RMSA | Rashtriya Madhyamik Siksha Abhiyan |
| RTO | Regional Transport Officer |
| SABALA | Rajeev Gandhi Scheme for Empowerment of Adolescent Girls |
| SAM | Severe Acute Malnutrition |
| SAKSHAM | A scheme for Empowerment of Adolescent boys |
| SAT | Social Audit Team |
| SC | Scheduled Caste |
| SCP | Special Component Plan |
| SCPC | State Child Protection Committee |
| SCPCR | State Commissions for Protection of Child Rights |
| SCPS | State Child Protection Society |
| SDG | Sustainable Development Goals |

| | |
|---|---|
| SEN | Special Educational Need |
| SFCAC | Sponsorship Foster Care Approval Committee |
| SHN | School Health Nurse |
| SJPU | Special Juvenile Police Unit |
| SNP | Supplementary Nutrition Programme |
| SPSU | State Project Support Unit |
| SSA | Sarva Siksha Abhiyan |
| ST | Scheduled Tribe |
| TB | Tuberculosis |
| THRS | Take Home Ration Strategy |
| TSC | Total Sanitation Campaign |
| TSP | Tribal Sub Plan |
| TT | Tetanus Toxoid |
| UIP | Universal Immunization Programme |
| UNCRC | United Nations Convention on the Rights of the Child |
| UNDP | United Nations Development Programme |
| UNICEF | United Nations Children's Fund |
| VHND | Village Health Nutrition Day |
| WHNSC | Ward Health Nutrition and Sanitation Committee |

| | |
|---|---|
| **VLBW** | **Very Low Birth Weight** |
| **VVM** | **Vaccine Vial Monitor** |
| **WCD** | **Women and Child Development** |
| **WIFS** | **Weekly Iron – Folic Acid Supplementation** |

## The CRC Team

Dr.P.P. Balan

Dr.Akila Radhakrishnan

Dr.Peter M.Raj

Dr.K.R.Antony

Sri.M.G.Kalidasan

Sri.M.P.Antony

Smt.Rismiya R.I

Sri.Bhaskaran Pallikkara

Mr.Muhammed Ismail C.M